# ഐക്യദീപം
Aikyadeepam

2015 സെപ്റ്റംബർ– ഒക്ടോബർ
പുസ്തകം 46 ലക്കം 10



▶ രക്ഷാധികാരി
മോസ്റ്റ് റവ. ഡോ. തോമസ് മാർ
കൂറിലോസ് മെത്രാപ്പോലീത്താ

▶ സഹ രക്ഷാധികാരി
മോസ്റ്റ് റവ. ഡോ. ഫീലിപ്പോസ്
മാർ സ്തേഫാനോസ് എപ്പിസ്കോപ്പാ

▶ ചീഫ് എഡിറ്റർ
ഫാ. വർഗ്ഗീസ് ചാമക്കാലായിൽ

▶ പ്രസാധകൻ
തോമസ് കൊടിനാട്ടുകുന്നേൽ
കോർ എപ്പിസ്ക്കോപ്പാ

▶ ഉപദേശക സമിതി
മോൺ. ആന്റണി ചെത്തിപ്പുഴ
റവ. ഫാ. ചെറിയാൻ താഴമൺ
റവ. ഫാ. പ്രേമാനന്ദ് ഒ.ഐ.സി.
ശ്രീ. ഷാജി കാരയ്ക്കൽ
പ്രൊഫ. ജേക്കബ് എം. ഏബ്രഹാം
ശ്രീ. ജോമി കലയപുരം
ശ്രീ. ജിജി മുളമൂട്ടിൽ
ശ്രീമതി ലീലാമ്മ കച്ചറയ്ക്കൽ



Printing at: Dona Offset, Kottayam
Annual Subscription ₹ 120.00
Single Copy ₹ 10.00
Overseas: $40.00 or ₹ 2750

Bank Details :
Chief Editor, Aikyadeepam
Andhra Bank, Tiruvalla 689 101
A/c No. 110110100023901
IFSC. ANDB0001101
SWIFT CODE: ANDBINBB

Designed by :
Prasad P. S.
Greeshma Designs, Kottayam
Ph: 9447304348
gdesignktm@gmail.com

All correspondence regarding Agency and Subscription:
Chief Editor, Aikyadeepam Monthly,
St. John's Complex , Kacheripady,
Tiruvalla-1. Phone: 0469-2600626
E-mail: aikyadeepamtvla@gmail.com



4 എഡിറ്റോറിയൽ

5 ഇടയശബ്ദം
സഭൈക്യം അനുസ്മരിച്ചും അനുസ്മരിപ്പിച്ചും കൊണ്ട്...

6 മതമൈത്രിയുടെ കേദാരവും പുനരൈക്യത്തിന്റെ മൂലസ്ഥാന ഭൂമികയും
ജോമി തോമസ് കലയപുരം

11 തിരുവല്ല അതിരൂപത വികസന പാതയിൽ
ഫാ. സന്തോഷ് അഴകത്ത്

13 സീറോ– മലങ്കര ഹൈരാർക്കി അനുവദിച്ചുകൊണ്ടുള്ള ബൂളാ
ഫ്രാത്തർ ആൻഡ്രേയോസ് കർദ്ദിനാൾ ഫൂവത്ത്

20 പുനരൈക്യ ശ്രമങ്ങൾ
ഫാ. സേവ്യർ കൂടപ്പുഴ

32 ശിമയോൻ പത്രോസിന്റെ പരാജയങ്ങളും ആത്മീയ എക്യുമെനിസവും
അഭി. ഡോ. ഏബ്രഹാം മാർ ജൂലിയോസ്

40 നമിപ്പൂ മക്കൾ (കവിത)
സി. അഞ്ജലി എസ്.ഐ.സി

41 ക്നാനായ പുനരൈക്യ പ്രസ്ഥാനം
ഫാ. ജോർജ്ജ് കുരിശുംമൂട്ടിൽ

45. RE-UNION BECAME A REALITY
Fr. Varghese Karipalil

48 മാർത്തോമ്മാ നസ്രാണി സഭകളുടെ ഐക്യം പത്രോസിന്റെ പിൻഗാമിയുടെ നേതൃത്വവും
ഫാ. ജോർജ് തേക്കടയിൽ

55 പുനരൈക്യ ആത്മീയമാനങ്ങൾ
ഫാ. ജോർജ് തോമസ് കല്ലുങ്കൽ ഒ.ഐ.സി.

59 ബഥനി ചാക്കോച്ചൻ
ഫാ. ജോസ് മരിയദാസ് ഒ.ഐ.സി.

63 ഇരുമേട ജോർജ് സാർ ഓർമ്മയായി
ഫാ. ചെറിയാൻ താഴമൺ

71 മൂന്നര പതിറ്റാണ്ടിന്റെ ശിഷ്യസമ്പത്തുമായി പ്രൊഫ. ജേക്കബ് എം. ഏബ്രഹാം
എജി പാറപ്പാട്ട്




# സഭൈക്യം അനുസ്മരിച്ചും അനുസ്മരിപ്പിച്ചും കൊണ്ട്...

'September blow soft till the apples in the loft' - സെപ്റ്റംബർ മാസത്തിന്റെ മനോഹാരിതയെപ്പറ്റിയുള്ള ആംഗല വർണ്ണന അങ്ങനെയാണ്. സെപ്റ്റംബർ എന്ന 'പൊന്നിൻ ചിങ്ങമാസ'ത്തിന് മലയാളിയുടെ മനസ്സിലുള്ള സ്ഥാനവും വേറിട്ടതുതന്നെ. മാതൃസ്നേഹത്തിൽ വളരുവാൻ ശ്രമിക്കുന്ന ഭക്തർക്കാകട്ടെ, 'മനുഷ്യവംശത്തിന്റെ അഭിമാനപാത്രമായ പരിശുദ്ധ കന്യകമറിയാമിന്റെ' ജനനപ്പെരുന്നാളിനൊപ്പം ആത്മീക ജീവിത നവീകരണത്തിന്റെയും സമയമാണത്. മലങ്കര കത്തോലിക്ക സഭയെ സംബന്ധിച്ച് കഴിഞ്ഞ 85 വർഷങ്ങളായി ചരിത്രപരമായ പ്രാധാന്യമുള്ള മാസമാണ് സെപ്റ്റംബർ. അതേ, പുനരൈക്യ വാർഷിക സംഗമത്തിനുവേണ്ടി സഭയായി ഒരുങ്ങുന്ന സമയം. 2015 സെപ്റ്റംബറിലെ പുനരൈക്യ വാർഷികത്തിനായി കഴിഞ്ഞ ഒരു വർഷക്കാലം പ്രാർത്ഥനാപൂർവ്വം നാം ഒരുങ്ങുകയായിരുന്നു.

ബഥനി സന്യാസിനി സമൂഹത്തിന്റെ ആരംഭം വഴിയും മാർ ഈവാനിയോസ് പിതാവിന്റെ താപസ ജീവിതത്തിന്റെ കണ്ണീർ വീണ് നനവാർന്ന മണ്ണായതുകൊണ്ടും മാർ ദീയസ്കോറോസ് പിതാവിന്റെ കബറിടത്തിന്റെ ആസ്ഥാനമെന്നതുകൊണ്ടും, ഭാഗ്യസ്മരണാർഹനായ മാർ അത്തനാസിയോസ് പിതാവിന്റെ ജന്മംകൊണ്ടും, പ്രകീർത്തിതമാണ് തിരുമൂലപുരം. മദ്ധ്യതിരുവിതാംകൂറിന്റെ സാംസ്കാരിക തലസ്ഥാനവും അക്ഷരനഗരിയായ തിരുവല്ല തന്നെയാണ്. എപ്പിസ്കോപ്പൽ സഭകളുടെ ആസ്ഥാന നഗരിയാണിത്; വിവിധ തീർത്ഥാടന കേന്ദ്രങ്ങളുടെ കവാടവും. പുനരൈക്യത്തിന്റെ സഹശില്പിയും താപസവരേണ്യനും മുനീന്ദ്രനുമായിരുന്ന മാർ തെയോഫിലോസ് പിതാവിന്റെ വാസം മൂലം പാവനമാക്കപ്പെട്ട പുണ്യനഗരമാണ് തിരുവല്ല. മലങ്കര കത്തോലിക്കാ സഭയിലെ മൺമറഞ്ഞ പിതാക്കന്മാരിൽ 5 പേരുടെ കബറിടങ്ങൾ സ്ഥിതിചെയ്യുന്ന സ്മൃതിസമൃദ്ധമായ തീർത്ഥാടന കേന്ദ്രം കൂടിയാണത്. സഭാസംഗമത്തിനും ഐക്യഗീതികൾ ഏറ്റു പാടുന്നതിനുമായി ഈ പുണ്യഭൂമി ഒരിക്കൽക്കൂടി വേദിയാകുമ്പോൾ, തിരുവല്ല അതിഭദ്രാസനം ആനന്ദ നിർവൃതിയിലാണ്. മാർത്താണ്ഡം മുതൽ മംഗലാപുരം വരെയും ബാഹ്യഭദ്രാസനത്തിൽനിന്നും വിദേശങ്ങളിൽനിന്നും താല്പര്യത്തോടെ ഈ സംഗമത്തിനായി കടന്നുവരുന്ന വിശ്വാസികളെ സ്വാഗതം ചെയ്യുവാൻ തിരുവ

(ശേഷം പേജ് 30)



# മതമൈത്രിയുടെ കേദാരവും പുനരൈക്യത്തിന്റെ മൂലസ്ഥാന ഭൂമികയും



ജോമി തോമസ്
കലയപുരം

കേരളത്തിലെ അതിപുരാതനവും പ്രശസ്തവുമായ ഒരു പട്ടണമാണ് തിരുവല്ല. മദ്ധ്യതിരുവിതാംകൂറിന്റെ കേന്ദ്രം എന്നു വിശേഷിപ്പിക്കാവുന്ന ഈ പ്രദേശത്തിന് പ്രാചീനകാലം മുതൽക്കേ പ്രാധാന്യമുള്ളതായി സംഘം കൃതികളിലും മറ്റും സൂചനകളുണ്ട്. തിരുവല്ലയുടെ പഴയപേര് തിരുവല്ലവാഴ് എന്നും അത് ലോപിച്ച് തിരുവല്ല വായ് എന്നു മാറിയെന്നും പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. ഇതിന്റെ സംസ്കൃത രൂപമായ ശ്രീവല്ലഭപുരം എന്ന പേരിലാണ് ഈ പട്ടണം അറിയപ്പെട്ടിരുന്നത്. ഏകദേശം മൂവായിരം വർഷം മുമ്പേ ഇവിടെ മനുഷ്യവാസമുണ്ടായിരുന്നുവെന്ന് തെളിവുകൾ സൂചിപ്പിക്കുന്നു. തിരുവല്ലയ്ക്കു സമീപം ഏറൻകാവ് ക്ഷേത്രപരിസരത്തു നടത്തിയ ഖനനത്തിൽ ലഭിച്ച മഴുവിന്റെ അവശിഷ്ടത്തിന് മൂവായിരം വർഷത്തെ പഴക്കമുണ്ടെന്ന് ചരിത്രകാരൻമാർ അഭിപ്രായപ്പെടുന്നു. നൂറ്റാണ്ടുകൾക്കുമുമ്പുതന്നെ തിരുവല്ലയെപ്പറ്റിയുള്ള പരാമർശങ്ങൾ ടോളമിയുടെയും മറ്റ് വിദേശസഞ്ചാരികളുടെ കുറിപ്പുകളിലുമുണ്ട്. തിരുവല്ലയിൽ സന്ദർശനം നടത്തിയിട്ടുള്ള വൈഷ്ണവാചാര്യന്മാരായ നമ്മാഴ്വാരും തിരുമങ്കൈ ആഴ്വാരും ഈ പ്രദേശത്തെക്കുറിച്ച് പ്രകീർത്തിച്ചിട്ടുണ്ട്. തിരുമങ്കൈ ആഴ്വാർ രചിച്ച പത്തു ശ്ലോകങ്ങളിലെ പ്രഥമ പദ്യത്തിൽ തിരുവല്ലയെക്കുറിച്ച് എഴുതിയിട്ടുള്ളത് ഇപ്രകാരമാണ്:

തന്നൈതായ് മക്കളെ ചുറ്റു
മെന്റുറ്റവർ പറ്റി നിന്റെ
പന്തമാർ വാഴ്കൈയൈ നൊ

ന്തു നീ പഴിയെങ്ക കരുതിനായേൽ
അന്തമായാതിയായ് ആതിക്കു
മാതിയായ് ആയനായ്
മൈന്തനാർ വല്ലവാഴ് ചൊല്ലു
മാ വല്ലെയായ് മരുവിനെഞ്ചേ



വല്ലഭന്മാരുടെ (ഇടയന്മാരുടെ) ഒരു പ്രാചീനകേന്ദ്രമായിരുന്നു തിരുവല്ല ചെങ്കോട്ടയ്ക്കടുത്തുള്ള പൊതിയാൻമല കേന്ദ്രമാക്കി ഭരണം നടത്തിയിരുന്ന ആയ് രാജാക്കന്മാരുടെ (ഇടയ രാജാക്കന്മാരുടെ) ഭരണസിരാകേന്ദ്രം കൂടിയായിരുന്നു വല്ലഭപുരം അഥവാ തിരുവല്ല. പിൽക്കാലത്ത് ബ്രാഹ്മണർ ഈ സ്ഥലം പിടിച്ചടക്കി ഒരു വിഷ്ണുക്ഷേത്രം പണിയുകയും തിരുവല്ലഭപുരം എന്നാക്കിമാറ്റുകയും ചെയ്തതായി ചില പണ്ഡിതന്മാർ ചിന്തിക്കുന്നു.

തിരുവല്ല പ്രദേശത്തിന് പണ്ട് മല്ലികാവനം എന്നും ഇവിടെ ഒഴുകുന്ന മണിമലയാറിന് വല്ലപ്പുഴ (വല്ലഭപ്പുഴ) എന്നും പേരുണ്ടായിരുന്നതായും പറഞ്ഞുവരുന്നു. മൂവായിരത്തിലധികം നമ്പൂതിരി ഇല്ലങ്ങൾ അവിടെ ഉണ്ടായിരുന്നു. അവയിലൊന്നായിരുന്നു ശങ്കരമംഗലം. അതു ലോപിച്ച് ചംക്രോത്ത് ആയി മാറി. ഈ ഇല്ലത്ത് വിഷ്ണുഭക്തയായ ഒരു ബ്രാഹ്മണ വിധവ താമസിച്ചിരുന്നു. തൊകലൻ എന്ന ഒരു അസുരനായിരുന്നു ഐതിഹ്യമനുസരിച്ച് മല്ലികാവനം അടക്കിവാണിരുന്നത്. വൈഷ്ണവരായ ബ്രാഹ്മണരെ അയാൾ പീഡിപ്പിച്ചുകൊണ്ടിരുന്നു. അതിനാൽ ബ്രാഹ്മണർ മിക്കവരും നാടുവിട്ടു പൊയ്ക്കൊണ്ടിരുന്നു. എന്നാൽ വിഷ്ണുഭക്തയായ ചംക്രോത്തമ്മയുടെ നിലവിളിയിൽ മഹാവിഷ്ണു സംപ്രീതനായി വേഷം മാറി മല്ലികാവനത്തിലെത്തി. തുകലനെ തന്റെ സുദർശനചക്രം ഉപയോഗിച്ച് നിഗ്രഹിച്ചു. പുഴക്കടവിൽ ചക്രം കഴുകി. ഈ കടവാണ് പിൽക്കാലത്ത് ചക്രശാലക്കടവായത്. തുകലൻ വാണ സ്ഥലം തുകലശ്ശേരിയായി മാറി. ഐശ്വര്യദായകനായ ശ്രീവല്ലഭന്റെ സവിധം എന്ന അർത്ഥത്തിൽ ശ്രീവല്ലഭപുരം എന്ന പേര് ഈ പ്രദേശത്തിനു സിദ്ധിച്ചു.

കൊല്ലവർഷം ആറാം നൂറ്റാണ്ടിൽ രചിക്കപ്പെട്ട അജ്ഞാതകർത്തൃകമായ ഉണ്ണുനീലിസന്ദേശകാവ്യത്തിലും ലക്ഷ്മിദാസന്റെ ശുകസന്ദേശത്തിലും മണിപ്രവാളകാവ്യമായ ചന്ദ്രോത്സവത്തിലും തിരുവല്ലയെക്കുറിച്ച് പരാമർശിക്കുന്നു. എ.ഡി.പന്ത്രണ്ടാം ശതകത്തിൽ എഴുതപ്പെട്ട തിരുവല്ല ചെപ്പേടുകൾ ഒരു നീണ്ടഗ്രന്ഥമാണ്. തിരുവല്ല പ്രദേശത്തെ സാമൂഹികസ്ഥാപനങ്ങളെക്കുറിച്ചും സാമൂഹിക ആചാരങ്ങളെക്കുറിച്ചുമാണിതിലെ പ്രതിപാദ്യം. വട്ടെഴുത്തിലുള്ള തിരുവല്ലാ ശാസനവും കുഴിക്കാട് ഭട്ടതിരിയുടെ ഗ്രന്ഥാവരിയും തിരുവല്ലായുടെ പ്രാചീനത വെളിപ്പെടുത്തുന്നു.



തിരുവല്ലയ്ക്കുള്ള മറ്റൊരു ചരിത്രപരമായ പ്രാധാന്യം വിദ്യാശാലകളുമായി ബന്ധപ്പെട്ടുള്ളതാണ്. കേരളചരിത്രകാരനായ ശ്രീ.ഏ.ശ്രീധരമേനോന്റെ അഭിപ്രായത്തിൽ പ്രാചീനകാലത്തെ വിദ്യാഭ്യാസ വ്യവസ്ഥിതിയിൽ വിദ്യാശാലകൾക്ക് വളരെയേറെ പ്രാധാന്യമുള്ളതാണ്. ബ്രാഹ്മണയുവാക്കൾക്ക് സൗജന്യ ഭക്ഷണവും താമസസൗകര്യവും ഏർപ്പെടുത്തി വേദം, വേദാന്തം, തർക്കം, ജ്യോതിഷം, വ്യാകരണം തുടങ്ങി നിരവധി വിഷയങ്ങളിൽ പരിശീലനം നൽകിയിരുന്നു. കേരളത്തിൽ നിരവധി വിദ്യാശാലകളുണ്ടായിരുന്നു എങ്കിലും കുലശേഖരന്മാരുടെ കീഴിലുള്ള തിരുവല്ലയ്ക്കും മൂഴിക്കുളത്തിനുമായിരുന്നു പ്രാധാന്യം. സ്ത്രീകളെ ശാലകളിൽ പ്രവേശിപ്പിച്ചിരുന്നില്ല. ശാലകളിലെ വിദ്യാഭ്യാസരീതി വിദ്യാർത്ഥികളുടെ മാനസികവും ബുദ്ധിപരവും കായികവുമായ വളർച്ചയെ ലക്ഷ്യമാക്കിയുള്ളതായിരുന്നു. അനേകായിരം പഠിതാക്കൾ അദ്ധ്യയനം നിർവ്വഹിച്ച ഈ വേദപാഠശാലയുടെ ഭരണനിർവ്വഹണത്തിനായി പത്തുപേർ ഉൾപ്പെട്ട ഒരു സഭയും അതിൽ നിന്നും തെരഞ്ഞെടുത്തിരുന്ന രണ്ടുപേർ ചേർന്ന നിർവ്വഹണസമിതിയും ഉണ്ടായിരുന്നു. തിരുവല്ലാ ശാസനത്തിൽ പറയുന്നത് ദിനംപ്രതി മുന്നൂറ്റിയൻപതിടങ്ങഴി അരിയുടെ ചോറ് വിദ്യാർത്ഥികളുടെ ഉച്ചഭക്ഷണത്തിനായി ആവശ്യമായിരുന്നു. തിരുവല്ലാ ശാലയുടെ നടത്തിപ്പിനായി ഒരു ധനാഢ്യൻ മുട്ടാർ പാടത്തു മുപ്പത്തയ്യായിരപ്പറ നിലം ദാനം ചെയ്തതായി പറയുന്നു. സമ്പന്നരായ മറ്റാളുകളും ശാലയുടെ നടത്തിപ്പിനായി ഉദാരമായ സംഭാവനകൾ നൽകിയിരുന്നു. ആയുധവിദ്യാഭ്യാസം ഈ വേദപാഠശാലയിലെ മുഖ്യവിഷയമായിരുന്നു. പ്രശസ്തരായ അനേകം പണ്ഡിതർക്ക് ഈ വേദപാഠശാല ജന്മം നൽകി. കൊല്ലവർഷം നാനൂറിനു ശേഷം തിരുവല്ലാ ശാലയുടെ അധഃപതനം ആരംഭിച്ചു.



ഭാരത അപ്പോസ്തലനായ മാർത്തോമ്മാ ശ്ലീഹായുടെ പാദസ്പർശം കൊണ്ട് ധന്യമായ നിരണം എന്ന പുണ്യഭൂമി തിരുവല്ലായ്ക്ക് ഏറ്റവും അടുത്താണ്. എ.ഡി.അൻപത്തിരണ്ടാം ആണ്ടിൽ കൊടുങ്ങല്ലൂരിൽ എത്തിയ മാർത്തോമ്മാശ്ലീഹാ ഏകദേശം ഒരു വർഷക്കാലം അവിടെ താമസിച്ചു സുവിശേഷം പ്രസംഗിച്ചതിനു ശേഷം കൊല്ലത്തേക്കും പിന്നീടു നിരണത്തേക്കുമാണ് വന്നതെന്ന് പറയപ്പെടുന്നു. ദക്ഷിണേന്ത്യയിൽ മാർത്തോമ്മാശ്ലീഹായുടെ മൂന്നാമത്തെ പ്രവർത്തനകേന്ദ്രമായിരുന്നു നിരണം. ഏ.ഡി 53ലായിരുന്നു മാർത്തോമ്മാശ്ലീഹാ നിരണം സന്ദർശിച്ചതെന്ന് വിശ്വസിക്കപ്പെടുന്നു. നിരണം തൃക്പാലേശ്വരം ക്ഷേത്രത്തിലെ ഉത്സവവേളയിലായിരുന്നു മാർ തോമ്മാ ശ്ലീഹാ നിരണത്തെത്തിയത്. അവിടെ സമ്മേളിച്ച ഭക്തജനങ്ങളുടെ സവിശേഷശ്രദ്ധ പിടിച്ചുപറ്റിയ ശ്ലീഹാ ക്രിസ്തുവിനെപ്പറ്റി പ്രസംഗിച്ചു. കോലറയാറ്റിൽ കുളിക്കുമ്പോൾ ആചമിച്ചെറിഞ്ഞ ജലം വാനിൽ ഉയർത്തിനിർത്തിയ മാർത്തോമ്മാശ്ലീഹായോട് പ്രസിദ്ധ മതപണ്ഡിതനായ പട്ടമുക്കിൽ നമ്പൂതിരി വാദപ്രതിവാദത്തിനു മുതിർന്നതായും, ശ്ലീഹായിൽ ആകൃഷ്ടനായി പട്ടമുക്കിൽ, തയ്യിൽ, മാങ്കി, മടത്തിലാൻ എന്നീ ബ്രാഹ്മണകുടുംബങ്ങൾ ക്രൈസ്തവരായെന്നും വിശ്വസിച്ചുവരുന്നു. ശ്ലീഹാ നാട്ടിയ കുരിശ് ശത്രുക്കൾ പിഴുതെറിഞ്ഞെന്നും ആ കുരിശ് കടപ്ര മുതലപ്പുഴ തുരുത്തിയിൽ ചെന്നടിഞ്ഞു എന്നും പറയപ്പെടുന്നു. ക്രിസ്തുവർഷം ഒന്നാം നൂറ്റാണ്ടിൽ സ്ഥാപിതമായ നിരണം പള്ളി ഇന്നും മാർത്തോമ്മാശ്ലീഹായുടെ നാമധേയത്തിൽ നിലകൊള്ളുന്നു. ഇവിടെനിന്നും പിരിഞ്ഞ് ചങ്ങനാശ്ശേരി, ചമ്പക്കുളം, മാരാമൺ, ചെങ്ങന്നൂർ എന്നീ സ്ഥലങ്ങളിൽ പിൽക്കാലങ്ങളിൽ ദൈവാലയങ്ങൾ സ്ഥാപിതമായി. മതമൈത്രിയുടെ കേദാരഭൂമിയാണ് തിരുവല്ല. ഹിന്ദു-മുസ്ലീം-ക്രൈസ്തവ-സഹോദരർ ഒരുമയോടെ കഴിയുന്ന ദൈവത്തിന്റെ സ്വന്തം നാട്. തീർത്ഥാടനങ്ങൾകൊണ്ടും തീർത്ഥാടകരുടെ പാദസ്പർശംകൊണ്ടും ധന്യമായ മണ്ണ്. വിശേഷണങ്ങൾ ഇനിയും ഏറെയുണ്ട്.

ഇന്ന് സുറിയാനിക്രൈസ്തവരുടെ സംഗമഭൂമിയാണ് തിരുവല്ല. കൂനൻകുരിശുസത്യത്തെത്തുടർന്ന് ഭിന്നിച്ചുപോയ മലങ്കരസഭയുടെ വിവിധങ്ങളായ സമൂഹങ്ങളുടെ ദൈവാലയങ്ങളും ആസ്ഥാനങ്ങളും തിരുവല്ല കേന്ദ്രമാക്കി സ്ഥിതിചെയ്യുന്നു. പരിശുദ്ധ പരുമല മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ കബറിടം

സ്ഥിതിചെയ്യുന്ന പരുമലപ്പള്ളിയും പുരാതനമായ പാലിയേക്കരപ്പള്ളിയും മാർത്തോമ്മാ സഭയുടെ പുലാത്തീൻ അരമനയും മലങ്കര ഓർത്തഡോക്സ് സഭയുടെ നിരണം ഭദ്രാസന ആസ്ഥാനവും യാക്കോബായാ സഭയുടെ ഭദ്രാസന ആസ്ഥാനവും ഇവാഞ്ചലിക്കൽ സഭാ ആസ്ഥാനവും ബിലീവേഴ്സ് ചർച്ച് സഭാ ആസ്ഥാനവും തിരുവല്ലയിലാണെന്നുള്ളത് ഈ നഗരത്തിന്റെ ആത്മീയ പ്രൗഢി വിളിച്ചറിയിക്കുന്നു.

മലങ്കര സുറിയാനി കത്തോലിക്കാ സഭയെക്കുറിച്ചു പറയുമ്പോൾ തിരുവല്ലാ പ്രദേശം ഒരുപാട് മധുരസ്മരണകൾ പ്രദാനം ചെയ്യുന്നു. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ മലങ്കര സഭയുടെ ആദ്ധ്യാത്മിക നവീകരണം ലക്ഷ്യമാക്കി ഫാ.പി.റ്റി.ഗീവർഗ്ഗീസും (മാർ ഈവാനിയോസ്) ഡീക്കൻ കളപ്പുരയ്ക്കൽ യാക്കോബ് ശെമ്മാശ്ശനും (മാർ തെയോഫിലോസ്) റാന്നി പെരുനാട് മുണ്ടൻമലയിൽ ബഥനി സന്യാസ പ്രസ്ഥാനം സമാരംഭിച്ചു. സഭയിലെ സന്യാസ പ്രസ്ഥാനത്തിലൂടെ മലങ്കര സഭയിൽ ചൈതന്യം ഉണർന്നെഴുന്നേറ്റു. ബഥനി ആശ്രമത്തിന്റെ ഒരു ശാഖ സ്ഥാപിതമായത് തിരുവല്ല തിരുമൂലപുരത്തായിരുന്നു എന്നത് എടുത്തുപറയേണ്ട സംഗതിയാണ്. തിരുമൂലപുരം ബഥനി ആശ്രമത്തോടനുബന്ധിച്ചുള്ള ബഥനി പ്രസ്സിൽനിന്നും ബഥനി മാസികയും മറ്റ് ആദ്ധ്യാത്മിക ഗ്രന്ഥങ്ങളും ലഘുലേഖകളും അച്ചടിച്ച് സഭാമക്കളെ പ്രബുദ്ധരാക്കാനും ബഥനി ആശ്രമസ്ഥർ പരിശ്രമിച്ചിരുന്നു. പിൽക്കാലത്ത് സഭാചരിത്രത്തിലെ ചില പ്രധാന സംഭവങ്ങൾക്ക് വേദിയാകാനും തിരുമൂലപുരം ആശ്രമത്തിനു കഴിഞ്ഞു. മലങ്കരയിലെ വനിതകളുടെ ആദ്ധ്യാത്മികവും വിദ്യാഭ്യാസപരവുമായ ഉന്നതി ലക്ഷ്യമാക്കി ബഥനി സന്യാസിനി സമൂഹം സ്ഥാപിക്കുവാനും അതിന്റെ പ്രഥമ മഠം തിരുമൂലപുരത്തുതന്നെ ആരംഭിക്കുവാനും ഈ പുണ്യപിതാക്കന്മാരിലൂടെ കഴിഞ്ഞു. പെൺകുട്ടികളുടെ വിദ്യാഭ്യാസനിലവാരം ഉയർത്തുവാനായി തിരുമൂലപുരത്തെ ബാലികാമഠം സ്കൂൾ ഏറ്റെടുത്തുനടത്തുവാനും ബഥനി സന്യാസിനിമാർക്കു കഴിഞ്ഞു. സീറോ മലങ്കരസഭയിലെ പ്രഥമ അതിരൂപതയാകാൻ തിരുവനന്തപുരത്തിനു കഴിഞ്ഞപ്പോൾ പ്രഥമ രൂപതയ്ക്കുള്ള നാമധേയം നേടാൻ തിരുവല്ലയ്ക്കു കഴിഞ്ഞു.


ആദ്യകാല പുനരൈക്യ സമ്മേളനങ്ങൾ

പുനരൈക്യത്തിനു ശേഷം സീറോ മലങ്കര ഹൈരാർക്കി സ്ഥാപനം വരെയുള്ള കാലയളവിൽ (1930-1932) ദൈവദാസൻ ആർച്ച് ബിഷപ്പ് തന്റെ പ്രവർത്തനകേന്ദ്രമാക്കി ഉപയോഗിച്ചിരുന്നത് തിരുമൂലപുരത്തെ ഒരു ചെറിയ ഭവനമായിരുന്നു. ഈ ഭവനത്തിലിരുന്നാണ് പിതാവ് തിരുവനന്തപുരം അതിരൂപതയ്ക്കും തിരുവല്ലാ രൂപതയ്ക്കുമുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചത്.

പുനരൈക്യപ്രസ്ഥാനത്തിനും തിരുവല്ലാ രൂപതയുടെ വളർച്ചയ്ക്കും തിരുവല്ലാ പ്രദേശത്തും അടുത്തുമുള്ളവർ വളരെ ധാരാളം ഉപകാരങ്ങൾ ചെയ്തിട്ടുണ്ട്. ശ്രീമാൻ മേളാംപറമ്പിൽ ഉമ്മച്ചൻ (പുളിക്കീഴ്), ശ്രീമാൻ കിളീലേത്ത് ചാക്കോച്ചൻ, വന്ദ്യ കലേക്കാട്ടിൽ തോമസ് കത്തനാർ (കവിയൂർ) എന്നിവരുടെ സഹായങ്ങൾ എക്കാലവും വിസ്മരിക്കാവുന്നതല്ല.

ബാലാരിഷ്ടതകളുടെ നടുവിൽ പിറന്നു വീണ തിരുവല്ലാ രൂപതയെന്ന പുനരൈക്യ ശിശു സഭാപിതാക്കന്മാരുടേയും വൈദികരുടേയും വിശ്വാസികളുടേയും പരിലാളനയേറ്റ് ആഗോളസഭയിലെ യൗവ്വനയുക്തയായ ഒരു സഭാപുത്രിയായി വളർന്നിരിക്കുന്നു. ഇന്ന് തിരുവല്ലാ പ്രദേശത്തിന്റെ പ്രൗഢി വളർത്തിയതിൽ മലങ്കര കത്തോലിക്കാ സഭയുടെ പങ്ക് വിസ്മരിക്കാവുന്നതല്ല. തിരുവല്ല എന്നു കേൾക്കുമ്പോഴേ ഇന്ന് ജനമനസ്സുകളിൽ സ്ഥാനംപിടിക്കുന്നത് കൂടാരപ്പള്ളിയും (കത്തീഡ്രൽ), പഴമ കാത്തു സൂക്ഷിക്കുന്ന മേരിഗിരി അരമനയും, ആതുരസേവനരംഗത്തെ വലിയ സ്ഥാപനമായ പുഷ്പഗിരി മെഡിക്കൽ കോളജും മറ്റുമാണ്. 2006ൽ തിരു

വല്ലാ രൂപത അതിരൂപതയായി ഉയർത്തപ്പെട്ടത് വളർച്ചയുടെ നാഴികക്കല്ലാണെന്നു പറയാം. മെത്രാപ്പോലീത്തൻ ആർച്ച് ബിഷപ്പ് ഡോ.തോമസ് മാർ കൂറിലോസ് പിതാവിന്റേയും സഹായ മെത്രാൻ അഭിവന്ദ്യ ഡോ.ഫിലിപ്പോസ് മാർ സ്തേഫാനോസ് പിതാവിന്റേയും നേതൃത്വത്തിൽ അതിരൂപത ഇന്ന് വളർച്ചയുടെ പന്ഥാവിലൂടെ അതിശീഘ്രം മുന്നേറുന്നു.

തിരുവല്ലാ അതിരൂപതയുടെ ആദ്ധ്യാത്മികതയുടെ പിള്ളത്തൊട്ടിലാണ് തിരുമൂലപുരം. ദൈവദാസൻ ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ് പിതാവിന്റെ ആദ്യകാല പ്രവർത്തനകേന്ദ്രം, താമസസ്ഥലം, ഓഫീസ്, ആദ്യ പള്ളി, മാർ ദീയസ്കോറസ് പിതാവിന്റെ കബറിടം, ഒരു മഹദ്വിദ്യാലയം, ബഥനി സിസ്റ്റേഴ്സിന്റെ ആദ്യ മഠം എന്നിവ സ്ഥിതിചെയ്യുന്നു എന്നിങ്ങനെ നിരവധി പ്രത്യേകതകൾ ഈ പ്രദേശത്തിനുണ്ട്.

1931 സെപ്റ്റംബർ 20 മുതലുള്ള മൂന്നു ദിവസങ്ങളിലായി പുനരൈക്യപ്രസ്ഥാനത്തിന്റെ പ്രഥമ വാർഷിക സമ്മേളനം ആഘോഷപൂർവ്വം നടത്തപ്പെട്ടത് ചരിത്രമുറങ്ങുന്ന ഈ മണ്ണിലാണ്. ഈ സമ്മേളനത്തിൽ കേരളത്തിലെ വിവിധ റീത്തുകളിൽനിന്നുള്ള അനേകം മെത്രാന്മാരും വൈദികരും അല്മായരുമായി ഒട്ടനേകം പേർ സംബന്ധിച്ചിരുന്നു. ഈ യോഗത്തിൽ വരാപ്പുഴ ആർച്ച് ബിഷപ്പ് ഡോക്ടർ ഏയ്ഞ്ചൽമേരി തിരുമേനി അദ്ധ്യക്ഷത വഹിച്ചു. തദവസരത്തിൽ ദൈവദാസൻ ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ് പ്രൗഢഗംഭീരമായ ഒരു പ്രസംഗം നിർവ്വഹിച്ചു. മലങ്കര സഭാ ചരിത്രത്താളുകളിൽ തങ്കലിപികളിൽ ആലേഖനം ചെയ്യപ്പെട്ട ആ പ്രസംഗം ഇപ്രകാരമായിരുന്നു.

എന്റെ ജീവിതത്തിൽ ഒരു കാലത്തും വിസ്മരിക്കപ്പെടുവാൻ നിവൃത്തിയില്ലാത്ത ഒരു ദിവസമാണ് 1930 സെപ്റ്റംബർ 20. കാരണം, ആ ദിവസത്തിലാണ് യേശുക്രിസ്തുവിന്റെ ഈ ലോകത്തിലെ വികാരിയായ റോമാ മാർപാപ്പ തിരുമേനിക്ക് കീഴ്വഴങ്ങുന്നതിനുള്ള പരമഭാഗ്യം എനിക്കു സിദ്ധിച്ചത്. ദീർഘകാലമായി എന്റെ അന്തരാത്മാവിൽ ഉണ്ടായിരുന്ന ഒരു വിടവ് യഥാർത്ഥത്തിൽ അന്നാണ് നികത്തപ്പെട്ടത്. എനിക്കു മാത്രമല്ല, എന്നോടുകൂടി ഇതിനകം പുനരൈക്യം പ്രാപിച്ച എല്ലാവർക്കുമുള്ള അനുഭവമാണിത്. സ്നേഹനിധിയായ നമ്മുടെ കർത്താവ് ബലഹീനനായ എന്നെയും മാർ തെയോഫിലോസ് തിരുമേനിയേയും അവിടത്തെ കരങ്ങളിൽ ആയുധമായി ഉപയോഗിച്ചതിന്റെ ഫലമായി ഇക്കഴിഞ്ഞ വർഷം ഒട്ടനേകം അകത്തോലിക്കാ സഹോദരങ്ങളെ കത്തോലിക്കാസഭയിലേക്ക് ആനയിക്കുന്നതിന് ഞങ്ങൾക്കു സാധിച്ചിട്ടുണ്ട്. ക്രൈസ്തവസഭകളുടെ ഭിന്നിപ്പ് ഭയങ്കരമായ ഒരു പാപമാണെന്നുള്ളത് സംശയരഹിതമായ ഒരു വസ്തുതയാണല്ലോ. കർത്താവായ യേശുക്രിസ്തുവിന്റെ മൗതികശരീരത്തിൽ നിരവധി മുറിവുകൾക്ക് അത് കാരണമായിത്തീർന്നിട്ടുണ്ട്. ആ മുറിവുകളെ അല്പമെങ്കിലും നികത്തുവാൻ നല്ലവനായ ദൈവം ഞങ്ങൾക്കു നൽകിയ അവസരം ഒരു സുവർണ്ണാവസരമായിത്തന്നെ ഞങ്ങൾ പരിഗണിക്കുന്നു.

ഇതുനിമിത്തം നിരവധി പീഡനങ്ങൾ ഞങ്ങൾ സഹിച്ചിട്ടുണ്ട്; സഹിക്കേണ്ടതായി വരുന്നുമുണ്ട്. അവയെല്ലാം ഈ രാജ്യത്തെ കത്തോലിക്കാസഭക്ക് സഹായമായി ഭവിക്കുകയാണുണ്ടായിട്ടുള്ളത്. പുനരൈക്യപ്പെട്ട ഓരോ കത്തോലിക്കനും സ്ത്രീപുരുഷ വ്യത്യാസമെന്യേ തീക്ഷ്ണതയേറിയ ഓരോ മിഷനറിയായി ഇതിനകം രൂപാന്തരപ്പെട്ടുകഴിഞ്ഞിരിക്കുന്നു. അപ്പസ്തോലിക കാലത്തെ പീഡനചരിത്രം ചെറിയതോതിലെങ്കിലും ഞങ്ങളുടെ ഇടയിൽ ഇന്നും ആവർത്തിക്കപ്പെടുകയാണ്. ഞങ്ങൾ അനുഭവിക്കുന്ന സാമ്പത്തിക വൈഷമ്യങ്ങളും വിവിധ പീഡനങ്ങളും ദൈവത്തിൽനിന്നും നിരവധി അനുഗ്രഹങ്ങൾ വർഷിക്കപ്പെടുന്നതിനു മുഖാന്തരമായിത്തീരുന്നു എന്ന വസ്തുത സന്തോഷപൂർവ്വം പ്രസ്താവിക്കുന്നതിനു സാധിക്കും.

ഈ സന്ദർഭത്തിൽ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ഞങ്ങളുടെമേൽ വർഷിക്കപ്പെട്ട ദിവ്യാനുഗ്രഹങ്ങൾക്കു വേണ്ടി ദൈവത്തെ മഹത്വപ്പെടുത്തണമെന്ന് ഇവിടെ സന്നിഹിതരായിരിക്കുന്ന അഭിവന്ദ്യ തിരുമേനിമാരുൾപ്പെടെയുള്ള സകലരോടും ഞങ്ങൾ അഭ്യർത്ഥിക്കുന്നു. അതിനും പുറമെ, ബലഹീനനായ എനിക്കും മാർ തിയോഫിലോസ് തിരുമേനിക്കും പുനരൈക്യം പ്രാപിച്ച എല്ലാ വിശ്വാസികൾക്കും, ഇനിയും പുനരൈക്യപ്പെടേണ്ട എല്ലാ അകത്തോലിക്കർക്കും വേണ്ടി മാത്രമല്ല, ഇന്നാട്ടിലെ ലക്ഷക്കണക്കിന് അക്രൈസ്തവർക്കുവേണ്ടിയും തുടർന്ന് പ്രാർത്ഥിക്കണമെന്ന് അപേക്ഷിക്കുകയും ചെയ്തുകൊള്ളുന്നു. നിങ്ങൾ ഏവരുടെയും പ്രാർത്ഥനാ സഹായമാണ് സകലത്തിനും ഉപരി ഈ സന്ദർഭത്തിൽ ഞങ്ങൾക്ക് അത്യന്താപേക്ഷിതമായിരിക്കുന്നത്. നിങ്ങൾക്കെല്ലാം നമസ്ക്കാരം.

എൺപത്തിയഞ്ചാം പുനരൈക്യ ആഘോഷങ്ങൾക്ക് ഈ പ്രദേശം വീണ്ടും വേദിയാകുന്നതിൽ നമുക്കഭിമാനിക്കാം. ഭാരത മാനസാന്തരത്തിനു വേണ്ടി അക്ഷീണം യത്നിച്ച ദൈവദാസൻ ആർച്ച് ബിഷപ്പ് മാർ ഈവാനിയോസിന്റേയും പുണ്യശ്ലോകനായ മാർ തെയോഫിലോസ് പിതാവിന്റെയും കർമ്മഭൂമിയിൽ നിന്നുകൊണ്ട് ഈ പിതാക്കന്മാരുടെ സ്വപ്നം പൂവണിയിച്ച പിൻഗാമിയായ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലിമീസ് കാതോലിക്കാ ബാവാ തിരുമേനിയുടെ സഭൈക്യ പരിശ്രമങ്ങൾ നമുക്കെന്നും മാതൃകയാണ്. എൺപത്തിയഞ്ചാം പുനരൈക്യ ആഘോഷങ്ങൾക്ക് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.



# തിരുവല്ല അതിരൂപത വികസന പാതയിൽ



ഫാ. സന്തോഷ് അഴകത്ത്

മലങ്കര സഭയിലെ പ്രഖ്യാതമായ പുനരൈക്യ പ്രസ്ഥാനം സമാരംഭിച്ചത് തിരുവല്ലയിലും തിരുവല്ല അതിഭദ്രാസനത്തിന്റെ ഹൃദയഭാഗമായ മദ്ധ്യതിരുവിതാംകൂറിലുമായിരുന്നു. 1930 സെപ്തംബർ 20 ന് തിരുവല്ല ഭദ്രാസനത്തിന്റെ പ്രഥമ അദ്ധ്യക്ഷനായിരുന്ന ഭാഗ്യസ്മരണാർഹനായ യാക്കോബ് മാർ തെയോഫിലോസ് തിരുമേനി പുനരൈക്യ സഹശില്പികൂടി ആയിരുന്നു.

## വികസനപാത – പ്രാരംഭഘട്ടം

1933 നവംബർ 6 ന് തിരുവല്ല ഭദ്രാസനം സംജാതമായി. തിരുവല്ല കേന്ദ്രമാക്കി വാടകവീട്ടിൽ താമസിച്ചുകൊണ്ട് പുനരൈക്യ പ്രവർത്തനങ്ങൾക്കും മാനസാന്തര പ്രവർത്തനങ്ങൾക്കും വന്ദ്യപിതാവ് നേതൃത്വം നൽകി. തിരുവല്ല,നിരണം,അയിരൂർ പ്രദേശങ്ങളിൽനിന്ന് ഓർത്തഡോക്സ് സഭയിലെ (വിവാഹിത) വൈദികരും വിശ്വാസികളും മലങ്കര കത്തോലിക്ക സഭയിലേക്ക് പുനരൈക്യപ്പെട്ടു. അവിടവിടെ മിഷൻ കേന്ദ്രങ്ങൾ സ്ഥാപിതമായി. 1933 ൽ കുന്നംകുളം പുലിക്കോട്ടിൽ ജോസഫ് റമ്പാനും 1937 ൽ നിരണം ഭദ്രാസനാധിപനായിരുന്ന ജോസഫ് മാർ സേവേറിയോസ് തിരുമേനിയും 1939 ൽ ക്നാനായ മാർ യാക്കോ




ബായ സഭാദ്ധ്യക്ഷനായിരുന്ന തോമസ് മാർ ദീയസ്ക്കോറോസ് തിരുമേനിയും പുനരൈക്യപ്പെട്ടു. 1955 ജനുവരി 18 ന് മാർ സേവേറിയോസ് മെത്രാപ്പോലീത്തയും 1956 ജൂൺ 26 ന് മാർ തെയോഫിലോസ് തിരുമേനിയും കാലം ചെയ്തു. ഈ പ്രാരംഭ കാലഘട്ടത്തിൽ ശ്രദ്ധ നൽകിയിരുന്നത് ഒന്നാമതായി സത്യസഭാവിശ്വാസം പഠിപ്പിക്കുന്നതിനും പരസ്യമായി പ്രസംഗിക്കുന്നതിനും കത്തോലിക്ക സാക്ഷ്യസംഘം രൂപീകരിക്കുകയും പുനരൈക്യ പരിശ്രമങ്ങൾ സാദ്ധ്യമാക്കുന്നതിന് ആരാധനാലയങ്ങൾ സ്ഥാപിക്കുകയുമായിരുന്നു. രണ്ടാമതായി വൈദികപരിശീലനം സാദ്ധ്യമാക്കുന്നതിന് തിരുവല്ല കേന്ദ്രമായി മൈനർ സെമിനാരി സമാരംഭിക്കുകയും ദൈവശാസ്ത്രപഠനം മംഗലപ്പുഴ, പൂന, തൃശ്ശിനാപ്പള്ളി മുതലായ മേജർ സെമിനാരികളിൽ സാദ്ധ്യമാക്കുകയുമായിരുന്നു. മൂന്നാമതായി വിദ്യാഭ്യാസ കാര്യങ്ങളിൽ മുന്നേറ്റമുണ്ടാക്കുന്നതിന് സ്കൂളുകൾ സ്ഥാപിക്കുകയും ലഭ്യമായവ വാങ്ങുകയും ചെയ്തിരുന്നു. സുറിയാനി കത്തോലിക്ക സഭയുടെ പിന്തുണആർജിക്കുകയും ആ സഭയിലെ വൈദിക വിദ്യാർത്ഥികളെ പരിശീലനം നൽകി തീക്ഷ്ണതയുള്ള പ്രേഷിത വൈദികരാക്കാൻ ഉള്ള പരിശ്രമങ്ങളും വിജയകരമായി നടന്നു. തിരുവല്ല സെന്റ് ജോസഫ് പ്രസ് 1934 ൽ ആരംഭിച്ചു.

## ദ്വിതീയ ഘട്ടം

1956 മുതൽ 1978 വരെ തിരുവല്ലയുടെ ദ്വിതീയ മെത്രാനായിരുന്ന സഖറിയാസ് മാർ അത്തനാസിയോസ് തിരുമേനിയുടെ സാരഥ്യം വളർച്ച അടയാളപ്പെടുത്തപ്പെട്ട വർഷങ്ങളായിരുന്നു. സാമ്പത്തികമായി ഭദ്രമല്ലാതിരുന്ന ഭദ്രാസനത്തിന്റെ സാമ്പത്തിക അടിത്തറ ഉറപ്പിക്കുന്നതിനുള്ള പരിശ്രമങ്ങളുടെ കാലം രണ്ടാം വത്തിക്കാൻ സുന്നഹദോസിന്റെ തുറവിയുടെ കാലം. പത്താംതരം പാസ്സായ 500 ൽ പരം യുവതികളെ ജർമ്മനിയിലേക്ക് നേഴ്സിംഗിനയച്ച് ഇടത്തരം കുടുംബങ്ങളെ സാമ്പത്തികമായി മേൽത്തരമാക്കുക വഴി ഭവനങ്ങളും ഇടവകകളും രൂപതയും മാത്രമല്ല മദ്ധ്യതിരുവിതാംകൂർ


Macfast College


തന്നെയും സാമ്പത്തികമായി മുന്നേറ്റം കുതിച്ചു. അതോടൊപ്പം 1998 ൽ ഭാരതപ്പുഴയ്ക്ക് വടക്കോട്ട് ഇന്ന് പുത്തൂർ, ബത്തേരി ഭദ്രാസനങ്ങളുടെ അതിർത്തികൾ വരെ പ്രേഷിത പ്രവർത്തനത്തിന് ഔദ്യോഗികമായി പതിച്ചുകിട്ടിയതുവഴി ഭദ്രാസനം തന്നെ ഇരട്ടിയിലേറെ വിസ്തൃതമായത് നിർണ്ണായകമായ നീക്കമായിരുന്നു. 1950 കളിൽ ആരംഭിച്ച വടക്കേ മലബാർ കുടിയേറ്റക്കാർക്കൊപ്പം തിരുവല്ലയിലെ പ്രേഷിത തീക്ഷ്ണതയുള്ള യുവവൈദികരും സഭയുടെ ഭാഗമായ 'കുടിയേറ്റം' നടത്തി. അതിന്റെ ബാക്കിപത്രവും ശേഷിപ്പുമാണ് ഇന്നത്തെ ബത്തേരി

(ശേഷം പേജ് 17)

# സീറോ - മലങ്കര ഹൈരാർക്കി അനുവദിച്ചുകൊണ്ടുള്ള ബൂളാ

ദൈവത്തിന്റെ ദാസന്മാരിൽ ദാസനായ പീയൂസ് മെത്രാൻ ശാശ്വതസ്മരണയ്ക്കുവേണ്ടി.

പ്രഖ്യാതന്മാരായ രണ്ട് മലങ്കര സുറിയാനി വൈദികാദ്ധ്യക്ഷന്മാർ, മാർ ഈവാനിയോസ് മെത്രാപ്പോലീത്തായും മാർ തെയോഫിലോസ് മെത്രാനും ദൈവസഹായത്താൽ തങ്ങളുടെ ആട്ടിൻകൂട്ടത്തിലെ ഏതാനും വൈദികരോടും ഒട്ടനേകം ജനങ്ങളോടും കൂടെ കത്തോലിക്കാസഭയാകുന്ന പരിശുദ്ധ മാതാവിന്റെ മടിയിലേയ്ക്കു പ്രവേശിച്ചപ്പോൾ ഇടയന്മാരിൽ പ്രധാനിയായ ക്രിസ്തുവിനു വിനീതപൂർവ്വകവും തീക്ഷ്ണതമവുമായ കൃതജ്ഞതയെ നാം സമർപ്പിച്ചു. ഇവരുടെ മനസ്സിനെയും ഹൃദയത്തെയും പ്രകാശങ്ങളുടെ പിതാവിനെ ഈ മെത്രാൻമാർ വിനയപൂർവ്വം അനുസരിച്ചതിനാലും ആ പ്രദേശത്തെ വിശ്വാസികളുടെ ഇടയിൽ ക്രിസ്തുവിന്റെ രാജ്യത്തിന്റെ വ്യാപ്തിയെ വർദ്ധിപ്പിക്കുന്നതിനു വേണ്ടി സകല മാർഗ്ഗങ്ങളിലും കൂടെ ഉൽസാഹപൂർവ്വം ഇവർ പ്രയത്നിച്ചതു നിമിത്തവും നാം ഇവരെ ഹൃദയപൂർവ്വം അഭിനന്ദിക്കുകയും ചെയ്തു. ഈ വിശ്വാസികൾ കത്തോലിക്കാ ഐക്യത്തെ ആശ്ലേഷിച്ചിട്ട് ഏതാനും മാസങ്ങൾ കഴിഞ്ഞപ്പോൾ അവരുടെ ആദ്ധ്യാത്മികോന്നമനത്തിന് മാർഗ്ഗമുണ്ടാക്കുന്നതിന് നാം ആഗ്രഹിച്ചതുകൊണ്ട് ഈ വർഷം ഫെബ്രുവരി പതിമൂന്നാം തീയതി ഈ മുദ്രയിൻകീഴ് “മാഗ്നും നോബിസ്” എന്ന അപ്പസ്തോലിക ലേഖനം നാം പുറപ്പെടുവിച്ചു. അതനുസരിച്ച് മലബാർ ദേശത്തിന്റെ അതിർത്തികൾക്കുള്ളിൽ പമ്പാനദിയാൽ അന്യോന്യം വിഭജിക്കപ്പെട്ടതായ രണ്ടു രൂപതകളെ താൽക്കാലികമായി നാം സ്ഥാപിക്കുകയും ഈ വന്ദ്യ മെത്രാന്മാരെ അവയുടെ ചുമതല ഭരമേല്പിക്കുകയും ചെയ്തു. അന്ത്യോക്യൻ റീത്തിൽപ്പെട്ടവരായ ഈ മലങ്കര സുറിയാനി വിശ്വാസികളുടെ സംഖ്യ ഭാഗ്യാതിരേകത്താൽ സന്തോഷപ്രദമാംവിധം ദിനംപ്രതി വർദ്ധിക്കുകയും അല്പകാലത്തിനുള്ളിൽ കർത്താവിന്റെ അനുഗ്രഹത്താൽ ഏതാനും ആയിരങ്ങളായിത്തീരുകയും ചെയ്തിരിക്കുന്നതിനാൽ മലബാർ പ്രദേശത്ത് അന്ത്യോക്യൻ റീത്തിൽ ഒരു വൈദിക സംസ്ഥാനം സ്ഥാപിച്ച് സഭാകാര്യങ്ങൾ അവസരോചിതവും ശാശ്വതവുമായ വിധത്തിൽ ക്രമപ്പെടുത്തുന്നത് പ്രയോജനപ്രദമാണെന്ന് നമുക്ക് ബോദ്ധ്യമായിരിക്കുന്നു. തന്നിമിത്തം പ്രസ്തുത മെത്രാന്മാരുടെ ആവശ്യങ്ങളെ അനുവദിച്ചുകൊണ്ടും അതിശ്രേഷ്ഠങ്ങളായ പൗരസ്ത്യ സഭകളോടുള്ള നമ്മുടെ സ്നേഹത്തിന്റെ ഒരു പുതിയ ലക്ഷ്യം പ്രദാനം ചെയ്യുവാൻ ആഗ്രഹിച്ചുകൊണ്ടും പൗരസ്ത്യ ഇന്ത്യയുടെ ദലഗാദ് അപ്പസ്തോലിക്കായും സലമീനായുടെ അവകാശിയും മെത്രാപ്പോലീത്തയുമായ നമ്മുടെ സഹോദരൻ ലെയോകിയെർക്കൾസിന്റെ അനുകൂലമായ അഭിപ്രായത്തെ മുൻകൂട്ടി അറിഞ്ഞതിന്റെ ശേഷം പൗരസ്ത്യസഭയുടെ തിരുസംഘത്തിൽ നിയമിതനായിരിക്കുന്ന പരിശുദ്ധ റോമാസഭയുടെ കർദ്ദിനാളന്മാരായ നമ്മുടെ വന്ദ്യ സഹോദരന്മാരുടെ ഉപദേശത്താൽ ഈ സംഗതികൾ ആരെയെല്ലാം ബാധിക്കു



മോ, അല്ലാത്തപക്ഷം തങ്ങളെ ബാധിക്കുന്നതെന്ന് ആരെല്ലാം വിചാരിക്കുന്നുവോ,അവരുടെ സമ്മതം ആവശ്യമുള്ളവിധം വാങ്ങിച്ചുകൊണ്ടും താഴെ ചേർക്കുന്ന കാര്യങ്ങൾ അപ്പസ്തോലികമായ അധികാരത്തിന്റെ പൂർണ്ണതയിൽ നാം തീരുമാനിക്കയും സ്ഥാപിക്കുകയും ചെയ്യുന്നു.

മലബാർ പ്രദേശത്ത് പമ്പാനദിയുടെ വടക്കും തെക്കുമായി സ്ഥിതിചെയ്യുന്നതും മേൽ പ്രസ്താവിച്ചതുമായ രൂപതകളെ നിറുത്തൽ ചെയ്തശേഷം അവയുടെ അതിർത്തികൾക്കുള്ളിൽ അന്ത്യോക്യൻ റീത്തിൽപ്പെട്ട മലങ്കര സുറിയാനിക്കാർക്കു വേണ്ടി നവീനവും വ്യക്തവുമായ ഒരു വൈദികസംസ്ഥാനത്തെ നാം സ്ഥാപിക്കുന്നു. തിരുവനന്തപുരം മെത്രാപ്പോലീത്താ സിംഹാസനമെന്നും തിരുവല്ലാ മെത്രാൻ സിംഹാസനമെന്നും രണ്ടു സിംഹാസനങ്ങൾ അതിൽ ഉണ്ടായിരിക്കുന്നതാണ്.

2. കൊല്ലം, കോട്ടാർ എന്നീ രൂപതകളുടെയും കൊച്ചി രൂപതയുടെ ദക്ഷിണഭാഗത്തിന്റെയും അതിർത്തികളോടു കൂടിയ തിരുവനന്തപുരം അതിരൂപതയിൽ തിരുവനന്തപുരം, കൊട്ടാരക്കര, അടൂർ, പത്തനംതിട്ട, മാവേലിക്കര, കായംകുളം, ചെങ്ങന്നൂർ എന്നീ ഡിസ്ട്രിക്റ്റുകൾ ഉണ്ടായിരിക്കുന്നതാണ്.

3. തിരുവനന്തപുരം, അതിരൂപതയുടെ സിംഹാസനത്തെ തിരുവനന്തപുരം പട്ടണത്തിൽ നാം സ്ഥാപിക്കുന്നു. ആ പട്ടണത്തിൽനിന്ന് അതിരൂപതയ്ക്ക് അതിന്റെ നാമം സിദ്ധിക്കയും ചെയ്യുന്നു.

4. തിരുവനന്തപുരം മെത്രാപ്പോലീത്തായുടെ ദൈവാലയത്തെ ഈ നവീന സഭാസംസ്ഥാനത്തിന്റെ മെത്രാപ്പോലീത്തൻ പള്ളിയായി നാം സ്ഥാപിക്കുന്നു. തൻമൂലം ആ ദൈവാലയത്തെ അതിന്റെ അതാതു കാലത്തെ മെത്രാപ്പോലീത്താമാർക്കും അന്ത്യോക്യൻ സുറിയാനി സഭയുടെ സാധാരണനിയമവും നിയമാനുസൃതമായ ആചാരങ്ങളും അനുസരിച്ചുള്ള സകല അവകാശങ്ങളും, നിയമങ്ങളും ബഹുമാനങ്ങളും അധികാരങ്ങളും നാം നൽകുന്നു. ഒന്നാമതായി വിശുദ്ധ സംഘത്തിലെ അപ്പസ്തോലിക സിംഹാസനത്തിൽനിന്ന് അപേക്ഷിച്ചു വാങ്ങിയശേഷം അവരുടെ വൈദികസംസ്ഥാനത്തിന്റെ അതൃത്തികൾക്കുള്ളിൽ വൈദിക കർമ്മങ്ങളുടെ നിയമങ്ങളനുസരിച്ച് പാലിയം ധരിക്കുന്നതിനുള്ള അവകാശം അവിടുത്തെ മെത്രാപ്പോലീത്താമാർക്ക് ഉണ്ടായിരിക്കുന്നതാണ്.

5. വാരാപ്പുഴ, വിജയപുരം എന്നീ രൂപതകളുടെയും കൊച്ചി രൂപതയുടെ വടക്കേ ഭാഗത്തിന്റെയും അതൃത്തിക്കുള്ളിൽ അടങ്ങിയിരിക്കുന്ന തിരുവല്ലാ രൂപതയിൽ തിരുവല്ല, നിരണം, കോട്ടയം മൂവാറ്റുപുഴ, കുന്നംകുളം എന്നീ ഡിസ്ട്രിക്റ്റുകൾ ഉണ്ടായിരിക്കുന്നതാണ്.[1]

6. തിരുവല്ലാ മെത്രാന്റെ സിംഹാസനം തിരുവല്ലാ പട്ടണത്തിൽ നാം സ്ഥാപിക്കുന്നു. ആ പട്ടണത്തിൽ നിന്നു രൂപതയ്ക്ക് അതിന്റെ നാമം സിദ്ധിക്കയും ചെയ്യുന്നു.

1. 1958-ൽ തിരുവല്ലാ രൂപതയുടെ അതൃത്തി മലബാർ പ്രദേശത്തേയ്ക്കും മദ്രാസ്, മൈസൂർ സംസ്ഥാനങ്ങളുടെ ഏതാനും ഭാഗത്തേയ്ക്കും വിപുലപ്പെടുത്തി.

7. തിരുവല്ലായിലെ മെത്രാസനപ്പള്ളിക്കും അതിൽ അതാതു കാലം ഭരിക്കുന്ന മെത്രാന്മാർക്കും അന്ത്യോക്യൻ സുറിയാനി സഭയിലുള്ള സാധാരണ നിയമവും ന്യായമായ നടപ്പും അനുസരിച്ചുള്ള സകല അവകാശങ്ങളും, നിയമങ്ങളും, ബഹുമാനങ്ങളും, അധികാരങ്ങളും നാം നൽകുന്നു.

8. തിരുവല്ലായിലെ മെത്രാസനപ്പള്ളിയെ തിരുവനന്തപുരം മെത്രാപ്പോലീത്തായുടെ സഫ്രഗൻപള്ളിയായി നാം സ്ഥാപിക്കുന്നു.

അവിടെ അതാതുകാലം ഭരിക്കുന്ന മെത്രാന്മാരെ തിരുവനന്തപുരം അതിമെത്രാന്റെ മെത്രാപ്പോലീത്തായ്ക്കടുത്ത അവകാശത്തിന് നാം അധീനരാക്കുകയും ചെയ്യുന്നു.

9. തിരുവനന്തപുരം മെത്രാപ്പോലീത്തൻ പള്ളിയുടെയും അതിന്റെ അതാതു കാലത്തെ മെത്രാപ്പോലീത്തമാരുടെയും തിരുവല്ലാ മെത്രാസനപ്പള്ളിയുടെയും അതിന്റെ അതാതു കാലത്തെ മെത്രാന്മാരുടെയും മേൽ മറ്റു മെത്രാപ്പോലീത്തൻ പള്ളികളെയും അവയുടെ മെത്രാന്മാരെയും സംബന്ധിക്കുന്ന ഭാരങ്ങളും ചുമതലകളും നാം നിക്ഷേപിക്കുന്നു.

10. തിരുവനന്തപുരത്തെയും തിരുവല്ലായിലെയും വൈദികാദ്ധ്യക്ഷന്മാരുടെ സിംഹാസനങ്ങളിൽ ആദ്യത്തേതിനെ തിരുവനന്തപുരം പട്ടണത്തിൽ ദൈവമാതാവായ പരിശുദ്ധ കന്യകയുടെ നാമത്തിലും, രണ്ടാമത്തേതിനെ തിരുവല്ലാ നഗരത്തിൽ വി. യോഹന്നാൻ ശ്ലീഹായുടെ നാമത്തിലും സംസ്ഥാപിക്കുന്നു. തന്നിമിത്തം ഈ ദൈവാലയങ്ങൾക്ക് ഇനിയും നിശ്ചയിക്കുന്നതുവരെ മറ്റു മെത്രാപ്പോലീത്തൻ പള്ളികൾക്കും മെത്രാസനപ്പള്ളികൾക്കുമുള്ള സകല അവകാശങ്ങളും നിയമങ്ങളും നാം നൽകിയിരിക്കുന്നു.

11. മെത്രാപ്പോലീത്തായുടെയും മെത്രാന്റെയും നിത്യച്ചെലവിനുവേണ്ടി വിശ്വാസികൾ സാധാരണമായി ചെയ്യാറുള്ള ദാനങ്ങളും ഈ പള്ളികൾക്ക് ഏതെങ്കിലും അവകാശപ്രകാരം സിദ്ധിക്കുന്ന വരവുകളും ജംഗമങ്ങളും നിശ്ചയിക്കപ്പെട്ടിരിക്കുന്നു.

12. തിരുവനന്തപുരത്തെയും തിരുവല്ലായിലെയും സഭകളുടെ ഭരണനിർവഹണത്തെയും നിയമപ്രകാരം ആലോചനാസംഘത്തിന്റെ തെരഞ്ഞെടുപ്പിനെയും, സെമിനാരികൾ സ്ഥാപിക്കുന്നതിനെയും വൈദികരുടെയും വിശ്വാസികളുടെയും അവകാശങ്ങൾ എന്നിവയെയും ഏവം വിധമുള്ള കാര്യങ്ങളെയും സംബന്ധിച്ചു പരിശുദ്ധ കാനോനിൽ എപ്രകാരം കല്പിക്കപ്പെടുന്നുവോ അപ്രകാരം ചെയ്തുകൊള്ളണമെന്നു നാം കല്പിച്ചിരിക്കുന്നു. പ്രധാനമായി വൈദികരെ സംബന്ധിച്ചിടത്തോളം മേൽപ്രസ്താവിച്ച അതിരൂപതയുടെയും രൂപതയുടെയും സ്ഥാപനം നിർവ്വഹിക്കപ്പെടുമ്പോൾ വൈദികർ ഏതു രൂപതയുടെ അധികാരസീമയിൽ നിയമപ്രകാരം താമസിക്കുന്നുവോ ആ രൂപതയോടു ബന്ധപ്പെട്ടവരായി അവർ പരിഗണിക്കപ്പെടണമെന്നു നാം നിശ്ചയിക്കുന്നു.

13. അവസാനമായി മേൽപ്രസ്താവിച്ചിരിക്കുന്ന നിയമങ്ങളെ അതാതു കാലത്തെ സാഹചര്യങ്ങൾ അനുസരിച്ചു മാറ്റുന്നതിനും, അന്യഥാ തീരുമാനിക്കുന്നതിനും, കർത്താവിന്റെ നാമത്തിൽ ഉചിതമായി തോന്നുന്നവ അപ്പോഴെല്ലാം നിശ്ചയിക്കുന്നതിനുമുള്ള അധികാരം നമ്മിലും അപ്പസ്തോലിക സിംഹാസനത്തിലും നാം സംഗ്രഹിച്ചിരിക്കുന്നു.

ആയതുകൊണ്ടു കാര്യങ്ങളെല്ലാം ഇപ്രകാരം നിശ്ചയിച്ചതിനുശേഷം നമ്മുടെ വന്ദ്യ സഹോദരനും പൗരസ്ത്യ ഇൻഡ്യയുടെ ദലഗാദ് അപ്പോസ്തോലിക്കായുമായ ലെയോകിയർക്കൽസിനെ ഈ നിശ്ചയങ്ങളെല്ലാം നിർവ്വഹിക്കുന്നതിനുവേണ്ടി നാം നിയോഗിക്കുന്നു. ഇവയുടെ യഥാർത്ഥ നിർവ്വഹണത്തിൽ ഉണ്ടായേക്കാവുന്ന സകല തർക്കങ്ങളെയും തടയുന്നതിനു മാത്രമല്ല, സഭാസംബന്ധമായ ഉദ്യോഗത്തിലോ സ്ഥാനത്തിലോ നിയമിതനായിരിക്കുന്ന വേറൊരാളെ പ്രസ്തുത കാര്യത്തിനായി നിയോഗിക്കുന്നതിനും ആവശ്യവും ഉചിതവുമായ സകല അധികാരങ്ങളും നാം അദ്ദേഹത്തിനു നൽകുന്നു. യഥാർത്ഥ നിർവ്വഹണാർത്ഥം ചെയ്തിട്ടുള്ള പ്രവർത്തനങ്ങളുടെ ഔദ്യോഗികമായ ഒരു റിപ്പോർട്ട് ഈ ലേഖനം കിട്ടി

ആറുമാസത്തിനുള്ളിൽ പൗരസ്ത്യസഭയുടെ തിരുസിംഹാസനത്തിലേയ്ക്ക് അയയ്ക്കുന്നതിനുള്ള ചുമതലയും നാം അദ്ദേഹത്തിൽ നിക്ഷേപിക്കുന്നു.

മേൽ പ്രസ്താവിച്ച സംഗതികളോടു ബന്ധമുള്ളവരോ ബന്ധമുണ്ടെന്നു വിചാരിക്കുന്നവരോ ആയ ആരെങ്കിലും സ്പഷ്ടവും പ്രത്യേകവുമായ പരിഗണന അർഹിക്കുന്നവരായിരുന്നാലും നാം അവരെ ശ്രദ്ധിച്ചില്ലെന്നാകിലും ഈ ലേഖനത്തെയും അതിൽ ഉള്ളടങ്ങിയിരിക്കുന്ന ഏതൊരു സംഹതിയെയും അപലപിക്കുകയോ നിഷേധിക്കുകയോ അസത്യത്തിന്റെയോ അപൂർണ്ണസത്യത്തിന്റെയോ അസാധുത്വത്തിന്റെയോ ഉദ്ദേശ്യശുദ്ധിയുടെയോ വാസ്തവവും അവിചാരിതവുമായ മറ്റു യാതൊന്നിന്റെയോ ദോഷം ആരോപിച്ചു തർക്കിക്കയോ ചെയ്യരുതെന്നു നാം ആഗ്രഹിക്കുകയും നിശ്ചയിക്കുകയും ചെയ്യുന്നു. നമ്മുടെ യഥാർത്ഥമായ അറിവോടും പൂർണ്ണമായ അധികാരത്തോടും കൂടെയായിരുന്നാൽ എപ്രകാരമോ അപ്രകാരം തന്നെ ഇവ എക്കാലവും സാധുവായിരിക്കുന്നതാണ്. ഇവ ആരെയെല്ലാം ബന്ധിക്കുമോ അവരെല്ലാം ഇവ അനുസരിക്കേണ്ടതുമാണ്. മറിച്ച് ഏതെങ്കിലും അധികാരമുള്ള ആരെങ്കിലും അറിഞ്ഞോ അറിയതെയോ ഇവയ്ക്കെതിരായി പ്രവർത്തിച്ചാൽ അതു പൂർണ്ണമായി അസാധുവും ഫലശൂന്യവും ആയിരിക്കും. അവസാനമായി ഈ ലേഖനത്തിന്റെ ഭാഗങ്ങൾ അച്ചടിക്കപ്പെട്ടവയും ഏതെങ്കിലും നോട്ടറി പബ്ളിക്കിന്റെ കൈയൊപ്പോ സഭാസംബന്ധമായ ഉദ്യോഗത്തിലോ പദവിയിലോ നിയമിതനായ ആരുടെയെങ്കിലും മുദ്രയോ ഉള്ളവയും ആയിരുന്നാൽ ഈ ലേഖനം ഇതിന്റെ മൂലത്തിൽ തന്നെ പ്രദർശിക്കപ്പെട്ടാൽ ലഭിക്കുന്ന വിശ്വാസ്യത എപ്രകാരമോ അപ്രകാരം തന്നെ അതിനു ലഭിക്കേണ്ടതാണെന്നു നാം നിശ്ചയിക്കുന്നു. രൂപതാപരമോ, സംസ്ഥാനപരമോ, സാധാരണമോ, സാർവ്വത്രികമോ ആയ സൂനഹദോസുകളാൽ പ്രഖ്യാപിതങ്ങളായ നിയമങ്ങളോ നിശ്ചയങ്ങളോ നമ്മുടെ മുൻഗാമികളായ പാപ്പാമാരിൽ ആരുടെയെങ്കിലും തീരുമാനങ്ങളോ മറ്റേതെങ്കിലും സംഗതികളോ പ്രതികൂലമായിരുന്നാൽ തന്നെയും ഈ ലേഖനം സാധുവായിരിക്കുന്നതാണ്.

സ്ഥാപനത്തിന്റെയും നിർവ്വഹണത്തിന്റെയും പ്രതാപത്തിന്റെയും നിയമത്തിന്റെയും സഹകരണത്തിന്റെയും അനുക്രമത്തിന്റെയും നമ്മുടെ മനസ്സിന്റെയും ലക്ഷ്യമായിരിക്കുന്ന ഈ നമ്മുടെ ലേഖനത്തെ ആരെങ്കിലും ലംഘിക്കയോ എതിർക്കുകയോ ചെയ്യാതെ ഇരിക്കട്ടെ. പ്രത്യുത ആരെങ്കിലും വിചാരശൂന്യമായി ഇതിനു തുനിയുന്നപക്ഷം സർവ്വശക്തനായ ദൈവത്തിന്റെയും അവിടുത്തെ അപ്പസ്തോലന്മാരായ ഭാഗ്യപ്പെട്ട പത്രോസിന്റെയും പൗലൂസിന്റെയും കോപം അവന്റെ മേൽ വീഴുമെന്ന് അവൻ ധരിച്ചുകൊള്ളുകയും ചെയ്യട്ടെ.

ആയിരത്തിതൊള്ളായിരത്തി മുപ്പത്തിരണ്ടാം വർഷം ജൂൺ മാസം പതിനൊന്നാം തീയതി വിശുദ്ധ ബർന്നബാസ് അപ്പസ്തോലന്റെ തിരുനാൾ ദിവസം നമ്മുടെ ഭരണത്തിന്റെ പതിനൊന്നാം വത്സരത്തിൽ റോമിൽ വി. പത്രോസിന്റെ ദൈവലയത്തിൽവെച്ചു പ്രഖ്യാപിക്കപ്പെട്ടത്.

**ഫ്രാത്തർ ആൻദ്രേയോസ് കർദ്ദിനാൾ ഫൂവത്ത്**
വിശുദ്ധ റോമാസഭയുടെ ചാൻസലർ
എ. കർദ്ദിനാൾ സിഞ്ചോറോ
വി. കിഴക്കൻസഭയുടെ തിരുസംഘത്തിന്റെ സെക്രട്ടറി

# തിരുവല്ല അതിരൂപത വികസന പാതയിൽ

12 – ാം പേജ് തുടർച്ച

ഭദ്രാസനവും പുത്തൂർ ഭദ്രാസനവും. മദ്ധ്യതിരുവിതാംകൂറിലെ സ്ഥലപരിമിതി പള്ളിപ്പുരയിടത്തെ അപര്യാപ്തമാക്കിയെങ്കിൽ മലബാറിന്റെ വിസ്തൃതി പള്ളിയോടനുബന്ധിച്ച് ആവശ്യാനുസരണം കൃഷിസ്ഥലങ്ങൾ സ്വന്തമാക്കുവാൻ ഉത്സാഹിച്ചത് പിൽക്കാലത്ത് ഏറെ ഗുണകരമായി. ബത്തേരി ഭദ്രാസനത്തിന് ഉറപ്പുള്ള അടിസ്ഥാനമിടുവാൻ നടുനായകത്വം വഹിച്ചത് വന്ദ്യപിതാവായിരുന്നു. ബഹു. തോമസ് നേര്യമ്പറമ്പിലച്ചനും റോമിൽ വൈദികപഠനം പൂർത്തിയാക്കി വന്ന ബഹു. ഐസക് കൂട്ടപ്ലാക്കിലച്ചനും ടീമും രണ്ടു ദശകങ്ങൾ പ്രേഷിത നിൽപാടുതറയിൽ ഉറച്ച് നിന്ന് പ്രവർത്തിച്ചു. കൂടാതെ ഇന്ന് തിരുവല്ല ഭദ്രാസനത്തിലും മലങ്കര കത്തോലിക്ക സഭയ്ക്കും അഭിമാനമായ പുഷ്പഗിരി മെഡിക്കൽ കോളജിനും സഹസ്ഥാപനങ്ങൾക്കും തുടക്കം കുറിച്ചത് അത്തനാസിയോസ് തിരുമേനിയുടെ ക്രാന്തദർശിത്വമായിരുന്നു. ഇടവകകൾ സാമ്പത്തിക സ്വയംപര്യാപ്തിയിലെത്തുവാൻ കൃഷിയെ പ്രോത്സാഹിപ്പിക്കുവാൻ ജാഗ്രതയുള്ള നയസമീപനങ്ങൾക്ക് നേതൃത്വം നൽകി. ആരാധനക്രമത്തിന്റെ തനിമയും പരിശുദ്ധിയും സംരക്ഷിക്കുവാനും നിലനിർത്തുവാനും അത്യന്തം ജാഗ്രത പുലർത്തിയതും വിസ്മരിക്കാവുന്നതല്ല, വിസ്തരിക്കേണ്ടതുമത്രേ. കൂടാതെ യൂറോപ്പിലുള്ള സുഹൃത്തുക്കളുടെ സഹായം നേടി ഭദ്രാസനത്തെ സാമ്പത്തികമായി നിലനിർത്തുവാനും വന്ദ്യപിതാവ് ഏറെ ശ്രദ്ധിച്ചു. ബത്തേരി രൂപതയെ സ്വപ്നംകണ്ട്, അതിനുവേണ്ട നീക്കങ്ങൾ റോമിൽ നടത്തി മടങ്ങിവരവെ 1977 സെപ്തംബർ 27 ന് വന്ദ്യപിതാവ് ആകസ്മികമായി കാലയവനികയ്ക്കുള്ളിലേക്ക് മറഞ്ഞു.

തിരുവല്ല അതിരൂപതയുടെ പ്രേക്ഷിത വയലാണ് ഹൈറേഞ്ച് മേഖലകൾ. കുടിയേറ്റ ജനതയുടെ ആത്മീയ ആവശ്യങ്ങൾ കണ്ടറിഞ്ഞ് തുടങ്ങിയ മിഷൻ കേന്ദ്രങ്ങൾ ഇന്ന് വളർന്ന് മുപ്പതോളം ഇടവകകളായി മാറിയിരിക്കുന്നു. ഹൈറേഞ്ച് മിഷൻ പ്രവർത്തനങ്ങളുടെ തുടക്കക്കാരായ ബഹു. പുരയ്ക്കലച്ചനേയും നീലംപ്ലാവിലച്ചനേയും വിസ്മരിക്കാനാവില്ല. ഇന്ന് ഹൈറേഞ്ച് വളർച്ചയുടെ പാതയിലാണ്. അഭി. ഫീലിപ്പോസ് മാർ സ്തേഫാനോസ് പിതാവിന്റെ സാന്നിദ്ധ്യവും പ്രവർത്തനങ്ങളും ഇവിടെ പ്രചോദനവും ഊർജ്ജവുമായി മാറുന്നു.

## വികസനത്തിന്റെ തൃതീയഘട്ടം 1977 – 2003

1977 ൽ തൊഴിയൂർ സ്വതന്ത്ര സുറിയാനി സഭയുടെ തലവൻ പൗലോസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്തയുടെ പുനരൈക്യം ഏറെ പ്രതീക്ഷ നൽകിയ സംഭവമായിരുന്നു. 1978 ൽ വടക്കെ മലബാറിന്റെ മിഷനറിയായിരുന്ന ബഹു. ഐസക് കൂട്ടപ്ലാക്കിലച്ചൻ ഐസക് മാർ യൂഹനോൻ എന്ന നാമം സ്വീകരിച്ച് തിരുവല്ലയുടെ അദ്ധ്യക്ഷനായി സ്ഥാനമേറ്റു. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ നഷ്ടസ്വപ്നമായി തുടരുമ്പോൾ, മറ്റു സാദ്ധ്യതകൾ വഴിമുട്ടിയ വേളയിൽ, തിരുവല്ല സെന്റ് ജോൺസ് കോളജ് ആരംഭിച്ചതും, നേഴ്സറി – ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ സാദ്ധ്യമാക്കുന്ന ഇടങ്ങളിലൊക്കെ തുടങ്ങുന്നതിനും വന്ദ്യപിതാവ് പ്രോത്സാഹനം നൽകി. അവ വളർന്നു പടർന്ന് പന്തലിച്ച് ഇന്ന് ഉന്നത നിലവാരം പുലർത്തുന്ന സി.ബി.എസ്.ഇ., കേരള സിലബസ് ഇംഗ്ലീഷ് മീഡിയം സ്കൂളുകളും ജൂണിയർ കോളജുകളുമായി വളർന്നിരിക്കുന്നു. മിഷൻ കേന്ദ്രങ്ങൾ



ആരംഭിക്കുന്നതിൽ നവമായ മുന്നേറ്റം നടത്തുവാൻ ഇക്കാലയളവിൽ തിരുവല്ല ഭദ്രാസനത്തിനു കഴിഞ്ഞു. സപ്തവത്സര സാരഥ്യം പൂർത്തിയാക്കി യൂഹാനോൻ പിതാവ് 1988 ൽ അഭിഷിക്തനായ ഗീവർഗീസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്തയുടെ ഭരണകാലം നാനാതുറകളിലുള്ള വളർച്ച നിർണ്ണയിച്ച അനുഗ്രഹീത കാലഘട്ടമായിരുന്നു. ദൈവവിളികളാൽ സമ്പന്നമായ, അഭ്യസ്തവിദ്യരായ വൈദികരെ വാർത്തെടുക്കുവാൻ റോ. ലുവെയ്ൻ സർവ്വകലാശാലകളിലേക്ക് വൈദികരെ അയച്ച, ജീർണ്ണതയിലായിരുന്ന ആദ്യകാല ദൈവാലയങ്ങൾ മനോഹരമായി രൂപകല്പന ചെയ്തു. പുനർനിർമ്മിച്ച മീഡിയം സ്കൂളുകൾ ആരംഭിക്കുകയും വളർത്തുകയും ചെയ്തു. ഉന്നത സാങ്കേതിക വിദ്യാഭ്യാസത്തിന് തുടക്കം കുറിച്ച മലങ്കരയുടെ അഭിമാനസ്തംഭമായ പുഷ്പഗിരി സ്വാശ്രയ മെഡിക്കൽ കോളജ് സ്ഥാപിച്ച് സാമൂഹ്യപ്രവർത്തനങ്ങൾക്ക് ദിശാബോധം നൽകി. രൂപതയുടെ കീർത്തിസ്തംഭമായ കത്തീഡ്രൽ നവമായി രൂപകല്പന

ചെയ്തുനിർമ്മിച്ചു, സന്യാസ പ്രസ്ഥാനങ്ങളെ സ്വാഗതം ചെയ്ത, മൂവാറ്റുപുഴ ഭദ്രാസനം സാദ്ധ്യമാക്കിയ, ഭാവിയിലേക്കുള്ള സഭാപിതാക്കന്മാരെ കണ്ടെത്തി വളർത്തുകയും മെത്രാൻസ്ഥാനത്തേക്കുയർത്തുകയും ചെയ്ത, നന്മയുടെയും നിറവിന്റെയും സമൃദ്ധിയുടെയും അടയാള ശിലകൾ ഇങ്ങനെ രേഖപ്പെടുത്തട്ടെ. തിരുവല്ലയുടെ വളർച്ച ദൈവവിളികളിലും വൈദികരുടെ എണ്ണത്തിലും എക്കാലത്തെക്കാൾ ഉയർന്ന ഒരു കാലഘട്ടം. മിഷൻ കേന്ദ്രങ്ങളിൽ മനോഹരവും ബൃഹത്തുമായ ദൈവാലയങ്ങൾ നിർമ്മിച്ച് വിശ്വാസികളുടെ ആത്മവിശ്വാസം പരിപോഷിപ്പിച്ച ഒരു കാലഘട്ടം. ഭവനനിർമ്മാണം, ഉന്നത വിദ്യാഭ്യാസം തുടങ്ങിയവയ്ക്ക് നിർലോപം സഹായം നൽകിയ കാലഘട്ടം. ഭദ്രാസനത്തിലെ സംഘാത്മകവും സംഘടിതവുമായ പ്രവർത്തനങ്ങളെ കലവറയില്ലാതെ പ്രോത്സാഹിപ്പിച്ച കാലഘട്ടം. ഇതിനെല്ലാം മകുടം ചാർത്തുമാറ് 2002 ൽ മൂവാറ്റുപുഴ ഭദ്രാസനം സാദ്ധ്യമാക്കുകയും സഹായമെത്രാൻ തോമസ് മാർ



കൂറിലോസ് തിരുമേനിയെ ഭദ്രാസനാദ്ധ്യക്ഷനായി നിയമിക്കുകയും ചെയ്തു. 2003 ൽ സഭാനിയമപ്രകാരം 75 വയസ്സ് പൂർത്തിയാക്കി പിതാവ് പ്രാർത്ഥനാ - വിശ്രമ ജീവിതത്തിലേക്ക് നിർവൃതിയോടെ പിൻവാങ്ങുന്നതോടുകൂടി ഒരു യുഗം അവസാനിച്ചു.

## വികസനപാതയിൽ മുന്നേറുന്ന 4 - ാം ഘട്ടം: 2003

2003 ൽ ഐസക് മാർ ക്ലിമ്മീസ് തിരുമേനി ഭദ്രാസനാധിപനായത് ഏറെ പ്രതീക്ഷ പകർന്നുകൊണ്ടായിരുന്നു. വാർദ്ധക്യത്തിന്റെ ശാന്തതയിൽനിന്ന് യുവത്വത്തിന്റെ പ്രസരിപ്പിലേക്കുള്ള കുതിച്ചുചാട്ടമായി കരുതപ്പെടുന്നു. നിലവിലുള്ള സാഹചര്യങ്ങളെ പരമാവധി വിനിമയം ചെയ്ത ഒരു ഘട്ടം. 2006 ൽ അതിഭദ്രാസനമായി തിരുവല്ല സഭാതലത്തിൽ ഉയർത്തപ്പെട്ടു. തിരുവല്ലയുടെ അദ്ധ്യക്ഷൻ,മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പായി വാഴ്ത്തപ്പെട്ടു. ഹോം മിഷൻ, ഹോം ഫോർ ഓൾ തുടങ്ങിയ പദ്ധതികൾ സമാരംഭിച്ചു. 2007 മെയ് 2 ന് മൂവാറ്റുപുഴ ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പായി സ്ഥാനമേറ്റു. മുൻഗാമികൾ തെളിച്ച കർമ്മപഥങ്ങളിലൂടെ അതിരൂപതയെ വികസനപാതയിൽ നയിക്കുന്നു. വികസനത്തിന്റെ അടയാളശിലകളിൽ പ്രധാനപ്പെട്ടത് ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളാണെങ്കിൽ എടുത്തുപറയുവാനും എണ്ണിപ്പറയുവാനും പോന്ന സ്ഥാപനങ്ങൾ തിരുവല്ല അതിരൂപതയ്ക്ക് അവകാശപ്പെടുവാനുണ്ട്. മീഡിയം സ്കൂ ളുകൾ, ട്രെയിനിംഗ് കോളജ്, ആർട്ട്സ് & സയൻസ് കോളജ്, ശാസ്ത്ര സാങ്കേതിക മികവു പുലർത്തുന്ന മാക്ഫാസ്റ്റ് കോളജ്, നേഴ്സിംഗ് - പാരാമെഡിക്കൽ കോളജുകൾ, ഡെന്റൽ കോളജ്, പി.ജി. കോഴ്സുകൾ, സുറിയാനി ഭാഷാ പഠന ഗവേഷണ ബിരുദദാനത്തിന് സെന്റ് എഫ്രേംസ് എക്യുമെനിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, പ്രൊഡക്ഷൻ സെന്റർ തുടങ്ങിയവ ഈ ദിശയിലുള്ള സേവന മേഖലകളാണ്. പുഷ്പഗിരി മെഡിക്കൽ കോളജ് സ്ഥാപനങ്ങളിൽ നിന്ന് ഡോക്ടറൽ, പോസ്റ്റ് ഡോക്ടറൽ ബിരുദം നേടി ഓരോ വർഷവും രാജ്യസേവനത്തിനു വരുന്നവരിൽ നമ്മുടെ എല്ലാ ഭദ്രാസനങ്ങളുടെയും പ്രാതിനിധ്യം ഉറപ്പാക്കുവാൻ കഴിയുന്നുണ്ട്. നേഴ്സിംഗ് സ്ഥാപനം കഴിഞ്ഞ 45 വർഷങ്ങളായി 3000 ൽ ഏറെ നേഴ്സുമാരെ പരിശീലിപ്പിച്ച് രാജ്യത്തും രാജ്യാന്തര തലത്തിലും മികവുറ്റവരാക്കി എന്നത് സാമൂഹിക വികസനത്തിൽ നിർണ്ണായകമായിട്ടുണ്ട്. സാമൂഹികരംഗത്ത് 'ബോധന'യുടെ സേവനം ശ്രേയസ്സുറ്റതാണ്. അഗതിമന്ദിരങ്ങളും അനാഥാലയങ്ങളും നടത്തുവാൻ ഉത്സാഹിക്കുന്നു. വിദ്യാഭ്യാസ സഹായം, വിവാഹ സഹായം, ഭവനനിർമ്മാണ സഹായം, സ്വയം തൊഴിൽ, കുടുംബശ്രീ, അയൽക്കൂട്ടം, ബാലബോധനം, സ്ത്രീസുരക്ഷ, ചൈൽഡ് ഹെൽപ്പ് ലൈൻ, ഉച്ചഭക്ഷണ വിതരണം - ഏതു ദിശയിലാണ് ശ്രദ്ധ കടന്നുചെല്ലാത്തത്?

### സ്ഥിതിവിവര കണക്കുകൾ

**തിരുവല്ല അതിരൂപത ഇന്ന്**


| | | |
|---|---|---|
| വൈദികർ | - | 129 |
| റിലിജിയസ് വൈദികർ | - | 17 |
| സിസ്റ്റേഴ്സ് | - | 284 |
| ഇടവകകൾ | - | 130 |
| മിഷൻ സെന്ററുകൾ | - | 5 |
| സ്കൂളുകൾ | | |
| സി.ബി.എസ്.ഇ | - | 20 |
| എയിഡഡ് | - | 14 |
| സ്പെഷ്യൽ സ്കൂൾ | - | 1 |
| മെഡിക്കൽ കോളജ് | - | 1 |
| കോളജുകൾ | - | 6 |
| ഐടിസി | - | 1 |
| പ്രൊഡക്ഷൻ സെന്റർ | - | 1 |
| പാസ്റ്ററൽ സെന്റർ | - | 2 |
| വൃദ്ധസദനം | - | 3 |
| പബ്ലിക്കേഷൻസ് | - | 2 |
| പ്രിന്റിംഗ് പ്രസ് | - | 2 |



മലങ്കര സുറിയാനി
കത്തോലിക്ക സഭയുടെ
85-ാം
പുനരൈക്യ വാർഷിക
ആഘോഷങ്ങളിലേക്കും
സഭാസംഗമത്തിലേക്കും
തിരുവല്ല
സെന്റ് ജോൺസ്
മെത്രാപ്പോലീത്തൻ
കത്തീഡ്രൽ
ഇടവക ജനത്തിന്റെ
ഹൃദയംഗമമായ
സ്വാഗതം



# പുനരൈക്യശ്രമങ്ങൾ



ഫാ. സേവ്യർ കൂടപ്പുഴ

കൂനൻകുരിശ്സത്യത്തിനുശേഷം ഒന്നാം മാർത്തോമ്മായുടെ 'വാഴ്ച' നടന്നു. എന്നാൽ ഈ വാഴ്ച തെറ്റാണെന്നും പുനരൈക്യം സാധിക്കേണ്ടതാണെന്നും മാർത്തോമ്മായ്ക്കും അനുയായികൾക്കും നിശ്ചയമുണ്ടായിരുന്നു. അതുകൊണ്ട് ഒന്നാം മാർത്തോമ്മായുടെ നേതൃത്വത്തിൽത്തന്നെ പുനരൈക്യശ്രമങ്ങൾ ആരംഭിച്ചു. ഇവരുടെ പുനരൈക്യം സാധിക്കേണ്ടതിനു റോമിൽനിന്നും 1656-ൽ 'കമ്മീസറി'യായ നിയുക്തനായ ഫാ. ജോസഫ് സെബസ്ത്യാനിയും പരിശ്രമിച്ചു.

പുനരൈക്യശ്രമങ്ങൾ വ്യാപകമായ തോതിൽ സംഘടിതമായത് കുറവിലങ്ങാട് കേന്ദ്രമാക്കിയാണ്. നാട്ടുകാരനായ പറമ്പിൽ ചാണ്ടി കത്തനാർ മെത്രാനായതോടെ ഭിന്നതയുടെ ആക്കം വളരെ കുറഞ്ഞു. ഭൂരിപക്ഷം ഇടവകക്കാരും ചാണ്ടി മെത്രാന്റെ നേതൃത്വം സ്വീകരിക്കുകയും ചെയ്തു. പുത്തൻകൂറ്റുകാരുടെ ഒരു മഹായോഗത്തിലെ നിശ്ചയമനുസരിച്ച് പുനരൈക്യത്തിനു തങ്ങൾ അതിയായി ആഗ്രഹിക്കുന്നുവെന്നും എന്നാൽ അതിനു രണ്ടുകാര്യങ്ങൾ സാധിച്ചുതരണമെന്നും അവർ ആവശ്യപ്പെട്ടു. ഒന്നാമതായി തോമ്മാ ആർച്ചു ഡീക്കനു മെത്രാൻപട്ടം നൽകണം. രണ്ടാമതായി അദ്ദേഹത്തിനു ഭരണാധികാരം നൽകണം. ആർച്ചുഡീക്കൻ സ്വയം സ്വീകരിച്ച മെത്രാൻപട്ടം പരസ്യമായി ഉപേക്ഷിക്കട്ടെ എന്നും ഭരണാധികാരം നൽകുന്ന കാര്യം റോമിലെ അനുവാദത്തോടെ മാത്രമെ സാധിക്കൂ എന്നുമുള്ള നിലപാടാണ് ഒന്നാം മാർത്തോമ്മായുടെ കാലത്ത് പുനരൈക്യയത്നം പരാജയപ്പെടാൻ കാരണം. രണ്ടാം മാർത്തോമ്മായുടെയും (1670–86) മൂന്നാം മാർത്തോമ്മായുടെയും (1686–1688) കാലത്തു കാര്യമായ പുനരൈക്യശ്രമങ്ങൾ നടത്തിയതായി തെളിവില്ല. ഇതിനു കാരണം കത്തോലിക്കാ മെത്രാന്മാരിൽനിന്നു യഥാർത്ഥമായ മെത്രാഭിഷേകമോ മാർപാപ്പയിൽനിന്നു സഭാധികാരമോ

**നസ്രാണി സമുദായത്തിൽ ഉണ്ടായ ഭിന്നതയുടെ ഉത്തരവാദികൾ പോർട്ടുഗീസുകാരായ ഈശോ സഭക്കാരാണ്. കർമ്മലീത്ത വൈദികരെ മലബാറിലേക്കയച്ചതിൽ മാർപാപ്പയ്ക്കു കൃതജ്ഞത പ്രകാശിപ്പിക്കുന്നു. സുറിയാനി ക്രമം മലങ്കരയിലെങ്ങും ആചരിക്കപ്പെടുവാൻ അനുവദിക്കണം. വരാപ്പുഴയിലെ ആഞ്ചെലൂസ് ഫ്രാൻസിസ് മെത്രാനുമായി സഹകരിച്ച് മലങ്കരയിലെ കത്തോലിക്കരെ ഭരിക്കുവാനുള്ള അധികാരപത്രം അയച്ചുകൊടുക്കണം. വി. കുർബാനയിൽ പുളിച്ച അപ്പവും പുളിക്കാത്ത അപ്പവും ഉപയോഗിക്കുവാൻ അനുവദിക്കണം.**

തങ്ങൾക്ക് ലഭിക്കുവാൻ ഇടയില്ല എന്ന ബോദ്ധ്യമായിരിക്കാം. എന്നാൽ പറമ്പിൽ ചാണ്ടി മെത്രാന്റെ പരിശ്രമഫലമായി കുറെ ആളുകൾ പുനരൈക്യപ്പെട്ടു.

## നാലാം മാർത്തോമ്മായുടെ ശ്രമങ്ങൾ

മൂന്നാം മാർത്തോമ്മായുടെ മരണശേഷം 1686-1728 കാലയളവിൽ പുത്തൻകൂർ സഭയെ നയിച്ചത് ഇദ്ദേഹമാണ്. കത്തോലിക്കാ പുനരൈക്യത്തിന്റെ ആവശ്യകത ശരിക്കും മനസ്സിലാക്കിയ നാലാം മാർത്തോമ്മാ ആത്മാർത്ഥമായ പുനരൈക്യശ്രമങ്ങൾ നടത്തി. ഇദ്ദേഹം തന്റെ കീഴിലുള്ള 29 പള്ളിക്കാരുടെയും 12 വൈദിക പ്രധാനികളുടെയും കൈയ്യൊപ്പോടുകൂടി 1704 ൽ ഈ ലക്ഷ്യം മുൻനിർത്തി ക്ലെമന്റ് XI (1700-1721) മാർപാപ്പയ്ക്കു പുനരൈക്യത്തിനു വേണ്ടി ഒരു അപേക്ഷ സമർപ്പിച്ചു.

ഈ അപേക്ഷ അഞ്ചുകാര്യങ്ങളാണ് പ്രധാനമായും ഉൾക്കൊള്ളുന്നത്. നസ്രാണിസമുദായത്തിൽ ഉണ്ടായ ഭിന്നതയുടെ ഉത്തരവാദികൾ പോർട്ടുഗീസുകാരായ ഈശോസഭക്കാരാണ്. കർമ്മലീത്ത വൈദികരെ മലബാറിലേക്കയച്ചതിൽ മാർപാപ്പയ്ക്കു കൃതജ്ഞത പ്രകാശിപ്പിക്കുന്നു. സുറിയാനി ക്രമം മലങ്കരയിലെങ്ങും ആചരിക്കപ്പെടുവാൻ അനുവദിക്കണം. വരാപ്പുഴയിലെ ആഞ്ചെലൂസ് ഫ്രാൻസിസ് മെത്രാനുമായി സഹകരിച്ച് മലങ്കരയിലെ കത്തോലിക്കരെ ഭരിക്കുവാനുള്ള അധികാരപത്രം അയച്ചുകൊടുക്കണം. വി. കുർബാനയിൽ പുളിച്ച അപ്പവും പുളിക്കാത്ത അപ്പവും ഉപയോഗിക്കുവാൻ അനുവദിക്കണം. പ്രസ്തുത അപേക്ഷയ്ക്ക് റോമിൽ നിന്ന് അനുകൂലമോ പ്രതികൂലമോ



ആയ യാതൊരു മറുപടിയും ലഭിച്ചില്ല.

## അഞ്ചാം മാർത്തോമ്മായുടെ ശ്രമങ്ങൾ

1728 മുതൽ 1765 വരെ ഭരണം നടത്തിയ അഞ്ചാം മാർത്തോമ്മായും പുനരൈക്യപ്രാപ്തിക്കായി വളരെയധികം പരിശ്രമിച്ചു. ഇദ്ദേഹം 1748 ഓഗസ്റ്റ് 16 ന് ബനഡിക്ട് 14-ാമൻ പാപ്പായ്ക്ക് ഒരു അപേക്ഷ അയച്ചു. പ്രസ്തുത അപേക്ഷയിൽ തന്നെയും തന്റെ കീഴിലുള്ള വൈദികരെയും ജനങ്ങളെയും സ്വീകരിക്കണമെന്ന് അദ്ദേഹം അഭ്യർത്ഥിച്ചു. കൂടാതെ 'ഗ്രീക്കുകാർക്ക് അനുവദിച്ചിട്ടുള്ളതുപോലെ പുളിച്ച അപ്പം' ഉപയോഗിക്കുന്നതിനുള്ള സ്വാതന്ത്ര്യം തങ്ങൾക്കും വേണമെന്ന് അഭ്യർത്ഥിച്ചു. കർമ്മലീത്താക്കാരുടെ സഹകരണം നൽകണമെന്നഭ്യർത്ഥിച്ചതിനോടൊപ്പം, ഇവിടെ നിന്ന് പോർട്ടുഗീസ് മെത്രാനെ മാറ്റണമെന്നും അതേ കത്തിൽ ആവശ്യപ്പെട്ടിരുന്നു. ഈ കത്ത് വരാപ്പുഴ വികാരി അപ്പസ്തോലിക്കായുടെ ആജ്ഞാനുസരണം ഫാ. ബോനിഫസ് എന്ന കർമ്മലീത്താ വൈദികനാണ് റോമിലെത്തിച്ചത്. മാർത്തോമ്മായുടെ അപേക്ഷയിൽ കത്തോലിക്കാ സഭൈക്യത്തിൽ നിന്നു ഭിന്നിച്ചു പോയതിനെക്കുറിച്ചാകട്ടെ, കുറ്റകരമായവിധം മെത്രാൻപട്ടം സ്വീകരിച്ചതിനെക്കുറിച്ചാകട്ടെ, യാതൊരു മനസ്താപവും രേഖപ്പെടുത്തിയിട്ടില്ലാത്തതുകൊണ്ടും പോർട്ടുഗീസ് മെത്രാനെ മാറ്റണമെന്നപേക്ഷിച്ചതുകൊണ്ടും റോമിൽനിന്നും അനുകൂലമായ തീരുമാനമല്ല ഉണ്ടായത്.

## ആറാം മാർത്തോമ്മായുടെ ശ്രമങ്ങൾ

സുദീർഘമായ 43 വർഷക്കാലം (1765-1808) മലങ്കരസഭയെ ഭരിച്ച ആറാം മാർത്തോമ്മായുടെ കാലത്തെ പുനരൈക്യശ്രമങ്ങൾ വളരെ പ്രാധാന്യമർഹിക്കുന്നവയാണ്. കത്തോലിക്കാ സഭയുമായി പൂർണ്ണമായ ഐക്യത്തിലാകാൻ അദ്ദേഹം തീവ്രമായി ആഗ്രഹിക്കുകയും പരിശ്രമിക്കുകയും ചെയ്തു.

## മെത്രാഭിഷേകത്തിനുമുമ്പുള്ള പരിശ്രമങ്ങൾ

ആറാം മാർത്തോമ്മാ മലങ്കര സുറിയാനിക്കാരുടെ നേതാവായി അധികാരം ഏറ്റെടുത്തയുടൻ

കത്തോലിക്കാ പുനരൈക്യശ്രമങ്ങൾ ആരംഭിച്ചു. എന്നാൽ ഇങ്ങനെ പുനരൈക്യപ്പെടുമ്പോൾ തന്റെ ജനങ്ങൾ മറ്റൊരു റീത്തിനെയോ അതിന്റെ മെത്രാന്മാരെയോ ഇഷ്ടപ്പെടായ്കകൊണ്ട് താൻ അവരുടെ മെത്രാനായി അഭിഷിക്തനാകേണ്ടത് ആവശ്യമാണ് എന്ന് അദ്ദേഹം മനസ്സിലാക്കി. കൂടാതെ ഈ ശ്രമങ്ങൾ വിജയമകുടം ചൂടണമെങ്കിൽ റോമിന്റെ പ്രതിനിധികളായി കേരളത്തിൽ പ്രവർത്തിക്കുന്നവർ ആത്മാർത്ഥമായ താല്പര്യം പ്രദർശിപ്പിക്കേണ്ടതുണ്ടെന്നും അദ്ദേഹം ഗ്രഹിച്ചു. അതിനാൽ അന്നത്തെ വികാരി അപ്പസ്തോലിക്കയായിരുന്ന മോൺ. ഫ്ളോറൻസിനെ സമീപിച്ച് തന്റെ പുനരൈക്യാഭിലാഷം അറിയിച്ചു. ഫ്ളോറൻസ് ഇക്കാര്യം 1768 നവംബർ 3-ാം തീയതി ഫാ. ഇൽഡഫോൺസ് വഴി റോമിൽ അറിയിച്ചു. കൂട്ടത്തിൽ അദ്ദേഹം തന്റേതായ ഒരു റിപ്പോർട്ടും സമർപ്പിച്ചു. 'അപ്പസ്തോലിക് പ്രോട്ടോനോട്ടറി' എന്ന പദവി നൽകുവാൻ അദ്ദേഹം ശുപാർശ ചെയ്തു. പ്രസ്തുത റിപ്പോർട്ടു പഠിച്ചശേഷം മാർത്തോമ്മായ്ക്കു യഥാർത്ഥ കൈവയ്പില്ലാത്തതിനാൽ അദ്ദേഹത്തിന് പ്രോട്ടോനോട്ടറി എന്ന വെറുമൊരു പദവി നൽകുവാൻ തയ്യാറാണ് എന്നായിരുന്നു ഓഗസ്റ്റ് 3-ാം തീയതി റോമിൽനിന്നുള്ള മറുപടി.

സ്ഥിതിഗതികൾ ഇങ്ങനെയിരിക്കെയാണ് മാർ ഗ്രിഗറി എന്ന യാക്കോബായ മെത്രാപ്പോലീത്തായിൽനിന്ന് മാർ ദിവന്നാസ്യോസ് എന്ന പുതിയ പേര് സ്വീകരിച്ചുകൊണ്ട് 1772 ജനുവരി മാസത്തിലെ ആദ്യ ഞായറാഴ്ച ആറാം മാർത്തോമ്മാ മെത്രാൻപട്ടം സ്വീകരിച്ചത്.

### മെത്രാഭിഷേകാനന്തരം നടത്തിയ പരിശ്രമങ്ങൾ

വികാരി അപ്പസ്തോലിക്കാ മുഖേനയുള്ള പരിശ്രമങ്ങൾ വിഫലമായി എന്നുകണ്ട മാർ ദിവന്ന്യാസിയോസ് പിന്നീട് ലക്ഷ്യപ്രാപ്തിക്കായി കൊടുങ്ങല്ലൂർ ആർച്ചുബിഷപ്പ് സാൽവദോറിനെ സമീപിച്ചു. പക്ഷേ പ്രായാധിക്യവും മറ്റും കാരണം ഇതിനായി എന്തെങ്കിലും ചെയ്യാൻ അദ്ദേഹം താല്പര്യം കാണിച്ചില്ല. 1773 ഓഗസ്റ്റ് 20-ാം തീയതി അങ്കമാലിയിൽ സമ്മേളിച്ച ജനങ്ങൾ മാർത്തോമ്മായുടെ പുനരൈക്യത്തിനുള്ള അഭ്യർത്ഥന റോമിലറിയിക്കണമെന്ന് അപ്പസ്തോലിക് വിസിറ്ററായ ഫാ. ലോറൻസിനോട് അപേക്ഷിച്ചു. അദ്ദേഹം ഈ അപേക്ഷ റോമിലറിയിച്ചു. ഇതേത്തുടർന്ന് സാലസ് എന്ന കർമ്മലീത്താ വൈദികനും 1773-ൽ ഇത് സംബന്ധിച്ച് ഒരു റിപ്പോർട്ട് സമർപ്പിച്ചു. നാട്ടുകാരനായ ഒരു മെത്രാനെ നൽകുന്ന

### അഭി. യാക്കോബ് മാർ തെയോഫിലോസ്



ദൈവത്തിന്റെ സ്നേഹിതൻ, ദൈവഭക്തൻ എന്ന തന്റെ നാമത്തിന്റെ അർത്ഥം ജീവിതത്തിലൂടെ മറ്റുള്ളവർക്കു പകർന്നു നൽകിയ തിരുവല്ല അതിഭദ്രാസനത്തിന്റെ 'അപ്പൻ'. ഒന്നുമില്ലായ്മയിൽ ഭദ്രാസനത്തെ രൂപപ്പെടുത്തുവാൻ ദൈവം നിയോഗിച്ച പ്രഥമ അദ്ധ്യക്ഷൻ. 1891 ഫെബ്രുവരി 26 ന് കോട്ടയത്തിനടുത്ത് ഒളശ്ശ കളപ്പുരയ്ക്കൽ കുടുംബത്തിൽ ഏബ്രഹാം തരകൻ - അച്ചാമ്മ ദമ്പതികളുടെ ആദ്യജാതനായി ജനനം. മാർച്ച് 16 ന് യാക്കോബ് എന്ന നാമത്തോടുകൂടി മാമോദീസാ സ്വീകരിച്ചു. എം. ഡി. സെമിനാരി ഹൈസ്കൂളിൽ സ്കൂൾ പഠനം പൂർത്തീകരിക്കുകയും അവിടെത്തന്നെ അദ്ധ്യാപകനായി സേവനമനുഷ്ഠിക്കുകയും ചെയ്തു. എം. എ. അച്ചൻ (ഫാ. പി. റ്റി. ഗീവർഗീസ്) പ്രിൻസപ്പാൾ ആയിരുന്ന വിദ്യാലയത്തിൽ അദ്ദേഹവുമായുള്ള അടുപ്പവും സഹവാസവും സഭാത്മചിന്തകളിലേക്കും പ്രവർത്തനങ്ങളിലേക്കും അദ്ദേഹത്തെ നയിച്ചു. വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായിൽനിന്നും ശെമ്മാശുപട്ടം സ്വീകരിച്ചു. ഫാ. പി. റ്റി. ഗീവർഗീസ് സെറാമ്പൂരിൽ പ്രൊഫസർ ഉദ്യോഗത്തിനു പോയപ്പോൾ യാക്കോബു ശെമ്മാശനെയും കോളജ് അദ്ധ്യയനത്തിന് കൂടെക്കൊണ്ടുപോയി. മലങ്കരയുടെ ഗർജ്ജിക്കുന്ന സിംഹമായിരുന്ന ഫാ. പി. റ്റി. ഗീവർഗീസ് സർവ്വതും ഉപേക്ഷിച്ചു. സർവ്വസംഗപരിത്യാഗി ആയി സന്യാസാശ്രമം, പ്രശ്നകലുഷിതമായ മലങ്കരയും ആശ്വാസ ഭവനമായി 'ബഥനി' സ്ഥാപിച്ചപ്പോൾ സന്യാസചിത്തനായ യാക്കോബ് ശെമ്മാശനും അതിൽ പങ്കുചേർന്നു. സന്യാസാർത്ഥികളുടെ പരിശീലനചുമതലയിൽ പങ്കുചേർന്ന യാക്കോബ് ശെമ്മാശന് 1924 ൽ വൈദികപട്ടം നൽകി. നവസന്യാസകാലത്തിന്റെ ചുമതല വഹിച്ചിരുന്ന ബഥനിയുടെ 'ഗുരുവച്ചൻ' 1927 ൽ സന്യാസത്തിന്റെ മഹദ്‌വ്രതമായ റമ്പാൻ പദവി സ്വീകരിച്ചു. 1929 ഫെബ്രുവരി 19 ന് തെയോഫിലോസ് എന്ന നാമത്തോടെ യാക്കോബ് റമ്പാൻ മേൽപ്പട്ട സ്ഥാനത്തേക്ക് ബഥനി എപ്പിസ്കോപ്പയായി ഉയർത്തപ്പെട്ടു.

തായ എല്ലാ സംരംഭങ്ങളിൽനിന്നും പിന്മാറിക്കൊള്ളണമെന്നായിരുന്നു മെത്രാനായിത്തീർന്ന സാലസിന് റോമിൽനിന്നു ലഭിച്ച നിർദ്ദേശം. എന്നാൽ സാലസ് പുനരൈക്യത്തിൽ അനുഭാവപൂർണ്ണമായ നിലപാട് സ്വീകരിക്കുമെന്നായിരുന്നു ദിവന്നാസ്യോസിന്റെ പ്രതീക്ഷ. എന്നാൽ ദിവന്നാസ്യോസിനെ മെത്രാനായി സ്വീകരിക്കുക എന്ന ആശയത്തിന് സാലസ് മെത്രാൻ തികച്ചും എതിരായിരുന്നു. കുറഞ്ഞത് മൂന്നോ നാലോ പള്ളിക്കാരുടെ മേൽ എങ്കിലും ഭരണാധികാരം നൽകണമെന്ന അഭ്യർത്ഥനപോലും സാലസിന് അസ്വീകാര്യമായിരുന്നു. ഏതായാലും ദിവന്നാസ്യോസിന്റെ പ്രത്യേക അഭ്യർത്ഥനയനുസരിച്ച് ജോസഫ് കരിയാറ്റി മല്പാൻ മാർ ദിവന്നാസ്യോസിന്റെ പക്കലെത്തി പ്രശ്നങ്ങൾ ചർച്ച ചെയ്തു.

മാർ ദിവന്നാസ്യോസിനെ കത്തോലിക്കാ സഭയിലേക്ക് സ്വീകരിക്കുന്ന കാര്യത്തിൽ ഏറ്റവും വലിയ മാർഗതടസ്സമായി നിലകൊണ്ടത്, മെത്രാൻ എന്ന നിലയിൽ സ്വീകരിക്കണമെന്ന അദ്ദേഹത്തിന്റെ വ്യവസ്ഥയാണ്. ദിവന്നാസ്യോസിന്റെ ഈ ആവശ്യം തികച്ചും ന്യായയുക്തമെന്നു കരിയാറ്റിക്കു ബോദ്ധ്യമായി. വികാരി അപ്പസ്തോലിക്കാ ഇതിന് അനുകൂലമായ നടപടി സ്വീകരിക്കുന്നില്ലെങ്കിൽ എന്തു ബുദ്ധിമുട്ടു സഹിച്ചും റോം വരെ ചെന്ന് മാർപാപ്പയുടെ പക്കൽ നേരിട്ടു വസ്തുതകൾ അറിയിക്കാമെന്നു കരിയാറ്റി ഉറപ്പു നൽകി. കരിയാറ്റി സാലസു മെത്രാനെ വിശദവിവരമറിയിച്ചെങ്കിലും, ദിവന്നാസ്യോസിനെ മെത്രാനായി സ്വീകരിക്കാൻ സാലസ് മെത്രാൻ തയ്യാറല്ലായിരുന്നു. പകരം അദ്ദേഹം രണ്ടു മാർഗ്ഗങ്ങൾ ശുപാർശ ചെയ്തു. ഒന്നുകിൽ പ്രോട്ടോ നോട്ടറി എന്ന സ്ഥാനവുമായി ഇവിടെത്തന്നെ ജീവിക്കുക, അല്ലെങ്കിൽ മെത്രാൻ പദവിയോടെ റോമിൽപ്പോയി ശിഷ്ടകാലം കഴിക്കുക. ഇവ രണ്ടും ദിവന്നാസ്യോസിന് സ്വീകാര്യമല്ലായിരുന്നു. അങ്ങനെ ആ പരിശ്രമവും പരാജയപ്പെട്ടു. നാട്ടുമെത്രാനുണ്ടായാൽ വിദേശമെത്രാൻ പുറന്തള്ളപ്പെടുമെന്ന സാലസിന്റെ ഭീതിയായിരുന്നു ഈ നിലപാടിനു നിദാനം.

## കരിയാറ്റി മല്പാൻ മുഖേന നടത്തിയ പരിശ്രമങ്ങൾ

കേരളത്തിലെ മിഷനറിമാരുടെ അധികാരമോഹമാണ് തന്റെ പുനരൈക്യത്തിനു വിഘാതമായി നിൽക്കുന്നത് എന്ന വസ്തുത മാർ ദിവന്നാസ്യോസിനു ബോദ്ധ്യമായി. തന്മൂലം കരിയാറ്റി മല്പാനച്ചന്റെ സഹായത്തോടെ മാർ ദിവന്നാസ്യോസ് റോമിലേക്കുള്ള അപേക്ഷയും വിശ്വാസപ്രതിജ്ഞയും 1778 മെയ് 20 ന് തയ്യാ



## വഴിവിളക്കുകൾ

തയ്യാറാക്കിയത് **ലൈജു കോശി**

എന്നും ത്യജിച്ചും സത്യം പിഞ്ചെല്ലാൻവേണ്ട ആത്മശക്തി സമ്പാദിക്കുകയും അസാധാരണമായ താപസികാന്തരീക്ഷത്തിലൂടെയും ധ്യാനാത്മകതയിലൂടെയും ദൈവത്തിൽ നങ്കൂരമുറപ്പിച്ചതിന്റെയും ഫലമായി 1930 സെപ്തംബർ 20-ാം തീയതി സത്യസഭയെ പുൽകാൻ മാർ ഈവാനിയോസ് പിതാവിനോടൊപ്പം മാർ തെയോഫിലോസ് പിതാവിനെയും ദൈവം പ്രാപ്തനാക്കി. തിരുവല്ല കേന്ദ്രമാക്കി മാർ തെയോഫിലോസ് പിതാവ് പ്രവർത്തനമാരംഭിച്ചപ്പോൾ നിരവധി അവഹേളനങ്ങളും എതിർപ്പുകളും ദൃഢചിത്തനായി അദ്ദേഹം സഹിച്ചു. 1932 ജൂൺ 11- ാം തീയതി തിരുവല്ല ഭദ്രാസന സ്ഥാപനവും ആദ്യ അദ്ധ്യക്ഷനായി മാർ തെയോഫിലോസ് പിതാവിനെയും നിയമിച്ചു. തിരുവല്ല ഗവൺമെന്റ് ആശുപത്രിയുടെ കിഴക്കു് കുട്ടൻപിള്ളയുടെ 'കുഴിയിൽ വീട്' വാടകയ്ക്കെടുത്ത് മാർ തെയോഫിലോസ് പിതാവ് ശുശ്രൂഷാപ്രവർത്തനങ്ങൾ ആരംഭിച്ചു. 1933 നവംബർ 6-ാം തീയതി തിരുവല്ല രൂപതാദ്ധ്യക്ഷനായി അഭി. പിതാവ് സ്ഥാനാരോഹണം ചെയ്തു.

ഇന്ന് കത്തീഡ്രൽ ദൈവാലയം സ്ഥിതിചെയ്യുന്ന സ്ഥലങ്ങൾ ഒന്നുമില്ലായ്മയിൽ മാർ തെയോഫിലോസ് പിതാവിന്റെ ശ്രമഫലമായി ഉണ്ടായവയാണ്. സുവിശേഷ സാക്ഷ്യസംഘം രൂപീകരിച്ച് അല്മായ പ്രേഷിതത്വത്തിന് അഭിവന്ദ്യ പിതാവ് പ്രാധാന്യം നൽകി. മലങ്കരയിൽ ആദ്യ സെമിനാരി തിരുവല്ലയിൽ രൂപം പ്രാപിച്ചതിന്റെ കാരണവും അഭിവന്ദ്യ പിതാവ് പ്രേഷിത താല്പര്യം വെളിവാക്കുന്നു. അരമന കച്ചേരിയുടെ സ്ഥാപനത്തിലൂടെ രൂപതാ നടത്തിപ്പിന് അഭി. പിതാവ് രൂപം നൽകി. രോഗഗ്രസ്തനായ അഭി. പിതാവ് തുടർന്നുള്ള ഏകദേശ 20 വർഷക്കാലം വിശ്രമജീവിതം നയിക്കുകയാണ് ചെയ്തത്. എന്നാൽ തന്റെ രോഗപീഡാസഹനവും പ്രാർത്ഥനയും മുഖാന്തിരം പുനരൈക്യ പ്രസ്ഥാനത്തിന് അദ്ദേഹം ചൈതന്യവും ഊർജ്ജവും പകർന്നു നൽകി. 1956 ജൂൺ 27-ാം തീയതി അഭി. യാക്കോബ് മാർ തെയോഫിലോസ് പിതാവ് കർതൃസന്നിധിയിലേക്ക് യാത്രയായി.

റാക്കി അദ്ദേഹത്തെ ഏല്പിച്ചു. പാറേമാക്കൽ തോമ്മാക്കത്തനാരു മൊത്ത് ഈ ലക്ഷ്യപ്രാപ്തിക്കായി 1778 ൽ കരിയാറ്റി റോമിലേക്ക് യാത്രതിരിച്ചു. യാത്രാമദ്ധ്യേ, 1779 ജൂലൈ 18 ന് അവർ ലിസ്ബണിൽ എത്തി. പോർട്ടുഗീസ് രാജ്ഞിക്ക് ദിവന്നാസ്യോസിന്റെ അപേക്ഷകൾ നൽകി. അവിടെനിന്ന് അവർ റോമിലെത്തി. വിദേശ മിഷനറിമാർ കരിയാറ്റിക്കും പാറമാക്കലിനും എതിരായി കത്തുകളെഴുതിയിരുന്നതിനാൽ റോമിൽ അവർക്ക് ഹൃദ്യമായസ്വീകരണം ലഭിച്ചില്ലെന്നു മാത്രമല്ല, തങ്ങളുടെ മെത്രാന്മാരുടെ അനുവാദമില്ലാതെ പുറപ്പെട്ടിരിക്കുന്നവരെന്ന നിലയിൽ പല അവഹേളനങ്ങളും സഹിക്കേണ്ടി വരികയും ചെയ്തു. അവർ പ്രൊപ്പഗാന്തായുടെ പ്രീഫെക്ടായിരുന്ന കാർഡിനൽ കസ്തേല്ലിയെയും സെക്രട്ടറിയായിരുന്ന മോൺ. ബോർജിയായെയും കണ്ട് വിവരങ്ങൾ ബോധിപ്പിച്ചെങ്കിലും, കേരളത്തിലെ വിദേശതലത്തിൽ മെത്രാന്മാരുടെ പിന്തുണ ഇല്ലാത്തതുകൊണ്ട് അവരെ ശ്രവിക്കുവാൻ പ്രൊപ്പഗാന്ത തയ്യാറായില്ല.

ആകയാൽ മാർപാപ്പയെ നേരിട്ടുകാണുവാൻ അവർ തീരുമാനിച്ചു. അവർ ആറാം പീയൂസ് പാപ്പയെ സന്ദർശിച്ചു. മാർ ദിവന്നാസ്യോസിന്റെ അപേക്ഷയും വിശ്വാസ പ്രതിജ്ഞയും കൂട്ടത്തിൽ മാർ ദിവന്നാസ്യോസിനെ ശക്തമായി പിന്താങ്ങിക്കൊണ്ട് കരിയാറ്റി മല്പാന്റെയും പാറേമാക്കലച്ചന്റെയും കൂടി ഒരു അപേക്ഷയും. പുനരൈക്യം സാധിച്ചുതരണമെന്ന് ആവശ്യപ്പെടുന്ന 72 പള്ളിക്കാരുടെയും വകയായ മറ്റൊരു അപേക്ഷയും മാർപാപ്പയ്ക്കു സമർപ്പിച്ചു. മാർ ദിവന്നാസ്യോസ് തന്റെ അപേക്ഷയിൽ 17-ാം നൂറ്റാണ്ടിൽ സംഭവിച്ച ഭിന്നതയെപ്പറ്റി ചുരുക്കത്തിൽ സൂചിപ്പിച്ചതിനു ശേഷം താനും തന്റെ മുൻഗാമികളും നടത്തിയ പുനരൈക്യശ്രമങ്ങളെപ്പറ്റി പ്രതിപാദിച്ചു. കൂട്ടത്തിൽ ശരിയായ വിശ്വാസം പ്രഖ്യാപിക്കുകയും അനുസരണ വാഗ്ദാനം ചെയ്യുകയും ചെയ്തുകൊണ്ട്, കത്തോലിക്കാസഭയിൽ തന്നെ സ്വീകരിച്ച് സത്യവിശ്വാസത്തിൽ ഉറപ്പിക്കണമെന്ന് അഭ്യർത്ഥിക്കുകയും താൻ ഇതിനുവേണ്ടി രക്തംപോലും ചിന്തുവാൻ തയ്യാറാണ് എന്ന് വ്യക്തമാക്കുകയും ചെയ്തു.

എന്നാൽ ഈ അപേക്ഷകൾക്ക് എന്തെങ്കിലും മറുപടി പറയാൻ മാർപാപ്പ തയ്യാറായില്ല. പ്രസ്തുത അപേക്ഷകളെപ്പറ്റി തീരുമാനമെടുക്കുന്നതിനായി മാർപാപ്പ അത് പ്രൊപ്പഗാന്ത തിരുസംഘത്തെ ഏല്പിച്ചു. ഇതേത്തുടർന്ന്, ദിവന്നാസ്യോസിന്റെ പുനരൈക്യാഭിലാഷം ആത്മാർത്ഥമാണോ



## അഭി. ജോസഫ് മാർ സേവേറിയോസ്

'മലങ്കരയിലെ പൗലോസ്' അഥവാ 'മലങ്കരയുടെ സാവൂൾ' എന്ന് മലങ്കര സഭാചരിത്രം വിശേഷിപ്പിക്കുന്ന ആർച്ചുബിഷപ്പ് ജോസഫ് മാർ സേവേറിയോസ് മെത്രാപ്പോലീത്ത തിരുവല്ല ഭദ്രാസനത്തിന്റെ ദ്വിതീയ അദ്ധ്യക്ഷനാണ്. മാർ തെയോഫിലോസ് പിതാവ് രൂപം ഏകിയ അടിത്തറയെ, ബലപ്പെടുത്തിയ കർമ്മധീരനായ ദൃഢനിശ്ചയമുള്ള (സേവേറിയോസ് കൃത്യനിഷ്ഠയുള്ളവൻ, ദൃഢതയുള്ളവൻ) ദൈവാത്മാവിനാൽ നിയോഗിതനായ രൂപതാദ്ധ്യക്ഷൻ. മല്ലപ്പള്ളിയിലെ വാളക്കുഴി എന്ന കുടുംബത്തിൽ ഉമ്മന്റെയും അക്കാമ്മയുടെയും മകനായി 1894 ഏപ്രിൽ 7-നു ജോസഫ് എന്ന മാമോദീസാ പേരുള്ള ഐപ്പച്ചൻ ജനിച്ചു. സ്വദേശത്തെ എം.ഡി. സ്കൂളിലും സി.എം.എസ്. സ്കൂളിലുമായി പ്രാഥമിക വിദ്യാഭ്യാസം പൂർത്തീകരിച്ച ഐപ്പ് 1909 ഏഴിൽ 15-ാം തീയതി ജോസഫ് എന്ന നാമത്തിൽ പുലിക്കോട്ട് മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായിൽനിന്നും ശെമ്മാശുപട്ടം സ്വീകരിച്ചു. ബി. എ. പാസ്സായ ശെമ്മാശൻ ബ്രഹ്മവാറിൽ അദ്ധ്യാപകനായി ജോലി ചെയ്തു. തുടർന്ന് തിരുവല്ല എം.ജി.എം. ഹൈസ്കൂളിൽ അദ്ധ്യാപകനും ബോർഡിംഗ് മാസ്റ്ററുമായി. 1929 ജനുവരി 8-ാം തീയതി വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്ത വാളക്കുഴി ജോസഫ് ശെമ്മാശന് വൈദികപട്ടം നൽകി.

പുനരൈക്യ പ്രസ്ഥാനത്തെ നഖശിഖാന്തം എതിർക്കുന്നതിനും ഈ പുനരൈക്യമുന്നേറ്റത്തെ തടഞ്ഞുനിർത്താനും അക്ഷീണം യത്നിച്ചവരിലൊരാളുമായി വാളക്കുഴിയിൽ ജോസഫ് അച്ചൻ മാറിയിരുന്നു. ആഴമായ സഭാസ്നേഹത്തിന്റെ വക്താവും ഓർത്തഡോക്സ് സഭയുടെ നെടുംതൂണുമായ വാളക്കുഴിയിലച്ചനു 1932 ഏപ്രിൽ 17-നു റമ്പാൻ സ്ഥാനം നൽകി. 1933 മെയ് 25 നു തിരുവല്ല ബഥനിപ്പള്ളിയിൽവച്ച് ജോസഫ് റമ്പാൻ, ജോസഫ് മാർ സേവേറിയോസ് എന്ന നാമത്തിൽ നിരണം ഭദ്രാസനത്തിന്റെ മെത്രാനായി ചുമതലയേറ്റെടുത്തു. പുനരൈക്യ പ്രസ്ഥാനത്തെ തകർക്കാൻ കച്ചകെട്ടിയിറങ്ങിയ അദ്ദേഹത്തിനു സ്വന്തം സഭയിലെ അനുസരണരാഹിത്യവും മാന്ദ്യവും അലട്ടി. തുടർന്ന് പുനരൈക്യപ്രസ്ഥാന

എന്നും അദ്ദേഹത്തിന്റെ മെത്രാഭിഷേകം യഥാർത്ഥമാണോ എന്നും അദ്ദേഹത്തിന് എന്തുമാത്രം അനുയായികളുണ്ട് എന്നുമൊക്കെ അന്വേഷിച്ച് റിപ്പോർട്ട് ചെയ്യാൻ പ്രൊപ്പഗാന്തായുടെ പ്രീഫെക്ട് കർദ്ദിനാൾ കസ്തേല്ലി, ഗോവയുടെ അഡ്മിനിസ്ട്രേറ്റർ ആയ ഇമ്മാനുവേലിന് എഴുതി. 1. മാർ ദിവന്നാസ്യോസ് യഥാർത്ഥ കൈവയ്പ് ലഭിച്ചശേഷം കത്തോലിക്കാ സഭയിൽനിന്നും വിശ്വാസത്യാഗം ചെയ്യുകയും അങ്ങനെ കൂടുതൽ വിനയ്ക്കു കാരണമാകുകയും ചെയ്യുമോ? 2. നാട്ടുരാജാക്കന്മാർക്ക് അധീനരായ ഇന്ത്യാക്കാരിൽ ഒരാളെ മെത്രാനായി ഉയർത്തുന്നതു വഴി ആ സ്ഥാനം തന്നെ അപമാനകരമായിത്തീരുമോ? 3. സുറിയാനി കത്തോലിക്കർ നാട്ടുമെത്രാന്റെ കീഴിലാകുന്നതോടെ അവർ ശീശ്മയ്ക്ക് വഴിതെളിക്കുമോ? എന്നീ കാര്യങ്ങളും അന്വേഷിക്കേണ്ടിയിരിക്കുന്നു.

ഇവയെപ്പറ്റിയെല്ലാം അന്വേഷിച്ചതിനുശേഷം 1783 ഫെബ്രുവരി 15-ാം തീയതി അദ്ദേഹം റോമിനു റിപ്പോർട്ടു സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിൽ മാർ ദിവന്നാസ്യോസിന്റെ മെത്രാനഭിഷേകം വാസ്തവമാണെന്നും അദ്ദേഹം ആത്മാർത്ഥമായും പുനരൈക്യം ആഗ്രഹിക്കുന്നുവെന്നും പറയുന്നുണ്ട്. എന്നാൽ മാർ ദിവന്നാസ്യോസിന് പൂർണാധികാരം കൊടുക്കുന്നതിന് അദ്ദേഹം എതിരായിരുന്നു. കാരണം, ദിവന്നാസ്യോസ് മരിച്ചുകഴിയുമ്പോൾ അദ്ദേഹത്തിന്റെ പിൻഗാമിയായി ഒരു നാട്ടുമെത്രാനെ ലഭിക്കാൻ ജനങ്ങൾ മുറവിളി കൂട്ടും. കൊടുത്തില്ലെങ്കിൽ ചിലപ്പോൾ വീണ്ടും ശീശ്മയിലേക്ക് പിന്തിരിഞ്ഞേക്കും. എല്ലാ സുറിയാനി കത്തോലിക്കരുടെയും മേൽ അധികാരം നൽകുന്നതിനും അദ്ദേഹം എതിരായിരുന്നു. കാരണം അങ്ങനെ കൊടുത്താൽ കൊടുങ്ങല്ലൂർ രൂപത തന്നെ ഇല്ലാതാകും. അത് അവിടുത്തെ ലത്തീൻകാർക്കും സുറിയാനിക്കാർക്കും ഇഷ്ടപ്പെടുകയില്ല. മാത്രമല്ല, പ്രസ്തുത റിപ്പോർട്ടിൽ അദ്ദേഹം പറയുകയാണ്, മാർ ദിവന്നാസ്യോസ് ഇന്ത്യാക്കാരനായതുകൊണ്ട് തിരുസഭയിൽ ഏതെങ്കിലും ഔദ്യോഗികസ്ഥാനം വഹിക്കുവാൻ അശക്തനാണ് എന്ന്. അതുകൊണ്ട് അദ്ദേഹം നിർദ്ദേശിക്കുന്നത് മാർ ദിവന്നാസ്യോസിനെ കോ-അദ്യൂത്തോർ ബിഷപ്പ് ആയി നിയമിക്കാമെന്നത്രേ. അപ്പോൾ ദിവന്നാസ്യോസ് പുനരൈക്യപ്പെടുകയും ശീശ്മ ഇല്ലാതാകുകയും വികാരി അപ്പസ്തോലിക്കയുടെ സ്ഥാനവും കൊടുങ്ങല്ലൂർ അതിരൂപതയും നിലനിൽക്കുകയും പദ്രുവാദോഭരണം തുടരുകയും ചെയ്യും. കൂടാതെ യാക്കോബായക്കാർ പുനരൈക്യപ്പെടുമ്പോൾ അവരുടെ അന്ത്യോക്യൻ



# വഴിവിളക്കുകൾ

തയ്യാറാക്കിയത് **ലൈജു കോശി**

ത്തിനു നവോന്മേഷം ഏകിയ ദിനങ്ങളായിരുന്നു സംഭവിച്ചത്. ആഴമേറിയ പഠനത്തിന്റെയും തിരിച്ചറിവിന്റെയും വെളിച്ചത്തിൽ 1937 നവംബർ 29-ാം തീയതി ആർച്ചുബിഷപ്പ് ഗീവർഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ മുമ്പാകെ സത്യപ്രതിജ്ഞ ചെയ്ത് കത്തോലിക്കാ സംസർഗ്ഗത്തിലേക്ക് അഭി. ജോസഫ് മാർ സേവേറിയോസ് മെത്രാപ്പോലീത്ത കടന്നുവന്നു. 1938 നവംബർ 20 മുതൽ 1950 മെയ് 4 വരെ തിരുവല്ല ഭദ്രാസനത്തിന്റെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററായും 1950 മെയ് 5 മുതൽ തിരുവല്ല ഭദ്രാസനത്തിന്റെ അദ്ധ്യക്ഷനായും തിരുവല്ല ഭദ്രാസനത്തെ മാർ സേവേറിയോസ് പിതാവ് നയിച്ചു.

തിരുവല്ല ഭദ്രാസനത്തിന്റെ അടിത്തറ ബലവത്താക്കിത്തീർക്കാൻ അക്ഷീണം പ്രയത്നിച്ച ഈ വന്ദ്യപിതാവ് ഭദ്രാസന അംഗങ്ങളുടെ സമഗ്രവളർച്ച ലക്ഷ്യം കണ്ടിരുന്നു. തിരുവല്ല ഭദ്രാസനത്തിലെ അനേകം ദൈവാലയങ്ങളും മിഷൻ പ്രദേശങ്ങളും അദ്ദേഹത്തിന്റെ പ്രേഷിത തീക്ഷ്ണതയുടെ ഫലമായി ഉണ്ടായവയാണ് എന്നതിന് ചരിത്രം സാക്ഷി. വിദ്യ അഭ്യസിച്ചേ വികസനം സാദ്ധ്യമാകൂ എന്ന വെളിച്ചത്തിൽ നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങൾ കന്യകാലയങ്ങളും, അഭി. പിതാവ് സ്ഥാപിച്ചു. തിരുവല്ല ടൗണിന്റെ കേന്ദ്രഭാഗത്ത് സ്ഥിതിചെയ്യുന്ന മേരിഗിരി അതിഭദ്രാസന മന്ദിരവും സ്ഥലവും മാർ സേവേറിയോസ് പിതാവിന്റെ ശ്രമഫലമാണ്. പുനരൈക്യ പ്രസ്ഥാനത്തിന്റെയും തിരുവല്ല ഭദ്രാസനത്തിന്റെയും അഭിവൃദ്ധിക്കുവേണ്ടി തിരുവല്ലയിൽ കർമ്മലീത്ത രണ്ടാം സഭയുടെ ഒരു മിണ്ടാമഠം സ്ഥാപിച്ചതും പിതാവിന്റെ ശ്രമഫലവും പ്രത്യേക താല്പര്യവും നിമിത്തമാണ്. വി. പൗലോസിനെപ്പോലെ തികഞ്ഞ പ്രേഷിത തീക്ഷ്ണതയോടെ വർത്തിച്ച ജോസഫ് മാർ സേവേറിയോസ് പിതാവ് 1955 ജനുവരി 18-ാം തീയതി തന്റെ യജമാനന്റെ സന്നിധി പൂകി. ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് തിരുമേനി കാലം ചെയ്ത അവസരത്തിൽ അന്നത്തെ സീനിയർ മെത്രാപ്പോലീത്തായായിരുന്ന സേവേറിയോസ് പിതാവിനെ ആർച്ചുബിഷപ്പ് എന്ന സ്ഥാനം നൽകി പരിശുദ്ധ സിംഹാസനം ആദരിച്ചിരുന്നു.

റീത്തുപേക്ഷിച്ച് സീറോ കൽദായ റീത്ത് സ്വീകരിക്കണമെന്നും അദ്ദേഹം നിർദ്ദേശിച്ചു. അല്ലെങ്കിൽ ശീശ്മയിലേക്ക് വീണ്ടും പിന്തിരിയാൻ കൂടുതൽ സാദ്ധ്യതയുണ്ട്. ഈ പുനരൈക്യാലോചനകളുടെ ലക്ഷ്യം ഭരണാധികാരം ലഭിക്കുക എന്നതു മാത്രമാണെന്നും കത്തോലിക്കാസഭയ്ക്ക് ഇതുകൊണ്ട് യാതൊരു നേട്ടവും കൈവരാനില്ല എന്നുമാത്രമല്ല, കൂടുതൽ അസൗകര്യങ്ങളുണ്ടാവുകയും ചെയ്യുമെന്നും അദ്ദേഹം അഭിപ്രായപ്പെ

ഇതിനിടെ വരാപ്പുഴയു
അഡ്മിനിസ്ട്രേറ്ററായിരു
ബിഷപ്പ് കാർലോ റോമിലേക്ക്
കത്തയച്ചു. അതിൽ കരിയ
മല്പാനും പാറേമ്മാക്കലച്ച
കേരളത്തിലെ 72 പള്ളിക്കാ
ടെയും പ്രതിനിധികൾ അല്ലെന്ന
അവരെ അയയ്ക്കുന്നതിൽ പ
ചേരാത്ത പള്ളിക്കാരുണ്ടെന്ന
മാർ ദിവന്നാസ്യോസിന്റെ മെ
ഭിഷേകം വാസ്തവമാണെങ്കി
അദ്ദേഹത്തിന് പുനരൈക്യകാ
ങ്ങളിലുള്ള ആത്മാർത്ഥത സം
യിക്കേണ്ടിയിരിക്കുന്നുവെന്ന
രേഖപ്പെടുത്തുകയും മിഷന
മാരെ ന്യായീകരിക്കുകയ
ചെയ്തു. ഈയവസരത്തിൽ ഇ
രത്തിലുള്ള പല കത്തുക
റോമിലേക്ക് പ്രവഹിച്ചു. പര
സ്ഥിതികൾ ഒട്ടും അനുകൂല
എന്നു കരിയാറ്റിയും പാറാമ്മാ
ലച്ചനും മനസ്സിലാക്കി, അ
പോർട്ടുഗലിലെത്തി. കരിയാ
മെത്രാപ്പോലീത്താ ആയതോ
മാർത്തോമ്മായുടെ പുനരൈ
പ്രശ്നം മാർ കരിയാറ്റിയെ ചു
ലപ്പെടുത്തിക്കൊണ്ടുള്ള ക
1784 ജൂലൈ 10-ാം തീയതി
പുറപ്പെടുവിച്ചു. എന്നാൽ ഇത്
പുനരൈക്യാനന്തരം അദ്ദേ
ത്തിനു മെത്രാനു ചേർന്ന അ
കാരം കൊടുക്കുവാൻ കരി
റ്റിയെ അധികാരപ്പെടുത്തുന്നി

മാർ ദിവന്നാസ്യോസിനെ സഭയിലേക്ക് സ്വീകരിക്കുന്നതിനുള്ള പൂർണ്ണാധികാരം അദ്ദേഹത്തിന്റെ പ്രതിനിധിയായ മാർ കരിയാറ്റിക്കു നൽകുന്നതിനെ ലിസ്ബണിലുള്ള ഏതാനും ഓഫീസർമാർ എതിർത്തതുകൊണ്ട് ദിവന്നാസ്യോസിനെ സഭയിലേക്ക് സ്വീകരിക്കുന്നത് ഗോവാ മെത്രാപ്പോലീത്തയുടെ സാന്നിദ്ധ്യത്തിൽ വേണം എന്നൊരു ഒത്തുതീർപ്പ് വ്യവസ്ഥ കരിയാറ്റി നിർദ്ദേശിച്ചു.

പിന്നീട് ഇത് സംബന്ധിച്ച് പല പ്രശ്നങ്ങളും തലപൊക്കിയെങ്കിലും അവയെല്ലാം കെട്ടടങ്ങി. അവസാനം വേണ്ട അധികാരാവകാശങ്ങളോടെ മാർ കരിയാറ്റിയും തോമ്മാക്കത്തനാരും 1786 മെയ് ഒന്നിന് ഗോവയിൽ തിരിച്ചെത്തി. നിർഭാഗ്യകരമെന്നു പറയട്ടെ, സെപ്തംബർ 9-ാം തീയതി മാർ കരിയാറ്റി ഗോവയിൽ ആകസ്മികമായി മരണമടഞ്ഞു. ഈ സംഭവം സുറിയാനി സമുദായത്തെ



## അഭി. സഖറിയാസ് മാർ അത്തനാസിയോസ്

മാർ തിയോഫിലോസ് പിതാവും മാർ സേവേറിയോസ് പിതാവും രൂപപ്പെടുത്തിയ അടിത്തറയുടെ മുകളിൽ തിരുവല്ല ഭദ്രാസനത്തെ വളർത്തിയെടുത്ത വന്ദ്യ താതനാണ് അഭിവന്ദ്യ സഖറിയാസ് മാർ അത്തനാസ്യോസ് തിരുവല്ല ഭദ്രാസനത്തിന്റെ തൃതീയ അദ്ധ്യക്ഷൻ.

1908 ഫെബ്രുവരി 19-ാം തീയതി തിരുമൂലപുരത്ത് പോളച്ചിറയ്ക്കൽ കുടുംബത്തിൽ ചെറിയാച്ചന്റെയും സാറാമ്മയുടെയും സീമന്തപുത്രനായി ജനനം. ചെറിയാൻ എന്ന മാമോദീസാ പേരിനോടൊപ്പം ഉണ്ണിക്കുഞ്ഞ് എന്ന ഓമനപ്പേരിലും ഈ ബാലൻ വിളിക്കപ്പെട്ടു. തിരുവല്ല എം.ജി.എം. സ്കൂളിൽ വിദ്യാഭ്യാസം. അതിനുശേഷം ഏകദേശം പന്ത്രണ്ട് വർഷക്കാലം കോട്ടയത്ത് ബാങ്കിംഗിൽ ഏർപ്പെട്ടു. കത്തോലിക്കാ സഭയെക്കുറിച്ച് വായിച്ചറിഞ്ഞ പി. സി. ചെറിയാൻ (അഭി. പിതാവ്) 1933 ഫെബ്രുവരി 22 -ന് മാർ സേവേറിയോസ് പിതാവിന്റെ മുമ്പാകെ സത്യപ്രതിജ്ഞ ചെയ്ത് സാർവ്വത്രിക സഭയുമായി പുനരൈക്യപ്പെട്ടു. തന്റെ 30-ാമത്തെ വയസ്സിൽ വൈദികൻ ആകാൻ ആഗ്രഹിച്ച പി. സി. ചെറിയാൻ സെമിനാരിയിൽ ചേരുകയും 1948 ഓഗസ്റ്റ് 24 ന് കാൻഡി പേപ്പൽ സെമിനാരിയിൽവച്ച് വൈദികാഭിഷിക്തനാകുകയും ചെയ്തു. തിരുവല്ല ഭദ്രാസനത്തിലെ നിരവധി ദൈവാലയങ്ങളിൽ വികാരിയായി സേവനമനുഷ്ഠിച്ച അച്ചൻ, 1954 ഫെബ്രുവരി 27-നു റമ്പാൻപട്ടം സ്വീകരിക്കുകയും 1954 ഏപ്രിൽ 22-നു തിരുവല്ല ഭദ്രാസനത്തിന്റെ സഹായമെത്രാനായി വാഴിക്കപ്പെടുകയും ചെയ്തു. ദൈവപരിപാലനയുടെ വലിയ നടത്തിപ്പ് അഭിവന്ദ്യ പിതാവിലൂടെ തിരുവല്ല ഭദ്രാസനം അനുഭവിച്ചറിയുകയുണ്ടായി. അഭി. സേവേറിയോസ് പിതാവിന്റെ അകാല ചരമത്തെത്തുടർന്ന് തിരുവല്ല ഭദ്രാസനത്തിന്റെ അദ്ധ്യക്ഷനായി 1955 ജനുവരി 27-ന് അഭിവന്ദ്യ അത്തനാസ്യോസ് പിതാവ് സ്ഥാനാരോഹണം ചെയ്തു.

അഭിവന്ദ്യ അത്തനാസ്യോസ് പിതാവിന്റെ കാലത്താണ് തിരുവല്ല ഭദ്രാസനത്തിന്റെ ശുശ്രൂഷാപരിധി വ്യാപിക്കപ്പെട്ടത്. മലബാറിലും

ഒന്നാകെ ദുഃഖത്തിലാഴ്ത്തി. അങ്ങനെ പുനരൈക്യശ്രമങ്ങൾക്ക് തല്ക്കാലം തിരശ്ശീല വീഴുകയും ചെയ്തു.

## വീണ്ടും പരിശ്രമം

സ്ഥിതിഗതികൾ മനസ്സിലാക്കിയ പ്രൊപ്പഗാന്തതിരുസംഘം 1788 ഫെബ്രുവരി 18 ന് നടന്ന പൊതുസമ്മേളനത്തിൽ മലബാറിലെ സ്ഥിതിഗതികളെപ്പറ്റി കൂലങ്കഷമായി അന്വേഷണം നടത്തി. എട്ടാം ഊർബൻ മാർപാപ്പയുടെ 'ഫോർമുല'യനുസരിച്ചുള്ള സത്യപ്രതിജ്ഞ ചെയ്താൽ, ദിവന്നാസ്യോസിനെ ജനങ്ങളുടെ മേൽ സ്വതന്ത്രമായ മെത്രാൻ ഭരണാധികാരവും നാട്ടുകാരായ വൈദികർക്ക് അവരുടെ ഭാവി മെത്രാന്മാരെ തെരഞ്ഞെടുക്കുന്നതിനുള്ള അവകാശവും നൽകാമെന്ന് നിശ്ചയിക്കപ്പെട്ടു. കൂടാതെ പരിശുദ്ധ പിതാവ് അവരുടെ ആരാധനക്രമത്തെയും റീത്തിനെയും കുറിച്ചുള്ള യുക്തമായ തീരുമാനം എടുക്കുന്നതാണെന്നും അറിയിച്ചു. ഈ തീരുമാനങ്ങൾ ഏപ്രിൽ 12-ാം തീയതിയുള്ള ഒരു കത്തുമുഖേന വികാരി അപ്പസ്തോലിക്കയെ അറിയിക്കുകയും ചെയ്തു. വീണ്ടും ദിവന്നാസ്യോസിന് എതിരായ ചില അഭിപ്രായപ്രകടനങ്ങളും കത്തുകളും മറ്റും ഇവിടുത്തെ മിഷനറിമാരുടെ പക്കൽനിന്ന് ഉണ്ടായി. എങ്കിലും കോൺഗ്രിഗേഷൻ നേരത്തെ എടുത്ത തീരുമാനത്തിൽ തന്നെ ഉറച്ചുനിന്നു.

ഇതിനിടെ മാർ ദിവന്ന്യാസിയോസ് മെത്രാനായ കാലയളവിൽ മെത്രാൻപട്ടം സ്വീകരിച്ച മാർ സിറിൽ എന്ന മെത്രാൻ തൊഴിയൂർ ആസ്ഥാനമാക്കി ഭരണം നടത്തിക്കൊണ്ടിരുന്നുവെങ്കിലും ടിപ്പു സുൽത്താന്റെ ആക്രമണം പേടിച്ച് തിരുവിതാംകൂറിൽ പ്രത്യക്ഷപ്പെട്ടു. ഉടൻ തന്നെ മാർ ദിവന്നാസ്യോസ് വിശ്വാസികളുടെ യോഗം 1789 ഓഗസ്റ്റ് മാസത്തിൽ വിളിച്ചുകൂട്ടി. പ്രസ്തുത യോഗം ദിവന്നാസ്യോസിന്റെ നേതൃത്വം അംഗീകരിക്കുകയും സ്വന്തം അനന്തരവനു പട്ടം നൽകുന്നതിന് അദ്ദേഹത്തിന് അനുവാദം കൊടുക്കുകയും ചെയ്തു. ഈ സാഹചര്യങ്ങളുടെ മറപിടിച്ച് വികാരി അപ്പസ്തോലിക്ക പുനരൈക്യ നടപടികൾ നിർത്തിവയ്ക്കുകയും തിരുസംഘത്തിന്റെ തീരുമാനങ്ങൾ നടപ്പിലാക്കാതിരിക്കുകയും ചെയ്തു. അങ്ങനെ 1788 ലെ സുപ്രധാന തീരുമാനങ്ങളും വിഫലമായി.

## സൊലെദാദെ മെത്രാന്റെ പരിശ്രമവും അലോഷ്യസ് മെത്രാന്റെ ഇടപെടലും

കരിയാറ്റി മെത്രാപ്പോലീത്തായുടെ പിൻഗാമിയായി അദ്ദേഹത്തിന്റെ സന്തതസഹചാരി പാറേമ്മാക്കൽ തോമ്മാക്കത്തനാർ കൊടുങ്ങല്ലൂർ രൂപതയുടെ ഗൊവർണ



## വഴിവിളക്കുകൾ

തയ്യാറാക്കിയത് **ലൈജു കോശി**

ഹൈറേഞ്ചിലും പിതാവിന്റെ ഭരണസാരഥ്യത്തിൽ നിരവധി ദൈവാലയങ്ങളും മിഷൻ പ്രദേശങ്ങളും സ്ഥാപിക്കപ്പെട്ടു. ഇന്ന് തിരുവല്ലയുടെ അഭിമാനമായ പുഷ്പഗിരി ആശുപത്രിയുടെ കാരണക്കാരനും അഭിവന്ദ്യ അത്തനാസ്യോസ് പിതാവാണ് എന്നത് എല്ലാവർക്കും അറിയാമല്ലോ. ഭദ്രാസനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുവാൻ പര്യാപ്തമായ പ്രവർത്തനങ്ങൾ അഭിവന്ദ്യ പിതാവിനു ചെയ്യാൻ സാധിച്ചിട്ടുണ്ട്. സമൂഹത്തിൽ രൂപതയുടെ ശബ്ദമാകുക എന്ന ലക്ഷ്യത്തിലൂടെ അഭിവന്ദ്യ പിതാവ് ആരംഭിച്ച 'ഐക്യദീപം' മാസിക ഇന്നും ആ ലക്ഷ്യം സാദ്ധ്യമാക്കുന്നു എന്നത് ഏറെ അഭിനന്ദനാർഹമാണ്. വിശ്വാസാധിഷ്ഠിതവും ആരാധനക്രമാധിഷ്ഠിതവുമായ ഒരു ആത്മീയ ജീവിതത്തിനുടമയായ അഭിവന്ദ്യ പിതാവ് ഇന്നത്തെപ്പോലെ ലിറ്റർജിക്കൽ കമ്മീഷൻ ഒന്നുമില്ലാതിരുന്ന കാലത്ത് ആരാധനക്രമം അതിന്റെ പരിപൂർണ്ണതയിൽ നിലനിർത്തിയത് പിതാവിലെ ഏറ്റവും വലിയ ദൈവിക ചൈതന്യമായി ഏവരും ഇന്നും സ്മരിക്കുന്നു.

സുന്നഹദോസിൽ രണ്ടാം വത്തിക്കാൻ സുന്നഹദോസിൽ അഭി. മാർ ഗ്രിഗോറിയോസ് പിതാവിനോടൊപ്പം മലങ്കര സഭയെ പ്രതിനിധീകരിച്ച അഭി. അത്തനാസ്യോസ് പിതാവ് സുന്നഹദോസിന്റെ നവീകരണ ചൈതന്യം രൂപതയിൽ പകർന്നു നൽകാൻ ശ്രമിച്ചിരുന്നു. ഈ കൗൺസിലിന്റെ വെളിച്ചത്തിൽ രൂപപ്പെട്ട കേരളത്തിലെ ആദ്യ കത്തോലിക്ക യുവജന പ്രസ്ഥാനമായ എം.സി.വൈ.എം.ന്റെ രൂപീകരണം അഭിവന്ദ്യ പിതാവിന്റെ ദാർശനികതയുടെയും സാമൂഹികതയുടെയും ഫലമാണ്. സാധാരണക്കാരിൽ ഒരുവനായിനിന്ന് പ്രവർത്തിച്ച അഭി. പിതാവ് തന്റെ നാമത്തിന്റെ അർത്ഥം സൂചിപ്പിക്കുന്നതുപോലെ അമർത്യമായ ഒരു വ്യക്തിപ്രവാഹത്തിന്റെയും ഭരണകാലയളവിന്റെയും ഉടമയായിരുന്നു (അത്തനാസ്യോസ് - അമർത്യൻ). വിശ്വാസികളുടെ മനസ്സിൽ ഇന്നും ജീവിക്കുന്ന അഭി. തിരുമേനി 1977 സെപ്തംബർ 28-ാം തീയതി കാലം ചെയ്തു. തിരുവല്ല ഭദ്രാസനത്തിന്റെ അടിത്തറയ്ക്കു രൂപവും ഭാവവും നൽകി ഭദ്രാസനസൗധം പണിത കർമ്മയോഗി.

ദോർ എന്ന പദവിയിൽ നിയമിതനായി. തോമ്മാ ഗൊവർണദോർ ദിവന്നസ്യോസിന്റെ പുനരൈക്യത്തിൽ അങ്ങേയറ്റം തല്പരനായിരുന്നു. ശീശ്മയിൽപ്പെട്ട മെത്രാനെ കത്തോലിക്കസഭയിലേക്ക് സ്വീകരിക്കുന്നതിന് മെത്രാന്മാർക്ക് വേറെ ആരുടെയും അനുവാദം ദൈവശാസ്ത്രപരമായും സഭാപാരമ്പര്യപരമായും ആവശ്യമില്ല എന്ന് പാറേമ്മാക്കൽ മനസ്സിലാക്കി. തന്മൂലം അദ്ദേഹത്തിന്റെ പരിശ്രമഫലമായി ഗോവാമെത്രാപ്പോലീത്ത, കൊച്ചി മെത്രാനായ സൊലെദാദെ മെത്രാനോട്, മാർ ദിവന്നാസ്യോസുമായി സമ്പർക്കം പുലർത്തുവാൻ ആവശ്യപ്പെട്ടു. സന്ദർശനവും പ്രതിസന്ദർശനവും മുറയ്ക്കു നടന്നു. മാർ ദിവന്നാസ്യോസിന്റെ പക്കലുള്ള രേഖകളിൽനിന്ന് അദ്ദേഹത്തിന്റെ മെത്രാൻപട്ടം സാദ്ധ്യമാണ് എന്ന് സൊലെദാദെ മെത്രാൻ മനസ്സിലാക്കി. 1791ന്റെ ആദ്യഘട്ടത്തിൽ മാർ ദിവന്നാസ്യോസ് തന്റെകൂടെ പുനരൈക്യപ്പെട്ടവരുടെമേൽ മെത്രാന്റേതായ അധികാരാവകാശം വേണം എന്നതൊഴികെ മറ്റെല്ലാ ആവശ്യങ്ങളും ഉപേക്ഷിക്കാൻ തയ്യാറാണ് എന്ന ഉടമ്പടിയും സൊലെദാദെ മെത്രാനുമായി ഉണ്ടാക്കി. തന്റെ പിൻഗാമിയെ റോമിൽനിന്നും നിയമിക്കുകയോ തന്റെ മരണശേഷം രൂപത കൊടുങ്ങല്ലൂർ രൂപതയിൽ ലയിപ്പിക്കുകയോ ചെയ്യുന്നതിന് അദ്ദേഹത്തിന് സമ്മതമായിരുന്നു. അതുപോലെ ആരാധനക്രമം, വിശ്വാസപ്രമാണം, ആചാരാനുഷ്ഠാനങ്ങൾ എന്നിവയിൽ വേണ്ട പരിഷ്കാരങ്ങൾ വരുത്തുന്നതിനും അദ്ദേഹം തയ്യാറായിരുന്നു. അങ്ങനെ അദ്ദേഹത്തിന്റെ പുനരൈക്യം ഉയിർപ്പുതിരുനാൾ കഴിഞ്ഞു വരുന്ന രണ്ടാം ഞായറാഴ്ച കല്ലൂർക്കാട്ടുവച്ച് നടത്തുന്നതിനും തീരുമാനമായി.

ഈ വാർത്തയറിഞ്ഞ വരാപ്പുഴയിലെ കർമ്മലീത്താക്കാരനായ അലോഷ്യസ് മെത്രാൻ ഇതിനെ എതിർത്തു. സൊലെദാദെ മെത്രാനോ അദ്ദേഹത്തോട് ആവശ്യപ്പെട്ട ഗോവാ മെത്രാപ്പോലീത്തായ്ക്കോ ഇപ്രകാരം മാർ ദിവന്നാസ്യോസിനെ സഭയിലേക്ക് സ്വീകരിക്കുവാൻ അവകാശമില്ല എന്നതായിരുന്നു അദ്ദേഹത്തിന്റെ വാദം. മാത്രമല്ല ദിവന്നസ്യോസിനെ മെത്രാനായി സ്വീകരിക്കണമെങ്കിൽ അതിന് മാർപാപ്പയിൽനിന്നും പ്രത്യേകം ദൗത്യം ലഭിക്കേണ്ടതുണ്ടെന്നും അദ്ദേഹം വാശിയോടെ വാദിച്ചു. 1792 ഫെബ്രുവരി 7 ന് വികാരി അപ്പസ്തോലിക്കായ്ക്ക് ലഭിച്ച കത്തിൽ മാർ ദിവന്നാസ്യോസിനെ സ്വീകരിക്കുന്നതിനുള്ള ഏക വ്യവസ്ഥ എട്ടാം ഊർബൻ മാർപാപ്പയുടെ ഫോർമുല പ്രകാരം വിശ്വാസപ്രതിജ്ഞ ചെയ്യണം എന്നതുമാത്രമാണെന്നും ആർക്കുവേണമെങ്കിലും അദ്ദേഹത്തെ സ്വീകരിക്കാമെന്നും ആയിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ മെത്രാൻപട്ടത്തെപ്പറ്റിയുള്ള തീരുമാനം എടുക്കേണ്ടത് പരിശുദ്ധ പിതാവായിരിക്കണം എന്നായിരുന്നു റോമിൽ നിന്നുള്ള മറുപടി. വീണ്ടും റോമുമായി നടത്തിയ എഴുത്തുകുത്തുകളുടെ ഫലമായി ഗോവാ ആർച്ചുബിഷപ്പ് എമ്മാനുവേലിനു മാർ കരിയാറ്റിക്കു നൽകിയ അധികാരാവകാശങ്ങളോടെ മാർ ദിവന്നാസ്യോസിനെ സഭയിലേക്ക് സ്വീകരിക്കുവാൻ റോം അനുവാദം കൊടുത്തു. തനിക്കു കിട്ടിയ നിർദ്ദേശപ്രകാരം എമ്മാനുവേൽ മെത്രാപ്പോലീത്ത 1796 ൽ കൊല്ലത്തു യോഗം വിളിച്ചുകൂട്ടി. സെപ്തംബർ 19-ാം തീയതി കൊച്ചിൻ മെത്രാൻ സൊലെദാദെ, മാർ ദിവന്നാസ്യോസും അദ്ദേഹത്തിന്റെ പ്രമുഖ വൈദികരുംകൂടി ആഘോഷമായ വിശ്വാസ പ്രതിജ്ഞ നടത്തുവാൻ എത്തിയിരിക്കുന്ന വിവരം അറിയിച്ചു. എന്നാൽ മാർ ദിവന്നാസ്യോസ് തന്റെ കൂടെ ഉള്ളവരോടൊപ്പം പഴയകൂറ്റുകാരുടെയും മേൽ അധികാരം ലഭിക്കുമെന്നു പ്രതീക്ഷിക്കുന്നു എന്നു സൊലെദാദെ മെത്രാനു മനസ്സിലായതായി പറയപ്പെടുന്നു. ഏതായാലും നിർഭാഗ്യമെന്നു പറയട്ടെ, ഈ സമ്മേളനവും പരാജയത്തിൽ കലാശിച്ചു. നാട്ടുമെത്രാനെ നൽകിയാൽ 'പദ്രുവാദോ' അധികാരത്തിനു കോട്ടം തട്ടുമെന്ന് വൈകി വന്ന ചിന്തയാണ് ഇതിനു കാരണമെന്നും പറയാം.

## വിജയവും പരാജയവും നിറഞ്ഞ അവസാന പരിശ്രമം

വീണ്ടും പുനരൈക്യശ്രമങ്ങൾ നടന്നുകൊണ്ടിരുന്നു. ഉദയംപേരൂർ സുന്നഹദോസിന്റെ നിശ്ചയങ്ങൾ സ്വീകരിച്ചാൽ ദീർഘനാളായി ആഗ്രഹിച്ചിരുന്ന പുനരൈക്യം സാദ്ധ്യമായിത്തീരും എന്ന വിചാരത്തോടെ മാർ ദിവന്നാസ്യോസ് അവയും സ്വീകരിക്കാൻ തയ്യാറായി. ഉദയംപേരൂർ സുന്നഹദോസിന്റെ നിയമങ്ങളും, എട്ടാം ഊർബൻ മാർപാപ്പയുടെ ഫോർമുല പ്രകാരമുള്ള വിശ്വാസപ്രമാണവും അംഗീകരിച്ചുകൊള്ളാമെന്നു പടിയോലയിൽ അദ്ദേഹം എഴുതി ഒപ്പിട്ടുകൊടുത്തു. അങ്ങനെ അവസാനം 1799 ജൂൺ 22-ാം തീയതി മാർ ദിവന്നാസ്യോസും അനുയായികളും കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടു. എന്നാൽ അജപാലനാധികാരം സംബന്ധിച്ച അനിശ്ചിതാവസ്ഥയിൽ നിരാശനായിത്തീർന്ന ദിവന്നാസ്യോസ് ആറുമാസത്തിനുശേഷം പുത്തൻകൂറ്റിലേക്ക് തിരിച്ചുപോവുകയാണുണ്ടായത്. അങ്ങനെ പുനരൈക്യാഭിലാഷം സാധിക്കാതെ 1808 മെയ് 13-ാം തീയതി മാർ ദിവന്നാസ്യോസ് ദിവംഗതനായി.

## ചേപ്പാട്ടു മാർ ദിവന്നാസ്യോസിന്റെ ശ്രമങ്ങൾ

ചേപ്പാട്ട് മാർ ദിവന്നാസ്യോസിന്റെ കാലത്താണ് (1825-55) പിന്നീട് തീവ്രമായ പുനരൈക്യശ്രമങ്ങൾ നടന്നത്. അന്ത്യോക്യാ പാത്രിയർക്കീസ് അദ്ദേഹത്തിന്റെ ചില അധികാരങ്ങൾ നിഷേധിച്ചതും ആംഗ്ലിക്കൻ ആശയങ്ങളുടെ അതിപ്രസരം സഭയിലുണ്ടായതും ദിവന്നാസ്യോസിനെ ആകുലചി

ത്തനാക്കി. പ്രൊട്ടസ്റ്റന്റ് അനുഭാവികളായി മാറുന്നതിനേക്കാൾ പുരാതനമായ കത്തോലിക്കാസഭയുടെ ഐക്യത്തിലേക്കു പോകുന്നതാണ് അഭികാമ്യമെന്ന് അദ്ദേഹം മനസ്സിലാക്കി. തന്മൂലം പുനരൈക്യാർത്ഥം വരാപ്പുഴ മെത്രാപ്പോലീത്തയുമായി എഴുത്തുകുത്തുകൾ നടത്തി. നാട്ടുമെത്രാന്മാരുടെ പുനരൈക്യത്തിന് ഒട്ടും തൽപരനല്ലാതിരുന്ന വരാപ്പുഴ മെത്രാപ്പോലീത്തായിൽനിന്ന്, അദ്ദേഹത്തെ ഒരു മെത്രാന്റെ അധികാരാവകാശങ്ങളോടെ സ്വീകരിക്കാൻ നിർവാഹമില്ല എന്ന മറുപടിയാണ് ലഭിച്ചത്. അങ്ങനെ അദ്ദേഹത്തിന്റെ ശ്രമവും പരാജയപ്പെട്ടു.

## പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസിന്റെ ശ്രമങ്ങൾ

കേസുകളും പ്രശ്നങ്ങളും പ്രതിസന്ധികളും വഴി ഭിന്നിച്ചുകൊണ്ടിരുന്ന സഭയെ രക്ഷിക്കുക എന്ന ലക്ഷ്യം വച്ച് ഇദ്ദേഹം പുനരൈക്യത്തെപ്പറ്റി ആലോചിച്ചു. സമുദായ സ്നേഹിയായ നിധീരിക്കൽ മാണിക്കത്തനാരുടെ സഹകരണവും പ്രോത്സാഹനവും ഈ സംരംഭത്തിന് ഉത്തേജനം പകർന്നു. ഈ ലക്ഷ്യത്തോടെ കോട്ടയത്ത് 'ജാത്യൈക്യസംഘം' സ്ഥാപിച്ചു. പിന്നീട് മാണിക്കത്തനാരും കട്ടക്കയത്തിൽ ചാണ്ടിക്കത്തനാരുമൊരുമിച്ച് അദ്ദേഹം ഊട്ടക്കമണ്ടിലെത്തി ഇന്ത്യയിൽ പേപ്പൽ ഡെലഗേറ്റായിരുന്ന മോൺ. അയൂത്തിനെ സന്ദർശിച്ചു. ഡെലഗേറ്റ് എല്ലാവിധ സഹായസഹകരണങ്ങളും വാഗ്ദാനം ചെയ്തു. കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടുവാൻ താൻ സന്നദ്ധനാണെന്നും മാർ മാത്യൂസ് അത്തനാസ്യോസുമായി അക്കാലത്ത് നടത്തിക്കൊണ്ടിരുന്ന പഴയ സെമിനാരിക്കേസ് തനിക്ക് അനുകൂലമായിരുന്നാലും പ്രതികൂലമായിരുന്നാലും ഈ നിശ്ചയത്തിൽ നിന്നും വ്യതിചലിക്കുകയില്ലെന്നും അവിടെവച്ച് അദ്ദേഹം വാഗ്ദാനം ചെയ്തു. സെമിനാരിക്കേസിൽ ദിവന്നാസ്യോസിന് അനുകൂലമായ വിധി ഉണ്ടായി. ഏതായാലും പുനരൈക്യം നടന്നില്ല.

## കണ്ടനാട്ടു മാർ ഈവാനിയോസിന്റെ പരിശ്രമങ്ങൾ

പുനരൈക്യത്തിന് തീവ്രമായി അഭിലഷിച്ച മെത്രാനാണ് ഇദ്ദേഹം. ഇതേപ്പറ്റി അദ്ദേഹത്തിന്റെ സഹോദരപുത്രനായ സൈമൺ ഡി. കാരോട്ടു കോർ എപ്പിസ്കോപ്പാ എഴുതിയിരിക്കുന്നത് ഇപ്രകാരമാണ്. സുറിയാനി ഭാഷയിൽ പണ്ഡിതനായിരുന്ന തിരുമേനി യാക്കോബായക്കാർ കൈകൂപ്പി സമ്മതിക്കുന്ന ഹൂദായകാനോനിൽ 'റീശ് പാത്രിയർക്കീസ്' നെപ്പറ്റി പറയുന്ന ഭാഗമാണ് ഏറ്റം പ്രധാനമായി ഉന്നയിച്ച വാദമുഖം. റോമാ പാത്രിയർക്കീസിന്റെ 'റീശോ ഉറാബോ' (തലവനും നേതാവും) എന്ന സ്ഥാനം സമ്മതിച്ചു കൊടുക്കേണ്ട അത്യാവശ്യത്തെപ്പറ്റി തിരുമേനിക്കു സുദൃഢമായ അഭിപ്രായമുണ്ടായിരുന്നു. രണ്ടാമതായി തിരുമനസ്സുകൊണ്ട് പലപ്പോഴും ശക്തമായി കല്പിച്ചിരുന്ന കാര്യം യാക്കോബായ ആരാധനക്രമങ്ങളിൽനിന്നും വി. പത്രോസിന്റെ പരമാധികാരം, റോമാ സിംഹാസനം ആദിയായ വിഷയങ്ങൾ സ്പഷ്ടമായി തെളിയിക്കുവാൻ സാധിക്കും എന്നത്രേ. 1908 ൽ അന്നു കണ്ടനാട്ടു കത്തോലിക്കാപള്ളി വികാരിയായിരുന്ന ബ. തോട്ടുങ്കൽ അച്ചനുമായി പുനരൈക്യത്തിനുള്ള ആലോചനകളാരംഭിച്ചു. എറണാകുളം അരമനയിൽ ചെന്ന് സത്യപ്രതിജ്ഞയ്ക്കുള്ള ദിവസവും സമയവും കൂടി നിശ്ചയിച്ചു. ഇതറിഞ്ഞ് അദ്ദേഹത്തിന്റെ സഹോദരപുത്രൻ കണ്ടനാട്ടു കരോട്ടു സൈമൺ ഡി. കോർ എപ്പിസ്കോപ്പാ എറണാകുളത്തേക്കു പോകേണ്ട അദ്ദേഹത്തെ ചതി പ്രയോഗിച്ച് പരുമല സെമിനാരിയിലേക്ക് കൊണ്ടുപോയി. ഇതിൽ സങ്കടപ്പെട്ട ഈവാനിയോസ് അവസാനം നിങ്ങളുടെയെല്ലാം ഇഷ്ടംപോലെയാകട്ടെ എന്ന് കല്പിക്കുകയും മൂന്നു വർഷം പരുമല സെമിനാരിയിൽ തന്നെ വസിക്കുകയും പുനരൈക്യം സാധിക്കാതെ മരിക്കുകയും ചെയ്തു.

## വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് തുടങ്ങിയവരുടെ ശ്രമങ്ങൾ

വട്ടശ്ശേരിൽ തിരുമേനിയുടെ മുടക്ക്, കാതോലിക്കാ വാഴ്ച, വട്ടിപ്പണക്കേസ് മുതലായ സംഭവങ്ങൾ വഴി യാക്കോബായ സഭയിൽ പ്രശ്നങ്ങൾ തലപൊക്കി. സന്ധിയാലോചനകൾക്കായി വട്ടശ്ശേരിൽ തിരുമേനി മർദ്ദീനിലേക്കു പോകുന്ന വഴി ബാഗ്ദാദിൽവച്ച് അവിടുത്തെ കത്തോലിക്കാ സുറിയാനി മെത്രാപ്പോലീത്തായെ സന്ദർശിച്ചു. അദ്ദേഹം നാട്ടിൽ തിരിച്ചെത്തി കുറെക്കാലം കഴിഞ്ഞപ്പോൾ സുറിയാനി പാത്രിയർക്കീസായിരുന്ന റഹമാനിയുടെ ഒരു കത്ത് അദ്ദേഹത്തിന് കിട്ടി. ആ കത്തിനു മറുപടി അയയ്ക്കുന്നതിനുള്ള ചുമതല മാർ ഈവാനിയോസിനെ ഏല്പിച്ചു. പിന്നീടു വട്ടശ്ശേരിൽ തിരുമേനി വാകത്താനം കാതോലിക്കാ ബാവായെയും മാർ ഗ്രിഗോറിയോസ് തീരുമേനിയെയും മാർ ഈവാനിയോസിനെയും പരുമലയിൽ ക്ഷണിച്ചു വരുത്തി ഭാവികാര്യങ്ങൾ ആലോചിച്ചു തീരുമാനിക്കാനായി അവരെ ചുമതലപ്പെടുത്തി. പരുമല സമ്മേളനത്തിൽ ഔദ്യോഗികമായി മാർ ഈവാനിയോസിനെ ചുമതലപ്പെടുത്തിയതനുസരിച്ച് അദ്ദേഹം റഹമാനി പാത്രിയർക്കീസുമായും പിന്നീടു മാർപാപ്പയുമായും നേരിട്ടു എഴുത്തുകുത്തുകൾ നടത്തി. വാകത്താനം കാതോലിക്കാബാവായും മാർ ഈവാനിയോസും ഒരുമിച്ചുകൂടി ചർച്ച ചെയ്താണ് റഹ്മാനി പാത്രിയർക്കീസിനുള്ള കത്തിന്റെ നക്കൽ തയ്യാറാക്കിയത്. കാതോലിക്കാ ബാവായുടെ സ്വന്തം കൈപ്പടയിലാണ് ഇതു തയ്യാറാക്കിയത്. ഇങ്ങനെയൊക്കെയാണെങ്കിലും സാഹചര്യങ്ങളുടെ ഗതിവിഗതികൾ മൂലം പുനരൈക്യശ്രമങ്ങൾ വിജയിച്ചില്ല. ●

*കടപ്പാട്: തിരുസഭാചരിത്രം*

## ഇടയശബ്ദം (5 – ാം പേജ് തുടർച്ച)

ല്ലയും തിരുമൂലപുരവും തയ്യാറെടുക്കുന്നു. മലങ്കര സഭയ്ക്ക് മാത്രമല്ല ഈ നാടിനും പൊതുസമൂഹത്തിനും ഈ കൂടിവരവ് അനുഗ്രഹവും ഐശ്വര്യവുമാകണമെന്ന ദൃഢനിശ്ചയം സഭ കാത്തുസൂക്ഷിക്കുന്നു. സംഗമത്തിന്റെ ഭാഗമായി നടത്തപ്പെടുന്ന വിവിധ കാരുണ്യ പ്രവർത്തനങ്ങൾ ആ നിശ്ചയത്തിൽനിന്നു സംജാതമായതാണ്.

പതിവുപോലെയുള്ള സഭാസംഗമങ്ങൾക്കൊപ്പം കാരുണ്യത്തിന്റെ ഒരു കൂട്ടം പ്രവർത്തനങ്ങളിലൂടെ ദൈവത്തിന്റെ മുമ്പിൽ എന്നും പ്രീതികരമായ 'ചെറിയവർക്കുള്ള ശുശ്രൂഷ'കൾക്ക് തിരിതെളിക്കുവാനും സഭ പരിശ്രമിക്കുന്നു. ഐക്യപാതയിൽ പിന്നിട്ട 85 വർഷങ്ങളെ പ്രതീകവത്ക്കരിക്കുന്ന 85 ഹൃദയശസ്ത്രക്രിയകൾ, ഈ കാലഘട്ടത്തിൽ ഐക്യത്തിന് ജീവിതസാക്ഷ്യം വഹിച്ച് മൺമറഞ്ഞ അഭിവന്ദ്യരായ 10 പിതാക്കന്മാരുടെ നാമങ്ങൾ ഓർമ്മിക്കപ്പെടുന്നതിനും അടയാളപ്പെടുത്തുന്നതിനുമായി 3000 ഡയാലിസിസുകൾ, നിർദ്ധനരായ 10 പെൺകുട്ടികൾക്ക് വിവാഹസഹായം, മേലാപ്പില്ലാതെ കിടന്നുറങ്ങുന്ന 10 കുടുംബങ്ങൾക്ക് ഭവനനിർമ്മിതി, ഒരു ലക്ഷം പേർ ഒപ്പിട്ട അവയവദാന സമ്മതപത്ര സ്വീകരണവും സമർപ്പണവും തുടങ്ങിയവയാണ് അനുബന്ധ പ്രവർത്തനങ്ങൾ. കരുതലിന്റെ ഈ കാരുണ്യശുശ്രൂഷ സഭ സന്തോഷത്തോടെ ഏറ്റെടുത്തത് ദൈവമഹത്വത്തിനു വേണ്ടിയാണ്. സുമനസ്സുകളായ, ഔദാര്യനിധികളായ അനേകരുടെ സഹായവും സഹകരണവുമാണ് ഇതിന്റെ പിന്നിലെ ഊർജ്ജവും ചാലകശക്തിയും. ദൈവം ഔദാര്യത്തിൽ അവരെ നിലനിർത്തട്ടെ. 'വാങ്ങുന്നതിനേക്കാൾ കൊടുക്കുന്നതാണ് ശ്രേയസ്കരം' എന്ന കർത്താവിന്റെ തിരുവചനങ്ങൾ എന്നും നമുക്ക് വഴിവിളക്കാകട്ടെ.

2015 – 16 വർഷം കരുണയുടെ സവിശേഷമായ ജൂബിലി വർഷമായി പരിശുദ്ധ കത്തോലിക്കാ സഭ ആചരിക്കുമ്പോൾ, ആ പ്രയാണത്തിൽ ഒപ്പം നിൽക്കുവാനും അണിചേരുവാനും ഇത് നമുക്ക് വർദ്ധിച്ച പ്രചോദനം നൽകും. ദൈവകരുണ അനുനിമിഷം സ്വീകരിക്കുന്ന നമുക്ക് കാരുണ്യത്തിന്റെ സജീവമാതൃകയിലൂടെ മുന്നേറാം; ക്രൈസ്തവ സാക്ഷ്യം നൽകാം.

ഉപഭോഗതൃഷ്ണയുടെയും ധൂർത്തിന്റെയും ആർഭാടത്തിന്റെയും നീരാളിപ്പിടുത്തം നമുക്ക് ചുറ്റും വളരുന്നത് നാം തിരിച്ചറിയുന്നു. ഒഴുക്കിനെതിരെ തോണി തുഴയാനുള്ള പാടവമാണ് ക്രൈസ്തവർ സ്വന്തമാക്കേണ്ടത്. സഭാപിതാവായ വിശുദ്ധ ക്രിസോസ്തോമിന്റെ ഉപദേശം നമ്മുടെ കണ്ണുതുറപ്പിക്കേണ്ടതാണ്. അദ്ദേഹം പഠിപ്പിക്കുന്നു: "ഒരിക്കലും ഉപയോഗിക്കാതെ നമ്മുടെ അലമാരകളിൽ കുത്തിനിറച്ചിരിക്കുന്ന വസ്ത്രങ്ങൾ മറ്റാരുടെയോ നഗ്നത മറയ്ക്കുവാനുള്ളതായിരുന്നു; നീ അത് തട്ടിയെടുത്തു. നമ്മുടെ പത്തായപ്പുരകളിൽ അനാവശ്യമായി സൂക്ഷിക്കുന്ന ധാന്യവും സൽക്കാരവേദികളിലെ ധൂർത്തും ഒട്ടനേകരുടെ ഒട്ടിയ വയറിന് കാരണമാകുന്നുണ്ടെന്ന് മറക്കാതിരിക്കുക." നാം ധനസമ്പത്തിന്റെ ഉടമസ്ഥരല്ല, കാവൽക്കാർ മാത്രമാണ് എന്ന സത്യം വിസ്മരിക്കുവാൻ പാടില്ല. പാവങ്ങളുടെ പക്ഷം ചേരുന്നതും അവരെ ഉദ്ധരിക്കുവാൻ ഉതകുന്നത് ചെയ്യുന്നതും ഔദാര്യമല്ല, കടമതന്നെയാണ്. പങ്കിട്ടെടുക്കുന്നതല്ല, പങ്കിട്ടു നൽകുന്നതും പങ്കാളിത്തം നൽകുന്നതുമാണ് സഭയുടെ യഥാർത്ഥ സ്വഭാവം. പാവങ്ങളെ നമുക്ക് ചുറ്റും നൽകിയിരിക്കുന്നത്, നമ്മുടെ കരുണ കവിഞ്ഞൊഴുകുവാൻവേണ്ടിത്തന്നെയാണ്. യാക്കോബ് ശ്ലീഹാ നമ്മെ അനുസ്മരിപ്പിക്കുന്നതും ഇതുതന്നെ. ധർമ്മശേഖരണത്തിന്റെ മാതൃകയായ വി. പൗലോസിന്റെ സജീവ സാക്ഷ്യം നമ്മുടെ മുമ്പിലുണ്ടല്ലോ.




ഗുരുകുല വിദ്യാഭ്യാസം പൂർത്തിയാക്കി കർമ്മമണ്ഡലങ്ങളിലേക്ക് മടങ്ങാൻ തുടങ്ങുന്ന തന്റെ ശിഷ്യർക്ക് ഗുരു നൽകിയ അന്തിമോപദേശം ശ്രദ്ധേയമാണ്: നിന്റെ പ്രഭാതം വിടരുന്നത് കിഴക്കേ ചക്ര

വാളത്തിൽ സൂര്യകിരണം ദൃശ്യമാകുമ്പോഴല്ല; സൂര്യപ്രഭയിൽ ആടിനെയും മാടിനെയും തിരിച്ചറിയുമ്പോഴുമല്ല; പ്രത്യുത നിന്റെ ചാരെ നിൽക്കുന്ന മനുഷ്യൻ നിന്റെ സഹോദരനാണെന്ന ബോദ്ധ്യം നിനക്കെപ്പോഴുണ്ടാകുന്നുവോ അപ്പോൾ മാത്രമാണ്! ഈ പ്രഭാതമാകണം ഈ പുനരൈക്യവാർഷികത്തിൽ നമ്മുടെ മിഴികളിൽ തെളിയേണ്ടത്.



യുഗപ്രഭാവനായ ദൈവദാസൻ മാർ ഈവാനിയോസ് പിതാവിനെ നാം ഓർക്കുന്നു. സുറിയാനി പുത്തൻകൂർ സമൂഹത്തിന് ലക്ഷ്യബോധവും സുവിശേഷദാഹവും പ്രേഷിതാഭിമുഖ്യവും ദിശാബോധവും നൽകിയ ആചാര്യശ്രേഷ്ഠനാണ് ദൈവദാസൻ. ആഭിജാത്യവും കുലമഹിമയും ഉള്ളവർക്ക് മാത്രം അവകാശപ്പെട്ടതാണ് സഭാജീവിതം എന്ന തെറ്റിദ്ധാരണ സഭാസമൂഹത്തെ അടിമുടി കീഴടക്കിയിരുന്ന ഒരു കാലത്ത്, മനുഷ്യമഹത്വത്തിന് ഊന്നൽ നൽകുകയും സമഗ്രവളർച്ചയ്ക്കുവേണ്ടി ചിന്തിക്കുകയും വിദ്യാഭ്യാസത്തിലൂടെ കൈവരിക്കാവുന്ന സാമൂഹിക ഉന്നമനം മുൻകൂട്ടി കാണുകയും സ്ത്രീജനശാക്തീകരണത്തിന്റെ പടനായകനായി മാറുകയും ജാതിമതഭേദമില്ലാതെ എല്ലാ മനുഷ്യരെയും മലങ്കര കത്തോലിക്കാ സഭയുടെ മടിത്തട്ടിലേക്ക് മാടിവിളിക്കുകയും ചെയ്ത ക്രൈസ്തവ ദാർശനികനായിരുന്നു മാർ ഈവാനിയോസ്. പുത്തൻകൂർ സമുദായത്തിന് അന്യമായിരുന്ന സന്യാസപ്രസ്ഥാനം പുരുഷന്മാർക്കും സ്ത്രീകൾക്കും വേണ്ടി 1919 ലും 1925 ലുമായി ആരംഭിച്ചത് ചരിത്രത്താളുകളിൽ സ്വർണ്ണലിപികളിൽ രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു. സഭാസമാധാനത്തിനും ദൈവമഹത്വത്തിനും തടസ്സമായി സഭയിൽ നിലനിന്നിരുന്ന അന്ധതയെ സ്വന്ത ജീവിതചര്യവഴി മാറ്റിമറിക്കുവാൻ കഴിയും എന്ന് ആ മനുഷ്യസ്നേഹി മനസ്സിലാക്കി. ദൈവദാസന്റെ സഭാദർശനങ്ങളും ഉൾക്കാഴ്ചകളും രണ്ടാം വത്തിക്കാൻ സുന്നഹദോസിന്റെ വിപ്ലവാത്മകവും ചലനാത്മകവുമായ ചിന്താധാരയ്ക്ക് മുമ്പേ പറന്ന പക്ഷിക്ക് സമാനമായിരുന്നത് നമ്മെ ഏറെ വിസ്മയിപ്പിക്കുന്നു. സാർവ്വത്രിക സഭാതലത്തിൽ അത് എക്കാലവും സ്വീകാര്യമായി നിലനിൽക്കുന്നു.


ദൈവസ്നേഹിയും സഭയെ സ്വജീവനെക്കാൾ സ്നേഹിക്കുകയും അധഃസ്ഥിതരെ സഹോദരരായി കാണുകയും കരുതുകയും മാനവ നന്മ ലക്ഷ്യംവച്ച് ദൈവമഹത്വം ഉയർത്തിപ്പിടിക്കുകയും ചെയ്ത സാമൂഹിക - സമുദായ - പരിഷ്കർത്താവും മാർഗ്ഗദർശിയുമായ ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ കാല്പാടുകൾ പിന്തുടരുവാനും ദർശനങ്ങൾ പങ്കുവെയ്ക്കുവാനും അവയ്ക്ക് ജീവൻ നൽകുവാനും തിരുവല്ലയുടെ മണ്ണിലേക്ക് കടന്നുവരുന്ന സഭാമക്കൾക്കും ഏവർക്കും സുസ്വാഗതം. സാർവ്വജനീനത ഉൾക്കൊള്ളുവാൻ വിശാലമായ മനസ്സും സഹോദരനെ തിരിച്ചറിയാനുള്ള അലിവും, അയൽക്കാരനെ കാണാനുള്ള കണ്ണും കാരുണ്യം അനുഭവവേദ്യമാക്കുവാനുള്ള ദൃഢനിശ്ചയവും സർവ്വോപരി ദൈവമഹത്വം ലക്ഷ്യമാക്കി ജീവിക്കുവാനുള്ള അഭിവാഞ്ഛയും സ്വന്തമാക്കുവാനും പങ്കുവയ്ക്കുവാനും ഈ സഭാസംഗമം നമ്മെ പ്രാപ്തരാക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു. വിശ്വാസ ജീവിതത്തിലും സഭൈക്യപ്രവർത്തനങ്ങളിലും ഒന്നിച്ചുനിന്ന് മുന്നേറുവാൻ ഏവരെയും സ്നേഹവായ്പോടെ ക്ഷണിക്കുന്നു.



**യൂദാശ്ലീഹായോടുള്ള പ്രാർത്ഥന**

മിശിഹായുടെ ചാർച്ചക്കാരനും/ വിശ്വസ്ത ദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ്/ വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും/ അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും / മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും / അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ./ നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക് / അങ്ങയുടെ മദ്ധ്യസ്ഥതയിൽ **(ഇവിടെ ആവശ്യം പറയുക)** / ഈ അനുഗ്രഹം സാധിച്ചു തരണമേ. / എന്റെ എല്ലാ ആവശ്യങ്ങളിലും / വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും / എന്നെ പ്രത്യേകം സംരക്ഷിക്കണമേ. / ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും / എന്റെ പ്രത്യേക മദ്ധ്യസ്ഥനായി / അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും / ഞാൻ വാഗ്ദാനം ചെയ്യുന്നു.

**കുഞ്ഞ്കുഞ്ഞ്**




**യൂദാശ്ലീഹായോടുള്ള പ്രാർത്ഥന**

മിശിഹായുടെ ചാർച്ചക്കാരനും/ വിശ്വസ്ത ദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ്/ വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും/ അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും / മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും / അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ./ നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക് / അങ്ങയുടെ മദ്ധ്യസ്ഥതയിൽ **(ഇവിടെ ആവശ്യം പറയുക)** / ഈ അനുഗ്രഹം സാധിച്ചു തരണമേ. / എന്റെ എല്ലാ ആവശ്യങ്ങളിലും / വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും / എന്നെ പ്രത്യേകം സംരക്ഷിക്കണമേ. / ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും / എന്റെ പ്രത്യേക മദ്ധ്യസ്ഥനായി / അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും / ഞാൻ വാഗ്ദാനം ചെയ്യുന്നു.

**Mrs. തോമസ് അയിരൂർ**



# പത്രോസിന്റെ 'പരാജയങ്ങളും' ആത്മീയ എക്യുമെനിസവും



**അഭി. ഡോ. ഏബ്രഹാം മാർ ജൂലിയോസ്**
മൂവാറ്റുപുഴ രൂപതാദ്ധ്യക്ഷൻ

## ആമുഖം

കത്തോലിക്കാസഭ സ്വയസംതൃപ്തിയിലും വിജയോത്സവ മനോഭാവത്തിലും (Triumphalism) ജീവിച്ച ഒരു ഗതകാലചരിത്രമുണ്ട്. എന്നാൽ, രണ്ടാം വത്തിക്കാൻ സൂനഹദോസിനോടുകൂടി കാതോലിക സംസർഗത്തിൽനിന്നു വേർപെട്ട സഹോദരരെക്കുറിച്ച് അല്പംകൂടി സ്നേഹപരമായി ചിന്തിച്ചുതുടങ്ങി. തന്നിൽ തെറ്റില്ലെന്നും അപരന്മാരാണ് തെറ്റിപ്പോയതെന്നും അതിനാൽ അവർ പശ്ചാത്തപിച്ച് മടങ്ങിവന്ന് അടിയറ പറയട്ടെയെന്നുമുള്ള ചിന്തകൾ വെടിഞ്ഞ്, സഭാഗാത്രത്തിലെ മുറിവുകൾക്കും പിളർപ്പുകൾക്കും എല്ലാവരും ഉത്തരവാദികളായിരുന്നെന്ന്, സമീപദശകങ്ങളിലെ മാർപാപ്പാമാർ എല്ലാവരും ഏറ്റുപറഞ്ഞ് മറ്റുള്ളവരോട് മാപ്പുചോദിച്ചിട്ടുണ്ട്. അത് സഭയിലെ ഐക്യത്തിന്റെ കാവൽക്കാരായ മാർപാപ്പാമാരുടെ യശസും വിശ്വാസ്യതയും വർധിപ്പിക്കുക മാത്രമേ ചെയ്തിട്ടുള്ളൂ. അത് ഇതരസഭകളിലും ആരോഗ്യപരമായ ചിന്താവ്യതിയാനം ഉളവാക്കിയിട്ടുണ്ട്. പ്രത്യേകിച്ചും സത്യവിശ്വാസവും സാധുവായ പൗരോഹിത്യവും കൂദാശകളുമുള്ള ഓർത്തഡോക്സ്, പൗരസ്ത്യ-ഓർത്തഡോക്സ് സംസർഗത്തിൽപെട്ട സഭക

ളോടുള്ള ഐക്യം സാധ്യമാകുമ്പോഴാണ് സാർവത്രിക സഭയുടെ "ഏകം", "കാതോലികം" എന്നീ അടിസ്ഥാന സവിശേഷതകൾക്ക് സമ്പൂർണത കൈവരുക.

ദൈവഹിതം തിരിച്ചറിയുകയും തന്റെ വധുവായ സഭയെക്കുറിച്ചുള്ള പദ്ധതി നാം മനസിലാക്കുകയും മനുഷ്യന്റെ വീഴ്ചകളും കുറവുകളും നാം അംഗീകരിക്കുകയും ഏറ്റുപറയുകയും ചെയ്യുന്നിടത്താണ് എക്യുമെനിസം ആരംഭിക്കുന്നത്. വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ "എല്ലാവരും ഒന്നാകുവാൻ" *(Ut Unum Sint)* എന്ന ചാക്രികലേഖനത്തിൽ ഇക്കാര്യം പരാമർശിക്കുന്നുണ്ട്. "കത്തോലിക്കാസഭ തന്റെ അംഗങ്ങളുടെ ബലഹീനതകൾ അംഗീകരിക്കുകയും ഏറ്റുപറയുകയും ചെയ്യുന്നു. സഭാംഗങ്ങളുടെ പാപങ്ങളാണ് യേശുക്രിസ്തുവിന്റെ രക്ഷാപദ്ധതികൾക്കുള്ള തടസമെന്ന് സഭ തിരിച്ചറിയുന്നു. അതോടൊപ്പം ദൈവത്തിന്റെ ശക്തിയാൽ തിരുസഭ ഉയർത്തപ്പെടുകയും ദൈവം തന്റെ മഹാപരിശുദ്ധിയാൽ സഭയെ നിറയ്ക്കുകയും മുൻപോട്ടു നയിക്കുകയും ഒപ്പം യേശുക്രിസ്തുവിന്റെ കഷ്ടാനുഭവത്തിനും ഉയിർപ്പിനും അവളെ അനുരൂപയാക്കുകയും ചെയ്യുന്നുവെന്നും സഭ അംഗീകരിക്കുന്നു". (No.3)

ചാക്രികലേഖനത്തിൽ പത്രോസിന്റെ പിൻഗാമി എന്ന നിലയിൽ പരിശുദ്ധ മാർപാപ്പാ ഒന്നാമതായി തന്റെ വ്യക്തിപരമായ ബലഹീനതകളെയും വീഴ്ചകളെയും അംഗീകരിക്കുന്നു.

രണ്ടാമതായി ദൈവത്തിന്റെ കൃപയിൽ ആശ്രയിച്ചുകൊണ്ട് പ്രാർത്ഥനാരൂപിയിലാണ് താനും സഭയും മുന്നേറുന്നതെന്ന് മാർപാപ്പ അംഗീകരിക്കുന്നു. "നിന്റെ വിശ്വാസം ക്ഷയിക്കാതിരിക്കുവാൻ ഞാൻ നിനക്കുവേണ്ടി പ്രാർത്ഥിച്ചു" (ലൂക്കാ 22:32) എന്ന് യേശു പറയുമ്പോൾ പത്രോസിന്റെ ബലഹീനതയും മന:പരിവർത്തനത്തിന്റെ ആവശ്യകതയും സൂചിപ്പിക്കുന്നുണ്ട്. "നീ തിരിച്ചുവന്ന് നിന്റെ സഹോദരരെ ശക്തിപ്പെടുത്തണം" (ലൂക്കാ 22:32). സഭയ്ക്കും സഭയുടെ അധികാരികൾക്കും നിരന്തരമായ മാനസാന്തരവും നവീകരണവും വേണമെന്ന സൂചനയാണിവിടെ നൽകുന്നത്.

വി. ഗ്രന്ഥരചയിതാക്കൾ, പ്രത്യേകിച്ചും വി. പത്രോസിന്റെ ശിഷ്യനായ മർക്കോസ്, പത്രോസിന്റെ ബലഹീനതകളെ മറയ്ക്കാനോ ന്യായീകരിക്കാനോ ശ്രമിച്ചിട്ടില്ല. അവർ പത്രോസിന്റെ പരാജയങ്ങളെ വെളിപ്പെടുത്തുന്നതിൽ യാതൊരു ദാക്ഷിണ്യവും കാണിക്കുന്നില്ല. കാരണം പത്രോസിനു തന്നെ തന്റെ ബലഹീനതകളും വീഴ്ചകളും വരുംതലമുറ അറിയണമെന്നും, യേശുക്രിസ്തുവിന്റെ സഭയിലൂടെയുള്ള ദൗത്യം നിറവേറ്റപ്പെടുന്നതിന് അവയൊക്കെ വെളിപ്പെടുത്തപ്പെടേണ്ടതാണെന്ന ബോധ്യവും അദ്ദേഹത്തിനുണ്ടായിരുന്നു.

വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ സഭയിലെ ഇടയൻമാരോടും ദൈവശാസ്ത്രജ്ഞന്മാരോടും ശക്തമായ ഭാഷയിൽ ആവശ്യപ്പെടുന്നു. "പത്രോസിന്റെ പിൻഗാമിയുടെ പ്രഥമസ്ഥാനി എന്ന ശുശ്രൂഷ നിർവഹിക്കാനാവശ്യമായ വഴി കണ്ടുപിടിക്കേണ്ടതും, എന്നാൽ അതൊരിക്കലും അടിസ്ഥാനതത്വങ്ങളെ ബലികഴിച്ചുകൊണ്ടുള്ളതാകരുതെന്നും" മാർപാപ്പ ഓർമ്മിപ്പിക്കുന്നു *(Ut Unum Sint No.95)*. പരമ്പരാഗത കത്തോലിക്കാ ചിന്താരീതിയിൽനിന്നും മാറി ചിന്തിക്കുവാൻ മാർപാപ്പ ഒരു മാർഗം തുറന്നിടുകയാണ്. ഈ ലേഖനത്തിൽ എന്റെ പരിശ്രമം, പുതിയനിയമത്തിൽ പത്രോസിനുണ്ടായ ചില വീഴ്ചകളും അതിലൂടെ എളിമയുടെയും ലാളിത്യത്തിന്റെയും കൂട്ടുത്തരവാദിത്വത്തിന്റെയും ശൈലി രൂപപ്പെടുത്തേണ്ടതിനെക്കുറിച്ചുള്ള ചില ചിന്തകളും പങ്കുവയ്ക്കുക എന്നതാണ്.



**a) "യേശു തിരിഞ്ഞ് പത്രോസിനോടു പറഞ്ഞു: സാത്താനേ, എന്റെ മുമ്പിൽനിന്നു പോകൂ. നീ എനിക്ക് പ്രതിബന്ധമാണ്. നിന്റെ ചിന്ത ദൈവികമല്ല, മാനു**

**ഷികമാണ്." (മത്താ. 16:23).**

പത്രോസ് ദൈവിക വെളിപാടുകളുടെ കാര്യവിചാരിപ്പുകാരനും കൈമാറ്റക്കാരനുമായത് പത്രോസിന് ജന്മനാ കിട്ടിയ കഴിവോ പൈതൃകമായി ലഭിച്ചതോ സ്വന്തം കഴിവിൽനിന്നും കിട്ടയതോ ഒന്നുമായിരുന്നില്ല. പത്രോസിന്റെ അപ്പസ്തോലികത പൂർണ്ണമായും യേശുവിനോടുകൂടെയായിരിക്കുവാനും പൂർണ്ണമായും യേശുവിൽ ആശ്രയിക്കുവാനുമുള്ള വിളിയായിരുന്നു. "നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാണ്" എന്ന വിശ്വാസപ്രഖ്യാപനത്തിലൂടെ പത്രോസ് യേശുവിന്റെ ദൈവത്വവും കർതൃത്വവും പ്രഘോഷിച്ചു. ഈ വിശ്വാസപ്രഖ്യാപനത്തോടുള്ള യേശുവിന്റെ മറുപടി "യോനായുടെ പുത്രനായ ശിമയോനേ, നീ ഭാഗ്യവാൻ. മാംസരക്തങ്ങളല്ല, സ്വർഗസ്ഥനായ എന്റെ പിതാവാണ് നിനക്ക് ഇതു വെളിപ്പെടുത്തിത്തന്നത്. ഞാൻ നിന്നോടു പറയുന്നു. നീ പത്രോസാണ്. ഈ പാറമേൽ എന്റെ സഭ ഞാൻ സ്ഥാപിക്കും" (മത്താ.16:17-18) എന്ന ദൈവിക വെളിപാടായിരുന്നു.

ബലഹീനനായ പത്രോസിന് ലഭിച്ച കേപ്പാ (പാറ) എന്ന പുതിയ നാമം യേശുക്രിസ്തുവിന്റെ സഭയിൽ പത്രോസിനുള്ള പുതിയ അസ്തിത്വവും പ്രത്യേക ദൗത്യവും സൂചിപ്പിക്കുന്നു. "മനുഷ്യരെ പിടിക്കുന്നവരാക്കാം" എന്ന യേശുക്രിസ്തുവിന്റെ വാക്കുകൾ ക്രിസ്തുവിലുള്ള അപ്പസ്തോലന്മാരുടെ ആശ്രയത്വത്തെ സൂചിപ്പിക്കുന്നു. "ശിമയോൻ പറഞ്ഞു: ഗുരോ, രാത്രി മുഴുവൻ അധ്വാനിച്ചിട്ടും ഞങ്ങൾക്ക് ഒന്നും കിട്ടിയില്ല. എങ്കിലും നീ പറഞ്ഞതനുസരിച്ച് ഞാൻ വലയിറക്കാം" (ലൂക്കാ.5:5, യോഹ.21:6).

യേശു തന്റെ പീഡാനുഭവം പ്രവചിച്ചപ്പോൾ അതിൽനിന്നും തന്നെ പിന്തിരിപ്പിക്കുന്ന പത്രോസിനെ നാം കാണുന്നു. ഇവിടെ പത്രോസ് സാത്താന്റെ ജോലി-ദൈവഹിതത്തിന് എതിരുനിൽക്കുക-യാണ് ചെയ്യുന്നത്. മിശിഹായുടെ രക്ഷാകരദൗത്യത്തിന് പത്രോസ് തടസം സൃഷ്ടിക്കുകയാണ് (മത്താ.4:1-10). മരുഭൂമിയിലെ പരീക്ഷണസമയത്ത് യേശുക്രിസ്തു സാത്താനെ ശാസിച്ച് ആട്ടിപ്പായിച്ച സംഭവം ഇവിടെ സ്മരണീയമാണ്. ദൈവഹിതത്തിന് എതിരുനിൽക്കുന്ന പത്രോസിനോടുള്ള യേശുവിന്റെ വാക്കുകൾ അതികഠിനമായ ഭാഷയിലായിരുന്നു. "അത്ഭുതപ്പെടേണ്ട, പിശാചുപോലും പ്രഭാപൂർണനായ ദൈവദൂതനായി വേഷംകെട്ടാറുണ്ടല്ലോ. അതിനാൽ അവന്റെ ശുശ്രൂഷകരും നീതിയുടെ ശുശ്രൂഷകരായി വേഷംകെട്ടുന്നെങ്കിൽ അതിലെന്തത്ഭുതം. അവരുടെ പരിണാമം അവരുടെ പ്രവർത്തികൾക്കനുസൃതമായിരിക്കും" (2.കോറി.11:14-15).

പത്രോസ് യേശുവിനെ വേണ്ടവിധം മനസിലാക്കിയില്ല എന്നതു മാത്രമല്ല, അദ്ദേഹം ദൈവിക പദ്ധതികൾക്കെതിരുനിന്നവരുടെ കൂടെക്കൂടി എന്ന യാഥാർഥ്യമാണ് യേശുക്രിസ്തുവിന്റെ മറുപടിയിലൂടെ ബോധ്യപ്പെടുന്നത്. പത്രോസിന് യേശു നൽകുന്ന ശിക്ഷണത്തിന്റെയും രൂപീകരണത്തിന്റെയും ഭാഗമായിട്ടു കൂടി വേണം ഈ സാഹചര്യത്തെ നാം മനസിലാക്കേണ്ടത്. വെറും മനുഷ്യസഹജമായ ചിന്തകൾ ദൈവരാജ്യത്തിന് തടസമാകാനിടയുണ്ട് എന്ന മുന്നറയിപ്പുകൂടിയാണിത് (മർക്കോ.8:33, മർക്കോ.9:15). തന്റെ സഭയുടെ അടിസ്ഥാനശിലയാകേണ്ട പത്രോസ് ഒരിക്കലും

## അഭി. ഐസക് മാർ യൂഹാനോൻ



പ്രേഷിത തീക്ഷ്ണതയാൽ തിരുവല്ല ഭദ്രാസനത്തെ വളർത്തിയ വന്ദ്യതാതനായ ഐസക് മാർ യൂഹാനോൻ ഭദ്രാസനത്തിന്റെ നാലാമത്തെ മെത്രാപ്പോലീത്തയാണ്.

1930 ജൂലൈ 1-ന് പിറവം വെളിയനാട് കൂട്ടപ്ലാക്കൽ കുടുംബത്തിൽ വർക്കിയുടെയും മറിയാമ്മയുടെയും മകനായി ജനിച്ച ഐസക്കുട്ടി പിറവം സെന്റ് ജോസഫ് ഹൈസ്കൂളിൽ ഹൈസ്കൂൾ പഠനം പൂർത്തീകരിച്ചു. 1947-ൽ മാർ സേവേറിയോസ് പിതാവ് ഐസക് കുട്ടിയെ സെമിനാരി പഠനത്തിനായി തിരുവല്ലായിലേക്ക് കൂട്ടിക്കൊണ്ടുവന്നു. 1948-ൽ റോമിലെ പ്രൊപ്പഗാന്ത കോളജിൽ ഉപരിപഠനാർത്ഥം പോയ ബ്രദർ ഐസക് റോമിൽവച്ച് 1954 ഡിസംബർ 7-ന് വൈദികനായി അഭിഷിക്തനായി. 1957 -ൽ നാട്ടിൽ തിരിച്ചെത്തിയ ഐസക് അച്ചൻ രൂപതയുടെ വടക്കൻ മേഖലകളിൽ, ഇന്നത്തെ ബത്തേരി - മൂവാറ്റുപുഴ രൂപതാ പരിധികളിൽ വളരെ സ്തുത്യർഹമായ ശുശ്രൂഷ നിർവഹിച്ചു. കുടിയേറ്റക്കാരുടെ ഇടവകകളിൽ സേവനം ചെയ്ത അദ്ദേഹത്തിന് മിഷൻ കേന്ദ്രങ്ങളുടെ പ്രശ്നങ്ങൾ പരിചയമായിരുന്നു. പ്രതിബന്ധങ്ങളെയും പ്രതിസന്ധികളെയും

വഴിമുടക്കി നിൽക്കുന്ന പാറയാകരുതെന്ന ശാഠ്യം ക്രിസ്തുവിനുണ്ട്.

പത്രോസിന്റെ മനോഭാവവും അതിനോടുള്ള യേശുക്രിസ്തുവിന്റെ മറുപടിയും ഇന്നത്തെ സഭയുടെ സാഹചര്യത്തിലും വളരെയേറെ പ്രസക്തമാണ്. പ്രത്യേകിച്ചും അനേകർ വിശ്വാസമുപേക്ഷിക്കുന്ന സാഹചര്യത്തിൽ. പെന്തെക്കോസ്ത് സമൂഹങ്ങളിലും മറ്റ് അനേകം സെക്റ്റുകളിലും ചേക്കേറിയ ഭൂരിപക്ഷം ആളുകളും പരമ്പരാഗത അപ്പസ്തോലിക സഭകളായ കത്തോലിക്കാ, ഓർത്തഡോക്സ്, യാക്കോബായ, മാർത്തോമ്മാ സഭകളിൽനിന്നുള്ളവരായിരുന്നു. സഭാനേതൃത്വത്തിന്റെ ദൈവികമല്ലാത്ത നിലപാടുകളും, പണത്തിനും പദവിക്കും വേണ്ടിയുള്ള ആസക്തിയും അധികാരപ്രമത്തതയും വൈദികമേധാവിത്വവുമൊക്കെ അതിനു കാരണങ്ങളായിട്ടുണ്ട്. അത് സഭാവിശ്വാസികളെ യഥാർഥ സത്യവിശ്വാസത്തിൽനിന്നും സന്മാർഗജീവിതത്തിൽനിന്നും പിന്തിരിപ്പിച്ചു. സഭയിൽനിന്ന് അജഗണങ്ങൾ നഷ്ടപ്പെടുന്നു എന്ന തിരിച്ചറിവ് ഇടയന്മാർക്ക് ഉണ്ടാകുന്നില്ലെങ്കിൽ കൂടുതൽ വേദനാജനകമായ അവസ്ഥയിലേക്ക് ക്രിസ്തുവിന്റെ സഭ കൂപ്പുകുത്തും.

**b) "ഉടനെ യേശു കൈനീട്ടി അവനെ പിടിച്ചുകൊണ്ടു പറഞ്ഞു: അല്പവിശ്വാസീ, നീ സംശയിച്ചതെന്ത്?" (മത്താ.14:13).**

അപ്പസ്തോലസംഘത്തിന്റെ നേതാവ് എന്ന നിലയിൽ പത്രോസിന് വളരെ പ്രയാസമേറിയ ഒരു പാഠം, വെള്ളത്തിനു മുകളിലൂടെ യേശുവിനെപ്പോലെ നടക്കുവാൻ പരിശ്രമിച്ച സാഹചര്യത്തിൽ മനസിലാക്കേണ്ടതുണ്ടായിരുന്നു. പത്രോസ് വെള്ളത്തിനു മീതേ നടക്കേണ്ടിയിരുന്നത് യേശുവിൽ പൂർണമായും വിശ്വാസമർപ്പിച്ചുകൊണ്ട് ആകാംക്ഷകളും ആകുലതകളും സംശയവും ഒന്നുമില്ലാതെയാകേണ്ടിയിരുന്നു. എന്നാൽ, ഭയപ്പെട്ട് വെള്ളത്തിൽ മുങ്ങിത്താഴുന്ന പത്രോസിനെയാണ് സുവിശേഷം നാടകീയമായി അവതരിപ്പിക്കുന്നത്. മത്തായി സുവിശേഷകൻ സങ്കീർത്തനവചനങ്ങളെ ഓർമ്മിപ്പിച്ചുകൊണ്ടാണ് പത്രോസിന്റെ മനോഭാവത്തെ ചിത്രീകരിക്കുന്നത്. "ദൈവമേ, എന്നെ രക്ഷിക്കേണമെ. വെള്ളം എന്റെ കഴുത്തോളമെത്തിയിരിക്കുന്നു. കാലുറയ്ക്കാത്ത ആഴമേറിയ ചേറ്റിൽ ഞാൻ താഴുന്നു. ആഴമുള്ള ജലത്തിൽ ഞാനെത്തിയിരിക്കുന്നു" (സങ്കീ.69:1-2). തിമിംഗലത്തിന്റെ വയറ്റിൽ കിടന്നുകൊണ്ട് യോനാപ്രവാചകൻ പ്രാർത്ഥിക്കുന്നതും ഏകദേശം ഇതേ ശൈലിയിലാണ്. യോനായുടെ വാക്കുകളുടെ അവസാനം 'രക്ഷ യഹോവയായ ദൈവത്തിൽനിന്നാണ്' എന്നാണ്. ക്രൈസ്തവസഭകൾ പലപ്പോഴും ഒരുതരം മിഥ്യാധാരണയിലും അഹംഭാവ മനോഭാവത്തിലുമാണ്. സഭയുടെ ഉറപ്പുള്ളതും ശക്തവുമായ ഭൗതികസംവിധാനങ്ങൾ, സഭയിലെ വിവിധ സ്ഥാപനങ്ങൾ ഇവയൊക്കെ സഭാമക്കളെ സംരക്ഷിച്ചുകൊള്ളുമെന്ന മിഥ്യാസങ്കല്പത്തിലാണ് നാമിന്നും. "മലയിൽ പെയ്യുന്ന മഴ, അവർ നനയുന്നു. പാർപ്പിടമില്ലാതെ അവർ പാറക്കെട്ടുകളിൽ അഭയം തേടുന്നു" (ജോബ് 24:8). അവസാനമായി നാമേവരും അടിസ്ഥാനശിലയായ യേശുക്രിസ്തുവിൽ അഭയം തേടേണ്ടവരും, നങ്കൂരമടിക്കേണ്ടവരുമാണ്. സഭയും അവളുടെ നേതാക്കന്മാർക്കും നിരന്തരമായുണ്ടാകേണ്ട പ്രാർത്ഥന പത്രോസിനെപ്പോലെ "കർത്താവേ രക്ഷിക്കേണമെ"



# വഴിവിളക്കുകൾ

**തയ്യാറാക്കിയത് ലൈജു കോശി**

ആത്മികശക്തികൊണ്ടു നേരിട്ട അദ്ദേഹത്തിന് അജപാലനദൗത്യത്തിൽ അടങ്ങാത്ത ആവേശമാണുണ്ടായിരുന്നത്. 1978 ഡിസംബർ 28-ന് മെത്രാഭിഷിക്തനായ ഫാ. ഐസക്കിലൂടെ ഐസക് മാർ യൂഹാനോൻ എന്ന ജനഹിതം അറിയുന്ന സാധാരണക്കാരുടെ ഒരു രൂപതാദ്ധ്യക്ഷനെയാണ് തിരുവല്ല ഭദ്രാസനത്തിനു ലഭിച്ചത്.

വൈദികർ തമ്മിലും വിശ്വാസികൾ തമ്മിലും വൈദികരും വിശ്വാസികളും തമ്മിലും ആളാംപ്രതി ബന്ധം പരിപോഷിപ്പിക്കുക എന്നത് വന്ദ്യ പിതാവിന്റെ ശൈലിയായിരുന്നു. വ്യക്തികളുടെ ആവശ്യങ്ങൾ കണ്ടും കേട്ടും അറിയാനും വ്യക്തിപരമായ ഇടപെടലുകൾ നൽകാനും ശ്രദ്ധിച്ചിരുന്ന പിതാവ്, സഭ സ്ഥിതിചെയ്യുന്നത് മനുഷ്യഹൃദയങ്ങളിലാണെന്ന് ദൃഢമായി വിശ്വസിച്ചിരുന്നു.

'ദൈവം കൃപയുള്ളവനാകുന്നു' എന്ന അർത്ഥം വരുന്ന യൂഹാനോൻ എന്ന നാമധാരിയായ പിതാവ് രൂപതയിലേക്ക് ദൈവകൃപ സമൃദ്ധമായി വർഷിച്ച പുണ്യതാതനാണ്. രണ്ടാം വത്തിക്കാൻ കൗൺസിൽ കാഴ്ചപ്പാടുകൾക്കനുസൃതമായി രൂപതയിൽ വൈദിക സെനറ്റും പാസ്റ്ററൽ കൗൺസിലും സാമൂഹികസേവന സമിതികളും പുനഃസംഘടിപ്പിച്ച അഭിവന്ദ്യ പിതാവ് 1987 ഏപ്രിൽ 28-നു കാലം ചെയ്തു.

എന്നായിരിക്കണം.

യോഹന്നാന്റെ സുവിശേഷത്തിൽ പത്രോസ് അപ്പസ്തോല സംഘത്തിന്റെ തലവനെന്ന നിലയിൽ പറയുന്നുണ്ട്. "ശിമയോൻ പത്രോസ് മറുപടി പറഞ്ഞു: കർത്താവേ ഞങ്ങൾ ആരുടെ അടുത്തേയ്ക്കു പോകും? നിത്യജീവന്റെ വചനങ്ങൾ നിന്റെ പക്കലുണ്ട്. നീയാണ് ദൈവത്തിന്റെ പരിശുദ്ധൻ എന്ന് ഞങ്ങൾ വിശ്വസിക്കുകയും അറിയുകയും ചെയ്തിരിക്കുന്നു" (യോഹ.6:68-69). ഈ വാക്കുകൾ വഴി യേശുക്രിസ്തുവാണ് തങ്ങളുടെ ജീവിതത്തിന്റെ മൂലക്കല്ലും നങ്കൂരവുമെന്ന യാഥാർത്ഥ്യം അപ്പസ്തോലന്മാർ അംഗീകരിക്കുന്നു.

സുന്ദരകവാടത്തിലെ ഭിക്ഷക്കാരനോട് പത്രോസും യോഹന്നാനും പറയുന്ന വാക്കുകൾ ശ്രദ്ധിക്കുക: "പത്രോസ് പറഞ്ഞു: വെള്ളിയോ സ്വർണ്ണമോ എന്റെ കൈയിലില്ല. എനിക്കുള്ളതു ഞാൻ നിനക്കു തരുന്നു. നസ്രായനായ യേശുക്രിസ്തുവിന്റെ നാമത്തിൽ എഴുന്നേറ്റു നടക്കുക (അപ്പ. പ്രവ. 3:6). സഭയിലെ ഇടയന്മാരുടെ സമ്പത്ത് വെള്ളിയും സ്വർണ്ണവുമൊന്നുമല്ല, പ്രത്യുത കർത്താവായ യേശുക്രിസ്തുവിന്റെ അത്ഭുതങ്ങൾ പ്രവർത്തിക്കുന്ന ശക്തമായ നാമമാണ്. "അവൻ പത്രോസിനെയും യോഹന്നാനെയും വിട്ടുമാറാതെ നിൽക്കുന്നതു കണ്ടപ്പോൾ എല്ലാവരും ആശ്ചര്യപ്പെട്ട് സോളമൻെറ മണ്ഡപത്തിൽ അവരുടെ അടുത്ത് ഓടിക്കൂടി. ഇതുകണ്ട് പത്രോസ് അവരോടു പറഞ്ഞു: ഇസ്രായേൽ ജനമേ, നിങ്ങളെന്തിന് ഇതിൽ അദ്ഭുതപ്പെടുന്നു? ഞങ്ങൾ സ്വന്തം ശക്തിയോ സുകൃതമോ കൊണ്ട് ഇവനു നടക്കാൻ കഴിവു കൊടുത്തു എന്ന മട്ടിൽ ഞങ്ങളെ സൂക്ഷിച്ചുനോക്കുന്നതെന്തിന്? അബ്രാഹത്തിൻെറയും ഇസഹാക്കിൻെറയും യാക്കോബിൻെറയും ദൈവം, നമ്മുടെ പിതാക്കൻമാരുടെ ദൈവം, തൻെറ ദാസനായ യേശുവിനെ മഹത്വപ്പെടുത്തിയിരിക്കുന്നു. നിങ്ങൾ അവനെ ഏല്പിച്ചുകൊടുത്തു. പീലാത്തോസ് അവനെ വിട്ടയയ്ക്കാൻ തീരുമാനിച്ചിട്ടും അവൻെറ മുമ്പിൽവച്ച് നിങ്ങൾ അവനെ തള്ളിപ്പറഞ്ഞു. പരിശുദ്ധനും നീതിമാനുമായ അവനെ നിങ്ങൾ നിരാകരിച്ചു. പകരം ഒരു കൊലപാതകിയെ വിട്ടുകിട്ടാൻ അപേക്ഷിച്ചു. ജീവൻെറ നാഥനെ നിങ്ങൾ വധിച്ചു. എന്നാൽ, ദൈവം അവനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചു. അതിനു ഞങ്ങൾ സാക്ഷികളാണ്. അവൻെറ നാമത്തിലുള്ള വിശ്വാസംമൂലം, അവൻെറ നാമമാണ് നിങ്ങൾ കാണുകയും അറിയുകയും ചെയ്യുന്ന ഈ മനുഷ്യനെ സുഖപ്പെടുത്തിയത്. അവനിലുള്ള വിശ്വാസമാണ് നിങ്ങളുടെ മുമ്പിൽവച്ച് ഈ മനുഷ്യനു പൂർണാരോഗ്യം പ്രദാനം ചെയ്തത്" (അപ്പ. പ്രവ. 3:11-16). സഭ അവളുടെ രാജകീയ ശൈലിയും മധ്യയുഗകാലഘട്ടത്തിലെ സാമ്രാജ്യത്വ മനോഭാവങ്ങളും ഉപേക്ഷിച്ച് സുവിശേഷാനുസൃതമായ എളിമയുടെ ശൈലി സ്വീകരിക്കേണ്ടതുണ്ട്. സുവിശേഷപ്രഘോഷണം ശക്തവും സജീവവുമാകണമെങ്കിൽ ഈയൊരു വ്യവസ്ഥ സഭ അംഗീകരിച്ചേ മതിയാകൂ. സഭയുടെ എല്ലാ പ്രവർത്തനങ്ങളിലും സ്വയമഹത്വമല്ല, ദൈവമഹത്വമാണ് തേടേണ്ടത്. യേശു പ്രീശന്മാർക്കെതിരായി ശക്തിയായി പ്രതികരിച്ചതിന്റെ കാരണം പറയുന്നുണ്ട്: "ദൈവത്തിന്റെ മഹത്വത്തെക്കാളധികം മനുഷ്യരുടെ പ്രശംസ അവർ അഭിലഷിച്ചു" (യോഹ.12:42-43).



## അഭി. തോമസ് മാർ ദിയസ്കോറസ്

പുനരൈക്യപ്രസ്ഥാനത്തിന്റെ പന്ഥാവിലെ വളർച്ചയുടെ ഒരു സാക്ഷ്യമാണ് തോമസ് മാർ ദിയസ്കോറസ് മെത്രാപ്പോലീത്ത. കോട്ടയത്തിനടുത്ത് ചിങ്ങവനത്തെ സുപ്രസിദ്ധമായ ഒറ്റത്തൈക്കൽ കുടുംബത്തിൽ കുരുവിള നൈത്തിയമ്മ എന്നിവരുടെ മകനായി 1884 ജനുവരി 4-ന് ടി. കെ. തോമസ് ഭൂജാതനായി. 18-ാം വയസ്സിൽ യാക്കോബായ മെത്രാപ്പോലീത്ത മാർ ദിവന്നാസ്യോസിൽനിന്ന് ശെമ്മാശുപട്ടവും 28-ാം വയസ്സിൽ മാർ സേവേറിയോസ് മെത്രാനിൽനിന്ന് വൈദികപട്ടവും സ്വീകരിച്ചു. 1926 -ൽ യറുശലേമിൽവച്ച് യാക്കോബായ ക്നാനായ സമുദായത്തിന്റെ സഹായമെത്രാനായി വാഴിച്ചു. 1927 ൽ യാക്കോബായ ക്നാനായ സഭയുടെ മെത്രാപ്പോലീത്തയായി. 10 വർഷക്കാലം ചിങ്ങവനം അരമനയിൽ താമസിച്ചുകൊണ്ട് ക്നാനായ വിഭാഗത്തെ

**c) "പത്രോസ് പറഞ്ഞു: നീ ഒരിക്കലും എന്റെ പാദം കഴുകരുത്. യേശു പറഞ്ഞു: ഞാൻ നിന്നെ കഴുകുന്നില്ലെങ്കിൽ നിനക്ക് എന്നോടുകൂടെ പങ്കില്ല" (യോഹ.13:18).**

പത്രോസ് എന്തുകൊണ്ടായിരിക്കാം തന്റെ കാൽ കഴുകുന്നതിൽനിന്നും യേശുവിനെ വിലക്കുന്നത്? എളിമകൊണ്ടായിരിക്കുമോ? അതോ താൻ ശുദ്ധനാക്കപ്പെട്ടവനാണെന്ന മുൻവിധി കാരണമോ? നമുക്ക് സാഹചര്യത്തിൽനിന്നും വ്യക്തമായ ഉത്തരം കണ്ടെത്താൻ പ്രയാസമാണ്. പഴയനിയമത്തിൽ ദൈവാലയ കവാടത്തിൽവച്ചു നടത്തുന്ന ശുശ്രൂഷയുണ്ട്. പുരോഹിതന്മാർ ജനങ്ങളെ ആത്മീയമായി ഒരുക്കുന്ന ശുശ്രൂഷ. സങ്കീർത്തനം 15:1ൽ ഇപ്രകാരം നാം കാണുന്നു: "കർത്താവേ, അങ്ങയുടെ കൂടാരത്തിൽ ആരു വസിക്കും. അങ്ങയുടെ വിശുദ്ധഗിരിയിൽ ആരു വാസമുറപ്പിക്കും?" ഈ ചോദ്യത്തിനുത്തരമായി നീതിയോടെയും ധാർമ്മികമായും സത്യസന്ധമായും ജീവിക്കുന്നവരെക്കുറിച്ച് പറയുന്നുണ്ട്. സെഹിയോൻമാളികയിൽ വിശുദ്ധ കുർബാന സ്ഥാപനത്തിന്റെ സാഹചര്യത്തിലാണ് യേശുവും പത്രോസും തമ്മിലുള്ള സംഭാഷണം നടക്കുന്നത്. ദൈവഭവനത്തിലേക്കുള്ള പ്രവേശനമാണ് ലക്ഷ്യം. പത്രോസ് ദൈവജനത്തിന്റെ മുഴുവൻ പ്രതിനിധിയും പ്രതീകവുമായി മാറുകയാണിവിടെ. ദൈവഭവനത്തിലേക്ക് പ്രവേശിക്കുന്നവർക്ക് ദൈവത്തിന്റെ കരുണയും വിശുദ്ധീകരണവും അവശ്യഘടകമാണെന്ന് യേശുക്രിസ്തു സൂചിപ്പിക്കുന്നു.

വി. പൗലോസ് അപ്പസ്തോലൻ സൂചിപ്പിക്കുന്നതുപോലെ സഭൈക്യം ആരംഭിക്കേണ്ടത് ഭൂതകാലത്ത് നടന്നിട്ടുള്ള ദു:ഖകരവും വേദനാജനകവും വഴിതെറ്റിയതുമായ ചെയ്തികളെയെല്ലാം മറന്നുകൊണ്ട് പുതിയൊരു പ്രത്യാശയെ ലക്ഷ്യം വച്ച് മുന്നേറുന്നിടത്താണ്. "ഒരു കാര്യം ഞാൻ ചെയ്യുന്നു. എന്റെ പിന്നിലുള്ളവയെ വിസ്മരിച്ചിട്ട് മുമ്പിലുള്ളവയെ ലക്ഷ്യമാക്കി ഞാൻ മുന്നേറുന്നു" (ഫിലി.3:13).

**d) "ശിമയോൻ, ശിമയോൻ, ഇതാ സാത്താൻ നിങ്ങളെ ഗോതമ്പുപോലെ പാറ്റാൻ ഉദ്യമിച്ചു" (ലൂക്കാ.22:31).**

ഈ സുവിശേഷഭാഗം ജോബിന്റെ പുസ്തകത്തിലെ ഒന്നാം അധ്യായം ആറു മുതൽ ഉള്ള വചനങ്ങളെ ഓർമിപ്പിക്കുന്നു. ദൈവത്തോടു വിശ്വസ്തനും നീതിമാനുമായിരുന്ന ജോബിനെ പരീക്ഷിക്കുവാൻ സാത്താൻ അനുവാദം ചോദിക്കുന്ന രംഗം. പത്രോസ് യേശുവിനെ തള്ളിപ്പറയുന്ന ഭാഗം സമാന്തര സുവിശേഷകന്മാർ എല്ലാവരും വിവരിക്കുന്നുണ്ട്. മർക്കോസ് സുവിശേഷകൻ പത്രോസിന്റെ പ്രതികരണം നൽകുന്നതിങ്ങനെയാണ്: "പത്രോസ് പറഞ്ഞു: എല്ലാവരും ഇടറിയാലും ഞാൻ ഇടറുകയില്ല. യേശു അവനോടു പറഞ്ഞു: ഇന്ന് ഈ രാത്രിയിൽന്നെ, കോഴി രണ്ടു പ്രാവിശ്യം കൂവുന്നതിനു മുമ്പ് നീ എന്നെ മൂന്നു പ്രാവിശ്യം നിഷേധിച്ചു പറയും" (മർക്കോ.14:29-30). യേശുവിനെ പട്ടാളക്കാർ പിടിച്ചുകൊണ്ടുപോകുന്ന സമയം ശിഷ്യന്മാർ എല്ലാവരും ഓടിയകന്നു. എല്ലാവരും യേശുവിനോട് അവിശ്വസ്തത കാണിച്ചു. എന്നാൽ അപ്പസ്തോലസംഘത്തിന്റെ തലവൻ എന്ന നിലയിൽ മറ്റുള്ളവരുടേതിനെക്കാൾ ഗൗരവമേറിയതാണ് പത്രോസ് ചെയ്ത തെറ്റ്. മറ്റുള്ളവരോട് സ്വയം താരതമ്യപ്പെടുത്തി, അവരെക്കാൾ



## വഴിവിളക്കുകൾ

തയ്യാറാക്കിയത് **ലൈജു കോശി**

സ്തുത്യർഹമായ രീതിയിൽ നയിച്ചു. അദ്ദേഹം നടത്തിയ സത്യാന്വേഷണത്തിന്റെയും പഠനങ്ങളുടെയും ഫലമായി കത്തോലിക്ക പുനരൈക്യം പ്രാപിക്കുന്നതിന് നിശ്ചയിക്കുകയും അതിനുവേണ്ടി എഴുത്തുകുത്തുകൾ നടത്തുകയും ചെയ്തതിന്റെ ഫലമായി 1939 നവംബർ 12-ാം തീയതി തിരുവനന്തപുരത്തുവച്ച് മാർ ഈവാനിയോസ് മെത്രാപ്പോലീത്തയുടെ മുമ്പാകെ സത്യപ്രതിജ്ഞചെയ്ത് കത്തോലിക്ക സഭയോട് പുനരൈക്യപ്പെട്ടു. പിന്നീട് 4 വർഷക്കാലം തിരുവല്ലയിൽ തിരുമൂലപുരത്ത് താമസിച്ചുകൊണ്ട് പ്രാർത്ഥനയിലും ത്യാഗപ്രവൃത്തിയിലും രഹസ്യജീവിതം നയിച്ച് 1943 ഫെബ്രുവരി 21-ാം തീയതി കാലംചെയ്തു. രൂപതാ ഭരണം നയിക്കാതെ, സ്വയം വിനീതനായി പ്രാർത്ഥനാപൂർവമായ ജീവിതം നയിച്ച തോമസ് മാർ ദിയസ്കോറസ് തിരുമേനി മലങ്കര പുനരൈക്യ പ്രസ്ഥാനത്തെ പ്രാർത്ഥനയിലൂടെ പരിപാലിച്ച് വളർത്തിയ പുണ്യതാതനാണ്. അഭിവന്ദ്യ പിതാവ് കബറടങ്ങിയിരിക്കുന്ന തിരുമൂലപുരം സെന്റ് മേരീസ് ദൈവാലയം കേന്ദ്രീകരിച്ച് നടത്തപ്പെടുന്ന ഈ വർഷത്തെ പുനരൈക്യവാർഷികാഘോഷങ്ങളിൽ കടന്നുവരുന്നവർക്ക് പിതാവിന്റെ കബറിടം വലിയ അനുഗ്രഹസ്രോതസ്സായിരിക്കും.

താൻ മെച്ചമാണെന്നാണ് പത്രോസ് സമർദ്ധിക്കുന്നത്.

പത്രോസിന്റെ തെറ്റ് ഗൗരവമേറിയതാണ്. പത്രോസുതന്നെ തന്റെ ക്രിസ്തുസാക്ഷ്യം വെളിപ്പെടുത്തുന്നത് കാണുക: "നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ശക്തിയെയും പ്രത്യാഗമനത്തെയുംകുറിച്ച് ഞങ്ങൾ നിങ്ങളെ അറിയിച്ചത് കൗശലപൂർവം മെനഞ്ഞെടുത്ത കല്പിതകഥകളെ വിശ്വസിച്ചതുകൊണ്ടല്ല; ഞങ്ങൾ അവന്റെ ശക്തിപ്രഭാവത്തിന്റെ ദൃക്സാക്ഷികളായതുകൊണ്ടാണ്. പിതാവായ ദൈവത്തിൽനിന്ന് ബഹുമാനവും മഹത്വവും അവൻ സ്വീകരിച്ചു. ഇവൻ എന്റെ പ്രിയപുത്രൻ; ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു എന്ന സ്വരം മഹിമപ്രഭാവത്തിൽനിന്ന് അവന്റെ അടുത്തു വരികയും ചെയ്തു. സ്വർഗത്തിൽനിന്നുണ്ടായ ആ സ്വരം ഞങ്ങൾ കേട്ടു. എന്തെന്നാൽ, ഞങ്ങളും അവന്റെ കൂടെ വിശുദ്ധമലയിൽ ഉണ്ടായിരുന്നു" (2 പത്രോസ് 1:16-18). താബോർ മലയിലെ യേശുവിന്റെ രൂപാന്തരീകരണത്തിന്റെ ദൃക്സാക്ഷികളിലൊരുവനായിരുന്നു പത്രോസ്. യേശു ചെയ്ത അത്ഭുതങ്ങളുടെയും രോഗസൗഖ്യങ്ങളുടെയുമൊക്കെ സാക്ഷിയാണ് പത്രോസ് (ലൂക്കാ 5:8-9, ലൂക്കാ 8:22-25, ലൂക്കാ 22:54-55).

യേശു മുൻകൂട്ടി പറഞ്ഞതുപോലെ പത്രോസ് മൂന്നു പ്രാവശ്യം തള്ളിപ്പറഞ്ഞു. പത്രോസിന്റെ ജീവിതത്തിലെ ഏറ്റവും വലിയ വീഴ്ചയാണിത്. പത്രോസ് യേശുവിനെ മാത്രമല്ല, തന്റെ സഹോദരന്മാരായ മറ്റ് അപ്പസ്തോലൻമാരെയും തള്ളിപ്പറഞ്ഞു. മറ്റ് അപ്പസ്തോലന്മാരെക്കാൾ വിശ്വസ്തനും വ്യത്യസ്തനുമാണ് ഞാൻ എന്ന അഹന്ത നിറഞ്ഞവനായിരുന്നു പത്രോസ്. പക്ഷേ എല്ലാം ഒരു നിമിഷം കൊണ്ട് തകർന്നു.

യേശുവിന്റെ ഉത്ഥാനത്തിനും പെന്തക്കോസ്തിക്കും ശേഷവും പരാജിതനാകുന്ന, പ്രത്യേകിച്ചും വിജാതീയരെ സഭയിൽ ചേർക്കുന്ന വിഷയവുമായി ബന്ധപ്പെട്ട് പരാജയമേറ്റുവാങ്ങുന്ന പത്രോസിനെ നമുക്ക് ദർശിക്കാനാവും. ശതാധിപനായ കൊർണ്ണേലിയൂസിന്റെ ഭവനത്തിൽവച്ച് പത്രോസിന്റെ വീഴ്ചയെ ഒരു ദർശനത്തിലൂടെ ദൈവം പത്രോസിനെ ഓർമ്മിപ്പിക്കുന്നുണ്ട്. (അപ്പ.പ്രവ.10:9-23). വിജാതീയരും ദൈവത്തിന്റെ രക്ഷയ്ക്ക് അർഹരാണെന്ന സന്ദേശം ഇവിടെ പത്രോസിന് വെളിപ്പെടുത്തുന്നു. പൗലോസ് ഇക്കാര്യത്തിൽ പത്രോസിനെ വളരെ ശക്തമായ ഭാഷയിൽ വിമർശിക്കുന്നതു നാം കാണുന്നു (ഗലാ.2:11-14).

പത്രോസിന്റെ വീഴ്ചകളുടെ ചരിത്രം ശരിയായ എക്യുമെനിക്കൽ ചിന്തകളിലേക്ക് സഭയെ നയിക്കുന്നു. തന്റെ സഹോദരന്മാരെ ശക്തിപ്പെടുത്തുവാനുള്ള ദൗത്യമാണ് പത്രോസിനുള്ളത്. അതിന് പത്രോസിന് ആദ്യമേയുണ്ടാകേണ്ടത് മാനസാന്തരമാണ്. സഭ നിരന്തരമായി വീഴാറുണ്ട്; തെറ്റിൽ അകപ്പെടാറുണ്ട്. അതുകൊണ്ടുതന്നെ സഭയ്ക്ക് നിരന്തരമായ മാനസാന്തരം ഉണ്ടാകേണ്ടതുണ്ട്. "ആന്തരിക പരിവർത്തനം കൂടാതെയുള്ള എക്യുമെനിസം സഭൈക്യമെന്ന പേരിനേ അർഹമല്ല. ഐക്യത്തിനുവേണ്ടിയുള്ള ദാഹം നാമെടുക്കുകയും പക്വത പ്രാപിക്കുകയും ചെയ്യുന്നത് മനസിന്റെ നവീകരണത്തിൽനിന്നും സ്വയംപരിത്യാഗത്തിൽനിന്നും സ്നേഹത്തിന്റെ ഉദാരമായ അർപ്പണത്തിൽനിന്നുമാണ്. തന്മൂലം മറ്റുള്ളവർക്ക് സേവനം ചെയ്യുവാൻ വേണ്ടി ആത്മാർത്ഥമായ സ്വയം ത്യാഗത്തിന്റെയും എളിമയുടെയും സൗമ്യശീലത്തിന്റെയും വരം ദിവ്യാരൂപിയിൽനിന്നും യാചിക്കണം". (രണ്ടാം വത്തിക്കാൻ കൗൺസിൽ, സഭൈക്യം, നമ്പർ 7).

**e) സ്വന്തം ഇച്ഛയ്ക്ക് എതിരെ നയിക്കപ്പെടുന്നവനായ പത്രോസ് (യോഹ.21:18).**

മൂന്നു പ്രാവശ്യം യേശുവിനോ



### അഭി. പൗലോസ് മാർ പീലക്സിനോസ്

പുനരൈക്യ ആശയത്തിന്റെ പ്രസക്തി എക്കാലവുമുള്ളതാണ് എന്നതിന്റെ സാക്ഷ്യമാണ് പൗലോസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്ത. 1928 ഏപ്രിൽ 28-ന് തൃശൂർ ജില്ലയിലെ ആഞ്ഞൂർ ഗ്രാമത്തിൽ അയ്യൻകുളങ്ങര വീട്ടിൽ തോമസ് - താണ്ടക്കുട്ടി എന്നിവരുടെ മകനായി പൗലോസ് ജനിച്ചു. തൊഴിയൂർ സി.എം.എച്ച്.ഇ. സ്കൂളിലും, പടഞ്ഞി സർക്കാർ സ്കൂളിലും, കുന്നംകുളം ബോയ്സ് ഹൈസ്കൂളിലും വിദ്യാഭ്യാസം നിർവഹിച്ച പോൾ വൈദികനാകാൻ തന്റെ സഭാസമൂഹമായ മലബാർ സ്വതന്ത്ര സുറിയാനി സഭാ അരമനയിൽ ചേർന്നു. 1961 ഡിസംബർ 24-ന് തൊഴിയൂർ മെത്രാപ്പോലീത്ത ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായിൽനിന്നും വൈദികപട്ടം ലഭിച്ചു. ഡിസംബർ 9-ന് പോൾ അച്ചനെ മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ

ടുള്ള തന്റെ സ്നേഹവും വിശ്വസ്തതയും ഉറപ്പിച്ചുപറഞ്ഞതിനു ശേഷം പത്രോസിന് പ്രധാന ഇടയന്റെ ദൗത്യം നൽകപ്പെടുന്നു. ഉടനെതന്നെ പത്രോസിന്റെ രക്തസാക്ഷിത്വത്തെക്കുറിച്ചുള്ള സൂചനയും യേശു നൽകുന്നു: "സത്യം സത്യമായി ഞാൻ നിന്നോടു പറയുന്നു, ചെറുപ്പമായിരുന്നപ്പോൾ നീ സ്വയം അരമുറുക്കുകയും ഇഷ്ടമുള്ളിടത്തേക്ക് പോവുകയും ചെയ്തിരുന്നു. എന്നാൽ പ്രായമാകുമ്പോൾ നീ നിന്റെ കൈകൾ നീട്ടുകയും മറ്റൊരുവൻ നിന്റെ അര മുറുക്കുകയും നീ ആഗ്രഹിക്കാത്തിടത്തേക്കു നിന്നെ കൊണ്ടുപോവുകയും ചെയ്യും" (യോഹ.21:18). തന്നെത്തന്നെ കർത്താവിന്റെ മുമ്പിൽ അടിയറവു പറയുകയും ജീവൻ ത്യജിക്കാൻ തയ്യാറാണെന്ന വാക്കു പറയുകയും ചെയ്യുന്ന പത്രോസിനെ നാം കാണുന്നുണ്ട്. (യോഹ. 13:36-37). റോമൻ പാരമ്പര്യത്തിൽ പത്രോസിനെക്കുറിച്ചൊരു കഥയുണ്ട്: "Quo vadis, Dominae" (കർത്താവേ, നീ എവിടേയ്ക്കാണ്) എന്നു പത്രോസ് കർത്താവിനോടു ചോദിക്കുന്ന ചോദ്യം വിശ്വപ്രസിദ്ധമാണ്. റോമിലെ മതമർദനത്തിൽനിന്നും രക്തസാക്ഷിത്വത്തിൽനിന്നും ഒളിച്ചോടുന്ന പത്രോസിനെ യേശു കണ്ടുമുട്ടുമ്പോൾ പത്രോസ് ചോദിക്കുന്ന ചോദ്യമാണിത്. "ഞാൻ വീണ്ടും ക്രൂശിക്കപ്പെടാൻ റോമിലേക്കു പോകയാണ്" എന്ന് യേശു പറഞ്ഞപ്പോൾ പത്രോസ് തന്റെ വീഴ്ചയെപ്പറ്റി ഓർക്കുകയും വീണ്ടും റോമിലേക്കു തിരികെ പോയി യേശുവിനു വേണ്ടി മരണം വരിക്കുകയും ചെയ്തു.

ഗത്സമെൻ തോട്ടത്തിൽ പിതാവിന്റെ ഹിതം അറിയുന്നതിനു വേണ്ടി രക്തം വിയർത്തു പ്രാർത്ഥിക്കുന്ന യേശുവിനെ നാം കാണുന്നു. പ്രാർത്ഥനയ്ക്കിടയിൽ ഉറങ്ങുന്ന ശിഷ്യന്മാരെ കണ്ട് യേശു ചോദിക്കുന്നു: "ശിമയോനെ, നീ ഉറങ്ങുന്നുവോ? ഒരു മണിക്കൂർ ഉണർന്നിരിക്കാൻ നിനക്ക് കഴിഞ്ഞില്ലേ? പ്രലോഭനത്തിൽ അകപ്പെടാതിരിക്കുവാൻ ഉണർന്നിരുന്നു പ്രാർത്ഥിക്കുവിൻ (മർക്കോ.14:37-38). പിതാവുമായി ഐക്യത്തിലായിരിക്കുന്ന പുത്രനായ യേശുവിനെ അറിയുന്നതിനുവേണ്ടി, വലിയ പരിശ്രമം നടത്തുന്ന പത്രോസിനെ നാം കണ്ടുമുട്ടുന്നുണ്ട്. സഭയിൽ അനൈക്യങ്ങൾ ഉണ്ടാകുന്നതിനു കാരണം, ഓരോ വിഭജിത ഗ്രൂപ്പുകളും അവരുടെ ഹിതം ദൈവഹിതത്തെക്കാളധികമായി പ്രവർത്തിയിലാക്കുവാൻ പരിശ്രമിക്കുന്നു എന്നതാണ്. ദൈവഹിതത്തെക്കാൾ, ലോകത്തിന്റെ മോഹങ്ങൾക്കും പ്രലോഭനങ്ങൾക്കും അവർ അടിമപ്പെടുന്നു എന്നതാണ് സത്യം. തന്റെ ശിഷ്യന്മാർ താനും പിതാവും ഒന്നായിരിക്കുന്നതുപോലെ ഒന്നായിരിക്കണമെന്ന (യോഹ.17:21) ദൈവഹിതത്തിന് എതിരാണ് സഭയിലെ അനൈക്യം. ഇത് സാക്ഷ്യത്തെക്കാൾ അധികമായി എതിർസാക്ഷ്യം ലോകത്തിനു നൽകുന്നു. സഭൈക്യ സംരംഭങ്ങളിൽ ഏറ്റവും പ്രധാനമായി വേണ്ടത് ദൈവഹിതമനുസരിച്ച് സഭകൾ തമ്മിൽ ഒന്നിപ്പിന്റെ അരൂപിയിലേക്ക് വരുന്നതിനുവേണ്ടിയുള്ള പ്രാർത്ഥനയാണ്. ദൈവഹിതത്തിനനുസരിച്ച് മനുഷ്യൻ പെരുമാറുമ്പോൾ ദൈവത്തിന്റെ ആത്മാവിന് പ്രവർത്തിക്കാൻ ഇടം ലഭിക്കും. അപ്പോൾ ഐക്യത്തിന് തടസമായിരിക്കുന്ന എല്ലാ പ്രശ്നങ്ങളും വഴിമാറ്റപ്പെടും. സഭകളുടെ ഐക്യം സാധ്യമാകും.

## ഉപസംഹാരം

"പത്രോസിനെപ്പോലെ ബലഹീനനായ ഒരു മനുഷ്യനെ സഭയുടെ തലവനാക്കിയതിനു പിന്നിൽ ദൈവത്തിന് പ്രത്യേകമായ ഒരു ലക്ഷ്യമുണ്ടായിരുന്നു. വിജയം എപ്പോഴും ദൈവത്തിൽനിന്നാണ്. അതൊരിക്കലും മനുഷ്യന്റെ പദ്ധതികളിൽനിന്നുമല്ല. ദൈവികരഹസ്യങ്ങളുടെ സൂക്ഷിപ്പുകാരനും



## വഴിവിളക്കുകൾ

തയ്യാറാക്കിയത് **ലൈജു കോശി**

മെത്രാനായി മാർ തോമ്മാ സഭയിലെ യൂഹാനോൻ മാർ തോമ്മാ മെത്രാപ്പോലീത്ത മാർ പീലക്സിനോസ് എന്ന പേരിൽ വാഴിച്ചു. എന്നാൽ സത്യസഭ കത്തോലിക്കാ സഭയാണെന്ന തിരിച്ചറിവിൽ, 1977 ആഗസ്റ്റ് 28-ന് തൃശൂർ ബിഷപ്സ് ഹൗസിൽവച്ച് അഭിവന്ദ്യ മാർ ഗ്രിഗോറിയോസ് പിതാവ് മുമ്പാകെ സത്യപ്രതിജ്ഞചെയ്ത് കത്തോലിക്കാ സഭയെ ആശ്ലേഷിച്ചു. 1977 ഒക്ടോബർ 11-ന് 'ചായൽ സ്ഥാനിക മെത്രാനായി' പോൾ ആറാമൻ മാർപാപ്പ മാർ പീലക്സിനോസ് പിതാവിനെ നിയോഗിച്ചു. 21 വർഷക്കാലം മലങ്കര സുറിയാനി കത്തോലിക്ക സഭയിൽ ശുശ്രൂഷ നിർവഹിച്ച അഭിവന്ദ്യ പിതാവ് സഭയുടെ ആരാധനാക്രമം പരിഷ്കരിക്കുന്നതിനുള്ള ലിറ്റർജിക്കൽ കമ്മിറ്റി ചെയർമാനായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. വിദ്യാഭ്യാസ പ്രേഷിത ശുശ്രൂഷയിലും തല്പരനായിരുന്ന അദ്ദേഹം 1998 നവംബർ 8-ാം തീയതി കാലം ചെയ്തു. സഭൈക്യത്തിന്റെ അപ്പസ്തോലനായി മാർ പീലക്സിനോസ് പിതാവിനെ പരാമർശിക്കുന്നതിൽ യാതൊരു തെറ്റുമില്ല.

ദൈവികഭണ്ഡാരങ്ങളുടെ മേൽനോട്ടക്കാരനുമായി നൂറ്റാണ്ടുകളായി ബലഹീനരായ മനുഷ്യരെയാണ് ദൈവം ഭരമേല്പിച്ചിരിക്കുന്നത്. അങ്ങനെ മനുഷ്യന്റെ ബലഹീനതകളും വീഴ്ചകളും ദൈവം ദൈവിക വാഗ്ദാനങ്ങളുടെ ഭാഗമായി മാറ്റിയിരിക്കുന്നു" (ബെനഡിക്ട് പതിനാറാമൻ മാർപാപ്പ).

'തന്റെ ശരീരത്തിലെ മുള്ളിനെ'ക്കുറിച്ചും 'സാത്താന്റെ ദൂതനെ'ക്കുറിച്ചുമൊക്കെയുള്ള സൂചന നൽകുന്ന പൗലോസ് ശ്ലീഹാ തന്റെ ബലഹീനതകളെക്കുറിച്ചാണ് സൂചിപ്പിക്കുന്നത്. അദ്ദേഹം ഈ ബലഹീനതകൾ തന്നിൽനിന്നും എടുത്തുമാറ്റുവാൻ കർത്താവിനോട് അപേക്ഷിക്കുന്നുണ്ട്. എന്നാൽ, ദൈവം പ്രത്യുത്തരിക്കുന്നു: "നിനക്ക് എന്റെ കൃപമതി. എന്തെന്നാൽ ബലഹീനതയിലാണ് അവന്റെ ശക്തി പൂർണ്ണമായി പ്രകടമാകുന്നത്. ക്രിസ്തുവിന്റെ ശക്തി എന്റെ മേൽ ആവസിക്കേണ്ടതിന് ഞാൻ പൂർവാധികം സന്തോഷത്തോടെ എന്റെ ബലഹീനതയെക്കുറിച്ച് പ്രശംസിക്കും. അതുകൊണ്ട് ബലഹീനതകളിലും ആക്ഷേപങ്ങളിലും ഞെരുക്കങ്ങളിലും പീഡനങ്ങളിലും അത്യാഹിതങ്ങളിലും ഞാൻ ക്രിസ്തുവിനെപ്രതി സന്തുഷ്ടനാണ്. എന്തെന്നാൽ ബലഹീനനായിരിക്കുമ്പോഴാണ് ഞാൻ ശക്തനായിരിക്കുന്നത്" (2കോറി. 12:9-10).

ക്രിസ്തുമതത്തിന്റെ പിള്ളത്തൊട്ടിലായ മധ്യപൂർവദേശത്തുനിന്നും ക്രിസ്തുമതം വേരോടെ പിഴുതെറിയപ്പെട്ടുകൊണ്ടിരിക്കുന്ന ഭയാനകരംഗങ്ങൾക്ക് നാം സാക്ഷികളാണ്. ഈ പ്രദേശങ്ങളൊക്കെ സിറിയൻ ആരാധനക്രമപൈതൃകഭൂമിയെന്നു നാം അഭിമാനിക്കുന്ന പ്രദേശങ്ങളാണ്. നാം ഒന്നായില്ലെങ്കിൽ അത് ക്രിസ്തീയ വിശ്വാസത്തിന് ഈ ഭൂമിയിൽനിന്നുതന്നെയുള്ള മരണമണിയുടെ മുഴക്കം കേൾക്കേണ്ടിവരും എന്ന യാഥാർത്ഥ്യം മറന്നുകൂടാ. ഇന്ത്യാമഹാരാജ്യത്തും ഈ ഭീകരയാഥാർഥ്യം കടന്നുവരില്ല എന്നു പറയാനാവില്ല. വളരെ ചെറിയ ഒരു ഗണമായ ക്രൈസ്തവർ ഇന്ത്യയിൽ ഐക്യത്തിന്റെ പാതയിലായില്ലെങ്കിൽ അത് ഭാരതത്തിലെ ക്രൈസ്തവസഭയുടെ നിലനില്പിന് ഭീഷണിയാണ്. മാത്രവുമല്ല, ക്രിസ്തുവിനെ അറിയാത്ത ബഹുഭൂരിപക്ഷത്തോട് ക്രിസ്തുസാക്ഷ്യം പ്രഘോഷിക്കാനും നമുക്കു പ്രയാസപ്പെടേണ്ടിവരും. ഹിപ്പോയിലെ വിശുദ്ധ അഗസ്റ്റിന്റെ വാക്കുകൾ എക്യുമെനിസത്തിന്റെ രംഗത്ത് നമ്മെ നയിക്കട്ടെ. "അടിസ്ഥാന വിഷയങ്ങളിൽ ഐക്യം, ഐഛീക വിഷയങ്ങളിൽ സ്വാതന്ത്ര്യം, എല്ലാക്കാര്യങ്ങളിലും സ്നേഹം." ●

*കടപ്പാട്: മതവും ചിന്തയും*

# നമിപ്പൂ മക്കൾ

**സി. അഞ്ജലി എസ്.ഐ.സി**



മലങ്കര സഭതൻ വന്ദിതേ
ആദരവോടെ നിൻ സവിധെ
ജന്മശതോത്തര ജൂബിലി വേളയിൽ
സ്വർഗ്ഗീയ പൂമഴ വർഷിക്കണേ

പരിശുദ്ധി തന്നുടെ പര്യായവും
ദൈവീക ഭക്തിതൻ മുഖമുദ്രയും
ഒന്നിച്ചു ചേർന്നോരുപുണ്യതാതാ
മക്കളാം ഞങ്ങൾ നമിച്ചിടുന്നു

കണ്ണീരിൽ ചാലിച്ച പ്രർത്ഥനതൻ
സമ്മാനമായ തിരുവല്ല തന്നുടെ
പ്രഥമ താതനാം വന്ദ്യതാതാ
മക്കളാം ഞങ്ങൾ നമിച്ചിടുന്നു

ഉപവാസം പ്രാർത്ഥന പുണ്യങ്ങളാൽ
പ്രതിസന്ധി ഘട്ടങ്ങൾ തരണം ചെയ്ത്
സഭയെ വളർത്തിയ പുണ്യതാതാ
മക്കളാം ഞങ്ങൾ നമിച്ചിടുന്നു

ദൈവാരാധന തൻ ആലയവും
അക്ഷരജ്ഞാനത്തിൻ കലാലയവും
രോഗികൾക്ക് ആതുരാലയവും
സ്ഥാപിച്ച താതാ നമിച്ചിടുന്നു

പുനരൈക്യത്തിൻ സഹശിൽപിയായ
ബഥനിപ്രസ്ഥാനത്തിൻ നവജീവനായ്
ഉജ്വല ദീപമായ് പരിലസിക്കും
അഭിവന്ദ്യതാതാ നമിച്ചിടുന്നു

സുകൃതം സുകൃതരിൽ നിന്നുമല്ലോ
സുകൃതത്തിന്റെ കലവറയാം
സുകൃതനാം കൊച്ചുതിരുമേനി
സുകൃതം മക്കളിൽ വർഷിക്കട്ടെ ●



# ക്നാനായ പുനരൈക്യ പ്രസ്ഥാനം

ഫാ. ജോർജ്ജ് കുരിശുംമൂട്ടിൽ



എ.ഡി. 345 ൽ ദക്ഷിണ ഇറാക്കിൽ (ദക്ഷിണ മെസ്സപ്പൊട്ടോമിയ/ബാബിലോൺ) നിന്ന് കേരളക്കരയിൽ കുടിയേറിയവരാണ് ക്നാനായക്കാർ അഥവാ തെക്കുംഭാഗക്കാർ. 72 കുടുംബക്കാർ ഉറുകാ മാർ യൗസേഫ് മെത്രാനും, വൈദികരും, ശെമ്മാശന്മാരും അടങ്ങിയ ഒരു സഭാസമൂഹത്തിന്റെ പരിച്ഛേദമായിട്ടാണ് കീനായി തോമായുടെ നേതൃത്വത്തിൽ അവർ കുടിയേറിയത്. അവരെ അയച്ചത് പേർഷ്യൻ സഭയുടെ തലവനായ കാതോലിക്കാബാവായായിരുന്നു. ഈ പ്രേഷിത കുടിയേറ്റത്തോടെയാണ് പൗരസ്ത്യ സുറിയാനി (കൽദായ) റീത്ത് കേരളത്തിൽ ചിരപ്രതിഷ്ഠ നേടിയതും, പേർഷ്യൻ സഭയിൽനിന്നും മെത്രാന്മാർ സഭാശുശ്രൂഷയ്ക്കായി മലങ്കരയിൽ എത്തുവാൻ തുടക്കം കുറിച്ചതും.

16-ാം നൂറ്റാണ്ടിൽ കേരളത്തിലെ സുറിയാനി സഭയുടെ മേൽ പാശ്ചാത്യ ലത്തീൻ സഭയുടെ കൈകടത്തലുണ്ടായി. 1599 ലെ ഉദയംപേരൂർ സുന്നഹദോസ് മുതൽ 'ലത്തിനീകരണം' കൂടുതൽ ശക്തിപ്രാപിച്ചു. സുറിയാനി പാരമ്പര്യത്തിന്മേലുള്ള ഈ കടന്നുകയറ്റത്തിനെതിരെ ജനരോഷം പൊട്ടിത്തെറിച്ചത് 1653 ലെ കൂനൻകുരിശ് സത്യമെന്ന സംഭവത്തിലാണ്. തുടർന്ന് സുറിയാനിക്കാർ ഒന്നടങ്കം അവരുടെ നേതാവായ തോമാ അർക്കദിയാക്കോനെ 'മാർ തോമാ' എന്ന പേരിൽ തങ്ങളുടെ മെത്രാനായി വാഴിച്ചു. 12 വൈദികർ കൈവയ്പ് നടത്തിയ പ്രസ്തുത മെത്രാൻ വാഴ്ച സഭാനിയമപരമായി സാധുതയില്ലാത്തതായിരുന്നു.

ഈ നിർഭാഗ്യ സംഭവങ്ങൾ അറിഞ്ഞ റോം ഒരു കർമ്മലീത്താ കമ്മീസറിയെ (കമ്മീഷൻ) കേരളത്തിലേക്കയച്ചു. കേരള സുറിയാനി സഭയ്ക്കു തെറ്റുപറ്റിയിരിക്കുന്നു എന്ന് പറഞ്ഞ കമ്മീസറി മാർത്തോമ്മായോട് നിയമവിരുദ്ധമായി സ്വീകരിച്ച മെത്രാൻപട്ടം തിരുത്തി മാനസാന്തരപ്പെടണമെന്ന് ആവശ്യപ്പെട്ടു. എന്നാൽ ഇത് സുറിയാനിക്കാരുടെ ആത്മാഭിമാനത്തിന്റെ പ്രശ്നമായി കണ്ട മാർത്തോമ്മായും കൂട്ടരും തന്റെ മെത്രാൻപട്ടം നിയമപരമായ കൈവയ്പിലൂടെ സാധൂകരിച്ച് തന്നെ സുറിയാനിക്കാരുടെ മെത്രാനാക്കണമെന്ന് കമ്മീസറിയോട് ആവശ്യപ്പെട്ടു. എന്നാൽ ആ അപേക്ഷ നിരസിക്കപ്പെട്ടപ്പോൾ കേരള സുറിയാനി സഭ വലിയ ഒരു പ്രതിസന്ധിയിലേക്ക് നീങ്ങി. അന്നുണ്ടായിരുന്ന 116 സുറിയാനി പള്ളികളിൽ 84 പള്ളികൾ കമ്മീസറിയുടെ പക്ഷവും 32 പള്ളികൾ മാർത്തോമ്മായുടെ പക്ഷവും ചേർന്നു. സഭയിൽ ഒരു പിളർപ്പ് അനിവാര്യമായി തീർന്നു. അന്ന് കമ്മീസറിയോടൊപ്പം നിന്ന 84 പള്ളിക്കാരും കത്തോലിക്കാ സഭയിൽ 'പഴയകൂറുകാർ' എന്ന പേരിൽ നിലനിന്നുപോന്നു. അവർ ലത്തീൻ ഭരണത്തിൽ തുടർന്നു പോന്ന ഇന്നത്തെ 'സീറോ - മലബാർ' സഭാംഗങ്ങളാണ്. എന്നാൽ മാർത്തോമ്മാ മെത്രാനോടൊപ്പം നിന്ന 32 പള്ളിക്കാർ യാക്കോബായ സഭയുടെ ഭാഗമാകുകയും അതിനാൽ 'പുത്തൻകൂറുകാർ' എന്ന് അറിയപ്പെടുകയും ചെയ്തു. അവർ യാക്കോബായ സഭയുടെ ആരാധനാക്രമമായ അന്ത്യോക്യൻ സുറിയാനി റീത്ത് സാവധാനം സ്വീകരിക്കുകയും ചെയ്തു.



കേരള സുറിയാനി സഭയിലുണ്ടായ ഈ പിളർപ്പ് ക്നാനായ സമുദായത്തിലും ഉണ്ടായി. കൂനൻകുരിശ് സത്യം നടക്കുമ്പോൾ അന്നുണ്ടായിരുന്ന 116 സുറിയാനി പള്ളികളിൽ 5 എണ്ണം പൂർണ്ണമായി ക്നാനായ പള്ളികളും മറ്റ് പല പള്ളികളും ക്നാനായക്കാർക്ക് പകുതി അവകാശമുള്ളവയുമായിരുന്നു. ഈ ക്നാനായ പള്ളികൾ പഴയകൂർ, പുത്തൻകൂർ വിഭാഗങ്ങളിലായി വിഭജിക്കപ്പെട്ടു. അന്ന് മാർത്തോമ്മാ മെത്രാന്റെ പ്രധാന ആലോചനകൻ ക്നാനായക്കാരനായ കല്ലിശേരി ഇടവകക്കാരൻ ആഞ്ഞിലിമൂട്ടിൽ ഇട്ടിത്തൊമ്മൻ കത്തനാരായിരുന്നു. അദ്ദേഹത്തിന്റെ സ്വാധീനത്തിൽ കല്ലിശേരി ഇടവകയും കോട്ടയം വലിയപള്ളിയിലെ ഒരു വിഭാഗവും പുത്തൻകൂറിലായി. കോട്ടയം വലിയപള്ളിയിലെ മറുവിഭാഗവും കടുത്തുരുത്തി, ഉദയംപേരൂർ, തൊടുപുഴ ചുങ്കം എന്നീ പള്ളിക്കാരും, ക്നാനായക്കാർക്ക് പകുതി അവകാശമുണ്ടായിരുന്ന അതിരമ്പുഴ, പുന്നത്തുറ പിറവം, പൈങ്ങളം തുടങ്ങിയ പള്ളിക്കാരും പഴയകൂറിലായി. പുത്തൻകൂർ ക്നാനായക്കാർ യാക്കോബായ സഭയിൽ മലങ്കര മെത്രാപ്പോലീത്താമാരുടെ കീഴിലായിരുന്നു. 1876 ൽ യാക്കോബായ പാത്രിയർക്കീസ് പത്രോസ് തൃതീയൻ വിളിച്ചുകൂട്ടിയ മുളന്തുരുത്തി സുന്നഹദോസിൽ പുത്തൻകൂറുകാർ ഏഴ് ഭദ്രാസനങ്ങളിലായി വിഭജിക്കപ്പെട്ടു. അന്ന് ക്നാനായ യാക്കോബായക്കാർക്ക് ഏഴ് പള്ളികളാണ് ഉണ്ടായിരുന്നത്. അവ കല്ലിശേരി, കോട്ടയം വലിയപള്ളി, റാന്നി, ചിങ്ങവനം ദയറാ, നീലംപേരൂർ, വെളിയനാട്, രാമമംഗലം എന്നിവയായിരുന്നു. ഈ ഏഴ് പള്ളികൾ മൂന്ന് ഭദ്രാസനങ്ങളുടെ കീഴിലായി. ക്നാനായ യാക്കോബായ സമൂഹത്തെ ഒന്നിപ്പിച്ചു നിർത്താൻ 1882 ൽ ക്നാനായ കമ്മിറ്റി രൂപീകരിക്കപ്പെട്ടു. ഈ കമ്മിറ്റിക്ക് ക്നാനായക്കാരുടെ പൊതു ഐക്യം അനിവാര്യമാണെന്ന് ബോദ്ധ്യമായി. ചില പുനരൈക്യ ആലോചനകൾ അന്ന് നടന്നു. 1896 മാർ മത്തായി മാക്കീൽ ചങ്ങനാശേരിയുടെ മെത്രാനായപ്പോൾ ഈ ആലോചനകൾ കൂടുതൽ ശക്തിപ്പെട്ടു. ഇക്കാലത്ത് 'ക്നാനായ യുവജനസമാജം' പുത്തൻകൂറുകാർക്കിടയിൽ രൂപംകൊള്ളുകയും അവർ പുനരൈക്യ ആലോചനകൾ ശക്തിപ്പെടുത്തുകയും ചെയ്തു. 1910 ൽ ക്നാനായ യാക്കോബായക്കാർക്കും ഒരു ഭദ്രാസനം ലഭിച്ചു. 1911 ൽ ക്നാനായ കത്തോലിക്കർക്ക് കോട്ടയം രൂപതയും ലഭിച്ചു. ഇതിനുശേഷം ഇരുകൂട്ടരും പുനരൈക്യത്തിനായി ഒരു കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു.

എന്നാൽ 1915 ൽ ചിങ്ങവനത്തുവച്ച് നടന്ന യുവജന സമ്മേളനത്തിന്റെ അവസരത്തിൽ ഉണ്ടായ ഒരു സംഭവം പുനരൈക്യപ്രസ്ഥാനത്തിന്റെ നാഴികക്കല്ലായി മാറി. സമ്മേളനം നടന്ന ദിവസം രാത്രി ചിങ്ങവനം പുത്തൻപള്ളിയുടെ സെമിത്തേരിയിൽ ഒരു രഹസ്യ സമ്മേളനം നടന്നു. അതിന് നേതൃത്വം നൽ


കിയത് ഇടവഴിക്കൽ ഇ. പി. മാത്യു വക്കീലായിരുന്നു. അതിൽ വൈദികരായ മാങ്ങച്ചാലിലച്ചൻ, ഇരണയ്ക്കലച്ചൻ, ഒറ്റത്തൈക്കലച്ചൻ (പിന്നീട് ദിയസ്കോറോസ് തിരുമേനി), പുലിക്കാട്ടിലച്ചൻ തുടങ്ങിയവരും സന്നിഹിതരായിരുന്നു. സമ്മേളിച്ചവർ ഒരു നിശ്ചയപത്രം എഴുതി ഒപ്പിട്ടു. അവരുടെ തീരുമാനം പിന്നീട് യാഥാർത്ഥ്യമായി. ആ നിശ്ചയത്തിന്റെ ചുരുക്കം ഇപ്രകാരമാണ്. "നമ്മുടെ സമുദായത്തിന്റെ നന്മയ്ക്കായി നാം നമ്മുടെ സഹോദരന്മാരായ തെക്കുംഭാഗ സഹോദരങ്ങളുമായി എത്രയുംവേഗം വിശ്വാസത്തിൽ യോജിക്കണം. അതിനായി നമ്മുടെ അന്ത്യോക്യൻ റീത്ത് നമുക്ക് റോമിൽനിന്ന് അനുവദിച്ചുകിട്ടാൻ പരിശ്രമിക്കണം."

ഈ തീരുമാനം കോട്ടയം രൂപതാദ്ധ്യക്ഷൻ ചൂളപ്പറമ്പിൽ പിതാവിനെയും ക്നാനായ ഭദ്രാസന മെത്രാപ്പോലീത്താ ഇടവഴിക്കൽ സേവേറിയോസ് തിരുമേനിയെയും അറിയിച്ചു. ഇരു മെത്രാന്മാരും പുനരൈക്യത്തെക്കുറിച്ച് കൂടിയാലോചനകൾ നടത്തി. സേവേറിയോസ് തിരുമേനി ആവശ്യപ്പെട്ടതനുസരിച്ച് ചൂളപ്പറമ്പിൽ പിതാവ് പല യാക്കോബായ കേന്ദ്രങ്ങളും സന്ദർശിച്ച് പുനരൈക്യത്തിന്റെ ആവശ്യകതയെക്കുറിച്ച് ജനത്തെ ബോധവത്കരിച്ചു. കത്തോലിക്കാ സഭയിലേക്ക് പുനരൈക്യപ്പെടുന്നതിന് ക്നാനായ യാക്കോബായ സഹോദരങ്ങൾ അന്ന് മുൻപോട്ടുവച്ച ഏക വ്യവസ്ഥ തങ്ങളുടെ അന്ത്യോക്യൻ സുറിയാനി ക്രമം (മലങ്കര റീത്ത്) റോമിൽനിന്ന് അനുവദിച്ചു തരണം എന്നാണ്. മാർപാപ്പയുടെ അന്നത്തെ പ്രതിനിധി ഡലഗേറ്റ് അപ്പസ്തോലിക്കായെ കണ്ട് ക്നാനായക്കാരുടെ പുനരൈക്യത്തെപ്പറ്റി സംസാരിച്ചപ്പോൾ അദ്ദേഹം ഉപദേശിച്ചത് ക്നാനായക്കാരുടെ മാത്രം പുനരൈക്യത്തിനുവേണ്ടി റോമിൽനിന്ന് റീത്ത് അനുവദിച്ചുകിട്ടുക പ്രയാസമായിരിക്കും. പുത്തൻകൂർ സമൂഹത്തിന്റെ പൊതുവിലുള്ള പുനരൈക്യത്തിനായി അപേക്ഷിച്ചാൽ റീത്ത് അനുവദിച്ചുകിട്ടാൻ എളുപ്പമാകും. അതിനാൽ അന്നത്തെ സുറിയാനി കത്തോലിക്കാ മെത്രാന്മാർ സംയുക്തമായി വേണം ഈ അപേക്ഷ റോമിൽ സമർപ്പിക്കാൻ. അദ്ദേഹത്തിന്റെ ഉപദേശപ്രകാരം 18-11-1920 ൽ ചങ്ങനാശേരിയിൽ കൂടിയ സീറോ - മലബാർ മെത്രാന്മാരുടെ കോൺഫറൻസിൽ, പുനരൈക്യം സാദ്ധ്യമാക്കാൻ അന്ത്യോക്യൻ സുറിയാനി റീത്ത് കേരളത്തിൽ അനുവദിക്കണമെന്ന് നിവേദനം നാല് മെത്രാന്മാരും സംയുക്തമായി റോമിലേക്ക് അയച്ചു. ഈ അപേക്ഷയ്ക്ക് മറുപടി 5-7-1921 ൽ അന്ത്യോക്യൻ റീത്ത് കേരളത്തിൽ പുനരൈക്യപ്പെടുന്നവർക്കായി അനുവദിച്ചുകൊണ്ട് റോമിൽനിന്ന് കല്പന വന്നു. ഈ കല്പന അന്നത്തെ നാല് സീറോ മലബാർ മെത്രാന്മാർക്കും ലഭിച്ചു.

മലങ്കര റീത്ത് അനുവദിക്കപ്പെട്ട ശേഷം ചൂളപ്പറമ്പിൽ പിതാവ് സേവേറിയോസ് തിരുമേനിയുടെ സമ്മതത്തോടെ, ക്നാനായ യാക്കോബായ പള്ളികൾക്ക് പുനരൈക്യപ്പെടുവാനുള്ള കവാടം തുറക്കപ്പെട്ടിരിക്കുന്നു എന്ന് അറിയിച്ചുകൊണ്ട് കല്പനകൾ അറിയിച്ചു. പ്രസ്തുത കല്പനകളിൽ പുനരൈക്യപ്പെടുന്നവർക്ക് പ്രത്യേക പള്ളികൾ സ്ഥാപിക്കണമെന്നും, അന്ത്യോക്യൻ റീത്ത് പള്ളികളിൽ നടപ്പാക്കുമെന്നും അറിയിച്ചു. വീണ്ടും പുനരൈക്യപ്പെടുന്നവരുടെ ഭരണകാര്യത്തെക്കുറിച്ചും പിതാവ് പറയുന്നുണ്ട്. അവരുടെ പ്രത്യേക ഭരണത്തിനായി ആ റീത്തിൽ ഒരു മെത്രാനെ നിയമിക്കുന്നതിന്, റോമാ സിംഹാസനത്തിങ്കൽനിന്നും അനുമതി ലഭിക്കുന്നതുവരെ, ആ റീത്തുകാർക്ക് ഒരു വികാരി ജനറലിനെ നിയമിച്ചുകൊടുക്കുന്നതിന് തനിക്ക് റോമിൽനിന്ന് അനുവാദം കിട്ടിയതായി പിതാവ് തന്റെ കല്പനയിൽ പറയുന്നുണ്ട്.


മാർ സേവേറിയോസ് തിരുമേനി പുനരൈക്യശ്രമങ്ങളിൽനിന്ന് ഈ സാഹചര്യത്തിൽ പെട്ടെന്ന് പിൻവാങ്ങി. ഇതിന് പ്രധാന കാരണം അദ്ദേഹത്തിന് പിൻബലം നൽകിയവർ പുനരൈക്യ ഉദ്യമങ്ങളിൽനിന്നും പിന്മാറിയതാണ്. എന്നാൽ ചൂളപ്പറമ്പിൽ പിതാവിന്റെ ശ്രമഫലമായി ചെറിയ സമൂഹമായും വ്യക്തികളായും പലയിടത്തും പുനരൈക്യങ്ങൾ നടന്നു. ദീയസ്കോറോസ് തിരുമേനി വൈദികനായിരിക്കെ (ഫാ. തോമസ് ഒറ്റത്തൈക്കൽ) 29-10-1921 ൽ ആദ്യമായി പുനരൈ

## ഉപകാരസ്മരണ




**തോപ്പിൽ കളത്തിൽ നെല്ലാട്**

## ഉപകാര സ്മരണ



**ഒരു വിശ്വാസി**



### യൂദാശ്ലീഹായോടുള്ള പ്രാർത്ഥന


മിശിഹായുടെ ചാർച്ചക്കാരനും/ വിശ്വസ്ത ദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ്/ വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും/ അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും / മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും / അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ./ നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക് / അങ്ങയുടെ മദ്ധ്യസ്ഥതയിൽ **(ഇവിടെ ആവശ്യം പറയുക)** / ഈ അനുഗ്രഹം സാധിച്ചു തരണമേ. / എന്റെ എല്ലാ ആവശ്യങ്ങളിലും / വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും / എന്നെ പ്രത്യേകം സംരക്ഷിക്കണമേ. / ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും / എന്റെ പ്രത്യേക മദ്ധ്യസ്ഥനായി / അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും / ഞാൻ വാഗ്ദാനം ചെയ്യുന്നു.

**Mrs. തോമസ് അയിരൂർ**


കൃപ്പെട്ട വൈദികനാണ്. കേരള കത്തോലിക്കാ സഭയിൽ അന്ത്യോക്യൻ റീത്തിൽ ആദ്യമായി കുർബ്ബാന അർപ്പിച്ച വൈദികൻ അദ്ദേഹമാണ്. എന്നാൽ അദ്ദേഹത്തെ ചില ക്നാനായ - യാക്കോബായ നേതാക്കൾ നിർബന്ധിച്ച് യാക്കോബായ സഭയിലേക്ക് തിരികെ കൊണ്ടുപോയി. 1926 ൽ മെത്രാനാക്കി, അടുത്ത വർഷം അദ്ദേഹം ക്നാനായ യാക്കോബായ ഭദ്രാസനത്തിന്റെ ഭരണം ഏറ്റെടുത്തു. എന്നാൽ അദ്ദേഹത്തിന് കത്തോലിക്കാ വിശ്വാസത്തിലേക്ക് തിരികെ വരാൻ വലിയ ആഗ്രഹമുണ്ടായിരുന്നതിനാൽ അന്നത്തെ അപ്പസ്തോലിക്ക് ഡലഗേറ്റിനോട് അഭ്യർത്ഥിച്ചത്, "........... പുനരൈക്യപ്പെടുന്ന ക്നാനായ മലങ്കര വിശ്വാസികളുടെമേൽ പ്രത്യേക ഭരണാധികാരത്തോടെ തന്നെ കത്തോലിക്കാ സഭയിൽ സ്വീകരിക്കണം." 9-4-1930 ലെ ഡലഗേറ്റ് അപ്പസ്തോലിക്കായുടെ മറുപടി ക്രിയാത്മകമായിരുന്നില്ല. അന്ന് മാർ ഈവാനിയോസ് തിരുമേനി പുനരൈക്യപ്പെട്ടിരുന്നില്ല. ദീയസ്കോറോസ് തിരുമേനി പുനരൈക്യപ്പെടുവാനായി ചൂളപ്പറമ്പിൽ പിതാവിന്റെ സഹായം തേടി. ചൂളപ്പറമ്പിൽ പിതാവ് ഇതിനായി റോമുമായി കത്തിടപാടുകൾ നടത്തിക്കൊണ്ടിരിക്കുമ്പോൾ 1932 ൽ മലങ്കര ഹയരാർക്കി സ്ഥാപിതമാകുന്നത്.

കോട്ടയം രൂപതയിലെ മലങ്കര സമൂഹത്തെയും ഉൾപ്പെടുത്തിവേണം മലങ്കര ഹയരാർക്കി സ്ഥാപിക്കപ്പെടേണ്ടത് എന്നായിരുന്നു റോമിന്റെ ആഗ്രഹം. അതിനാൽ 11-6-1932 ൽ ഹയരാർക്കി സ്ഥാപിക്കുന്നതിന് രണ്ടാഴ്ചകൾക്കു മുമ്പ് പൗരസ്ത്യ തിരുസംഘം തലവൻ കർദ്ദിനാൾ സിഞ്ചേരോ മലങ്കര മെത്രാപ്പോലീത്താ മാർ ഈവാനിയോസ് തിരുമേനിയും കോട്ടയം മെത്രാൻ മാർ ചൂളപ്പറമ്പിൽ പിതാവും തമ്മിൽ കൂടിക്കാഴ്ച നടത്തി. ചർച്ചയിൽ ചൂളപ്പറമ്പിൽ പിതാവ് മുമ്പോട്ടുവെച്ച നിർദ്ദേശം തിരുസംഘം സ്വീകരിക്കുകയുണ്ടായി. ദീയസ്കോറോസ് തിരുമേനി പുനരൈക്യപ്പെടുമ്പോൾ കോട്ടയം രൂപതയിൽ നിലവിലുള്ള 6 മലങ്കര പള്ളികളും 6 മലങ്കര വൈദികരും ജനങ്ങളും ഒന്നിച്ച് ദീയസ്കോറോസ് തിരുമേനിയോടൊപ്പം ഒരു സഭാഘടകമായി മലങ്കരയിലേക്ക് കടന്നുവരാം എന്നതായിരുന്നു ആ നിർദ്ദേശം. പ്രസ്തുത ചർച്ചയുടെ അടിസ്ഥാനത്തിൽ 18-5-1932 ൽ പൗരസ്ത്യ തിരുസംഘം എടുത്ത തീരുമാനം, ദീയസ്കോറോസ് തിരുമേനിയുടെ പുനരൈക്യം നടക്കുന്നതുവരെ തൽക്കാലം ക്നാനായ മലങ്കര സമൂഹം കോട്ടയം രൂപതയിൽ നിൽക്കട്ടെ എന്നായിരുന്നു. 20-5-1932 ൽ ഇന്ത്യയിലെ മാർപാപ്പയുടെ അപ്പസ്തോലിക് ഡലഗേറ്റിനെ പ്രസ്തുത തീരുമാനം അറിയിക്കുകയും ചെയ്തു (ACO, FaSC. 761/31). എന്നാൽ ദീയസ്കോറോസ് തിരുമേനിയുടെ പുനരൈക്യത്തെ സംബന്ധിച്ച് വിശ്വാസ തിരുസംഘം എടുത്ത വ്യവസ്ഥ അദ്ദേഹത്തിനു കൂടി സ്വീകാര്യമല്ലാതെ വന്നതിനാൽ അദ്ദേഹത്തിന്റെ പുനരൈക്യം അന്ന് ഫലമണിയാതെ പോയി. എന്നാൽ പിന്നീട് 1939 ൽ ഈവാനിയോസ് തിരുമേനിയുടെ ശ്രമഫലമായി ദീയോസ്കോറോസ് തിരുമേനി പുനരൈക്യപ്പെട്ടു. എങ്കിലും 1943 ൽ അദ്ദേഹം കബറടങ്ങുന്നതുവരെ ഭരണമില്ലാതെ തിരുമൂലപുരത്ത് താമസിക്കുകയായിരുന്നു. കത്തോലിക്കാ സഭയിലേക്കുള്ള അദ്ദേഹത്തിന്റെ കടന്നുവരവ് ക്നാനായ പുനരൈക്യ പ്രസ്ഥാനത്തിന്റെ ചരിത്രത്തിലെ നാഴികക്കല്ലായിരുന്നു. അദ്ദേഹത്തിന്റെ പുനരൈക്യം പല ക്നാനായ കേന്ദ്രങ്ങളിലും പുനരൈക്യത്തിന് ഉണർവ്വും പ്രോത്സാഹനവും നൽകി.

കഴിഞ്ഞ തലമുറയിൽ പുനരൈക്യപ്പെട്ടവരായി 17 ക്നാനായ വൈദികർ ഉണ്ടായിരുന്നു. ഇന്ന് കോട്ടയം അതിരൂപതയിൽ 16 മലങ്കര പള്ളികളും 8 മലങ്കര വൈദികരും ഉണ്ട്. കഴിഞ്ഞ 94 വർഷമായി കോട്ടയം രൂപതയുടെ കീഴിൽ കഴിയുന്ന ഈ മലങ്കര സമൂഹം ഇന്നും ഒരു സഭാഘടകമായി ഉയർത്തപ്പെട്ടിട്ടില്ല എന്ന യാഥാർത്ഥ്യം അവശേഷിക്കുന്നു. കാലാകാലങ്ങളിൽ റോം ഈ ലക്ഷ്യപ്രാപ്തിക്കായി നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും പല പ്രതിബന്ധങ്ങളും അതിനെതിരെ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ഇതിന്റെ അടിസ്ഥാന കാരണങ്ങളിൽ ഒന്ന് ഏതാണ്ട് ഒരു നൂറ്റാണ്ടുകാലമായി ഈ മലങ്കര സമൂഹം മലബാർ സഭയിലെ കോട്ടയം രൂപതയിൽ നിലനിൽക്കുന്നു എന്ന സത്യമാണ്. ഈ സമൂഹത്തിന്റെ മലങ്കര സ്വത്വബോധത്തിന് ഇന്ന് വലിയ തോതിൽ അപചയം സംഭവിച്ചിട്ടുണ്ട്. പുനരൈക്യ പ്രേഷിത ദൗത്യത്തിന്റെ ആവേശം വളരെയേറെ ചോർന്നിട്ടുണ്ട്. ഈ സ്ഥിതിക്കും ഒരു പരിഹാരം കാണുവാൻ കാലാകാലങ്ങളിൽ പല ശ്രമങ്ങളും നടന്നിട്ടുണ്ട്. എന്നാൽ അവസാനമായി മാർ ക്ലീമീസ് കാതോലിക്കാ ബാവായും മാർ മൂലക്കാട്ടു പിതാവും കൂടെ 27-07-2011 ൽ പൗരസ്ത്യ തിരുസംഘത്തിന് സംയുക്തമായി ഒരു നിവേദനം സമർപ്പിച്ചു. അതിൽ ഈ സമൂഹത്തിന് ഒരു രൂപതയും മെത്രാനും ലഭിക്കുവാൻ അപേക്ഷിച്ചിരുന്നു. 8-11-2011 ൽ തിരുസംഘം നൽകിയ മറുപടിയിൽ വന്ന നിർദ്ദേശം ഈ ലക്ഷ്യം സാധിക്കുവാനായി മലങ്കരക്കാരായി കോട്ടയം രൂപതയിലും മലങ്കര കത്തോലിക്കാ സഭയിലും ഇപ്പോഴുള്ള ക്നാനായ മലങ്കരക്കാരെ ഒരു സഭാഘടകമായി മലങ്കര സഭയിൽ രൂപീകരിക്കുക എന്നതാണ്. അതിനുള്ള ആദ്യ നടപടിയായി കോട്ടയം മെത്രാന് കോട്ടയം രൂപതയിലെ മലങ്കരക്കാരുടെ മേലുള്ള അധികാരം മലങ്കര മേജർ ആർച്ചുബിഷപ്പിന് കൈമാറുക. പുതിയതായി മലങ്കര സഭയിൽ രൂപംകൊള്ളുന്ന ഈ ക്നാനായ സഭാഘടകത്തിന്റെ കാര്യങ്ങൾ പിന്നീട് മലങ്കര സിനഡ് നിശ്ചയിക്കും. റോമിന്റെ ഈ നിർദ്ദേശം ഭാഗികമായി നടപ്പാക്കാൻ കോട്ടയം അതിരൂപതാദ്ധ്യക്ഷൻ, കോട്ടയം രൂപതയ്ക്കുള്ളിലുള്ള മലങ്കര ക്നാനായക്കാർക്ക് ഒരു മലങ്കര മെത്രാനെ ലഭിക്കുവാൻ ഇപ്പോൾ മലങ്കര മേജർ ആർച്ചുബിഷപ്പിനും മലങ്കര സിനഡിനും അപേക്ഷ സമർപ്പിച്ചിരിക്കുകയാണ്.



# RE-UNION BECAME A REALITY



**Fr. Varghese Karipayil**
**Article presented in The International Eucharistic Congress, Mumbai**

On the morning of 20th August 1930, a strange procession was seen wending its way down the mountain slopes of Perunad. Mar Ivanios, Mar Theophilus, eighteen suffronrobed monks and a straggle of orphans at the rear walked slowly with bent heads. They were 'foresaking' Bethany the house which had sheltered them for eleven years. Where were they going indeed? They were pioneers of a great mass re-union movement.

They got into the boats which awaited them at the river Bethany. At 4 p.m. they reached Ranni, from where they travelled by bus so as to reach Vennikulam before dusk. The party stayed in a day-school of which Mar Ivanios was manager. After a frugal supper, all gladly sought rest on the bare floor - Bishops, Priests, brethren and orphans side by side. The next day Mar Ivanios and Mar Theophilus left for Thirumoolapuram near Tiruvalla. The life of the Monk s at Vennikulam was really pathetic yet devotional. The news about Bethany Asram had gone far and wide. Sympathisers and the merely curious hastened to Tiruvalla to call on Mar Ivanios. They found him a prey to a certain amount of natural anxiety concerning the course of events, but full of confidence in his mission nevertheless. At that period Mar Ivanios suffered actual want, for, the people of Tiruvalla who had formerly been generous, now withdraw their support. Rice was scarce and curries were a luxury. But fasting did not worry the two bishops.

The sufferings and persecutions of the bishops and others were terrible than miserable. The crowds who had once acclaimed him on Dwarf Mountain, rejoicing if they might so much as manage to kiss the hem of his garment, began to hoot and booh him. Children whom his hands had blessed, were encouraged by their parents to throw stones at him not to hurt, but just to show their contempt. But the great Mar Ivanios was not in the least perturbed.

On Thursday the 18th September 1930, early morning a car moved from Tiruvalla along the road to the South at its full speed and stopped in front of the Bishop's House, Quilon. Out from it "The Indian Newman" and a group of four came. The 'Newman' was no less a personage than the great Mar Ivanios, the pride and glory of the non-Catholic Christians of Kerala. His long bearded face looked serene and calm, in spite of a thousand anxieties that beset him. His fiery eyes that have the marvellous power to read the thoughts and feelings of others, looked all the more graceful and seraphic. The angelic smile that has the magnetic power to win the hearts, played pleasently over his lips. His majestic head was held erect despite a sense of impending difficulties and persecution. His sagacious fore-head spoke eloquently of a staunch and firm purpose in his mind. His noble heart was throbbing fast to realise his long desired goal.

Out from the Bishop's House, a Venerable prelate whos face wreathed in smiles came down, with outstretched in smiles came down, with out-stretched arms to welcome the party with joy. He was none other than Dr. Aloysius Benziger of revered memory, the Carmelite Bishop of Quilon. All the five newcomers rested in prayer for two days. They made it days of Retreat. All of the group observed strict fast.

Early morning at 7.30 a.m. on 20th September 1930 the great Mar Ivanios, the saintly Bishop Mar Theophilus, Rev. Fr. John OIC, Deacon Alex (now Fr. Seraphion OIC) and Kileeleth Chacko knelt down in the 'House of God'. Mar Ivanios, holding fast his episcopal golden hand-cross in his right hand and the Holy Bible in the other, made the profession of Faith to Bishop Dr. Benziger in the presence of Dr. James Kalacherry, the then Bishop of Changanacherry, and Dr. Vincent Pereira, the then Bishop Elect of Kottar, Mar Ivanios in entering the Noah's Ark of the New Testament prophetically took with him four companions: a Bishop, a priest, a deacon and a lay-man indicating that Bishops, priests, clerics in Holy Orders and laymen in plenty were to follow his noble example, in subsequent years.

The entire Christian world recognised it as the greatest Church-ward movement of the 20th century. If heaven will rejoice at the conversion of a single sinner, how unbounded must be the joy in heaven at the pleasant sight of such an army of converts? If 3rd January 1653 was the most sorrowful day in the annals of the Church in India, 20th September 1930 was the happiest day. If the former was to divide and separate the St. Thomas Christians, the latter was to unite and strengthen them under the banner of the Pope, the visible head of the Church.

Pope Pius XI gracioushy sent a cable message of congratulations to Mar Ivanios, assuring him and his companions, "A welcome, A Big welcome." Later, the secretary to the Holy Father sent a long message. A part of it reads thus:-

"...........His Holiness receive with great satisfaction and joy, the consoling news of the conversion to the Catholic Church, of the Jacobite clergy and people, and has cofided to me the honourable office of communicating to your Excellency, Mar Theophilus, the priests, the Religious and faithful returned to the one Holy Catholic Faith, his paternal blessing. The Holy Father purses with special interest and solicitude your zealous labours animated by a magnanimous spirit of Christian Charity, exhorting at the same time pious to join him in beseeching the Lord, from the abundance of His mercy, to bless all with the plenitude of His gifts..."

Sunday the 21st Sept. 1930 was a busy as well as happy day for Mar Ivanios. He received all the inmates of Vennikulam Asram into the Holy Church. All the Bethany sisters were admitted to re-union on Monday morning. Gradually priests, clerics and layfolk began to find their way to the Catholic Church through the new movement under Mar Ivanios.

On 2nd May 1932, Mar Ivanios visited Rome to pay his homage to the Holy Father. One of the persons present at the first meeting between the Holy Father and Mar Ivanios revealed that the joy of both was so great, it almost overflowed; and Pope Pius XI, who never ventured to speak English though he understood the language well, broke his habitual reserve to say with deep feeling: "You are a good son". Perhaps no ther word in the whole interview, conducted by means of interpreters, gave Mar Ivanios so much happiness. By an altogether singular privilege, the Holy Father desired to confer the Sacred Pallium on Mar Ivanios with his own hands.

Explaining his conversion to the world, Mar Ivanios spoke from Rome that in his early life he had special admiration for the saints. "I craved the heavenly joy of communion with the saints. I found out that this joy was un-attainable so long as I stayed away from that Church which had produced and nurtured them. Another feature of the Church that struck me irresistibly is the fact of its sure guidance on everything connected with life, both for individuals and for mankind."

On 11th June 1932, by the decree "Christo Pastorum principal", the same Holy Father Pius XI, known as the 'Pope of Re-union" established the Syro-Malankara Hierarchy with Trivandrum as Archdiocese and Tiruvalla as its suffragan diocese. Thus a new Rite that has its time-honoured traditions and customs was added to the "enticing beauty of the diversity of various Rites of the Catholic Church."

The ceremonies of this Oriental rite will strike everyone as most impressive. The vestment worn is much like the cope and is embroidered with the Eucharistic symbols of wheat and grapes; special slippers are worn together with this, but only at the altar. The book being an Eastern Syriac Missal, the celebrant begins to read it from the end backward. At the time of the Holy Mass, several invocations to the Holy Ghost are made and the celebrant lifts his arms heavenward, bringing down the hands subsequently with a fluttering motion that signifies the descent of the Paraclete upon the Divine Mysteries.

The priests while giving solemn blessing during Mass, makes the sign of the Cross over the people with the thumb and first two fingers joined together signifying the Holy Trinity. The people also sign themselves in the same way.

The words of consecrations are said aloud and the bell is rung continually until the double act is done. A procession is made during Mass, the celebrant coming forward to the middle of the sanctuary and lifting the Chalice and the Paten on high to bless the congregation and the faithful may see them in preparation for Communion. The Communion is given to the people under both kinds, as is the custom of Eastern Churches. The particle from the Host is dipped in the Precious Blood and is received by the communicant standing, as was the universal custom of the ancient Church.

This rite uses Malayalam, the local langauage, along with Syriac in its liturgy. It is easy to follow and is enriched with elements of solemnity, majesty and mystery. It maintains a continuous dialogue between the celebrant and the community. Since there is full participation of the laity in the liturgy, the ceremony becomes lively as well as devotional, and so it is truly a people's liturgy. The liturgy has got intimate connexion with the Holy Scripture, and the prayers are replete with echoes and idioms of the Bible. The liturgy of the Syro-Malankara Rite is thus a shining jewel on the diadem of the ever so beautiful One, Holy, Catholic and Appostolic Church, the spouse of Jesus Christ.



# മാർത്തോമ്മാ നസ്രാണി സഭകളുടെ ഐക്യവും മാർപാപ്പായുടെ നേതൃത്വവും



ഫാ. ജോർജ് തേക്കടയിൽ

**ആമുഖം**

സുവിശേഷസത്യങ്ങൾ ആർക്കും നിഷേധിക്കാനാവില്ല, എങ്കിലും തള്ളിപ്പറയാനാവും. കാലാകാലങ്ങളിൽ ക്രൈസ്തവസഭയിൽ ഉടലെടുത്ത അനൈക്യങ്ങളും അന്തഛിദ്രങ്ങളും സഭയുടെ കൂട്ടായ്മയെയും ഐക്യത്തെയും നല്ലതുപോലെ ദുർബലപ്പെടുത്തിയിട്ടുണ്ട്. ത്രിയേക ദൈവത്തിന്റെ കൂട്ടായ്മപോലെ എല്ലാവരും തന്നിലൊന്നായിരിക്കണമെന്നതാണ് യേശുക്രിസ്തുവിന്റെ ആഗ്രഹം. മനുഷ്യവർഗ്ഗം സ്വതവേ പാപചായ്‌വ് ഉള്ളതാകയാൽ യേശുക്രിസ്തുവിന്റെ ആഗ്രഹം സാധിതമാകുന്ന ലക്ഷണമൊന്നും സഭയിൽ കാണുന്നില്ല. കത്തോലിക്കാ - ഓർത്തഡോക്സ് - പ്രൊട്ടസ്റ്റന്റ് - പെന്തക്കൊസ്തൽ ചേരികളിലായി ലോകമെങ്ങും ക്രൈസ്തവ സമൂഹം വിഭജിക്കപ്പെട്ടിരിക്കുന്നു. അനൈക്യത്തിന്റെ ദുരാത്മാവ് ശക്തമായി ക്രൈസ്തവരെ സ്വാധീനിച്ചുകൊണ്ടിരിക്കുന്നു. തന്നിൽ വിശ്വസിക്കുന്നവർ ഒന്നായാൽമാത്രമേ മനുഷ്യകുലത്തെ മുഴുവനും തന്നിലൂടെ പിതാവിലേക്ക് അടുപ്പിക്കാനാവൂ എന്ന അവബോധം യേശുക്രിസ്തുവിനുണ്ടായിരുന്നു. അവിടുന്ന് തന്റെ സഭയെ നയിക്കാനും ലോകമെങ്ങും സുവിശേഷം പ്രഘോഷിപ്പിക്കാനുമായി പത്രോസിന്റെ നേതൃത്വത്തിലുള്ള അപ്പസ്തോല സംഘത്തെ ദൗത്യം ഭരമേല്പിച്ചും, യുഗാന്ത്യം വരെയും നമ്മോടുകൂടി ആയിരിക്കുവാൻ തന്റെ പരിശുദ്ധാത്മാവിനെ അയച്ചുകൊണ്ടും വി. കുർബാന സ്ഥാപിച്ചുകൊണ്ടും അവിടുത്തെ ഭൗതികശരീരമായ സഭയിൽ ജീവിക്കുന്നു. പന്ത്രണ്ട് അപ്പസ്തോലന്മാരിൽ ഒരുവനായ തോമസ് ഭാരതത്തിലുമെത്തി സുവിശേഷം പ്രഘോഷിച്ചു. മാർത്തോമ്മാ ശ്ലീഹായുടെ അപ്പസ്തോലിക പൈതൃകമുള്ള ഒരു സഭാ സമൂഹത്തിന് അടിസ്ഥാനമിട്ടു. ക്രിസ്തു സഭയിൽ പത്രോസിനുള്ള പ്രത്യേക ദൗത്യവും അദ്ദേ

ഹത്തിന്റെ പിൻഗാമിയായ റോമിന്റെ മെത്രാന്റെ സവിശേഷ, പ്രാധാന്യവും ചുരുങ്ങിയ വാക്കുകളിൽ വിശദമാക്കുവാനുള്ള ശ്രമമാണ് ഈ ലേഖനത്തിനുള്ളത്.

## 1. പത്രോസിന്റെ ദ്വിവിധ ദൗത്യങ്ങൾ വി. ഗ്രന്ഥത്തിലും സഭാപാരമ്പര്യത്തിലും

ബലഹീനനായ ശിമയോൻ പത്രോസിന് കേപ്പാ അഥവാ പാറ എന്ന പേരാണ് യേശുക്രിസ്തു നൽകുന്നത്. ബലഹീനരായ മനുഷ്യരെയാണ് പാറപോലെ ഉറപ്പുള്ള, ഏതെല്ലാം നാരകീയ ശക്തികൾ വന്നാലും ഇളകാത്ത തന്റെ സഭയെ ദൈവം ഭരമേല്പിച്ചിരിക്കുന്നത്. പത്രോസിന് രണ്ടു ദൗത്യങ്ങളായിരുന്നു ഉള്ളത്. അപ്പസ്തോല സംഘത്തിന്റെ തലവനെന്ന ദൗത്യവും അപ്പസ്തോലന്മാരിൽ ഒരുവനെന്ന ദൗത്യവും. അപ്പസ്തോല സംഘത്തലവനെന്ന നിലയിൽ യേശുക്രിസ്തുവിന്റെ സഭയിൽ പത്രോസിനുള്ള സാർവ്വത്രിക മാനത്തെ സൂചിപ്പിക്കുന്നു. അപ്പസ്തോല സംഘത്തിലൊരുവനെന്ന നിലയിൽ മറ്റ് അപ്പസ്തോലന്മാരെപ്പോലെ സുവിശേഷം പ്രഘോഷിക്കാനുള്ളതും ഒരു പ്രാദേശിക സഭയ്ക്ക് നേതൃത്വം നൽകാനുള്ളതുമായ ദൗത്യത്തെ സൂചിപ്പിക്കുന്നു. യേശുക്രിസ്തുവിന്റെ ശ്ലീഹന്മാരിൽ ആരുടെയെങ്കിലും അപ്പസ്തോലിക പൈതൃകം അവകാശപ്പെടുന്ന ഒരു സഭയ്ക്കും പത്രോസ് ശ്ലീഹായ്ക്ക് യേശുക്രിസ്തു നൽകിയ സുവിശേഷദൗത്യവും അദ്ദേഹത്തിന്റെ പിൻഗാമിയായ റോമിന്റെ മെത്രാനായ മാർപാപ്പയ്ക്കുള്ള സുവിശേഷദൗത്യവും അംഗീകരിക്കാതിരിക്കാനാവില്ല.

പത്രോസിന്റെ പ്രത്യേക ദൗത്യം അപ്പസ്തോലന്മാരുടെ കൂട്ടായ്മയെ ശക്തിപ്പെടുത്തുക എന്നതായിരുന്നു. കൂട്ടായ്മയെ ശക്തിപ്പെടുത്തുന്നതിന് ഒരു നേതാവ് വേണമെന്നത് സ്വാഭാവികമാണ്. സഭ ഏകവും സാർവ്വത്രികവും ശ്ലൈഹികവും വിശുദ്ധവുമാണ്. സഭയ്ക്ക് ആത്മീയ മാനവും ഭൗമിക മാനവുമുണ്ട്. യേശുക്രിസ്തു സ്ഥാപിച്ചതിനാൽ അത് ആത്മീയമാണ്. മനുഷ്യകുലത്തിനുവേണ്ടി സ്ഥാപിക്കപ്പെട്ടതിനാൽ അതിന് ഭൗമികവും ഭൗതികവുമായ തലവുമുണ്ട്. സഭ ഒന്നാണെങ്കിലും അത് സാർവ്വത്രികവുമാണ്. അതുകൊണ്ടുതന്നെ സഭയുടെ ഏകത്വവും സാർവ്വത്രികതയും വെളിവാകുന്നത് അപ്പോസ്തോലന്മാരിലൂടെയും അവർക്ക് നേതൃത്വം നൽകിയ പത്രോസിലൂടെയും ഇന്നത്തെ സഭയ്ക്ക് നേതൃത്വം നൽകുന്ന അവരുടെ പിൻഗാമികളിലൂടെയുമാണ്.

പത്രോസിന്റെ പ്രത്യേകമായ ദൗത്യങ്ങളെ സൂചിപ്പിക്കാൻ ബൈബിളിൽ പുതിയ നിയമത്തിൽ അനേകം ഭാഗങ്ങളുണ്ട്. യേശു ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാണെന്നു പറയുന്ന പത്രോസിന് ക്രിസ്തു പുതിയ ദൗത്യം നൽകുന്നതായി നാം വായിക്കുന്നു (മത്താ. 16:13-19). പത്രോസിന് കേപ്പാ എന്ന പേരുനൽകി, ഈ പാറമേൽ തന്റെ സഭ സ്ഥാപിക്കുമെന്ന വാഗ്ദാനം പത്രോസിന്റെ പ്രഥമവും പ്രത്യേകവുമായ ദൗത്യത്തെ സൂചിപ്പിക്കുന്നു.

സഹോദരരെ ശക്തിപ്പെടുത്താനുള്ള ദൗത്യം,പത്രോസിനെ ഭരമേല്പിക്കുന്ന രംഗം, പത്രോസിന്റെ പ്രത്യേക ദൗത്യത്തെ സൂചിപ്പിക്കുന്നു. "ശിമയോൻ, ശിമയോൻ, ഇതാ, സാത്താൻ നിങ്ങളെ ഗോതമ്പുപോലെ പാറ്റാൻ ഉദ്യമിച്ചു. എന്നാൽ നിന്റെ വിശ്വാസം ക്ഷയിക്കാതിരിക്കാൻ ഞാൻ നിനക്കുവേണ്ടി പ്രാർത്ഥിച്ചു. നീ തിരിച്ചുവന്ന് നിന്റെ സഹോദരരെ ശക്തിപ്പെടുത്തണം." (ലൂക്ക. 22:31-34). ബലഹീനനായ പത്രോസ് യേശുവിനെ മൂന്നുപ്രാവശ്യം തള്ളിപ്പറഞ്ഞിട്ട്, വീണ്ടും തിരിച്ചുവന്ന് അപ്പസ്തോല സംഘത്തെ ശക്തിപ്പെടുത്തുകയും ഒന്നിപ്പിക്കുകയും ചെയ്യുന്നത് നാം കാണുന്നുണ്ട് (നടപടി 1:15; 2:14; 2:37; 3:6).

യേശുവിന്റെ ഉത്ഥാനത്തിനുശേഷം ശിമയോൻ പത്രോസും മറ്റ് അപ്പസ്തോലന്മാരും മീൻ പിടിക്കാൻ പോകുന്നതും, യേശുവിന്റെ നിർദ്ദേശപ്രകാരം മീൻ പിടിക്കുന്നതും, പത്രോസിന്റെ നേതൃത്വത്തിൽ വല നിറയെ മീൻ പിടിക്കുന്നതുമായ സംഭവങ്ങൾ വി. യോഹന്നാൻ വിവരിക്കുന്നുണ്ട് (യോഹ. 21:1-14). വലയിൽ നിറഞ്ഞ മത്സ്യങ്ങൾ സഭയുടെ സാർവ്വത്രികതയെ സൂചിപ്പിക്കുന്നു. സാർവ്വത്രിക സഭയിൽ പത്രോസിന്റെ നേതൃത്വത്തെ സൂചിപ്പിക്കുന്നു. പ്രാതൽ കഴിഞ്ഞ് ശിമയോൻ പത്രോസിനെ "ആടുകളെ മേയിക്കാനുള്ള" ഉത്തരവാദിത്വം യേശുക്രിസ്തു ഭരമേല്പിക്കുന്നു (യോഹ. 21:15-19). വിവിധ ഓർത്തഡോക്സ് പാരമ്പര്യമുള്ള സഭകൾ (ബൈസന്റൈൻ - ഓറിയന്റൽ ഓർത്തഡോക്സ് സഭകൾ) പത്രോസിന്റെ പ്രത്യേക ദൗത്യത്തെ പലപ്പോഴും വിലയിടിച്ച് കാണിക്കുന്നതിനുവേണ്ടി പലവിധ വാദമുഖങ്ങൾ ഉന്നയിക്കാറുണ്ട്.

അപ്പസ്തോല പ്രവർത്തനങ്ങളുടെ പുസ്തകത്തിൽ പലപ്രാവശ്യം പത്രോസിന്റെ നേതൃത്വത്തെ എടുത്തുപറയുന്നുണ്ട്. ജറുശലേം സുന്നഹദോസിൽ (നടപടി 15:1-21) പത്രോസും പ്രാദേശിക സഭാതലവനെന്ന നിലയിൽ യാക്കോബുമാണ് നേതൃത്വം നൽകുന്നത്. സഭയുടെ സാർവ്വത്രികതയും ദേശീയതയും (പ്രാദേശികതയും) ഇവിടെ വ്യക്തമായി പ്രകടമാകുന്നുണ്ട്. യാക്കോബ് ജറുശലേമിന്റെ അപ്പസ്തോലനായിരുന്നല്ലോ.

## 2. പത്രോസിന്റെ പ്രഥമ സ്ഥാനവും റോമാ സിംഹാസനത്തിന്റെ സൈന്യവും സഭാപിതാക്കന്മാരുടെയും സഭാപാരമ്പര്യങ്ങളുടെയും സാക്ഷ്യം

സഭയുടെ വിശ്വാസത്തിന്റെ

അടിസ്ഥാന സ്രോതസ്സുകൾ വി. ഗ്രന്ഥവും സഭയുടെ വി. പാരമ്പര്യവുമാണ്. കത്തോലിക്കാ - ഓർത്തഡോക്സ് സഭകൾ ഇക്കാര്യം വളരെ ശക്തമായി സ്വീകരിക്കുന്നതുമാണ്. വി. പത്രോസിന്റെ പ്രഥമസ്ഥാനവും റോമാ സിംഹാസനത്തിന്റെ സാർവ്വത്രിക സഭാനേതൃസ്ഥാനവും സഭാപാരമ്പര്യത്തിന്റെകൂടെ ഭാഗമാണ്. ഇക്കാര്യത്തെക്കുറിച്ച് സഭാപിതാക്കന്മാർ വളരെ വ്യക്തമായി പറഞ്ഞുവച്ചിട്ടുണ്ട്. റോമിലെ വി. ക്ലമന്റ് (എ.ഡി. 96), അന്ത്യോക്യായിലെ വി. ഇഗ്നാത്തിയോസ് (എ.ഡി. 110), ലിയോൺസിലെ വി. ഇരണേവൂസ് (എ.ഡി.198), തെർത്തുല്ല്യൻ (എ.ഡി. 220), ഒരിജൻ (എ.ഡി.248), കാർത്തേജിലെ വി. സിപ്രിയൻ, ജറുശലേം പാത്രിയർക്കീസായിരുന്ന വി. സിറിൾ (എ.ഡി.363), അലക്സാണ്ട്രിയായിലെ മെത്രാനായിരുന്ന വി. പത്രോസ് (എ.ഡി. 306-311), ഈജിപ്തിലെ വി. അന്തോണി (എ.ഡി. 330), വി. അത്തനാസ്യോസ് (എ.ഡി. 362), ഈജിപ്തിലെ വി. മക്കാറിയൂസ് (എ.ഡി. 371), അലക്സാണ്ട്രിയായിലെ വി. സിറിൾ (എ.ഡി. 424), പൗരസ്ത്യ സുറിയാനി സഭയിലെ മല്പാനായിരുന്ന വി. അപ്രേം, വി. ജറോം, വി. അംബ്രോസ്, വി. അഗസ്തീനോസ്, കോൺസ്റ്റാന്റിനോപ്പിളിലെ പാത്രിയാർക്കീസായിരുന്ന വി. ജോൺ ക്രിസോസ്റ്റം, സന്യാസശ്രേഷ്ഠനായിരുന്ന ജോൺ കസിയാൻ, സിറിയായിലെ മെത്രാനായിരുന്ന തെയോഡോർ, സാറൂഗിലെ വി. യാക്കോബ്, വി. മാക്സിമൂസ്, മാറോനീത്താ പാത്രിയാർക്കീസായിരുന്ന വി. ജോൺ മാറോ, മോശാ ബർ കീഫാ, ദിവന്നാസ്യോസ് ബർ സ്ളീബി, ബാർ ഹെബ്രയൂസ്, മാർ അബ്ദീശോ തുടങ്ങി അനേകം സഭാപിതാക്കന്മാരും മല്പാന്മാരും വി. പത്രോസിന്റെയും റോമാ സിംഹാസനത്തിന്റെയും പ്രഥമസ്ഥാനത്തെക്കുറിച്ച് ഊന്നിപ്പറഞ്ഞിട്ടുള്ളതാണ്. ഓരോരുത്തരും പറഞ്ഞ കാര്യങ്ങൾ ഇവിടെ വിശദീകരിക്കുക സാദ്ധ്യമല്ലാത്തതിനാൽ വായനക്കാരുടെ പഠനത്തിന് വിടുന്നു.



വിവിധ പൗരസ്ത്യ സഭകളുടെ ആരാധനക്രമ പാരമ്പര്യങ്ങളിൽ വി. പത്രോസിന്റെ പ്രാധാന്യത്തെക്കുറിച്ച് ശക്തമായി പരാമർശിക്കുന്നുണ്ട്. അന്തോക്യൻ ആരാധനാക്രമത്തിൽ വി. പത്രോസിന്റെ പ്രാധാന്യം പലപ്രാവശ്യം പരാമർശിക്കുന്നുണ്ട്. അന്തോക്യൻ ആരാധനക്രമം പിന്തുടരുന്ന ചിലർ മനഃപൂർവമായി ഇങ്ങനെയുള്ള ഭാഗങ്ങൾ ഒഴിവാക്കുന്നത് സഭാപാരമ്പര്യത്തോടുള്ള അവഹേളനമാണെന്ന് പറയാതെ തരമില്ല. പൗരസ്ത്യ സുറിയാനി പാരമ്പര്യത്തിലും, മാറോണൈറ്റ് സുറിയാനി പാരമ്പര്യത്തിലും ബൈസന്റൈൻ ആരാധനാക്രമത്തിലുമൊക്കെ വി. പത്രോസിന് സഭയിലുള്ള പ്രത്യേക സ്ഥാനത്തെ എടുത്തുപറയുന്ന ഭാഗങ്ങളുണ്ട്.

ആദിമ കാലഘട്ടത്തിൽ സഭയിൽ നടന്ന വിവിധ പ്രാദേശികവും സാർവ്വത്രികവുമായ കൗൺസിലുകൾ പത്രോസിന്റെ പ്രഥമ സ്ഥാനത്തെയും റോമാ

സിംഹാസനത്തിന്റെ പ്രാധാന്യത്തെയും ഉറപ്പിച്ചുപറയുന്നുണ്ട്.

### 3. പോർച്ചുഗീസും അന്തോക്യയും പിന്നെ ഇംഗ്ലണ്ടും മർത്തോമ്മാ നസ്രാണികളുടെ അനൈക്യവും

ഏകയോഗമായി പതിനാറാം നൂറ്റാണ്ടുവരെ കഴിഞ്ഞിരുന്ന മലങ്കര നസ്രാണികളുടെ ഇടയിലേക്ക് പോർച്ചുഗീസ് മിഷനറിമാർ 1500 നുശേഷം കടന്നുവന്നു. 'ഒട്ടകത്തിനു തലകൊടുത്ത' അനുഭവമാണ് മലങ്കരയിലെ സഭയ്ക്ക് ഉണ്ടായത്. മാർത്തോമ്മാ നസ്രാണികൾ നെസ്തോറിയന്മാരും പാഷണ്ഡികളുമാണെന്ന് പറഞ്ഞ് തങ്ങളുടെ ലത്തീൻ ആരാധനക്രമം ഇവിടെ അടിച്ചേല്പിക്കുവാൻ തുടങ്ങി. സുറിയാനി ഭാഷ പാഷണ്ഡതകൾ നിറഞ്ഞതാണെന്നു പറഞ്ഞ് അവയെ നിരുത്സാഹപ്പെടുത്തുവാൻ തുടങ്ങി. മാർത്തോമ്മാ നസ്രാണികളുടെ ജീവിതരീതികൾ അപരിഷ്കൃതമാണെന്ന് ആരോപിക്കാൻ തുടങ്ങി. "വെടക്കാക്കി തനിക്കാക്കുക" എന്ന നയം തുടർന്ന് പോർച്ചുഗീസുകാർ 1599 ൽ ഗോവ ആർച്ചുബിഷപ്പായിരുന്ന അലക്സിസ് ഡി മെനേസിസ് നിർബന്ധപൂർവ്വം വിളിച്ചുചേർത്ത ഉദയംപേരൂർ സുന്നഹദോസോടെ മലങ്കരയിലെ സഭയെ പൂർണ്ണമായും തങ്ങളുടെ കാൽക്കീഴിലാക്കി. തങ്ങളുടെ സൈനികബലത്തിന്റെ ശക്തിയിലും നാട്ടുരാജാക്കന്മാരെ തങ്ങളുടെ വരുതിയിലുമാക്കിയാണ് പോർച്ചുഗീസ് മിഷനറിമാർ മലങ്കരയെ തങ്ങളുടെ അധീനതയിലാക്കിയത്. മലങ്കരയിലെ പൂർവ്വികർ നിസ്സഹായരായി മാറിയെങ്കിലും പോർച്ചുഗീസ് മിഷനറിമാരോടുള്ള അമർഷവും അസ്വസ്ഥതകളും ഉള്ളിൽ പുകഞ്ഞുകൊണ്ടിരുന്നു. 1653 ജനുവരി മാസം മൂന്നാംതീയതി മലങ്കരയിലെ പൂർവ്വികന്മാർ കൊച്ചിയിലുള്ള മട്ടാഞ്ചേരി പള്ളിയിൽ ഒന്നിച്ചുകൂടി. "സന്തതിയുള്ളിടത്തോളം സാമ്പാമൂർ പാതിരിമാരെ" (ഈശോ സഭാ വൈദികരെ) അംഗീകരിക്കുകയില്ലെന്ന് കുരിശിൽ ആലാത്തുകെട്ടി സത്യപ്രതിജ്ഞചെയ്തു. ഈ സത്യപ്രതിജ്ഞ ഒരിക്കലും മാർപാപ്പയ്ക്കെതിരായിരുന്നില്ല. കല്ലിശേരിക്കാരൻ ഇട്ടിത്തൊമ്മൻ കത്തനാർ മാർപാപ്പയുടേതെന്ന പേരിൽ ചമച്ച വ്യാജ കത്തിന്റെ അടിസ്ഥാനത്തിൽ മലങ്കരയിലെ അർക്കദിയാകോനായിരുന്ന കുറവിലങ്ങാട് പള്ളി ഇടവകക്കാരൻ പള്ളിവീട്ടിൽ തോമാ കത്തനാരെ 12 പട്ടക്കാർ ചേർന്ന് തലയിൽ കൈവച്ച് മെത്രാനായി മർത്തോമ്മാ എന്ന പേരിൽ വാഴിച്ചതോടുകൂടി മലങ്കരയിലെ സഭ രണ്ടായി പിളർന്നു. മനസ്സില്ലാമനസ്സോടെയാണെങ്കിലും പോർച്ചുഗീസ് നുകത്തിൻകീഴിൽ തുടർന്നവർ ക്രമേണ പഴയകൂറുകാർ എന്നും മർത്തോമ്മാ ഒന്നാമന്റെ (ആർച്ചുഡീക്കൻ) കൂടെയുണ്ടായിരുന്നവർ പുത്തൻകൂറുകാർ എന്നും അറിയപ്പെടാൻ തുടങ്ങി. ഇന്നു പഴയകൂറുകാർ സീറോ മലബാർ സഭയിലും തൃശൂരുള്ള അസീറിയൻ ചർച്ച് (സുറായി സഭ) അംഗങ്ങളുമാണ്. പുത്തൻകൂറുകാരാകട്ടെ മലങ്കര ഓർത്തഡോക്സ് സഭ, മലങ്കര യാക്കോബായ സഭ, മലങ്കര മർത്തോമ്മാ സഭ, മലങ്കര കത്തോലിക്കാ സഭ, തൊഴിയൂർ സ്വതന്ത്ര സുറിയാനി സഭ, ഇവാഞ്ചലിക്കൽ സഭ എന്നിങ്ങനെ ഓർത്തഡോക്സ്, കത്തോലിക്ക, പ്രൊട്ടസ്റ്റന്റ് വിഭാഗങ്ങളിലായി ചിതറിക്കപ്പെട്ടു കഴിയുന്നു.

മെത്രാന്റെ കൈവയ്പില്ലാതെ 'മെത്രാൻപട്ടം' സ്വീകരിച്ച തോമാ ആർച്ചുഡീക്കനും കൂട്ടർക്കും കാര്യത്തിന്റെ നിജസ്ഥിതി അറിയാമായിരുന്നു. അദ്ദേഹത്തിന്റെ കൂടെക്കൂടിയ അനേകർ സത്യം ബോദ്ധ്യമായപ്പോൾ തിരികെ പോരുന്നു. 1665 ൽ അന്തോക്യൻ യാക്കോബായ പാത്രിയർക്കീസ് അബ്ദുൾ ജലീൽ മാർ ഗ്രിഗോറിയോസ് എന്ന യാക്കോബായ മെത്രാനെ മലങ്കരയിലേക്ക് അയച്ചു. അദ്ദേഹം അന്ത്യോക്യൻ ആരാധനക്രമം പ്രചരിപ്പിക്കാൻ ശ്രമിച്ചില്ല. പോർച്ചുഗീസ് മിഷനറിമാർക്കെതിരെ ശക്തമായ ഒരു വികാരം ഉണ്ടാക്കുവാൻ അദ്ദേഹത്തിന് സാധിച്ചു. 1670 ൽ മാർത്തോമ്മാ ഒന്നാമൻ ദിവംഗതനായി. 1685 ൽ എൽദോ മാർ ബസേലിയോസ്, ഹിദായത്തുൾ മാർ ഈവാനിയോസ് എന്നീ യാക്കോബായ മെത്രാന്മാരെത്തി. മാർത്തോമ്മാ അഞ്ചാമന്റെ കാലഘട്ടത്തിൽ സക്രള്ള മാർ ബസേലിയോസ്, മാർ ഗ്രിഗോറിയോസ് എന്നീ യാക്കോബായ മെത്രാന്മാർ 1751 ൽ മലങ്കരയിൽ എത്തി. 1772 ൽ ആറാം മർത്തോമ്മായ്ക്ക് മാർ ദിവന്നാസ്യോസ് എന്ന പേരിൽ അന്ത്യോക്യൻ യാക്കോബായ മെത്രാനായിരുന്ന മാർ ഗ്രിഗോറിയോസ് മെത്രാൻ പട്ടം നൽകി. അങ്ങനെ നൂറ്റാണ്ടിനുശേഷം പുത്തൻകൂർ സമുദായനേതാവായിരുന്ന മാർത്തോമ്മായ്ക്ക് യഥാർത്ഥ മെത്രാൻപട്ടം ലഭ്യമായി.

ഈ കാലഘട്ടങ്ങളിലൊക്കെ പുനരൈക്യ പരിശ്രമങ്ങളും വളരെ കാര്യമായി നടന്നിരുന്നു. എന്നാൽ അവയൊന്നും ഫലവത്തായില്ല. അന്ത്യോക്യൻ യാക്കോബായ സഭ മലങ്കരയിലെ പുത്തൻകൂർ വിഭാഗത്തിൽ പിടിമുറുക്കി കഴിഞ്ഞിരുന്നു. അന്ത്യോക്യൻ ആരാധനക്രമം ഇവിടെ പ്രചാരത്തിലായി. 1876 ൽ മുളന്തുരുത്തിയിൽ കൂടിയ സുന്നഹദോസിൽവച്ച് പത്രോസ് മൂന്നാമൻ പാത്രിയർക്കീസ് ഭൗതികവും ആത്മീയവുമായ അധീശത്വം പ്രഖ്യാപിക്കുകയും നവീകരണകക്ഷിനേതാക്കന്മാരായിരുന്ന മാത്യൂസ് മാർ അത്തനാസ്യോസ്, തോമസ് മാർ അത്താനാസ്യോസ് എന്നിവരെ മഹറോൻ ചൊല്ലുകയും ചെയ്തു.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആരംഭത്തിലാണ് പ്രൊട്ടസ്റ്റന്റ് സഭ മലങ്കരയിലെത്തുന്നത്. ഈ കാലഘട്ടത്തിലാണ് ബ്രിട്ടൻ തങ്ങളുടെ സാമ്രാജ്യത്വം സ്ഥാപിക്കുന്നത്. 1815 ൽ ചർച്ച് മിഷൻ സൊസൈറ്റി മലങ്കരയിൽ എത്തുകയും മിഷൻ പ്രവർത്ത

നങ്ങൾ ആരംഭിക്കുകയും ചെയ്തു. ആരംഭകാലത്ത് പുത്തൻകൂർ സമുദായവുമായി നല്ല ബന്ധത്തിലായിരുന്നു. കേണൽ മൺറോയുടെ ഒത്താശയോടെ പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസ് കോട്ടയത്തുള്ള പഴയ സെമിനാരി ആരംഭിച്ചു. പുന്നത്തുറ മാർ ദിവന്നാസ്യോസിന്റെ കാലത്ത് അനേകം മലങ്കരക്കാർ പ്രൊട്ടസ്റ്റന്റ് വിശ്വാസം സ്വീകരിച്ചു. 1836 ൽ മാവേലിക്കരയിൽ കൂടിയ സുന്നഹദോസിൽവച്ച് ആംഗ്ലിക്കൻ മിഷനറിമാരുമായുള്ള സംസർഗം ഉപേക്ഷിക്കുവാൻ തീരുമാനിച്ചു. അപ്പോഴേക്കും പാലക്കുന്നത്ത് എബ്രഹാം മല്പാന്റെ നേതൃത്വത്തിൽ ഒരുവിഭാഗം നവീകരണപ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞിരുന്നു. അതിന്റെ ഫലമായി പുത്തൻകൂർ സമുദായത്തിൽനിന്നും മാർത്തോമ്മാ സുറിയാനി സഭ രൂപപ്പെട്ടു.

### 5. പത്രോസിന്റെ പിൻഗാമിയായ റോമിന്റെ മെത്രാനും ഭാരതത്തിലെ മാർത്തോമ്മാ നസ്രാണികളുടെ ഐക്യവും

പത്രോസ് ശ്ലീഹായ്ക്ക് അപ്പോസ്തോലിക സംഘത്തിലുണ്ടായിരുന്ന പ്രഥമ സ്ഥാനം ആ കാലഘട്ടത്തിലേക്ക് മാത്രമായിരുന്നു എന്നു പറയുന്നവർ അവിശ്വാസികളുടെ ഗണത്തിലുള്ളവരാണ്. യേശുക്രിസ്തു നിയമിച്ച അപ്പസ്തോലന്മാരും അവിടുന്ന് പറഞ്ഞ വചനങ്ങളും അവിടുന്ന് സ്ഥാപിച്ച കൂദാശകളും യേശുക്രിസ്തുവിന്റെ പ്രവാചക, പുരോഹിത, രാജകീയ ദൗത്യങ്ങളും ആ കാലഘട്ടത്തിലേക്ക് മാത്രമുള്ളതായിരുന്നില്ല എന്നെല്ലാവരും സമ്മതിക്കുന്നു. മാർത്തോമ്മാശ്ലീഹായുടെ അപ്പസ്തോലിക പൈതൃകത്തിൽ ഊറ്റം കൊള്ളുന്നവർക്ക് പത്രോസിന്റെയും അദ്ദേഹത്തിന്റെ പിൻഗാമികളുടെയും സുവിശേഷദൗത്യത്തെ അവഗണിക്കാനാവുമോ? യേശുക്രിസ്തുവാണ് യഥാർത്ഥ പുരോഹിതൻ, യഥാർത്ഥ പ്രവാചകൻ, യഥാർത്ഥ രാജാവ്. യേശുവാണ് യഥാർത്ഥ ബലിയർപ്പകനും ബലിവസ്തുവും. ഇവയെല്ലാം ഈ ലോകത്തിന്റെ ഭാഗമായി ജീവിക്കുന്ന മനുഷ്യന് സാദ്ധ്യമാക്കുന്നത് സഭയിലൂടെ യേശുക്രിസ്തു ഇന്നും ജീവിച്ചുകൊണ്ടാണ്. അതുകൊണ്ടുതന്നെ ലോകമാകെ വ്യാപിച്ചുകിടക്കുന്ന അവിടുത്തെ സഭയെ സ്നേഹത്തിൽ ഒന്നിപ്പിക്കുന്ന കണ്ണിയായി ഒരു അധികാരത്തിന്റെ ശുശ്രൂഷകൻ വേണം. അത് പത്രോസിന്റെ പിൻഗാമിയായ റോമിന്റെ മെത്രാനാകാതെ തരമില്ല.

നിർഭാഗ്യവശാൽ മാർത്തോമ്മാ ശ്ലീഹായിൽനിന്ന് വിശ്വാസവെളിച്ചം ലഭിച്ച ഭാരതമക്കൾക്ക് ചരിത്രത്തിന്റെ ഗതിവിഗതികളിൽ പല ചേരികളിലാകേണ്ടിവന്നു. 1653 നു മുമ്പുണ്ടായിരുന്ന അവസ്ഥയിലേക്ക് ഒരു മടക്കയാത്ര ഇനിയും അസംഭവ്യമാണ്. പക്ഷേ വൈവിദ്ധ്യങ്ങളിലുള്ള ഐക്യം സ്വീകരിച്ചുകൊണ്ട് പത്രോസിന്റെ പിൻഗാമിയോട് ഐക്യപ്പെട്ടുകൊണ്ട് ഒരു കർത്താവും ഒരു വിശ്വാസവും ഒരേ കൂദാശകളും ഒരേ ഹയരാർക്കിയുമായി ഒപ്പം പൈതൃകങ്ങളിലും ആരാധനാക്രമങ്ങളിലും ആദ്ധ്യാത്മികതയിലും അച്ചടക്കസംവിധാനങ്ങളിലുമൊക്കെ വൈവിദ്ധ്യം നിലനിർത്തിക്കൊണ്ട് മുന്നേറുവാനും യേശുക്രിസ്തു ആഗ്രഹിക്കുന്ന ത്രിത്വത്തിലുള്ള

സ്നേഹകൂട്ടായ്മയിൽ അവിടുത്തെ സഭ പങ്കാളിയാകുവാനും ഭാരത ഉപഭൂഖണ്ഡത്തിൽ മാത്രമല്ല, ലോകം മുഴുവനും മർത്തോമ്മാ പൈതൃകസഭയ്ക്ക് സുവിശേഷം പ്രഘോഷിക്കുവാനും എന്തുകൊണ്ട് സാധിക്കുന്നില്ല.


### 6. ദൈവദാസൻ മാർ ഈവാനിയോസിന്റെ സഭൈക്യ ദർശനങ്ങളുടെ പ്രസക്തി

കത്തോലിക്ക സഭ സഭൈക്യത്തെക്കുറിച്ച് ഗൗരവമായി ചിന്തിക്കുന്നതിനും ദശകങ്ങൾക്കു മുമ്പു തന്നെ മലങ്കര സഭയിലെ ബഥനിയുടെ മെത്രാനായിരുന്ന ഗീവർഗീസ് മാർ ഈവാനിയോസ് പിതാവ് സഭൈക്യത്തെക്കുറിച്ച് ചിന്തിക്കുകയും പ്രയത്നിക്കുകയും ത്യാഗം സഹിക്കുകയും മലങ്കരയിലെ സഭൈക്യം ഭാഗികമായിട്ടെങ്കിലും പ്രയോഗത്തിൽ വരുത്തുകയും ചെയ്തു. ദൈവസമ്പാദനമാണ് അത്യുത്തമം എന്ന് അദ്ദേഹം ചിന്തിച്ചു. അദ്ദേഹം ഒരിക്കലും മാതൃസഭയെ ഒറ്റികൊടുക്കുകയോ വഞ്ചിക്കുകയോ ചെയ്തിട്ടില്ല. പണത്തെക്കാളും സ്ഥാനമാനങ്ങളെക്കാളും അദ്ദേഹം ദൈവവിളി സഭൈക്യത്തിനുവേണ്ടിയുള്ള പ്രയത്നമാണെന്ന് തിരിച്ചറിഞ്ഞു. തന്റെ സഭയെ അത്രയധികം സ്നേഹിച്ചു. അനേകം യുവതീയുവാക്കളെ തന്റെ സ്വന്തം ചെലവിൽ പഠിപ്പിച്ച് സഭയ്ക്ക് മുതൽക്കൂട്ടുണ്ടാക്കി. ഭാരത ഉപഭൂഖണ്ഡത്തിന്റെ സുവിശേഷീകരണമാണ് മാർത്തോമ്മാ നസ്രാണി സഭയുടെ പ്രഥമലക്ഷ്യം എന്ന തിരിച്ചറിവുണ്ടായിരുന്നു അദ്ദേഹത്തിന്. ഭാരതീയ ശൈലിയിലുള്ള സന്യാസ പ്രസ്ഥാനത്തിന് അദ്ദേഹം രൂപം നൽകി. സാർവ്വത്രിക സഭയോട് മാർത്തോമ്മാ നസ്രാണി സഭ ഐക്യപ്പെടുന്നത് അദ്ദേഹം സ്വപ്നം കണ്ടു. മലങ്കരയിലെ കാതോലിക്കേറ്റ് സ്ഥാപനത്തോടെ മെത്രാൻ കക്ഷി – ബാവാ കക്ഷി പ്രശ്നം തീരണമെന്നാഗ്രഹിച്ചെങ്കിലും അത് നടന്നില്ല എന്ന സത്യം അദ്ദേഹത്തെ അസ്വസ്ഥനാക്കി. സഭയിൽ ശാശ്വത സമാധാനമുണ്ടായി സഭ സുവിശേഷീകരണപ്രയത്നത്തിനൊരുങ്ങണമെങ്കിൽ സഭ പത്രോസിന്റെ പിൻഗാമിയോട് ഒന്നിക്കണമെന്ന ബോദ്ധ്യം അദ്ദേഹത്തിനുണ്ടായി. അന്നത്തെ മലങ്കര സഭയ്ക്ക് പൊതുവെ അദ്ദേഹത്തെ മനസ്സിലാക്കുവാൻ സാധിച്ചില്ല എന്നതാണ് ഏറ്റം ദുഃഖകരമായ കാര്യം.

### ഉപസംഹാരം

“ശാരിയുടെ കുഴപ്പവും തടിയുടെ വളവും മേശ നിർമ്മാണത്തെ ബാധിച്ചു’ എന്നു പറയുന്നതുപോലെ, റോമിലെ പത്രോസിന്റെ സിംഹാസനത്തിന്റെ പ്രായോഗിക സമീപനങ്ങളും മാർത്തോമ്മാ നസ്രാണികളുടെ ചില തെറ്റായ ശൈലികളും ഭാരതസഭയിൽ അനൈക്യങ്ങൾക്ക് കാരണമായി. ഭാരതസഭയിൽ ഐക്യരൂപ്യമല്ല, ഐക്യമാണുണ്ടാകേണ്ടത് (Not uniformity, but unity). അതിന് കഴിഞ്ഞകാല തെറ്റുകൾ പാഠമാകേണ്ടതുണ്ട്. ചരിത്രം ഇനിയും ആവർത്തിക്കാതിരിക്കട്ടെ. സഭകളുടെ ഐക്യം കാലഘട്ടത്തിന്റെ ആവശ്യമാണ്. ക്രിസ്തു പലതായി വിഭജിക്കപ്പെടുന്നത് ലോകത്തിന്റെ മുൻപിൽ ക്രിസ്തു അനുയായികൾ നൽകുന്ന വലിയ എതിർ സാക്ഷ്യമായിരിക്കും. ഒപ്പം ക്രൈസ്തവ സഭയുടെ പരാജയവും ബലഹീനതയുമാണ്.

സഭ യേശുക്രിസ്തുവിന്റെ ഭൗതിക ശരീരവും (mystical body) അവിടുത്തെ പിൻതുടർച്ചയുമാണ്. ഭാരത്തിൽ ഏകമായിരുന്ന ഈ ഭൗതികശരീരം പോർച്ചുഗീസ് ആഗമനവും അന്ത്യോക്യൻ ആഗമനവും ആംഗ്ലിക്കൻ ആഗമനവും വഴി വിഭജിതമായി. ഓരോ വിഭജനങ്ങളും മുറിവുകളുണ്ടാക്കുന്നു. കൂട്ടിച്ചേർക്കാനാവാത്തതും സുഖപ്പെടുത്താനാവാത്തതുമായ മുറിവുകൾ സൃഷ്ടിക്കപ്പെടുന്നു. മാർത്തോമ്മാ നസ്രാണി സഭകൾ ഇന്ന് ഇതുപോലെയുള്ള അവസ്ഥയിലാണ്. ഈ മൂന്നു വ്യത്യസ്ത പാരമ്പര്യങ്ങൾ സൃഷ്ടിച്ച മുറിവുകൾ ഉണക്കപ്പെടണമെങ്കിൽ ആ പാരമ്പര്യങ്ങൾ പേറുന്ന ഇന്നത്തെ സഭാ സമൂഹങ്ങൾ മുൻകൈ എടുക്കേണ്ടതുണ്ട്. അതിന് തയ്യാറായാൽ മാത്രമെ സഭൈക്യത്തിലേക്കുള്ള ആദ്യ പടി വിജയകരമാവുകയുള്ളൂ. ●




### യൂദാശ്ലീഹായോടുള്ള പ്രാർത്ഥന

മിശിഹായുടെ ചാർച്ചക്കാരനും/ വിശ്വസ്ത ദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ്/ വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും/ അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും / മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും / അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ./ നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക് / അങ്ങയുടെ മദ്ധ്യസ്ഥതയിൽ **(ഇവിടെ ആവശ്യം പറയുക)** / ഈ അനുഗ്രഹം സാധിച്ചു തരണമേ. / എന്റെ എല്ലാ ആവശ്യങ്ങളിലും / വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും / എന്നെ പ്രത്യേകം സംരക്ഷിക്കണമേ. / ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും / എന്റെ പ്രത്യേക മദ്ധ്യസ്ഥനായി / അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും / ഞാൻ വാഗ്ദാനം ചെയ്യുന്നു.


**ഏബ്രഹാം പൗലോസ് പള്ളിപ്പറമ്പിൽ**

### ഉപകാര സ്മരണ



**ഷീല ഷാജി**
**ആലംതുരുത്തി**

### ഉപകാര സ്മരണ



**ഒരു വിശ്വാസി,**

# നാൽപത്തിയഞ്ചു പട്ടക്കാർ

***ശൂന്യാവസ്ഥയിൽനിന്നു രൂപതയെ പടുത്തുയർത്താൻ 45 വൈദികരാണ് അന്നുണ്ടായിരുന്നത്***

പെരിയ പുലിക്കോട്ടയതിൽ റമ്പാൻ,
മാക്കീലച്ചൻ,മാരേട്ടച്ചൻ,
തൈക്കാട്ടച്ചൻ,തൈക്കടവച്ചൻ,
ചെറിയമഠത്തിലെ രണ്ടച്ചൻമാർ,
തറയപ്പട്ടയിലച്ചൻ വേറേ,
ചിറ്റക്കാട്ടിലെ ബലവാനച്ചൻ,
കച്ചിറമറ്റത്തച്ചൻ,പിന്നെ
കുന്നങ്കേരികളത്തിലച്ചൻ,
പിന്നെപ്പൗവതികുന്നേലച്ചൻ,
കുന്നത്തച്ചൻ,കുമ്പളമാകും,
കുന്നിലെയച്ചൻ,തോമ്പറയച്ചൻ,
വഴുതലവനമതിലച്ചൻ,നല്ലൊരു
കഴിവുകളുള്ളകാലേക്കാട്ടച്ചൻ,
തേവർവേലിലലക്സ്യോസച്ചൻ,
ഗീവർഗീസാമച്ചൻ ശ്രേഷ്ഠൻ,
ഫാദർ ജോൺ ബി.ഐ.സി.നമ്മുടെ
ഫിദലിസ് സി.ഡി.യച്ചൻ വന്ദ്യൻ
ഫാദർ ലീനോസ് സി.ഡി.കഴിഞ്ഞിട്ടേ
ബ്രഹ്മച്ചൻ സി.ഐ.സിയും
നല്ലവടക്കേതലമതിലച്ചൻ
നടുവിലെയിടമതിലച്ചൻ,വന്ദ്യൻ
തെക്കേക്കരയിലെയച്ചൻ,താഴത്തച്ചൻ,
വാഴപ്പള്ളിയിലച്ചൻ
പാട്ടശ്ശേരിയിലെച്ചൻ,മണ്ണൻ-
തോട്ടുവഴിക്കപുരക്കലെച്ചൻ,
പടിയും ഞായർ കരയിലെയച്ചൻ
പാടവമേറിയ ബിഡിയച്ചനു-
മിളവട്ടത്തിലെയച്ചൻ,പിന്നെ
നിലപ്പനച്ചൻ,ദാനിയേലച്ചൻ,
മൈക്കളച്ചൻ,റപ്പേലച്ചൻ,
പക്കോവ്യസ് ബി.എ.സിയച്ചൻ
വാക്കനപാടത്തച്ചൻ,നമ്മുടെ
അക്കെരയുള്ളകളത്തിലെയച്ചൻ
ഐരാറ്റിപ്പടവച്ചൻ,മാക്കിലിര-
ട്ടയിലച്ചൻ,റോമിൽ വസിക്കും
ജോസപ്പച്ചൻ,നല്ലോരച്ചൻ പാലയ്ക്കലെയും
മൂലയിൽ മണ്ണിലെയച്ചൻ മാന്യൻ
പ്രൗഢൻ രാമൻ നാട്ടിലെയച്ചൻ,
വടശേരിയിലെഴുമച്ചനുമിങ്ങനെ........



# പുനരൈക്യ ആത്മീയമാനങ്ങൾ

## ആദ്ധ്യാത്മിക പ്രതിഭാസം

മലങ്കര സുറിയാനി സഭയുടെ ചരിത്രംതന്നെ തിരുത്തിക്കുറിച്ച ഇരുപതാം നൂറ്റാണ്ടിലെ സഭാചരിത്ര സംഭവങ്ങളിൽ ശക്തമായി എടുത്തുകാട്ടപ്പെടുന്ന ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ നേതൃത്വത്തിലാരംഭിച്ച് സഭൈക്യപ്രസ്ഥാനത്തിന്റെ ഓർമ്മകൾ അയവിറക്കുകയും അതിന്റെ അസാധാരണമായ വളർച്ചയിലും മുന്നേറ്റങ്ങളിലും അഭിമാനം കണ്ടെത്തുകയും അത് ആഘോഷിക്കുകയും ചെയ്യുന്ന കാലയളവാണല്ലോ ഇത്. മലങ്കര സഭയിലെ പുനരൈക്യ പ്രസ്ഥാനത്തെപ്പറ്റി ചിന്തിക്കുമ്പോൾ അതിന്റെ സാംസ്കാരിക - സാമൂഹ്യ മാനങ്ങളാണ് പലപ്പോഴും നമ്മുടെ മനസ്സുകളിലും ചിന്തകളിലും കടന്നുവരുന്നത്. ഇത്തരം കാഴ്ചപ്പാടുകൾക്കും വിലയിരുത്തലുകൾക്കും ഇന്നിന്റെ സാഹചര്യങ്ങളിൽ പ്രസക്തിയുണ്ടെന്നതിൽ സംശയമില്ല. എന്നാൽ ഈ സഭൈക്യ സംഭവവും അതിൽനിന്നുളവായ പുനരൈക്യ പ്രസ്ഥാനവും ആത്യന്തികമായി ഒരു ആദ്ധ്യാത്മിക പ്രതിഭാസമാണെന്ന വസ്തുത വിസ്മരിക്കാൻ പാടില്ല.

പുനരൈക്യ പ്രസ്ഥാനത്തിന്റെ സുവർണ്ണ ജൂബിലിആഘോഷാവസരത്തിൽ വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പ നൽകിയ സന്ദേശത്തിൽ പുനരൈക്യ സംഭവത്തെ വിശേഷിപ്പിക്കുന്നത് 'സുവിശേഷ സ്വഭാവമുള്ള ഒരു ആദ്ധ്യാത്മിക സംഭവം' (Spiritual event) എന്നാണ്. അനിതരസാധാരണമായ പ്രാർത്ഥനയുടെയും പ്രായശ്ചിത്തത്തിന്റെയും ആഴമേറിയ ആദ്ധ്യാത്മികാനുഭൂതിയുടെയും അനന്തരഫലമായുണ്ടായ ആദ്ധ്യാത്മിക സംഭവം എന്നാണ് പ. പിതാവ് വിശദീകരിച്ചു പറഞ്ഞത്. സത്താപരമായ ഈയൊരു വസ്തുതയിൽനിന്ന് മാറ്റി നിർത്തി പുനരൈക്യ സംഭവത്തെയോ



ഫാ. ജോർജ് തോമസ്
കല്ലുങ്കൽ ഒ.ഐ.സി.

പ്രസ്ഥാനത്തെയോ കാണുകയും വ്യാഖ്യാനിക്കുകയും വിലയിരുത്തുകയും ചെയ്യുന്നത് അടിസ്ഥാനപരമായ വീഴ്ചയാണ്.

### ക്രിസ്താനുകരണ അനുഭവം

സഭൈക്യം എന്ന ചിന്ത മാർ ഈവാനിയോസ് പിതാവിലേക്ക് ശക്തമായി കടന്നുവന്നത് സഭ ക്രിസ്തുവിന്റെ മണവാട്ടിയാണ്, ക്രിസ്തുവിന്റെ ശരീരമാണ് എന്ന വിശുദ്ധ ലിഖിത യാഥാർത്ഥ്യത്തിൽനിന്നുമാണ്. ക്രിസ്തു ശിരസ്സും, ശിരസ്സാകുന്ന ക്രിസ്തുവിന്റെ ശരീരവുമാണ് സഭ. ശരീരത്തിന്റെ സുസ്ഥിതിക്കുവേണ്ടി വിവിധ തലങ്ങളിൽ പ്രവർത്തിക്കുന്ന വിവിധ അവയവങ്ങൾ ശരീരത്തിനുണ്ടെങ്കിലും ശരീരം ഒന്നേയുള്ളൂ. ക്രിസ്തുവാകുന്ന ഏക ശിരസ്സും സഭയാകുന്ന ഏക ശരീരവും എന്ന ആശയത്തിന്റെ വിവിധ വശങ്ങൾ പിതാവിൽ ആഴപ്പെട്ടു വ്യക്തമാകുന്നത് സന്യാസത്തിലൂടെ യേശുക്രിസ്തുവിനെ വാക്കിലും പ്രവൃത്തിയിലും ചിന്തയിൽപ്പോലും ഏറ്റം അടുത്തനുകരിക്കുമ്പോഴാണ്. യേശുമിശിഹായെ അനുകരിക്കുക എന്നത് യേശുവിനെപ്പോലെ ആയിത്തീരുക, എല്ലാറ്റിലും യേശുവിന്റെ തിരുവിഷ്ടം നിറവേറ്റുക എന്നിവയാണെന്ന് പിതാവ് പഠിപ്പിക്കുന്നു. യേശുവുമായുള്ള ഈ ഐക്യപ്പെടലിനുള്ള തീവ്രമായ ആഗ്രഹത്തിൽനിന്നാണ് 'മിശിഹാനുകരണ സന്യാസ സമൂഹം' എന്ന് താൻ സ്ഥാപിച്ച സംഘടനാ സമൂഹങ്ങൾക്ക് പിതാവ് പേരു നൽകിയത്.

മിശിഹാനുകരണത്തിൽ നിന്നുളവായ ആദ്ധ്യാത്മികാനുഭൂതിയാണ് സഭ ക്രിസ്തുവിന്റെ ശരീരമാണെങ്കിൽ സഭയിലെ ഭിന്നതകളും സഭകളുടെ അനൈക്യവും യേശുക്രിസ്തുവിന്റെ ശരീരത്തിൽ ഏല്പിക്കപ്പെടുന്ന മുറിവുകളാണെന്ന ബോദ്ധ്യം. കർത്താവിന്റെ ശരീരത്തിലെ ദാരുണമായ മുറിവുകൾ എന്നാണ് പിതാവ് സഭകളുടെ അനൈക്യത്തെ വിശേഷിപ്പിക്കുന്നത്. ക്രൈസ്തവ സഭകളുടെ ഭിന്നിപ്പു ദിവ്യനാഥന്റെ ഹൃദയത്തെ അഗാധമായി മുറിപ്പെടുത്തുന്നു. വേദനിപ്പിക്കുന്ന ഈ ആത്മികാനുഭവം കർത്താവിന്റെ ശരീരത്തിലെ മുറിവുണക്കുവാനുള്ള തന്റെ ജീവിത സമർപ്പണത്തിലേക്കാണ് പിതാവിനെ നയിക്കുന്നത്. "കർത്താവിന്റെ ശരീരത്തിലെ ഒരു ചെറിയ മുറിവെങ്കിലും കരിക്കുന്നതിന് എന്നെ ആയിരം കഷണങ്ങളായി നുറുക്കി ആ മുറിവിൽ വയ്ക്കാമെങ്കിൽ അത് തന്നെയാണ് വേണ്ടതെന്നു തോന്നി" എന്ന് പിതാവ് സാക്ഷിക്കുന്നു.

തനിക്കുണ്ടായ ഈ വലിയ ആദ്ധ്യാത്മികാനുഭൂതി പിതാവ് തന്നെ തന്നോടൊപ്പമുണ്ടായ സന്യാസികളും സന്യാസിനികളുമായി പങ്കുവയ്ക്കുകയും സഭൈക്യം എന്ന ആശയം അവരിൽ അങ്കുരിപ്പിക്കുകയും അവരുടെയിടയിൽ പ്രചരിപ്പിക്കുകയും ചെയ്തുപോന്നു. ഇത്ര സമുന്നതമായ ഒരു ആദ്ധ്യാത്മികാനുഭൂതിയിൽനിന്നാണ് സഭൈക്യം എന്ന ആശയം മാർ ഈവാനിയോസ് പിതാവിൽ ഉടലെടുത്തതും പിന്നീടത് ശക്തിപ്രാപിച്ചതും ഫലദായകമായതും.

### ശക്തമായ താപസികാന്തരീക്ഷം

പുനരൈക്യത്തിന്റെ നാൾവഴികൾ പരിശോധിക്കുമ്പോൾ സഭൈക്യം എന്ന ഈ ആത്മീയാനുഭവം ഒരു ജീവിതയാഥാർത്ഥ്യമായി പിന്നീടൊരു ചരിത്രയാഥാർത്ഥ്യമായി രൂപപ്പെടാൻ ഇടയാക്കിയത് മുണ്ടൻമല ആശ്രമത്തിലെ പ്രാർത്ഥനയുടെയും പ്രായശ്ചിത്തത്തിന്റെയും തപസ്സിന്റെയും അന്തരീക്ഷമാണ്. പുനരൈക്യ ചിന്തകളും അതിനുവേണ്ടിയുള്ള ചില പ്രാഥമിക പ്രായോഗിക നടപടികളും ശക്തിപ്രാപിക്കാൻ തുടങ്ങിയപ്പോൾ അതിൽനിന്നവരെ വ്യതിചലിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ എതിർപക്ഷത്തു

## മാർ ഈവാനിയോസ് ഹൃദയ സാന്ത്വന പദ്ധതി

ജീവൻെ ദൃശ്യസ്പന്ദനമാണ് ഹൃദയം. ഹൃദയരോഗവും പരിചരണവും വളരെയേറെ ശ്രദ്ധിക്കപ്പെടുന്ന ഒരു കാലഘട്ടമാണിത്. സെപ്റ്റമ്പർ മാസം ഹൃദയ പരിചരണ മാസമായി ലോകം ആചരിക്കുകയാണ്. ഒരുവൻെറ ഹൃദയത്തിനു സംരക്ഷണം നല്കുന്നത് ജീവനെ സംരക്ഷിക്കുന്നതുപോലെയാണ്. 85ാം പുനരൈക്യ വാർഷികാഘോഷം കാരുണ്യപ്രവർത്തനങ്ങൾ. മാർ ഈവാനിയോസ് ഹൃദയ സാന്ത്വന പദ്ധതി എന്ന പേരിൽ 85 ഹൃദ്രോഗികൾ 100000 രൂപ ധനസഹായം നൽകുന്നു. നിരാലംബർക്ക് ഈ പദ്ധതി പുതിയ ഹൃദയസ്പന്ദനം തന്നെയാകുമെന്ന് പ്രതീക്ഷിക്കുന്നു.




നിന്നും ശക്തിപ്പെട്ടു തുടങ്ങി. അക ത്തുനിന്നും പുറത്തുനിന്നുമുള്ള എതിർപ്പുകൾ, ഭീഷണികൾ, ജീവൻ അപകട സാഹചര്യങ്ങൾ, ഒറ്റപ്പെടുത്തലുകൾ എന്നിങ്ങനെ ധാരാളം വെല്ലുവിളികളും പ്രചോ ദനങ്ങളും വ്യക്തിപരമായ പരീക്ഷ കളും അവർ നേരിടേണ്ടതായി വന്നിട്ടുണ്ട്. ഇവയുടെയെല്ലാം മദ്ധ്യ ത്തിൽ തങ്ങളുടെ ബോദ്ധ്യങ്ങ ളിൽനിന്ന് ഒട്ടും വ്യതിചലിക്കാതെ അചഞ്ചലരായി നിൽക്കുവാൻ അവരെ സഹായിച്ചത് തപസിന്റെ അഗ്നിയിൽ നിന്നവർ ആവേശിച്ചെ ടുത്ത ആത്മീയ ശക്തിയാണ്. തീയിൽ കുരുത്തത് വെയിലിൽ വാടുകയില്ല എന്നതാണല്ലോ ജീവിത യാഥാർത്ഥ്യം.

പുനരൈക്യത്തിലേക്കുള്ള അവരുടെ യാത്ര വിട്ടുപോകലി ന്റെയും വിട്ടുകൊടുക്കലി ന്റെയും ഉപേക്ഷിക്കലിന്റെയും ഉപേക്ഷിക്കപ്പെടലിന്റെയും വഴി യിലൂടെയായിരുന്നു. സഭൈക്യ ത്തിലേക്കുള്ള അവരുടെ ഇറ ങ്ങിപ്പുറപ്പെടലിൽ അവർക്കുള്ളതും ഉണ്ടാകാമായി രുന്നതുമായ പലതും പരിത്യജി ക്കേണ്ടി വന്നു. വ്യക്തിബന്ധ ങ്ങളും സ്ഥാനമാനങ്ങളും വസ്തുവകകളും എന്തിനേറെ, അവരുടെ എല്ലാമായിരുന്ന മുണ്ടൻമലപോലും ഉപേക്ഷിച്ചി റങ്ങേണ്ടതായ അവസ്ഥയായി രുന്നു. പക്ഷെ ഇവയ്ക്കൊന്നും അവരുടെ വഴികളിൽ പ്രതിബ ന്ധങ്ങൾ സൃഷ്ടിക്കാനോ അവ രുടെ തീരുമാനത്തിൽനിന്ന് പിന്തിരിപ്പിക്കാനോ കഴിഞ്ഞില്ല. ഇവയെല്ലാം ഉപേക്ഷിക്കുമ്പോ ഴുള്ള ഭാവിയെക്കുറിച്ചുള്ള ആശങ്ക കളും അവരെ അലട്ടിയില്ല. സന്യാ സത്തിലൂടെ അവർ അഭ്യസിച്ച സർവ്വസംഗപരിത്യാഗത്തിന്റെ സുവിശേഷ പാഠങ്ങൾ ഇത്തരുണ ത്തിൽ അവരെ ബലപ്പെടുത്തി. എല്ലാം പരിത്യജിച്ച് യേശുമിശി ഹായെ പിൻചെന്ന ക്രിസ്തു ശിഷ്യന്മാരുടെ ജീവിതം, സന്യാ സപിതാക്കന്മാരുടെ ജീവിതം, സർവ്വസംഗപരിത്യാഗികളായ ഭാര തീയ ഋഷിവര്യന്മാരുടെ ജീവിതം ഇവയെല്ലാം അവർക്ക് പ്രചോദന മേകി. കർത്താവിനെ പ്രതി ഉപേ ക്ഷിച്ചതൊന്നും നഷ്ടമാകില്ലെന്നും ഈ ലോകത്തിൽ വച്ചുതന്നെ പതി ന്മടങ്ങായി തിരികെ കിട്ടുമെന്നു മുള്ള വാഗ്ദാനം അന്വർത്ഥമായ ചരിത്രമാണ് പുനരൈക്യ പ്രസ്ഥാ നത്തിനുള്ളത്.

## അനിതരസാധാരണമായ പ്രാർത്ഥനാന്തരീക്ഷം

'നാം ഒന്നായിരിക്കുന്നതു പോലെ അവരും ഒന്നായിരിക്കേ ണമെ' എന്നുള്ള യേശുനാഥന്റെ തീവ്രമായ ആഗ്രഹവും പ്രാർത്ഥ നയും ബഥനിയിലെ പിതാക്കന്മാ രുടെയും സന്യാസികളുടെയും ആഗ്രഹവും പ്രാർത്ഥനയുമായി മാറി. യേശുവിനോടൊപ്പം ആ പ്രാർത്ഥനയിൽ അവർ തീക്ഷ്ണ മായി പങ്കുചേർന്നു. പ്രാർത്ഥന യുടെ നിറഞ്ഞ അന്തരീക്ഷത്തി ലാണ് പുനരൈക്യവുമായി ബന്ധ പ്പെട്ട ആലോചനകൾ നടത്തിയിരു ന്നതും തീരുമാനങ്ങൾ കൈക്കൊ ണ്ടിരുന്നതും. മുണ്ടൻമല ആശ്രമ ത്തിന്റെ കൊച്ചു ചാപ്പലിലെ സക്രാരിയിൽ വി. കുർബാന സൂക്ഷിച്ചുകൊണ്ട് (ഓർത്ത ഡോക്സ് സഭയിലില്ലാതിരുന്ന ആചാരം) സഭകളുടെ ഐക്യത്തി നുവേണ്ടി അവർ പ്രാർത്ഥിച്ചിരു ന്നു. മലങ്കര സഭയിലെ പുന രൈക്യം കേവലം ചില ബൗദ്ധിക മായ വിശകലനങ്ങളുടെയും കണ്ടെത്തലുകളുടെയും പ്രായോ ഗികമായ ചില കണക്കു കൂട്ടലുക ളുടെയും ഫലമായുണ്ടായ പ്രതിഭാ സമല്ല. അത് പ്രാർത്ഥനയിലൂടെ ദൈവഹിതമെന്തെന്നു മനസ്സി ലാക്കി ദൈവത്തിൽ മാത്രം ആശ്ര യിച്ചുകൊണ്ടുള്ള ഒരു എടുത്തുചാ ട്ടമായിരുന്നു. പ്രാർത്ഥനയുടെ ഈ ബലമാണ് അതിന്റെ വിജയരഹ സ്യം.

മുണ്ടൻമലയിലെ പിതാക്കന്മാ രും സന്യാസികളും ,പിതാവിന്റെ തിരുഹിതം അറിയുവാനായി പ്രാർത്ഥനയിൽ മുഴുകിയിരുന്ന യേശുവിനെപ്പോലെ, തങ്ങളുടെ ആലോചനകളിലും തീരുമാനങ്ങ ളിലും ദൈവഹിതം എന്തെന്നറിയു വാൻ കാത്തിരുന്നതായി കാണാം. പുനരൈക്യത്തിനുവേണ്ടി പിതാവ് നടത്തിയ എഴുത്തുകുത്തുക ളിലെല്ലാം കത്തോലിക്കസഭയുമാ യുള്ള തന്റെ ഐക്യനീക്കത്തി നുള്ള കാരണങ്ങളുടെ വിശ്വസനീ യത ഉറപ്പിക്കപ്പെട്ടിരിക്കുന്നത് ദൈവഹിതം അതാണ് എന്നുള്ള



പിതാവിന്റെ ബോദ്ധ്യത്തിലാണ്. നിരന്തരമായ പ്രാർത്ഥനയിലൂടെ ആർജ്ജിച്ച അനുഭവമാണിത്. ഏതു പ്രതിബന്ധങ്ങളും തരണം ചെയ്യാനുള്ള ശക്തി പിതാവിനു ലഭിച്ചതും ഈ ബോദ്ധ്യത്തിൽനിന്നാണ്.

തന്റെ എല്ലാ പ്രധാന തീരുമാനങ്ങൾക്കും നടപടികൾക്കും മുൻപ് ചാപ്പലിൽ കയറി ദീർഘസമയം പ്രാർത്ഥനാനിരതനായശേഷം കടന്നുവരുന്ന പിതാവിന്റെ തൂലികാചിത്രം തന്റെ ജീവചരിത്രഗ്രന്ഥങ്ങളിൽ ഉടനീളം കാണാം. വട്ടശ്ശേരിൽ പിതാവുമായുള്ള കൂടിക്കാഴ്ചകൾക്കു മുൻപ് ചാപ്പലിൽനിന്നിറങ്ങിവരുന്ന മാർ ഈവാനിയോസ് പിതാവിനെയാണ് പലപ്പോഴും നാം കാണുന്നത്. പുനരൈക്യത്തിലേക്കുള്ള യാത്രയിൽ ബഥനി മലയോടു വിടചൊല്ലുന്നതിനു മുൻപുള്ള രാത്രി മുഴുവൻ ആശ്രമ ചാപ്പലിലാണ് പിതാവ് കഴിച്ചുകൂട്ടിയത്. അവിടെ ദിവ്യകാരുണ്യ സന്നിധിയിലിരുന്നുകൊണ്ടാണ് തന്നോടൊപ്പം ഇറങ്ങിപ്പുറപ്പെടുവാനുള്ളവരുടെ തീരുമാനങ്ങൾ സ്വീകരിച്ചതും അവരെ ശക്തിപ്പെടുത്തിയതും. പുനരൈക്യകാലത്തും അതിനുശേഷവും ദിവ്യകാരുണ്യ സന്നിധി ആയിരുന്നു പിതാക്കന്മാരുടെ ആശ്രയകേന്ദ്രവും ആശാകേന്ദ്രവും ശക്തിസ്രോതസ്സും.

പുനരൈക്യ പ്രസ്ഥാനത്തിന്റെ വിജയത്തിനായി ഭാരതത്തിലും ലോകത്തിന്റെ നാനാഭാഗങ്ങളിലും പ്രാർത്ഥനായോഗങ്ങൾ നടത്തിയിട്ടുള്ളതായി അറിയാം. പിതാക്കന്മാർ സഞ്ചരിച്ച സ്ഥലങ്ങളിലെ ല്ലാം അവരുടെ പ്രഥമമായ അഭ്യർത്ഥന പുനരൈക്യ പ്രസ്ഥാനത്തിന്റെ വിജയത്തിനായി പ്രാർത്ഥിക്കണമെന്നായിരുന്നു. ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെ വാക്കുകളിൽ, അനിതരസാധാരണമായ പ്രാർത്ഥനയുടെ അനന്തര ഫലമാണ് പുനരൈക്യപ്രസ്ഥാനം.

## പുനരൈക്യ അരൂപി

ഇതുപോലെയുള്ള ശക്തമായ അടിസ്ഥാനങ്ങളിലാണ് മാർ ഈവാനിയോസ് പിതാവും അനുചരന്മാരും പുനരൈക്യം സാധിച്ചതും പുനരൈക്യപ്രസ്ഥാനം പടുത്തുയർത്തിയതും. ഈ ആദർശങ്ങൾ സഭയിൽ ശക്തമായി ജീവിക്കുന്നതിനനുസൃതമായിട്ടാണ് പുനരൈക്യ പ്രസ്ഥാനം വരുംകാലങ്ങളിൽ വളർന്നു ശക്തിപ്രാപിച്ച് ഫലമുളവാക്കുന്നത്. സഭൈക്യം എന്ന ആശയത്തിന് നൂതനമാനങ്ങൾ കൈവന്നുകൊണ്ടിരിക്കുന്ന കാലയളവാണിത്. ആത്മീയ എക്യുമെനിസത്തെ (spiritual Ecuemenism)കുറിച്ച് ഇന്ന് നാം ധാരാളം കേൾക്കുന്നുണ്ട്. ദൈവശാസ്ത്ര തർക്കവിഷയങ്ങളുടെ കീറിമുറിച്ച അപഗ്രഥനങ്ങൾക്കപ്പുറമായി യേശുക്രിസ്തുവിനെ മൗലികമായി അനുകരിച്ചുകൊണ്ടുള്ള ആഴമേറിയ പ്രാർത്ഥനാനുഭൂതിയിൽനിന്നുളവാകുന്ന സഭൈക്യ ചിന്തകളും ഐക്യനീക്കങ്ങളുമാണ് കൂടുതൽ ഫലമണിയുന്നത് എന്ന് മലങ്കര സഭൈക്യപ്രസ്ഥാനം തെളിയിക്കുന്നു. പ്രാർത്ഥനയുടെയും തപസിന്റെയും രമ്യതയുടെയും പരസ്പര അംഗീകാരത്തിന്റെയും അന്തരീക്ഷം ഈ ഐക്യശ്രമങ്ങളെ സുഗമമാക്കും. ഇതാണ് മാർ ഈവാനിയോസ് പിതാവും അനുഗാമികളും സഭയ് ക്കു നൽകിയ പുനരൈക്യഅരൂപി.


## മാർ തെയോഫിലോസ് ആരോഗ്യ സമൃദ്ധി

വൃക്കരോഗം ഏറ്റവും അധികം വർദ്ധിക്കുന്ന ഈ സാഹചര്യത്തിൽ ഡയാലിസിസ് എന്ന പരിഹാരമല്ലാതെ മറ്റൊന്നിലും ആശ്രയിക്കാൻ കഴിയാത്ത ഒരു വലിയ ജനസമൂഹംതന്നെ നമുക്കുചുറ്റും ഉണ്ട്. ജീവന്റെ സമൃദ്ധി അനുഭവവേദ്യമാകേണ്ടത് ജീവൻ അസ്തമിച്ച് തീരുന്നവരിലാണ്. അതിൽ തിരുവല്ല അതിഭദ്രാസനത്തെ നയിച്ച പുണ്യശ്ലോകരായ പിതാക്കൻമാരുടെ ഓർമ്മക്കായി 300 ഡയാലിസിസുകൾ വീതം നൽകുവാൻ താൽപര്യപ്പെടുന്നു. ഒരു ഡയാലിസിന് 2000 രൂപ വീതം ധനസഹായം നൽകുന്നതായിരിക്കും.പുണ്ണ്യശ്ലോകനായ യാക്കോബ് മാർ തെയോഫിലോസ് പിതാവിന്റെ പേരിൽ ഈ പദ്ധതി അറിയപ്പെടും.





# ബഥനി ചാക്കോച്ചൻ



ഫാ. ജോസ് മരിയദാസ്
ഒ.ഐ.സി.

2001-ൽ റോമിൽ നിന്നും ഉപരിപഠനം കഴിഞ്ഞ് ഞാൻ നാട്ടിൽ തിരിച്ചെത്തിയ കാലം. പുനരൈക്യത്തിന്റെ പ്രഥമസന്താനങ്ങളിൽ ഏക അത്മായനായിരുന്ന ബഹു. കിളിലേത്ത് ചാക്കോച്ചന്റെ ജീവിതം ആസ്പദമാക്കി ഒരു ലഘുഗ്രന്ഥം പ്രസിദ്ധീകരിക്കണമെന്ന് ആഗ്രഹം മനസ്സിൽ കുറേനാളായി കൊണ്ടു നടക്കുകയായിരുന്നു. എന്നാൽ അദ്ദേഹത്തെ സംബന്ധിച്ച വിവരങ്ങൾ ലഭിക്കുന്ന ഗ്രന്ഥങ്ങൾ ഒന്നുംതന്നെ ലഭിച്ചില്ല. പിന്നെയുള്ള സാധ്യത അദ്ദേഹത്തെ അടുത്തു പരിചയമുള്ളവരേയും കുടുംബത്തിലുള്ളവരേയും നേരിട്ട് കണ്ട് വിവരങ്ങൾ ശേഖരിക്കുക എന്നതായിരുന്നു. അങ്ങനെ വീണുകിട്ടുന്ന ഒഴിവുദിനങ്ങളെല്ലാം പല സ്ഥല ങ്ങളിലും യാത്ര ചെയ്തു ആളുകളെ നേരിൽ കണ്ട് വിവരങ്ങൾ ശേഖരിക്കുവാൻ തുടങ്ങി. അദ്ദേഹത്തിന് സ്ത്രീധനമായി ലഭിച്ച തിരുവല്ലയിലെ സെന്റ് മേരീസ് റസിഡൻഷ്യൽ സ്കൂളിന്റെ പിൻവശത്തുള്ള വസതി തേടി ചെന്നപ്പോൾ ഉണ്ടായ ഒരനുഭവം ഓർക്കുന്നു. തദവസരത്തിൽ എന്നോടൊപ്പം ആശ്രമത്തിലെ ബഹു. ബ്രദർ ക്ലെമന്റ് പാണ്ടാത്തറ യുമുണ്ടായിരുന്നു. ചാക്കോച്ചന്റെ ഇളയമകനായിരുന്നു അവിടെ താമസം. എന്നാൽ കിളിലേത്ത് ചാക്കോച്ചന്റെ വീട് അന്വേഷിച്ചിട്ട് ആർക്കും എവിടെയാണെന്ന് കാണിച്ചു തരുവാൻ കഴിഞ്ഞില്ല. എന്തു ചെയ്യണമെന്ന് അറിയാതെ കുഴങ്ങിനിന്നപ്പോൾ അതുവഴി വന്ന വളരെ പ്രായമുള്ള ഒരു ഹൈന്ദവസ്ത്രീയോട് കിളിലേത്ത് ചാക്കോച്ചന്റെ വീട് ഏതാണെന്ന് അന്വേഷിച്ചു. അവരും കൈമലർത്തി. എന്നാൽ അല്പംമുന്നോട്ട് പോയശേഷം അവർ തിരികെ വന്നുചോദിച്ചു, “നിങ്ങൾ ബഥനി ചാക്കോച്ചന്റെ വീടാണോ അന്വേഷിക്കുന്നത്”. “അതേ” ഞങ്ങൾ പറഞ്ഞു. അവർ പറഞ്ഞു, “അങ്ങനെ പറഞ്ഞെങ്കിലേ ആളുകൾക്ക് മനസ്സിലാകൂ”. അവർ വീട് കാണിച്ചു തന്നു.

ജനഹൃദയങ്ങളിൽ കിളിലേത്ത് ചാക്കോച്ചൻ, മാനേജർ ചാക്കോച്ചനായി വളർന്ന്, ബഥനി ചാക്കോച്ചനായി മലങ്കര സഭാചരിത്രത്തിലും മലങ്കര മക്കളുടെ ഹൃദയത്തിലും ലബ്ധ പ്രതിഷ്ഠ നായ ചരിത്രം ആ ഹൈന്ദവസ്ത്രീയുടെ വാ ക്കുകളിലൂടെ എന്റെ മുമ്പിൽ വെളിപ്പെടുക

യായിരുന്നു. എന്നാൽ ഇന്നും സങ്കടകര മായ ഒരു യാഥാർത്ഥ്യം എന്നു പറയുന്നത് മലങ്കര സഭയുടെ പുതിയ തലമുറ യ്ക്ക് ഈ വ്യക്തിത്വം വേണ്ടത്ര സുപരിചിതമല്ല എന്നുള്ളതാണ്. ഒപ്പം വിസ് മരിക്കപ്പെടുന്നത് മലങ്കരയുടെ ചരിത്ര വഴിയിൽ ബലി അർപ്പിക്കപ്പെട്ട ഒരു പാവന ജീവിതത്തിന്റെ ഓർമ്മകളുമാണ്.

അദ്ദേഹത്തെക്കുറിച്ചുള്ള ഗ്രന്ഥരചന എന്നെ സംബന്ധിച്ചിടത്തോളം അവിസ്മരണീയമായ ഒരു അനുഭവമായിരുന്നു. കണ്ടുമുട്ടിയ വ്യക്തികളുടെ വാക്കുകളിലെ തീവ്രതയും, ഓർമ്മകളിലെ ആർദ്രതയും, സഭാസ്നേഹത്തിന്റെ ആഴവും, ധാർമ്മി കരോഷത്തിന്റെ കനൽ വെളിച്ചവും ഒരുപോലെ തൊട്ടറിഞ്ഞ് നാളുകളായിരുന്നു അവ. കണ്ടതും കേട്ടതും മുഴുവനായി കടലാസ്സിൽ പകർത്താനാവതേ ഔചിത്യബോധത്തിന്റെ ഭാരവും, അറിഞ്ഞ സത്യത്തിന്റെ നൊമ്പരങ്ങളും ഹൃദയത്തെ ഘനപ്പെടുത്തിയ നാളുകളായിരുന്നു അവ.

“മലങ്കരസഭയുടെ വിശ്വസ്തതനായ കാര്യസ്ഥൻ” എന്ന ഗ്രന്ഥം ആദ്യമായി പ്രകാശനം ചെയ്തത് മാവേലിക്കരയിൽ വച്ച് നടന്ന 75-ാമത് പുനരൈക്യാഘോഷവേദിയിൽ വെച്ചാണ്. രാവിലെ 10 മണിക്ക് പ്രകാശനം ചെയ്ത് പുസ്തകം വൈകുന്നേരം ആയപ്പോഴേക്കും വിറ്റുതീർന്നിരുന്നു. മലങ്കരയിലെ സഭാപ്രസിദ്ധീകരണരംഗത്ത് ആ ലഘുഗ്രന്ഥം ആരുമറിയാതെ അങ്ങനെയൊരു ചരിത്രം കുറിച്ചു എന്നുപറയാം. ഉടൻ തന്നെ രണ്ടാം പതിപ്പ് ഇറങ്ങി. തുടർന്ന് നാളിതുവരെ ഇംഗ്ലീഷിലുള്ള ഒരു പതിപ്പുൾപ്പെടെ നാല് പതിപ്പുകൾ ഇറങ്ങേണ്ടതായിവന്നു.

ഒരു പദവിയും, അധികാരസ്ഥാനങ്ങളും, അംഗീകാരവും തേടിയെത്താത്ത ഈ സാധുമനുഷ്യന്റെ ജീവചരിത്രം ജനങ്ങൾ ആവേശപൂർവം വായിച്ച് നെഞ്ചോട് ചേർത്തതിന്റെ രസതന്ത്രമെന്താണ്. അതിലേക്കുള്ള ഒരു എത്തിനോ ട്ടമാണ് ഈ ചെറുലേഖനം.

മാർ ഈവാനിയോസ് പിതാവ് ശെമ്മാശനായി പഴയ സെമിനാരിയിൽ പഠിച്ചുകൊണ്ടിരിക്കുന്ന കാലത്താണ് ബാലനായ കിളിലേത്ത് ചാക്കോച്ചൻ കോട്ടയത്ത് എത്തുന്നത്. ശെമ്മാശന്റെ ഗുരുവായി രുന്ന വട്ടശ്ശേരിൽ മാർ ദീവന്ന്യാസ്യോസ് തിരുമേ നിയുടെ പ്രത്യേക വാത്സല്യത്തിന് പാത്രീഭൂതനായ കൊച്ചുചാക്കോച്ചൻ താമസംവിനാ മലങ്കരസഭാ സേവനത്തിന്റെ തട്ടകത്തിനുള്ളിലായി. പി. റ്റി. ഗീവർ ഗീസ് ശെമ്മാശൻ, പിന്നീട് വൈദികനാകുകയും എം.ഡി. സെമിനാരി സ്കൂൾ പ്രിൻസിപ്പലാകുകയും ചെയ്തു. സ്കൂളിന്റെയും ബോർഡിംഗിന്റെയും സുഗമമായ പ്രവർത്തനത്തിന് 1908-ൽ ചാക്കോച്ചൻ മാനേജരായും നിമയിക്കപ്പെട്ടിരുന്നു. 1908 മുതൽ 1918 വരെയുള്ള പത്ത് വർഷക്കാലത്തെ അദ്ദേഹത്തിന്റെ സ്തുത്യർഹമായ സേവനത്തിന് നാട്ടുകാർ തുല്യം ചാർത്തി കൊടുത്ത പേരാണ് “മാനേജർ ചാക്കോച്ചൻ”.

സെറാംമ്പൂർ വാസകാലത്തിനുശേഷം 1919 മാർ ഈവാനിയോസ് പിതാവ് പെരുനാടി നടുത്ത് മുണ്ടൻമലയിൽ ബഥനി സ്ഥാപിച്ചപ്പോൾ ആശ്രമക്കെട്ടിടവും ചാപ്പലും മറ്റും പണി യുവാനുള്ള ചുമതല ഏൽപ്പിച്ചതും ചാക്കോച്ചനെ ആയിരുന്നു. അന്ന് ആ വന മദ്ധ്യത്തിൽ ചാക്കോച്ചൻ ആശാരിമാരെയും കൂട്ടി ആശ്രമക്കെട്ടിടം നിർമ്മിക്കുവാൻ ഇറങ്ങിയപ്പോൾ അമ്മയായ ആണ്ടമ്മയും, ഭാര്യ അന്നമ്മയും, കൈകുഞ്ഞുങ്ങൾ രണ്ടുപേ രും ഒപ്പമുണ്ടായിരുന്നു.

## മാർ ഗ്രിഗോറിയോസ് ഭവന സാക്ഷാത്കാര പദ്ധതി

ഭവനം ഒരു സ്വപ്നമാണ്. ഓരോ കുടുംബവും ഈ സ്വപ്നം സാക്ഷാത്കരിക്കുവാനായി പ്രയത്നിക്കുന്നു. മാന്യമായ ഭവനം ഓരോ വ്യക്തിയുടെയും അവകാശമാണ്. ഒരു ഭവനം പൂർത്തിയാക്കാൻ സാധിക്കാത്ത നിർധനരായ 10 കുടുംബങ്ങൾക്ക് 1,50,000 രൂപ ധനസഹായം നൽകുന്നു.ഈ പദ്ധതി മാർ ഗ്രിഗോറിയോസ് പിതാവിൻെറ പേരിൽ അറിയപ്പെടുന്നത് ഏറ്റവും ഉചിതമാണ്. കാരണം പാവപ്പെട്ടവരുടെ ഭവന നിർമാണങ്ങൾക്ക് വേണ്ടി അക്ഷീണം പ്രയത്നിച്ച വ്യക്തിയായിരുന്നു മാർ ഗ്രിഗോറിയോസ് പിതാവ്..



# മാർ സേവേറിയോസ് മംഗല്യ സായൂജ്യ പദ്ധതി

കുടുംബം ദൈവികമായ സംവിധാനമാണ്;അത് സാധ്യമാക്കുന്നത് വിവാഹമെന്ന കൂദാശയിലൂടെയും.ജീവ ൻെറ തുടർച്ചയും വളർച്ചയും തളർച്ചയും മരണവും ഒക്കെ സംഭവിക്കുന്ന വിശുദ്ധമായ ബലിവേദിയാണ് കുടുംബം.നിർധനരായ 10 പെൺകുട്ടികൾക്ക് വിവാഹസഹായമായി 1,00,000 രൂപ വീതം നൽകുന്ന ഈ പദ്ധതി മാർ സേവേറിയോസ് പിതാവിൻെറ പേരിൽ അറിയപ്പെടുന്നു.



വനത്തിൽ ഒരു മരത്തിന്മേൽ ഏറുമാടം കെട്ടി അതിലാണ് ഈ കുടുംബം ക്ലേശപൂരിതമായ ഈ കാലഘട്ടം കഴിഞ്ഞത്. ജോലിക്കാർക്ക് ഒരോ നേരവും ഭക്ഷണവും മറ്റും വെച്ചുകൊടുക്കാൻ ആ വനമദ്ധ്യത്തിൽ ഇതല്ലാതെ ചാക്കോച്ചന് മറ്റു പോം വഴികൾ ഒന്നുമില്ലായിരുന്നു. ത്യാഗ പൂർണ്ണമായ ഈ സമർപ്പണവും സേവനവും കണ്ട് നാട്ടുകാർ ചാക്കോച്ചന്റെ "മാനേജർ ചാക്കോച്ചൻ" എന്ന പേര് ഒന്ന് പരിഷ്കരിച്ചു. തുടർന്ന് "ബഥനി ചാക്കോച്ചൻ" എന്നാണറിയപ്പെട്ടിരുന്നത്. പിന്നീട് മരണംവരെ അദ്ദേഹത്തോട് ആ നാമം ചേർന്നുനിന്നു.

ബഥനി ആശ്രമസ്ഥാപനത്തിനുശേഷം സ്വന്തം കുടുംബത്തോടുള്ള ഉത്തരവാദിത്വം കുറേയെങ്കിലും നിർവഹിക്കണമെന്ന് അദ്ദേഹം ആഗ്രഹിച്ചു. എന്നാൽ മാർ ഈവാനിയോസ് തിരുമേനി അദ്ദേഹത്തെ ഒരു പുതിയ കാര്യം ഏൽപ്പിക്കുകയാണുണ്ടായത്. കണ്ടത്തിൽ കുടുംബക്കാരുടെ വകയായി തിരുമൂലപുരത്ത് ഉണ്ടായിരുന്ന ഒരു പെൺപള്ളികുടം പിതാവ് ഏറ്റെ ടുക്കുകയും ഇംഗ്ലണ്ടിൽ നിന്നും പ്രഗലഭരായ അദ്ധ്യാപകരെ കൊണ്ടുവന്ന് "ബാലികാമഠം" എന്ന പേരിൽ ആ സ്കൂൾ പുനരുദ്ധരിച്ചു. മദ്ധ്യതിരു വിതാംകൂറിലെ സ്ത്രീശാക്തീകരണ ചരിത്രത്തിൽ ഏറെ പങ്കുവഹിച്ച ഈ സ്കൂളിന്റെ നടത്തിപ്പിന്റെ ചുമതല ചാക്കോച്ചൻ സ്തുത്യർഹമായി നിർവഹിച്ചു. പുനരൈക്യാന്തരം ഈ സ്കൂൾ മാർ ഈവാനിയോസ് പിതാവ് ഓർത്തഡോക്സ് സഭയ്ക്ക് വിട്ടുകൊടുക്കുകയുണ്ടായത്.

തിരക്കിട്ട സഭസേവനത്തിനിടയ്ക്ക് സ്വന്തം കുടുംബത്തോടുള്ള ചുമതല നിർവഹി ക്കുവാൻ ചാക്കോച്ചൻ വളരെ ദയനീയമായി പരാജയപ്പെട്ടു എന്നുള്ളതാണ് സത്യം. മക്കളെ ഉന്നതനിലയിൽ എത്തിക്കുവാൻ മറ്റു ഏത് പിതാവിനെപ്പോലെയും അദ്ദേഹവും ആഗ്രഹിച്ചു വെങ്കിലും വീണ്ടും, വീണ്ടും സഭാസേവനരംഗത്തേക്ക് അദ്ദേഹത്തെ സഭ മടക്കി വിളിച്ചതിനാൽ ആ സ്വപ്നങ്ങൾ ഒന്നും പൂവണിഞ്ഞില്ല. അങ്ങനെ പാതിവഴിയിൽ ഉപേക്ഷിച്ച ഒരു സംരംഭമാണ് "കരിമണൽ ഖനനം". ഈ അടുത്ത കാലത്ത് മാത്രം രാഷ്ട്രീയ അഴിമതികളുമായി ചേർത്തുവച്ചു മാത്രം നാം കേൾക്കുന്ന കരിമണൽ ഖനനത്തിന്റെ സാധ്യതകൾ പണ്ടുതന്നേ തിരിച്ചറിഞ്ഞ് "ക്രിസ്ത്യൻ ഇൻഡസ്ട്രിയൽ കമ്പനി ലിമിറ്റഡ്" ചാക്കോച്ചൻ സ്ഥാപിച്ച് ഷെയറുകൾ വിറ്റു മുലധനം സ്വരൂപിക്കുകയും ചെയ്തു. എന്നാൽ കരിമണൽ തീരങ്ങളിലെ സ്വപ്നങ്ങൾ ഉപേക്ഷിച്ച്, പുനരൈക്യ തീരങ്ങളിൽ എത്താനാണ് ദൈവം അദ്ദേഹത്തെ നയിച്ചത്.

ചുരുക്കത്തിൽ 1930-ൽ ആദ്യം പുനരൈക്യപ്പെട്ടതിൽ ഏക അത്മായപ്രതിനിധിയായി ചാക്കോച്ചനെ ദൈവം തിരഞ്ഞെടുത്തു. ഇന്നത്തെ എം.സി.എ.യുടെ ആദ്യജാതൻ എന്ന് ചാക്കോനെ വിശേഷിപ്പിക്കാം.

പുനരൈക്യാനന്തരവും ബഥനി ചാക്കോച്ചൻ തന്റെ സഭാസേവനം വർധിത വീര്യത്തോടുകൂടെ തുടർന്നു. തിരുവനന്തപുരം അതിരൂപതയുടെ കാര്യസ്ഥനായി അദ്ദേഹം നടത്തിയ സേവനങ്ങൾ അവിസ്മരണീയങ്ങളാണ്. അതിരൂപതയുടെ ദൈനംദിനകാര്യങ്ങൾ മുതൽ സ്ഥാവരജംഗമ വസ്തുക്കളുടെ സമ്പാദനം വരെ ആ സേവനത്തിന്റെ കരങ്ങൾ നീണ്ടു. നാലാ ഞ്ചിറയിലെ ബഥനി ക്കുന്ന് ഇന്ന് അനേകം വിദ്യാഭ്യാസ സ്ഥാപന ങ്ങളും ആശ്രമം, മഠ ങ്ങൾ ഇവയാലും മല ങ്കരസഭയുടെ അഭിമാനം വിളിച്ചോതുന്ന കേന്ദ്രമായി മാറിയിരുന്നു. ഈ സ്ഥലം സ്വന്തമാക്കുവാൻ പിതാവിനെ നിർബന്ധിച്ചതും അനുകൂലതീരുമാനം എടുപ്പിച്ചതും ചാക്കോച്ചനാണെന്ന് ആശ്രമത്തിലെ ബഹു.

പക്കോമിയോസച്ചൻ എന്നും പറയുമായിരുന്നു.

തിരുവല്ല രൂപത യിലെ ഇന്ന് പുഷ്പഗിരി ഇരുന്ന സ്ഥലം സംരക്ഷിച്ചു നടത്തിക്കൊണ്ടു പോകുന്നതിൽ ചാക്കോച്ചന്റെ വിയർപ്പ് ധാരാളം വീ ണിട്ടുണ്ട്. അതിലൊക്കെ ഉപരിയായി ചാക്കോച്ചനെന്ന ഒറ്റയാൻ പട്ടാളം നേരിട്ട് നടത്തിയ സാഹസികമായ ഇടപെടലു കളാണ് തിരുവല്ല ഭദ്രാസന ദേവാലയം ഇരിക്കുന്ന സ്ഥല ത്ത് അന്നൊരു ദേവാലയമുണ്ടാകുവാനും അവിടെ വിശുദ്ധ കുർബാന അർപ്പിച്ചുതുടങ്ങുവാനും ഇടയായത്. അതിശക്തമായ എതിർപ്പി നെ നേരിടുവാൻ തന്റെ ആവനാഴിയിലെ അവസാന അസ്ത്രവും പ്രയോഗിച്ച് ചാക്കോച്ചൻ നടത്തിയ സഹന സമരം ഫലംകണ്ടതുകൊണ്ടാണ് ഇന്ന് സെന്റ് ജോൺസ് കത്തീഡ്രൽ ദേവാലയം അവിടെയുണ്ടായിരിക്കുന്നത്. ഈ സഹനസമരത്തിൽ ചാക്കോച്ചൻ നടത്തിയിരുന്ന പലചരക്ക് കടയും മറ്റും എതിരാളികൾ തീവെച്ചു നശിപ്പിച്ചപ്പോൾ സ്വന്തം കുടുംബത്തിന്റെ ആകെ യുള്ള വരുമാനസ്രോതസ്സും കത്തിയമരുകയായിരുന്നു. ചാക്കോച്ചന്റെ ഈ സഹനബലി ഇന്നൊരു പക്ഷേ തിരുവല്ലാരൂപതയിലെ തന്നെ എത്രപേർക്കറിയാം? എന്നാൽ വിസ്താരഭയത്താൽ അതിന്റെ ചരിത്രപരമായ വിശദാംശങ്ങളിലേക്ക് ഇപ്പോൾ കടക്കുന്നില്ല. സഭാശുശ്രൂഷയിൽ ആപാദചൂഢം ആമഗ്നനാ യിരുന്ന ചാക്കോച്ചന് സ്വന്തം ഭാര്യയുടെ മരണസമയത്തുപോലും ഒപ്പമായിരിക്കുവാൻ കഴിഞ്ഞില്ല എന്നാണ് ദുഃഖസത്യം.

ഇന്നൊരുപക്ഷേ സഭാ സേവനത്തിന് കച്ചകെട്ടിയിറങ്ങുന്ന പലരും വള രെ പെട്ടെന്ന് വലിയ സാമ്പത്തികപുരോഗമനം കൈ വരിക്കുന്ന മാന്ത്രികവിദ്യ കണ്ട് സഭാസമൂഹം അത്ഭുത സ്തബ്ദരാകു ന്നുണ്ട്. എന്നാൽ സ്വന്തം സഭാസേവനത്തിനൊടുവിൽ കിടക്കാടം പോലും നഷ്ടപ്പെട്ട് ജീവിത സായാഹ്നം തിരുവനന്ത പുരത്തി നടുത്തുള്ള ഒരു വൃദ്ധ സദനത്തിൽ ഒടുക്കിയ ഈ സഭാസ്നേഹിയെ ഇന്ന് എത്രപേർക്കറിയാം? അദ്ദേഹത്തിന്റെ മക്കൾ ഫ്രാൻസിസ്കൻ ബ്രദേഴ്സിന്റെ ഔദാര്യം സ്വീകരിച്ച് അനാഥരെപ്പോലെ വളരാനിടയായ സാഹചര്യമെന്ത്? മലങ്കരസഭയെ വളർത്താൻ അഹോരാത്രം അദ്ധ്വാനിച്ച ഈ അത്മായനേതാവിന്റെ മക്കൾക്ക് ദാരിദ്ര്യം മാത്രം കൈമുതലായി ലഭിച്ചത് എന്തുകൊണ്ട്? എന്തായാലും അവരെ ദൈവം ഇന്ന് സമൃദ്ധമായി അനുഗ്രഹിച്ച് സുസ്ഥിതി പ്രദാനം ചെയ്തു. അവരും അവരുടെ പിതാമഹന്റെ കാൽചുവടുകളെ പിൻചെന്ന് ഇന്നും സഭയോടു കൂറ് പുലർത്തുന്നത് സന്തോഷം നൽകുന്ന വസ്തുത തന്നെ. അംഗീകാരങ്ങളും സ്ഥാനമാനങ്ങളും ഒട്ടും ആഗ്രഹിക്കാതെ സേവനം മാത്രം ലക്ഷ്യമാക്കി സഭയെ സ്നേഹിച്ച് ശുശ്രൂഷ ചെയ്ത ബഥനി ചാക്കോച്ചൻ വംശനാശം വന്നുകൊണ്ടിരിക്കുന്ന നിസ്വാർത്ഥരായ സഭാശുശ്രൂഷകളുടെ ജനുസ്സിൽപ്പെട്ട അപൂർവ്വം സുവർണ്ണവ്യക്തിത്വ ങ്ങളിൽ ഒരാളാണ്. കാലത്തിനുപോലും മറയ്ക്കാനാവാതെ ആ വ്യക്തിത്വത്തിന്റെ പ്രഭ ഇന്നും പ്രസരിച്ചുകൊണ്ടേയിരിക്കുന്നു. ●

## സിറിൽ മാർ ബസേലിയോസ് ജീവൻ സമൃദ്ധി

അവയവദാന പദ്ധതി ജീവൻ ദൈവദാനമാണ്; ജീവൻ നിലനിർത്താൻ സഹായിക്കുന്ന എന്തും ജീവകാരുണ്യം തന്നെ. ഞാൻ വന്നിരിക്കുന്നത് ജീവനുണ്ടാകുവാനും അത് സമൃദ്ധമായി ഉണ്ടാകാനുമാണ്(യോഹ.10:10) എന്ന വചനം നമ്മെ ശക്തിപ്പെടുത്തുന്നു.അവയവ ദാനം,രക്തദാനം ഇവയൊക്കെ മഹാദാനമെന്നാണ് വാഴ്ത്തപ്പെടുന്നത്.ഇവ രണ്ടും പണത്തേക്കാൾ വിലയുള്ളതാണെന്ന് നാം ഓരോ നിമിഷവും തിരിച്ചറിയുന്നു.85ാം പുനരൈക്യവാർഷികത്തോടനുബന്ധിച്ച് മലങ്കര സുറിയാനി കത്തോലിക്കാസഭയിലെ 1 ലക്ഷം വ്യക്തികൾ അവയവദാന സമ്മതപത്രത്തിൽ ഒപ്പുവെച്ച് .ബഹു.കേരളാ മുഖ്യമന്ത്രി ഉമ്മൻചാണ്ടിയെ ഏൽപ്പിക്കുന്നു.കിഡ്നി ഫൗണ്ടേഷൻ ഓഫ് ഇന്ത്യ പ്രസിഡന്റ് ഫാ.ഡേവിഡ് ചിറമ്മേൽ, അതിരൂപതയെ മാർഗ്ഗനിർദേശം നൽകി സഹായിക്കുന്നു.





# ഇരുമേട ജോർജ് സാർ ഓർമ്മയായി

'ഐക്യദീപം' മാസികയുടെ മുഖ്യപത്രാധിപർ ബഹു. വർഗീസ് ചാമക്കാല അച്ചൻ ഇരുമേട ജോർജ് സാറിനെക്കുറിച്ച് സംക്ഷിപ്തമായ ഒരു ഓർമ്മക്കുറിപ്പ് ആവശ്യപ്പെടുകയുണ്ടായി. എന്തെഴുതണമെന്നാലോചിക്കുമ്പോൾ ദീപിക ദിനപത്രത്തിൽ വന്ന ജോർജ് സാറിന്റെ മരണവാർത്ത ഓർമ്മയിലെത്തി. അവിടെ തുടങ്ങാം എന്നു കരുതി.

ജൂലൈ 24-ാം തീയതിയിലെ ദീപിക ദിനപത്രം ജോർജ് സാറിന്റെ മരണം റിപ്പോർട്ട് ചെയ്തത് ഇപ്രകാരമാണ്. "ഗുരുശ്രേഷ്ഠൻ വി. ജോർജ് ഇരുമേട ഓർമ്മയായി. തലമുറകൾക്ക് അക്ഷരദീപം പകർന്ന അദ്ധ്യാപക ശ്രേഷ്ഠൻ വി. ജോർജ് ഇരുമേട (89) ഓർമ്മയായി." ഓർമ്മയായി എന്ന് പത്രം റിപ്പോർട്ട് ചെയ്ത ജോർജ് സാറിനെക്കുറിച്ച് ഒരു 'ഓർമ്മക്കുറിപ്പ്' എഴുതാനാണല്ലോ എന്നോട് ആവശ്യപ്പെട്ടിരിക്കുന്നത്. ഓർമ്മയായ സാറിനെക്കുറിച്ച് ഒരു ഓർമ്മക്കുറിപ്പ്.

'ഓർമ്മ' നല്ലൊരു പ്രയോഗം. 'ഓർമ്മക്കുറിപ്പ്' നല്ലൊരു ദൗത്യം. യേശുനാഥന്റെ ഒരു വചനം മനസ്സിലേക്ക് തള്ളിക്കയറി വരുന്നു. "എന്റെ ഓർമ്മയ്ക്കായി ഇതു ചെയ്യുവിൻ.'' എന്താണ് ശിഷ്യർക്ക് ഓർമ്മയ്ക്കായി നൽകാൻ ദൈവമായവനു സാധിക്കുക? വസ്തുലോകവും സൃഷ്ടപ്രപഞ്ചവും നശ്വരമാണെന്നു പഠിപ്പിച്ചവന് അവയൊന്നും സ്മാരകമായി നൽകാൻ കഴിയുകയില്ലല്ലോ. പിന്നെയെന്ത്? തന്റെ ഉള്ളും ഉള്ളതും നൽകുക. അവിടെയാണ് മുറിക്കപ്പെട്ട അപ്പമായും ചിന്തപ്പെട്ട രക്തമായും യേശുവിന്റെ ശരീരം പകുത്തുനൽകുക. ഒരായുസ്സ് മുഴുവനും എന്നല്ല യുഗാന്ത്യം വരെ അവിസ്മരണീയമായി നിലകൊള്ളുന്ന പച്ചകെടാത്ത ഓർമ്മ. "ഇത് നിങ്ങൾ എന്റെ ഓർമ്മയ്ക്കായി ചെയ്യുവിൻ."

ഇരുമേട ജോർജ് സാർ ഓർമ്മയായി എന്ന് ദീപിക റിപ്പോർട്ട് ചെയ്തത് എത്രയോ ശരി. ക്രൈസ്തവന്റെ വിളി മറ്റെന്താണ്, ഓർമ്മയാകാനല്ലെങ്കിൽ. ദൈവത്തിനും മനുഷ്യർക്കും മറക്കാനാവാത്ത ഓർമ്മ. ദൈവത്തിനായി ഉള്ളും ഉള്ളതും നൽകിയ ശുശ്രൂഷകരെ ദൈവത്തിനു മറക്കാനാവുമോ?

കേരളത്തിനകത്തും ഭാരതത്തിനു വെളിയിലുമായി നാല് പതിറ്റാണ്ടുകാലത്തെ അദ്ധ്യാപകനും പ്രധാനാദ്ധ്യാപകനുമായുള്ള ശുശ്രൂഷ. കെ.സി.എസ്.എൽ. സംസ്ഥാന ജനറൽ സെക്രട്ടറി, നിലയ്ക്കൽ എക്യു



**ഫാ. ചെറിയാൻ താഴമൺ**
**ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ദീപിക**

മെനിക്കൽ കമ്മിറ്റി പ്രഥമ കൺവീനർ, പാസ്റ്ററൽ കൗൺസിൽ അംഗം, അൻപതിലധികം വർഷം മത ബോധന അദ്ധ്യാപകൻ, സൺഡേ സ്കൂൾ ഹെഡ് മാസ്റ്റർ, ലീജിയൽ ഓഫ് മേരി പ്രസീദിയം പ്രസിഡന്റ് തുടങ്ങി അനേക ശുശ്രൂഷകളിലൂടെ തന്റെ ഉള്ളും ഉള്ളതും ദൈവമഹത്വത്തിനും മനുഷ്യനന്മയ്ക്കുമായി സമർപ്പിച്ച ജോർജ് സാർ അറിയുന്നവർക്കെല്ലാം സജീവ ഓർമ്മയല്ലേ. ഇതാണ് എനിക്കു കുറിക്കുവാനുള്ള ഓർമ്മക്കുറിപ്പ്.

പാദങ്ങൾ കഴുകി പഴയ പാതകളിലെ ധൂളി ശിഷ്യരുടെ പാദങ്ങളിൽനിന്നു നീക്കിയിട്ട് പുതിയ വീഥികളിലേക്കുള്ള സ്വാതന്ത്ര്യം നൽകിയവനാണ് പറഞ്ഞത് "എന്റെ ഓർമ്മയ്ക്കായി ഇതു ചെയ്യുവാൻ" എന്ന്. ഇതുതന്നെയല്ലേ ജോർജ് സാർ തന്റെ ജീവിതകാലമിത്രയും ചെയ്തത് അതല്ലേ? അനേകരുടെ പാദങ്ങളിൽനിന്ന് പഴയ വീഥികളിലെ ധൂളി നീക്കിയിട്ട് പുതിയ വീഥിയിലേക്കുള്ള സ്വാതന്ത്ര്യം നൽകുകയല്ലേ ചെയ്തത്. അദ്ധ്യാപന ശുശ്രൂഷയിലൂടെ അദ്ദേഹം ചെയ്തത്. ഗുരുവിന്റെ ദൗത്യം ഇതുതന്നെയല്ലേ? "മാറിലെ ഉഴവുചാൽ മണ്ണു മറന്നാലും പ്രസവവേദനയും തുടർന്നുള്ള ആനന്ദവും പെണ്ണു മറന്നാലും ഞാനാ രാത്രിയെ വിസ്മരിക്കില്ല" എന്ന് ഖലീൽ ജിബ്രാൻ പാടിയത് ഗുരുശിഷ്യന്റെ പാദങ്ങളെ വെടിപ്പാക്കി പുതിയ വഴിയിലേക്ക് തുറവി കൊടുത്തതിനെക്കുറിച്ചല്ലേ? "സേവിക്കാനാണ് സേവിക്കപ്പെടാനല്ല ഞാൻ വന്നിരിക്കുന്നത്" എന്നരുളിയ ഗുരുവിനെപ്പോലെ അനേകർക്ക് സേവനം ചെയ്തവനല്ലേ ഇരുമേട ജോർജ് സാർ എന്ന ഗുരുശ്രേഷ്ഠൻ.

അദ്ധ്യാപനത്തെ ദൈവനിയോഗവും ഈശ്വരസേവയുമായിട്ടാണദ്ദേഹം കണ്ടിരുന്നത്. അത് ശ്രേഷ്ഠതയോടെ നിർവഹിക്കണമെന്ന് അദ്ദേഹത്തിന് നിർബന്ധമായിരുന്നു. സഭയുടെ വിദ്യാഭ്യാസ ദർശനം ആഴത്തിൽ അദ്ദേഹം ഉൾക്കൊണ്ടിരുന്നു. കുട്ടികളുടെ സമ്പൂർണ്ണമായ വികസനമായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. അതുകൊണ്ടാണദ്ദേഹം പാഠ്യവിഷയങ്ങൾക്കു പുറമെ പാഠ്യേതര വിഷയങ്ങളും സ്കൂളിൽ നിർബന്ധമാക്കിയിരുന്നത്. ശാസ്ത്രവിഷയങ്ങൾ പഠിപ്പിക്കുന്ന അദ്ധ്യാപകനായിരുന്നപ്പോഴും വിദ്യാർത്ഥികളെ മൂല്യബോധമുള്ളവരായി രൂപീകരിക്കാൻ അദ്ദേഹം ശ്രദ്ധിച്ചിരുന്നതായി അനേക ശിഷ്യർ സാക്ഷ്യപ്പെടുത്തുന്നു.

അദ്ദേഹത്തിന്റെ മരണവാർത്ത റിപ്പോർട്ടു ചെയ്തിരുന്നതിലെ മറ്റൊരു വാചകം ഇപ്രകാരമായിരുന്നു. "സഭാസാമുദായിക രംഗങ്ങളിൽ അർപ്പിച്ച ശുശ്രൂഷകളെ മാനിച്ച് മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പരിശുദ്ധ സുന്നഹദോസ് 'ബാർ ഈത്തോ കാശീറോ' (സഭയുടെ ഉത്സാഹിയായ പുത്രൻ) എന്ന പദവി നൽകി ആദരിച്ചിരുന്നു. അംഗീകര പദവി നൽകുവാനുള്ളവരുടെ പട്ടിക തയ്യാറാക്കാൻ ഒരുമ്പെട്ടപ്പോൾ ഇരുമേട ജോർജ് സാറിന്റെ പേരാണ് ആദ്യമായി കടന്നുവന്നത് എന്നറിയുമ്പോൾ അദ്ദേഹത്തിന്റെ സഭാപരമായ സേവനങ്ങളെ സഭാമക്കൾ എത്രമാത്രം അംഗീകരിച്ചാദരിച്ചിരുന്നു എന്ന് വ്യക്തം.

ഇടവകയോടും രൂപതയോടും ചേർന്ന് പ്രവർത്തിക്കുന്നതിൽ അദ്ദേഹം ഏറെ ശ്രദ്ധിച്ചിരുന്നു. അന്ത്യോക്യായിലെ വിശുദ്ധ ഇഗ്നാത്തിയോസിന്റെ പ്രസിദ്ധമായ വാക്യം 'സഭയോടൊത്ത് ചിന്തിക്കുക' ജോർജ് സാറിന്റെയും ജീവിത വീക്ഷണമായിരുന്നു. കൗമാരപ്രായത്തിൽ സത്യസഭയെ തിരിച്ചറിഞ്ഞ് പുനരൈക്യപ്പെട്ടതു മുതൽ സഭയോടൊത്തു മാത്രം ചിന്തിക്കുകയും ജീവിക്കുകയും ചെയ്ത വ്യക്തിയായിരുന്നു അദ്ദേഹം. വ്യക്തിജീവിതത്തിൽ മാത്രമല്ല ഔദ്യോഗിക ജീവിതത്തിലും സുവിശേഷ മൂല്യങ്ങളും സത്യസഭാപഠനങ്ങളും പ്രചരിപ്പിക്കുവാനും പകർന്നു നൽകുവാനും അദ്ദേഹം തീക്ഷ്ണതയോടെ ശ്രമിച്ചിരുന്നു. തന്റെ വിദ്യാർത്ഥികളിൽ ധാർമ്മിക മൂല്യങ്ങൾ പകർന്നു നൽകുവാൻ മാത്രമല്ല സുവിശേഷത്തിനുവേണ്ടി ജീവിക്കുവാൻ കുട്ടികളിൽ ആഭിമുഖ്യമുളവാക്കുവാനും ശ്രദ്ധിച്ചിരുന്നു. അദ്ദേഹത്തിൽനിന്നും ആഭിമുഖ്യമുൾക്കൊണ്ട് അനേകർ വൈദികജീവിതവും സമർപ്പണ ജീവിതവും സ്വീകരിച്ച് നാടിന് നന്മയായി മാറി എന്നതിന് നാം സാക്ഷികളല്ലേ? അദ്ദേഹത്തിന്റെ ശിഷ്യരിൽ അഞ്ച് പേർ; യാക്കോബ് മാർ

## ശ്രീ മേളാംപറമ്പിൽ ഉമ്മച്ചൻ

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പ്രത്യേകിച്ച്,തിരുവല്ല അതിരൂപതയുടെ ചരിത്രം പഠിക്കുന്നവർക്ക് വിസ്മരിക്കുവാൻ സാധിക്കാത്ത വ്യക്തിയാണ് ശ്രീ മേളാംപറമ്പിൽ ഉമ്മച്ചൻ. 1885 ഏപ്രിൽ മാസം 24-ാം തീയതി കാവുംഭാഗം കൊങ്ങളത്ത് വർഗീസ് പുന്നൂസിന്റെയും കുഞ്ഞൂഞ്ഞമ്മയുടെയും മകനായി ജനനം. പഠനശേഷം ബിസിനസ് കാര്യങ്ങളിൽ വ്യാവൃതനായി. സഭാസ്നേഹവും ഭക്തിയും അദ്ദേഹത്തെ സഭയുടെ ധീരനായ നേതാവാക്കിത്തീർത്തു. മാർ ഈവാനിയോസ് പിതാവുമായി നല്ല സ്നേഹം പുലർത്തിയിരുന്നു. സഭാചർച്ചകൾക്ക് ഇരുവരും സമയം ചിലവഴിച്ചിരുന്നു. പിതാവിന്റെ പ്രവർത്തനത്തിൽ ഉച്ചന്റെ സാമ്പത്തികമായ സഹായം ഒത്തിരിയേറെ സഹായിച്ചിട്ടുണ്ട്. പുനരൈക്യ സംഭവദിനത്തിൽ കൊല്ലത്തേക്ക് പോകുവാൻ വാഹനം കൊടുത്തുവിട്ടതും മേളാംപറമ്പിൽ ഉമ്മച്ചനായിരുന്നു. പുനരൈക്യ ശേഷവും ഈ കുടുംബം രൂപതയെ സഹായിച്ചിട്ടുണ്ട്.1953 ൽ പൗരസ്ത്യ തിരുസംഘത്തിന്റെ തലവൻ കർദ്ധിനാൾ ടിസറാങ് പിതാവിന് തന്റെ ഭവനത്തിൽ സ്വീകരണം കൊടുക്കാനും അദ്ദേഹത്തിനു സാധിച്ചു.1960 ഡിസംബർ 9 ന് അദ്ദെഹം ഇഹലോകവാസം വെടിഞ്ഞു.

ഐറേനിയോസ്, സക്കറിയാസ് മാർ തെയോഫിലോസ്, എബ്രഹാം മാർ യൂലിയോസ്, ആയൂബ് മാർ സിൽവാനോസ്, യൂഹനോൻ മാർ ക്രിസോസ്റ്റോമോസ് എന്നിവർ മെത്രാപ്പോലീത്തമാരായി സഭയെ നയിക്കുന്നു എന്നറിയുമ്പോൾ അദ്ദേഹത്തോടുള്ള നമ്മുടെ ആദരം ശതഗുണീഭവിക്കുന്നു.

**യഥാർത്ഥ മഹത്വത്തിന്റെ കൊടി അടയാളമായ ജീവിതലാളിത്യവും ഉന്നതചിന്തയും അദ്ദേഹത്തിന്റെ വ്യക്തിത്വത്തിന്റെ ശ്രദ്ധേയമായ സവിശേഷതകളായിരുന്നു. ആർഭാട ജീവിതവും ഉപഭോഗസംസ്കാരവും അദ്ദേഹത്തെ തെല്ലും തീണ്ടിയില്ല. "ഒരാത്മാവിന്റെ ആന്തരിക സമ്പന്നത എത്ര അധികമാണോ അതനുസരിച്ച് ബാഹ്യാലങ്കാരങ്ങളും സുഖസൗകര്യങ്ങളോടുള്ള അസാധാരണാഭിമുഖ്യവും ആന്തരിക നഗ്നതയുടെ തെളിവാണെന്ന്" ബിഷപ്പ് ഫുൾട്ടൻ ജെ. ഫിനിന്റെ ചിന്ത ജോർജ് സാർ നന്നായി തിരിച്ചറിഞ്ഞിരുന്നു.**

പരിശുദ്ധ കത്തോലിക്കാ സഭയാണ് യേശുവിന്റെ സഭയുടെ പൂർണ്ണത എന്ന ദ്ദേഹം വ്യക്തമായി തിരിച്ചറിഞ്ഞിരുന്നു. ഈ സത്യം ശക്തമായി അദ്ദേഹം ജീവിതത്തിലുടനീളം സാക്ഷ്യപ്പെടുത്തുകയും ചെയ്തിരുന്നു. ഈ സത്യം സകലരും തിരിച്ചറിയണമെന്നദ്ദേഹം ആഗ്രഹിച്ചിരുന്നപ്പോഴും വ്യത്യസ്ത വിശ്വാസവും ആചാരവും അനുഷ്ഠിക്കുന്നവരെ പഴിക്കുവാനോ ഇകഴ്ത്തുവാനോ അദ്ദേഹം ഒരിക്കലും തുനിഞ്ഞിട്ടില്ല. സകലരോടും സൗഹാർദ്ദം പുലർത്തുവാൻ അദ്ദേഹം ശ്രമിച്ചിരുന്നു. എക്യുമെനിസത്തിന്റെയും മതസൗഹാർദ്ദതയുടെയും മാതൃകയായിരുന്നു അദ്ദേഹം.

വലിയ വിശ്വാസദൃഢതയുടെയും ക്രൈസ്തവ പ്രത്യാശയുടെയും മനുഷ്യനായിരുന്നു അദ്ദേഹം. പീഡനമോ പട്ടിണിയോ വാളോ അപകടമോ ഒന്നും പൗലോസിനെ യേശുവിനോടുള്ള ബന്ധത്തിൽനിന്നും പിന്മാറ്റാൻ പര്യാപ്തമായിരുന്നില്ല എന്ന്, വിശുദ്ധ പൗലോസ് ശ്ലീഹാ സാക്ഷ്യപ്പെടുത്തുന്നതുപോലെ ജോർജ് സാറിനെക്കുറിച്ചും ഉറപ്പായി പറയാൻ സാധിക്കും. ഈ ലോകത്തിലുള്ള യാതൊന്നിനും അദ്ദേഹത്തെ ദൈവത്തിലുള്ള ശരണത്തിൽനിന്നും അകറ്റുവാൻ സാധിക്കുമായിരുന്നില്ല. അദ്ദേഹത്തിന്റെ മകൻ ബാബു സക്കറിയ ജോർജിന്റെ അകാലമരണത്തിന്റെ സന്ദർഭത്തിൽ അദ്ദേഹത്തിന്റെ ക്രൈസ്തവ പ്രത്യാശയുടെ ആഴം നേരിട്ടു മനസ്സിലാക്കുവാൻ എനിക്ക് സാധിച്ചിരുന്നു. എന്തു സംഭവിച്ചാലും അതെല്ലാം ദൈവനാമമഹത്വത്തിനും നന്മയ്ക്കുമെന്നദ്ദേഹം ഉറച്ചുവിശ്വസിച്ചിരുന്നു. അദ്ദേഹത്തിൽനിന്നും എന്തിനെക്കുറിച്ചെങ്കിലുമൊരു പരാതിയോ, ആരെക്കുറിച്ചെങ്കിലുമൊരു പരിഭവമോ കേൾക്കുവാനിടയായിട്ടുമില്ല. അപ്പസ്തോല പ്രമുഖരായ വി. പത്രോസിനെയും വി. പൗലോസിനെയും പോലെ സുവിശേഷമൂല്യങ്ങളിൽ ആഴപ്പെട്ട ജീവിതമായിരുന്നു ജോർജ് സാറിന്റേതും. ഒരുപക്ഷേ 1926 ജൂൺ 29 ന് വി. പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ തിരുനാൾ ദിവസം ജനിച്ച ജോർജ് സാറിന് ആ വിശുദ്ധരുടെ വിശ്വാസദൃഢതയും സുവിശേഷ തീക്ഷ്ണതയും ലഭിച്ചത് ആ വിശുദ്ധരുടെ മദ്ധ്യസ്ഥമായിരിക്കാം.

പരിശുദ്ധ അമ്മയുടെ തികഞ്ഞ ഭക്തനായിരുന്നു അദ്ദേഹം. ലീജിയൻ ഓഫ് മേരി സംഘടനയിലൂടെ മരിയ ഭക്തിയിൽ ചിട്ടയായി വളരുവാനും പരിശുദ്ധ അമ്മയോടൊത്ത് ജീവിക്കുവാനും അദ്ദേഹം വളരെയധികം ശ്രദ്ധിച്ചിരുന്നു.

പൗരോഹിത്യത്തോടുള്ള ആദരവും പുരോഹിതരോടുള്ള ബഹുമാനവും അദ്ദേഹത്തിന്റെ രക്തത്തിൽ അലിഞ്ഞുചേർന്നിരുന്നതായി തോന്നിപ്പോകും. വൈദികരോട് അഭിപ്രായങ്ങൾ തുറന്നുപറയുമ്പോഴും ആദരവിനും ബഹുമാനത്തിനും അല്പംപോലും കുറവു വരാതിരിക്കാൻ അദ്ദേഹം ശ്രദ്ധിച്ചിരുന്നു. മക്കളെയും കൊച്ചുമക്കളെയും ചെറുമക്കളെയും അങ്ങനെ പരിശീലിപ്പിക്കാനും അദ്ദേഹം പരിശ്രമിച്ചിരുന്നു.

യഥാർത്ഥ മഹത്വത്തിന്റെ കൊടി അടയാളമായ ജീവിതലാളിത്യവും ഉന്നതചിന്തയും അദ്ദേഹത്തിന്റെ വ്യക്തിത്വത്തിന്റെ ശ്രദ്ധേയമായ സവിശേഷതകളായിരുന്നു. ആർഭാട ജീവിതവും ഉപഭോഗസംസ്കാരവും അദ്ദേഹത്തെ തെല്ലും തീണ്ടിയില്ല. "ഒരാത്മാവിന്റെ ആന്തരിക സമ്പന്നത എത്ര അധികമാണോ അതനുസരിച്ച് ബാഹ്യാലങ്കാരങ്ങളും സുഖസൗകര്യങ്ങളോടുള്ള അസാധാരണാഭിമുഖ്യവും ആന്തരിക നഗ്നതയുടെ തെളിവാണെന്ന്" ബിഷപ്പ് ഫുൾട്ടൻ ജെ. ഫിനിന്റെ ചിന്ത ജോർജ് സാർ നന്നായി തിരിച്ചറിഞ്ഞിരുന്നു.

ശുഭ്രവസ്ത്രധാരിയായി മാത്രമെ ഞാനദ്ദേഹത്തെ കണ്ടിട്ടുള്ളൂ. ലളിതമായി പരുത്തിവസ്ത്രം. വിലകൂടിയതും വർണാഭവുമായ വസ്ത്രങ്ങൾ ലഭിക്കാൻ സാദ്ധ്യതയില്ലാഞ്ഞിട്ടല്ല, അവ തന്റെ ജീവിതവീക്ഷണത്തിന് യോജിക്കുന്നതല്ലെന്ന് അദ്ദേഹം തിരിച്ചറിഞ്ഞതുകൊണ്ടാണ്. ഒരുവന്റെ ആർഭാടം മറ്റൊരു

# മിക്ഫാസ്റ്റ് കോളജിന്റെ പ്രവർത്തനം ആരംഭിച്ചു




മല്ലപ്പള്ളി: മാർ ഈവാനിയോസ് കോളജ് ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസിന്റെ (മിക്ഫാസ്റ്റ്) അദ്ധ്യയന വർഷം, സെന്റ് ജോസഫ്സ് ഐടിഐ ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ തിരുവല്ലാ അതിരൂപതാദ്ധ്യക്ഷൻ തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ ഉദ്ഘാടനം നിർവ്വഹിച്ചു. അതിരൂപതാ വികാരി ജനറാൾ മോൺ. ആന്റണി ചെത്തിപ്പുഴ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ മല്ലപ്പള്ളി പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി മേരി തോമസ്, ഡയറക്ടർ ഫാ. ഡോ. ഐസക് പറപ്പള്ളിൽ, പ്രിൻസിപ്പൽ പ്രൊഫ. ഏബ്രഹാം ജോർജ്ജ്, പ്രൊഫ. ജേക്കബ് എം. ഏബ്രഹാം എന്നിവർ പ്രസംഗിച്ചു. പ്രൊഫ. പി.സി. അനിയൻകുഞ്ഞ് വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കുമായി ഓറിയന്റേഷൻ ക്ലാസ്സ് നയിച്ചു.

---

വനെ ദരിദ്രനാക്കുമെന്നദ്ദേഹം തിരിച്ചറിഞ്ഞിരുന്നു.

ഗുരുക്കന്മാരെയും ആചാര്യന്മാരെയുമൊക്കെ 'അനുസ്മരിക്കുക' എന്നു പറഞ്ഞാൽ അവരുടെ പഠനങ്ങളും ദർശനങ്ങളും ജീവിതത്തിൽ പകർത്തുക, പുലർത്തുക, പ്രചരിപ്പിക്കുക എന്നുകൂടിയാണ്. അതിനി ആരുടെ കടമ? നമ്മുടെ കടമ. "അവരുടെ ജീവിതചര്യയുടെ ഫലം കണക്കിലെടുത്ത് അവരുടെ വിശ്വാസം അനുകരിക്കുവിൻ" (ഹെബ്രാ. 13:7).

ആർക്കും അനുകരിക്കാവുന്ന, ആരുടെ മുമ്പിലും അനുകരണാർഹമായി തുറന്നുകാട്ടാവുന്ന ജീവിതമായിരുന്നു ജോർജ് സാറിന്റേത്. "... എന്നെ ശുശ്രൂഷിക്കുന്നവനെ പിതാവ് ബഹുമാനിക്കും" (യോഹ. 12:26). ജീവിതത്തിലുടനീളം യേശുവിനു ശുശ്രൂഷ ചെയ്ത ജോർജ് സാറിനെ സ്വർഗപിതാവ് നിത്യതയിൽ മഹത്വത്തിന്റെ പ്രഭ നൽകി ബഹുമാനിക്കും എന്നതിൽ സംശയമില്ല. ജീവിച്ചിരിക്കുമ്പോഴും മരണാനന്തര കർമ്മങ്ങളിലും സഭയും സമൂഹവും അദ്ദേഹത്തിനു നൽകിയ സ്നേഹവും ബഹുമാനവും ആദരവും എത്രയോ വലുതായിരുന്നു. ദൈവം ബഹുമാനിക്കുന്നവനെ ജനവും ബഹുമാനിക്കുന്നു.

വൈലോപ്പിള്ളി കവിതയിലെ ഒരു ഈരടിയോടുകൂടി സമാപിപ്പിക്കട്ടെ.

"നിങ്ങളെ സമ്പാദിച്ചു
കാലമെൻകൈയ്യും കാലും
ചങ്ങലയ്ക്കിട്ടാലെന്ത്?
നിങ്ങളിൽ ഞാൻ ജീവിപ്പൂ."

## മാരേട്ട് ജഡ്ജി

മാർ ഈവാനിയോസ് പിതാവും മാരേട്ട് ജഡ്ജിയും സഹപാഠികൾ ആയിരുന്നു എന്നത് ചരിത്രസത്യമാണ്. മദ്രാസ് ക്രിസ്ത്യൻ കോളജിൽ പഠിക്കുമ്പോഴാണ് ഈ സൗഹൃദം വളരുന്നത്. 1879 ഒക്ടോബർ 15 ന് കല്ലൂപ്പാറയിൽ അവിരായുടെയും സാറാമ്മയുടെയും മകനായി ജനനം. മദ്രാസിലെ ലോക്കോളജിൽ നിന്ന് നിയമബിരുദം നേടി, ആലപ്പുഴ,തിരുവനന്തപുരം,നാഗർകോവിൽ എന്നിടങ്ങളിൽ സേവനം ചെയ്തു. സത്യസന്ധനായ ഒരു ന്യായാധിപൻ എന്ന പ്രശസ്തി അദ്ദേഹത്തെ വ്യത്യസ്തനാക്കി. സഭയോടുള്ള തീക്ഷണതയും സ്നേഹവും അദ്ദേഹത്തിൽ ശക്തമായിരുന്നു. ചരിത്രപരമായ വട്ടിപണക്കേസിൽ മെത്രാൻ കക്ഷിയുടെ പ്രമുഖ അഭിഭാഷകൻ ആയിരുന്നു അദ്ദേഹം. ബഥനി പ്രസ്ഥാനത്തിന്റെ തുടക്കത്തിൽ സഹായവുമായി മാർ ഈവാനിയോസ് പിതാവിന്റെ കൂടെ നിന്നു എന്നത് മറക്കാനാവാത്ത ചരിത്രസത്യമാണ്. വായനയുടെ ആഴമറിഞ്ഞ ജഡ്ജി, കത്തോലിക്കാ സഭയിലേക്ക് ആകൃഷ്ടനായി. അങ്ങനെ 1931 ഏപ്രിൽ 19-ാം തീയതി അദ്ദേഹവും കുടുംബവും പുനരൈക്യപ്പെട്ടു. പുനരൈക്യ പ്രസ്ഥാനത്തിനുവേണ്ടി പണവും സമയവും ചിലവഴിച്ച അദ്ദേഹം ചില ഗ്രന്ഥങ്ങളും രചിച്ചിട്ടുണ്ട്. 1961 ഡിസംബർ 21-ാം തീയതി അദ്ദേഹം ഇഹലോകവാസം വെടിഞ്ഞു.

സത്യത്തെ തേടുക മനുഷ്യഹൃദയത്തിന്റെ ഉത്ക്കടമായ അഭിവാഞ്ഛയാണ്; അടക്കാനാവാത്ത ആഗ്രഹമാണ്. വസ്തുതകളിൽനിന്നു സത്യം കണ്ടെത്തുക എന്ന് ചിന്തകനായ അന്റോണിയോ ഗ്രാംഷി പറഞ്ഞു. കണ്ടെത്തിയ സത്യത്തെ പുണരുമ്പോൾ അത് ആനന്ദനിർവൃതി നേടുന്നു. പിതൃസ്വത്തും വാങ്ങി ദൂരെ നഗരത്തിലേക്ക് അകന്നുപോയ മകൻ ഭവനത്തിൽ തിരിച്ചെത്തിയപ്പോൾ ആശ്വാസം അനുഭവിച്ചു. പിരിഞ്ഞുപോയ അവൻ കുടുംബത്തിലേക്ക് തിരിച്ചുവന്നപ്പോൾ സമാധാനം കണ്ടെത്തി. ഒരു വിധത്തിൽ പറഞ്ഞാൽ മഹാനായ മാർ ഈവാനിയോസ് തിരുമേനിക്കും അനുയായികൾക്കും കൈവന്ന അനുഭവം അതായിരുന്നു. ഭിന്നിപ്പിന്റെയും തകർച്ചയുടെയും തിക്തഫലങ്ങൾ രുചിച്ചറിഞ്ഞ ഈവാനിയോസ് പിതാവ് ചിന്തിച്ചു, പ്രാർത്ഥിച്ചു, തീരുമാനിച്ചു - കുടുംബത്തോട് ഐക്യപ്പെടുവാൻ, മാതൃസഭയെ ആലിംഗനം ചെയ്യുവാൻ.

തന്റെ ആശ്രമവും സ്വത്തുക്കളും ഉപേക്ഷിച്ച് ഇറങ്ങിത്തിരിച്ച ആ മഹാനുഭാവന് വെണ്ണിക്കുളം അഭയമരുളി. അംഗുലീപരിമിതമായ അനുയായികളോടുകൂടി തുടക്കമിട്ട വെണ്ണിക്കുളം ഇടവക അവളുടെ ആയിരത്തോളം മക്കളുമായി ഇന്ന് ആനന്ദാശ്രുക്കൾ പൊഴിക്കുകയാണ്. സഭൈക്യത്തിന്റെ പ്രവാചകനും സമുദ്ധാരകനുമായിരുന്ന മാർ ഈവാനിയോസ് തിരുമേ



# പുനരൈക്യ വീഥിയിൽ വെണ്ണിക്കുളം

നിക്ക് വെണ്ണിക്കുളം ഒരു ആശാകേന്ദ്രവും അഭയസ്ഥാനവുമായിരുന്നു. കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെടുന്നതിനു മുമ്പുതന്നെ അഭിവന്ദ്യ തിരുമേനി വെണ്ണിക്കുളത്ത് പ്രവർത്തിച്ചിരുന്നു. 1930 ആഗസ്റ്റ് മാസം 10-ാം തീയതി മാർ ഈവാനിയോസ് തിരുമേനി വെണ്ണിക്കുളത്ത് മാരുത്തോട്ടത്തിൽ മേടയിൽ പാപ്പിച്ചന് 5 രൂപ വിലയുള്ള 3 മുദ്രപ്പത്രങ്ങളുമായി പെരുനാട്ടിൽ ബഥനി മലയിൽ ചെന്നു. ഈ മുദ്രപ്പത്രങ്ങളിലായി ബഥനിയുടെ സകല സ്വത്തു

ക്കളും അഭിവന്ദ്യ തിരുമേനി ബഥനിക്കാർക്കായി എഴുതിക്കൊടുത്തു. അതിനുശേഷമാണ് തിരുമേനിയും തിരുമേനിയെ അനുഗമിച്ച ബഥനി സഭാംഗങ്ങളും മുണ്ടൻമലയിൽനിന്നും വിടവാങ്ങിയത്.

അങ്ങനെ കാഷായ വസ്ത്രധാരികളായ ഇരുപതിൽപ്പരം സന്ന്യാസികൾ ഓരോ ഭാണ്ഡവും കൈയിലേന്തി മുണ്ടൻമലയുടെ മുകളിൽനിന്നും വരിവരിയായി താഴേക്കിറങ്ങിയ ആ കാഴ്ച ഒരു തീർത്ഥാടനത്തിന്റെ പ്രതീതിയാണ് പ്രേക്ഷകരിൽ ഉളവാക്കിയത്. അതെ, അതൊരു തീർത്ഥാടനം തന്നെയായിരുന്നു. ഈജിപ്തിൽനിന്നും കനാൻദേശത്തേക്ക്, മരുഭൂമിയിൽനിന്നും ശാദ്വലദേശത്തേക്ക്, വിപ്ലവചുഴിയിൽനിന്നും സമാധാനത്തിന്റെ തുറമുഖത്തേക്ക്, യാക്കോബായ സഭയിൽനിന്നും കത്തോലിക്കാ സഭയിലേക്ക്. മാർ ഈവാനിയോസ് തിരുമേനിയുടെ നേതൃത്വത്തിൽ പുറപ്പെട്ട ക്രിസ്തുവിന്റെ വീരഭടന്മാരുടെ തീർത്ഥയാത്രാസംഘം വെണ്ണിക്കുളത്ത് മേടയിൽ പാപ്പിച്ചന്റെ വസതിയിലെത്തിച്ചേർന്നു. സ്വന്തമായുണ്ടായിരുന്ന ചില്ലറ സാധനങ്ങൾ മേടയിൽ സൂക്ഷിച്ചതിനുശേഷം അവർ എല്ലാവരും മാർ ഈവാനിയോസ് തിരുമേനിയുടെ സ്വന്തം മാനേജ്മെന്റിൽ ഉണ്ടായിരുന്ന വെള്ളാറ മേമല സ്കൂളിൽ ചെന്നു താമസിച്ചു. താമസ സൗകര്യംഇല്ലാതെവരികയാൽ മറ്റു താമസസൗകര്യം തീർക്കേണ്ടിവന്നു. തത്ഫലമായി കാഞ്ഞിരത്തുങ്കൽ ശ്രീ. കെ. സി. കുര്യന്റെ ഒരു വീട് അഭിവന്ദ്യ തിരുമേനിയുടെ താമസത്തിനായി വിട്ടുകൊടുത്തു. ആ വീടിനു സമീപത്തായി മാർ ഈവാനിയോസ് തിരുമേനിയുടെ പേരിലുണ്ടായിരുന്ന ബഥനി പള്ളിയിൽ ദിവ്യബലി അർപ്പിക്കുന്നതിനുള്ള സൗകര്യവും ഉണ്ടായിരുന്നു. അഭിവന്ദ്യ മാർ ഈവാനിയോസ് തിരുമേനിയുടെ നേതൃത്വത്തിൽ മാർ തിയോഫിലോസ് തിരുമേനിയും ബഹു. ജോണച്ചനും സെറാഫിയോൻ ശെമ്മാശനും കിളീലേത്ത് ചാക്കോച്ചനും കൊല്ലത്തുപോയി ബൻസിഗർ തിരുമേനിയുടെ മുമ്പാകെ സത്യപ്രതിജ്ഞ ചെയ്തു. 1936 സെപ്തംബർ 20-ാം തീയതി കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ടു. 21-ാം തീയതി വന്ദ്യ തിരുമേനിമാർ തിരുമൂലപുരത്തെത്തി വന്ദ്യ ചേപ്പാട്ട് റമ്പാച്ചനെയും പുലിക്കോട്ട് വാവച്ചനെയും ബഥനി സന്യാസിനീ സമൂഹത്തെയും പുനരൈക്യപ്പെടുത്തി.

വെണ്ണിക്കുളത്തിന് അഭിമാനിക്കാവുന്ന സെന്റ് തോമസ് കത്തോലിക്കാ ഇടവകയുടെ ആരംഭം കുറിച്ചത് 1930 സെപ്തംബർ 23-ാം തീയതിയാണ്. അന്ന് മേമല സ്കൂളിൽവച്ച് വന്ദ്യ തിരുമേനിമാർ മാരാത്തോട്ടത്തിൽ മേടയിൽ ഈപ്പച്ചൻ മകൻ പാപ്പിച്ചൻ, കുന്തറയിൽ കൊച്ചു ചാക്കോ എന്നിവരെ കത്തോലിക്കാ സഭയോടു ചേർത്തതോടുകൂടി വെണ്ണിക്കുളം ഇടവക ബീജാവാപം ചെയ്തു. വെണ്ണിക്കുളം ഇടവകയുടെ ആദ്യ വികാരി ബഹു. ഏബ്രഹാം ഒ.ഐ.സി. ആയിരുന്നു. ആ കാലത്ത് കുറെ ദിവസത്തേക്ക് മേടയിൽ പുരയിടത്തിൽവച്ച് സുവിശേഷ പ്രസംഗയോഗങ്ങൾ നടത്തി. തന്മൂലം കുറേപ്പേർ സഭയിലേക്ക് വന്നു. തിരുവനന്തപുരം അതിരൂപതയും തിരുവല്ല രൂപതയും സ്ഥാപിതമായതോടെ ബഥനി വൈദികർ തിരുവനന്തപുരത്തേക്കും തിരുവല്ലയിലേക്കും താമസം മാറ്റിയതിനെ തുടർന്ന് ബഹു. കുര്യാക്കോസ് ബി.ഡി. അച്ചനെ അഭിവന്ദ്യ തിയോഫിലോസ് തിരുമേനി വെണ്ണിക്കുളം വികാരിയായി നിയമിച്ചു.മേമലയിൽനിന്നും ചാപ്പൽ വെണ്ണിക്കുളം ഭാഗത്തേക്ക് മാറ്റി സ്ഥാപിക്കുന്നതിനേപ്പറ്റി സജീവമായി ചിന്തിച്ചു. എന്നാൽ സ്ഥലപരിമിതി വലിയ തടസ്സമായി. അതിനാൽ കുളക്കുടിയിൽ കൊച്ചൂട്ടി തന്റെ വക കടുക്കാംകുഴി ഭാഗത്തുള്ള സ്ഥലത്ത് (ഇപ്പോഴത്തെ പി.ഡബ്ല്യു.ഡി. സെക്ഷൻ ഓഫീസിന് എതിർവശത്ത്) ചാപ്പൽ വയ്ക്കുവാൻ അനുവാദം നൽകി. വെണ്ണിക്കുളം ചാപ്പലിന്റെ കൂദാശയ്ക്കുശേഷം ഏതാണ്ടു രണ്ടു മാസത്തിനുശേഷം ബഥനിമല ചാപ്പൽ പൊളിച്ചുമാറ്റി. തിരുമേനി പ്രസ്തുത സ്ഥലം വിൽക്കുകയും ചെയ്തു. എന്നാൽ ഇന്നും ആ സ്ഥലം റീത്തുപറമ്പ് എന്ന് അറിയപ്പെടുന്നു.

കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെടുകയും ആ തീർത്ഥാടനയാത്രയുടെ ഇടയിൽ വിശ്രമവും താമസവും ഒക്കെ ഒരുക്കി കൊടുത്ത വെണ്ണിക്കുളം എന്ന പ്രദേശം ചരിത്രത്തിൽ നിറഞ്ഞു നിൽക്കുന്നു. മലങ്കരയുടെ പാരമ്പര്യങ്ങൾ സൂക്ഷിച്ച് എന്നും ഈ ഇടവക 'മലയിൽ ഉയർത്തപ്പെട്ട പട്ടണം പോലെ' ശോഭിക്കട്ടെ. ●



കെ.സി.ബി.സി.യുടെ 2015 ലെ മതാദ്ധ്യാപക അവാർഡ് സീറോ മലങ്കരസഭയിലെ പത്തനംതിട്ട രൂപത കുമ്പഴ ഇടവകാംഗം ശാമുവേൽ പുതുപ്പറമ്പിൽ കെ.സി.ബി.സി.പ്രസിഡന്റ് കർദ്ദിനാൾ ബസേലിയോസ ക്ലീമിസ് കാതോലിക്കാബാവയിൽനിന്ന് ഏറ്റുവാങ്ങുന്നു





# St. Joseph's Central School
Mundakayam






**Vimalabika Public School & Junior College**

(C.B.S.C NO:930655)Pampady P.O,
Kottayam(Dist)Pin-686502
Phone:0481-2500819,20,21 (office)
Mail us : vimalambika@gmail.com



EDUCATION
ON AN EVENING IN FEBRUARY 1996,
a group of people who had been meeting in prayer for several months earlier asking God to show
MATHA
SENIOR SECONDARY SCHOOL
"Let your light shine before men"
Matha Senior Secondary School
Affiliated Central Board Secondary Education New Delhi
School No. 930036
THUMPOLY, ALAPPUZHA. Phone: 0477-2245737, 2261096


35 years of educational excellence
St. Mary's Senior Secondary School
(Affiliated to CBSE, New Delhi, Affiliation No. 930125)
Owned and Managed by the Catholic Archdiocese of Thiruvalla
Pazhavangadi P.O., Ranny, Pathanamthitta Dist., Kerala, India. PIN - 689 673
Ph : 04735 - 226120 (O), 223630, 213375
E-mail stmarys ranny@hotmail.com, mail@stmarysranny.com,
website; www.stmarysranny.com
Patron : His Grace Dr. Thomas Mar Koorilos
(Metropolitan Archbishop of Tiruvalla)
Manager : Rev.Fr.Renjith Alunkal MA Lit.
Principal : Mr. Koshy P. Chacko M.Sc., M.Ed.
OUR SALIENT FEATURES
Eminent and experienced faculty
Interactive digital classrooms
Integral development through value based formation
Hostel Facility for boys and girls
Entrance coaching by Darsana Academy Kottayam
Counselling to students by experts
Well equipped and spacious labs
Communicative English training by ILM Bangalore
Grand Parent's Day Celebration every year
Convocation Ceremony of UKG Students



റോമിൽ വച്ച് ഒക്ടോബർ മാസം നടത്തപ്പെടുന്ന കുടുംബങ്ങളെപ്പറ്റിയുള്ള അസാധാരണ സിനഗിലേക്ക് തിരഞ്ഞെടുക്കപ്പെട്ട ബഹു. പ്രൊഫ. ജേക്കബ് എം. ഏബ്രഹാം സാറിന് അതിരൂപതയുടെ ആശംസകൾ

# മൂന്നര പതിറ്റാണ്ടിന്റെ ശിഷ്യസമ്പത്തുമായി പ്രൊഫ. ജേക്കബ് എം. ഏബ്രഹാം



എജു പാറപ്പാട്ട്

'മാതാ പിതാ ഗുരു ദൈവം' ആർഷഭാരതത്തിന്റെ സംസ്കാരവും സംസ്കൃതിയും ഉൾച്ചേർന്നിരിക്കുന്ന നിമന്ത്രണം. മൂന്നര പതിറ്റാണ്ടു കാലം ഒരേ കലാലയത്തിൽ തന്റെ ശിഷ്യഗണത്തിന് മാതാവും പിതാവും സഹോദരനും സുഹൃത്തുമൊക്കെയായി, ജീവിത വീഥികളിൽ തെളിമയാർന്ന വഴികാട്ടിയായി, താൻ ഏറ്റെടുത്ത കർമ്മമണ്ഡലത്തെ പ്രോജ്വലമാക്കിയ പ്രൊഫ. ജേക്കബ് എം. എബ്രഹാം 33 വർഷത്തെ അദ്ധ്യാപന ജീവിതത്തിൽനിന്നും 2015 മെയ് മാസം 31 ന് വിരമിച്ചു.

ഗുരുവര്യൻ എന്ന ശ്രേഷ്ഠമായ സ്ഥാനത്തെ ഉജ്ജ്വലമാക്കിയതോടൊപ്പം സമൂഹത്തിന്റെ നാനാതുറകളിൽ വ്യക്തിമുദ്ര പതിപ്പിച്ച ജേക്കബ് സാർ എന്ന ജയിംസ്കുട്ടിച്ചായന്റെ കർമ്മനിരതമായ ജീവിതത്തിലേക്ക് ഒരു തിരിഞ്ഞുനോട്ടം നടത്തുവാൻ ഞാൻ ആഗ്രഹിക്കുന്നു.

മലങ്കര സഭയിലെ ആത്മീയ ചൈതന്യങ്ങളായ മലങ്കര സഭാഭാസുരൻ വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് തിരുമേനിയുടെയും നവോത്ഥാന നായകൻ ആർച്ചുബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെയും ഭാരത ക്രൈസ്തവസഭയുടെ അഭിമാനമായ കർദ്ദിനാൾ ബസേലിയോസ് ക്ലിമ്മീസ് കാതോലിക്കാ ബാവായുടെയും ജന്മംകൊണ്ട് പുണ്യമാക്കപ്പെട്ട കാർഷിക ഗ്രാമമായ മല്ലപ്പള്ളി - ചെങ്ങരൂരിലെ പുരാതന കുടുംബമായ മുണ്ടപ്ലാക്കൽ ജേക്കബ് കശ്ശീശായുടെ പുത്രനായ

എം. ജെ. ഏബ്രഹാം – മറിയാമ്മ ദമ്പതികളുടെ പുത്രനായി 1959 ൽ ജനിച്ചു. ആത്മീയ നിയന്ത്രണങ്ങൾ ബാല്യം മുതൽ കേൾക്കുകയും അഭ്യസിക്കുകയും ചെയ്ത അദ്ദേഹം കൈവയ്ക്കാത്ത മേഖലകൾ വിരളമാണ്. രാഷ്ട്രീയവും മതവും തമ്മിലുള്ള വൈരുദ്ധ്യങ്ങളൊന്നും തന്നെ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾക്ക് തടസ്സമായിരുന്നില്ല എന്നത് ശ്രദ്ധേയമാണ്. പ്രാഥമിക വിദ്യാഭ്യാസം കുന്നന്താനം ഗവൺമെന്റ് എൽ.പി. സ്കൂളിലും ഹൈസ്കൂൾ വിദ്യാഭ്യാസം തിരുവല്ല എം.ജി.എം. സ്കൂളിലും പൂർത്തിയാക്കി. ചങ്ങനാശേരി എസ്.ബി. കോളജിൽനിന്നും കൊമേഴ്സിൽ ബിരുദം കരസ്ഥമാക്കി. അനുദിന ജീവിതത്തിൽ കെടാതെ സൂക്ഷിച്ച ആത്മീയ നാളത്തിൽനിന്ന് ആർജ്ജിച്ചെടുത്ത സാമൂഹിക അവബോധം അദ്ദേഹത്തെ രാഷ്ട്രീയരംഗത്തും ഉജ്വലനാക്കി. എസ്.ബി. കോളജിലെ പഠനകാലത്ത് കെ.എസ്.സി. എന്ന വിദ്യാർത്ഥി പ്രസ്ഥാനത്തോടുചേർന്ന് പ്രവർത്തിക്കുകയും രാഷ്ട്രീയരംഗത്തെ ശോഭനമായ മുന്നേറ്റത്തിന് നാന്ദി കുറിക്കുകയും ചെയ്തു. തുടർന്ന് തിരുവനന്തപുരം മാർ ഈവാനിയോസ് കോളജിൽനിന്ന് ബിരുദാനന്തര ബിരുദവും തിരുവനന്തപുരം ലോ കോളജിൽനിന്ന് നിയമബിരുദവും നേടി. മാദ്ധ്യമപ്രവർത്തനരംഗം പൊതുജീവിതത്തിന് ഏറെ ഗുണകരമാകും എന്ന് മനസ്സിലാക്കിയ അദ്ദേഹം തിരുവനന്തപുരം പ്രസ് ക്ലബിന്റെ ജേർണലിസം ഡിപ്ലോമയും കരസ്ഥമാക്കി.

വിദ്യാർത്ഥി രാഷ്ട്രീയത്തിന്റെ ആദർശവും ആർജ്ജവവും ഉൾക്കൊണ്ട അദ്ദേഹം മലങ്കര സുറിയാനി കത്തോലിക്ക സഭയിലെ യുവജനപ്രസ്ഥാനമായ എം.സി.വൈ.എം.ന്റെ സജീവപ്രവർത്തകനും ചെങ്ങരൂർ യൂണിറ്റ് പ്രസിഡന്റ്, മല്ലപ്പള്ളി മേഖല പ്രസിഡന്റ്, തിരുവല്ല രൂപത പ്രസിഡന്റ് എന്നീ നിലകളിൽ വർണ്ണോജ്വലമായ പ്രവർത്തനങ്ങൾക്ക് ചുക്കാൻപിടിച്ച യുവജന നേതാവും ആയിരുന്നു. ക്രൈസ്തവ യുവജന പ്രസ്ഥാനത്തിന്റെ ധാർമ്മികത ഉൾക്കൊണ്ട് രാഷ്ട്രീയ യുവജന പ്രസ്ഥാനത്തിലും പ്രവർത്തിച്ചു. 1978 ൽ രൂപീകൃതമായ കേരള കത്തോലിക്ക യുവജനപ്രസ്ഥാനത്തിന്റെ വൈസ് പ്രസിഡന്റായും മലങ്കര കത്തോലിക്ക സഭയിൽനിന്നുള്ള ആദ്യത്തെ കെ.സി.വൈ.എം. പ്രസിഡന്റായും ശോഭിച്ചു.

1985 ൽ പരിശുദ്ധ പിതാവ് ജോൺ പോൾ രണ്ടാമൻ മാർപാപ്പ റോമിൽ വിളിച്ചുചേർത്ത അന്തർദേശീയ യുവജനസമ്മേളനത്തിൽ കേരളത്തെ പ്രതിനിധീകരിച്ചു. ലോകത്തിലെ ഏറ്റവും വലിയ യുവജന സംഘടനയായ ജൂണിയർ ചേംബർ ഇന്റർനാഷണലിൽ ദീർഘകാലം പ്രവർത്തിച്ച അദ്ദേഹം മല്ലപ്പള്ളി ജേസീസ് പ്രസിഡന്റ്, കേരള സ്റ്റേറ്റ് വൈസ് പ്രസിഡന്റ് തുടങ്ങിയ നിലകളിൽ പ്രശസ്തനായി. 1996 ൽ മലങ്കര കാത്തലിക് അസോസിയേഷന്റെ രൂപീകരണത്തിൽ നിർണ്ണായകമായ പങ്കുവഹിച്ച ജേക്കബ് സാർ എം.സി.എ. തിരുവല്ല അതിരൂപത പ്രസിഡന്റ്, അന്തർദേശീയ പ്രസിഡന്റ് എന്നീ നിലകളിൽ സേവനം അനുഷ്ഠിച്ചു. കേരളത്തിലെ ലത്തീൻ, സീറോ മലങ്കര, സീറോ മലബാർ സഭകളുടെ അല്മായ പ്രസ്ഥാനങ്ങളുടെ സംസ്ഥാനതല സംഘടനയായ കേരള കാത്തലിക് ഫെഡറേഷൻ സംസ്ഥാന പ്രസിഡന്റായി അദ്ദേഹം നൽകിയ നേതൃത്വം അവിസ്മരണീയമാണ്.

1982 ൽ ചങ്ങനാശേരി എസ്.ബി. കോളജിൽ കൊമേഴ്സ് വിഭാഗത്തിൽ അദ്ധ്യാപകനായി ഔദ്യോഗിക ജീവിതം ആരംഭിച്ച അദ്ദേഹം 1983 മുതൽ തുരുത്തിക്കാട് ബിഷപ് ഏബ്രഹാം മെമ്മോറിയൽ (BAM) കോളജിൽ അദ്ധ്യാപകനായി സേവനം അനുഷ്ഠിക്കുകയും ഇപ്പോൾ കൊമേഴ്സ് വിഭാഗം മേധാവിയായി വിരമിച്ചിരിക്കുകയുമാണ്. അല്മായ യുവജന പ്രസ്ഥാനങ്ങളിലൂടെ നേടിയെടുത്ത ധാർമ്മികമൂല്യങ്ങളും രാഷ്ട്രീയരംഗത്തു നിന്ന് നേടിയെടുത്ത നേതൃപാടവവും മനുഷ്യാന്മുഖതയും അദ്ദേഹത്തെ പൊതുസമൂഹവുമായി ബന്ധിപ്പിച്ചു നിർത്തുന്നു. അദ്ധ്യാപകവൃത്തിയോട് കറകളഞ്ഞ അർപ്പണമനോഭാവവും നീതിബോധവും പുലർത്തിയ ജയിംസ്കുട്ടിച്ചായന്റെ ജീവിതത്തിലെ ഏറ്റവും വലിയ സമ്പത്ത് തന്റെ ശിഷ്യഗണങ്ങളാണ്. ജീവിതത്തിന്റെ വിവിധ ഘട്ടങ്ങളിൽ നേടിയെടുത്ത ബന്ധങ്ങൾ നിലനിർത്തുന്നതിലും അതിലെ പവിത്രത അമൂല്യമായി സംരക്ഷിക്കുന്നതിലും അദ്ദേഹം ബദ്ധശ്രദ്ധനാണ്. ജേക്കബ് സാറിനെ സംബന്ധിച്ചിടത്തോളം തന്റെ ഭവനത്തിനു തുല്യം അദ്ദേഹം ഹൃദയത്തിൽ സൂക്ഷിക്കുന്ന സ്ഥലമാണ് തുരുത്തിക്കാട് കോളജ്. ഒരു ഗ്രാമത്തിന്റെ എല്ലാ പവിത്രതയും ഉൾക്കൊള്ളുന്ന ഈ കലാലയത്തിന്റെ ഉയർച്ചയ്ക്കുതകുന്ന വിവിധ പ്രവർത്തനങ്ങൾക്ക് സജീവമായ നേതൃത്വം നൽകിയ സാർ നാഷണൽ സർവീസ് സ്കീം പ്രോഗ്രാം കോ-ഓർഡിനേറ്റർ, സ്റ്റാഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി സ്ഥാപക സെക്രട്ടറി, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി പി.ജി. ബോർഡ് ഓഫ് സ്റ്റഡീസ് അംഗം, കോളജ് സുവർണ്ണജൂബിലി ആഘോഷകമ്മിറ്റി കൺവീനർ എന്നീ നിലകളിലും പ്രവർത്തിച്ചു. അദ്ധ്യാപന ജീവിതത്തോടൊപ്പം സംശുദ്ധമായ രാഷ്ട്രീയജീവിതത്തിന്റെ ഉടമകൂടിയാണ് അദ്ദേഹം. സമൂഹത്തിന്റെ സമസ്ത മേഖലകളിലും അഴിമതി അരങ്ങുതകർക്കുന്ന കാലികതയുടെ മുൻപിൽ ജേക്കബ് സാറനെപ്പോലെയുള്ള രാഷ്ട്രീയപ്രവർത്തകർ സമൂഹത്തിന് മാതൃകയാണ്.

ഏറ്റെടുത്ത കർമ്മമണ്ഡലങ്ങളിലെല്ലാം തന്റെ വ്യക്തിപ്രഭാവത്തിന്റെ പ്രകാശം പരത്തിയ അദ്ദേഹം കടന്നുചെല്ലാത്ത മേഖലകളില്ല. മല്ലപ്പള്ളി താലൂക്ക് ലൈബ്രറി കൗൺസിൽ അംഗം, ചെങ്ങരൂർ സർവ്വീസ് സഹകരണബാങ്ക് ഡയറക്ടർ ബോർഡ് അംഗം, കുന്നന്താനം ഗ്രാമപഞ്ചായത്ത് മെമ്പർ, മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് അംഗം എന്നീ നിലകളിലെ പ്രവർത്തനങ്ങളിലൂടെ ഒരു ഗ്രാമത്തിന്റെ സ്പന്ദനം തൊട്ടറിഞ്ഞ മനുഷ്യസ്നേഹിയാണദ്ദേഹം. രാഷ്ട്രീയരംഗത്ത്

ഇന്നും സജീവസാന്നിദ്ധ്യമായി നിലകൊള്ളുന്ന ജേക്കബ് സാർ കേരള കോൺഗ്രസ് പാർട്ടിയുടെ കുന്നന്താനം മണ്ഡലം പ്രസിഡന്റ്, കല്ലൂപ്പാറ നിയോജക മണ്ഡലം സെക്രട്ടറി, പത്തനംതിട്ട ജില്ലാ സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ച് ഇപ്പോൾ പാർട്ടിയുടെ സംസ്ഥാന സെക്രട്ടറിയേറ്റ് അംഗമായി പ്രവർത്തിക്കുന്നു. ഇറ്റലി, യു.എ.ഇ., കുവൈറ്റ്, ഖത്തർ, ഇസ്രായേൽ, ഈജിപ്ത്, ജോർദ്ദാൻ എന്നീ രാജ്യങ്ങൾ സന്ദർശിച്ച അദ്ദേഹത്തിന്റെ ജീവിതം ദൈവാനുഗ്രഹം നിറഞ്ഞതാണ്. കേരള സർക്കാർ 1996 ൽ നടപ്പിലാക്കിയ ജനകീയാസൂത്രണ പദ്ധതിയുടെ Key Resource Person ആയി പ്രവർത്തിച്ച് നിരവധി പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും അക്കാഡമിക് രംഗത്ത് വിവിധ കോൺഫറൻസുകളിൽ നിരവധി പ്രബന്ധങ്ങൾ അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

തിരുവനന്തപുരം ഗൂലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായി ലോകബാങ്ക് നടപ്പാക്കിയ വികസന പദ്ധതികളുടെ പോളിസി അഡ്വൈസറായി ഒരു വർഷക്കാലം സേവനം അനുഷ്ഠിച്ചു. ഇപ്പോൾ രാഷ്ട്രീയ സംഘടനകളുടെ നേതൃത്വത്തോടൊപ്പം മല്ലപ്പള്ളി സീനിയർ ചേംബർ പ്രസിഡന്റ്, മല്ലപ്പള്ളി സോഷ്യൽ ആന്റ് കൾച്ചറൽ ട്രസ്റ്റ് പ്രസിഡന്റ്, ഐക്യദീപം ഉപദേശക സമിതി അംഗം എന്നീ നിലകളിൽ സജീവമാണ്.

ജേക്കബ് സാറിന്റെ വിജയകരമായ ജീവിതത്തിന് നിരന്തരം പിന്തുണ നൽകിയത് അദ്ദേഹത്തിന്റെ കുടുംബമാണ്. ഹൈസ്കൂൾ അദ്ധ്യാപികയായ ത്രേസ്യാമ്മയാണ് ഭാര്യ. മൂന്നു മക്കളിൽ മൂത്ത മകൾ മെറിൻ ബി.എഡ്. വിദ്യാർത്ഥിനിയും മെൽവിൻ എം.ടെക് വിദ്യാർത്ഥിയും മിഥുൻ +2 വിദ്യാർത്ഥിയുമാണ്.

ദൈവം അനുഗ്രഹിച്ചു നൽകിയ ജീവിതം അനേകരുടെ ഉയർച്ചയ്ക്കും വളർച്ചയ്ക്കും വേണ്ടി വ്യയം ചെയ്യുന്ന ജയിംസ്കുട്ടിച്ചായൻ പൊതുസമൂഹത്തിനെന്നപോലെ മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്കും ഏറെ പ്രിയപ്പെട്ടവനാണ്. മൂന്നര പതിറ്റാണ്ടു കാലത്തെ സ്തുത്യർഹമായ സേവനം അദ്ദേഹത്തിന് സംഭാവന ചെയ്തിരിക്കുന്നത് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ വിവിധ നിലകളിൽ വെന്നിക്കൊടി പാറിക്കുന്ന ശിഷ്യസമൂഹമാണ്. ജേക്കബ് സാർ എന്ന അദ്ധ്യാപക ശ്രേഷ്ഠന്റെ സമുന്നതമായ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് ജീവിക്കുന്ന സാക്ഷ്യമായി ഈ പുതുതലമുറ ശോഭിക്കുന്നു.

ജീവിതത്തിന്റെ ഏതു മേഖലകളിൽ വിട്ടുവീഴ്ച ചെയ്താലും വിശ്വാസജീവിതത്തിലും സഭയുടെ പ്രതിസന്ധികളിലും കടുകിടെ വ്യതിചലിക്കാതെ ഒരു തിരുത്തൽ ശക്തിയായി പ്രവർത്തിക്കുന്ന ഞങ്ങളുടെ ജ്യേഷ്ഠസഹോദരന് ഭാവുകങ്ങൾ! നന്മയുടെ നൂറുമലരുകൾ സമൂഹത്തിൽ വിതറിക്കൊണ്ട് ഇനിയും അനേകരെ നേതൃനിരയിലേക്കും ജീവിത വിജയത്തിലേക്കും കൈപിടിച്ചുയർത്തുവാൻ, പുതുതലമുറയ്ക്ക് പ്രചോദനത്തിന്റെ തിരിനാളമാകുവാൻ അദ്ദേഹത്തിന് ദൈവം അനുഗ്രഹം പ്രദാനം ചെയ്യട്ടെ! ●

# പള്ളികളും കപ്പേളകളും

## രൂപതയുടെ തുടക്കത്തിൽ തന്നെ വിളക്കുകൊളുത്തിയ ആരാധനാ കേന്ദ്രങ്ങൾ

കവിയൂർ,രയൂർ,മൂക്കൂർ,റാന്നി,
കല്ലിശ്ശേരി,കളംപാലയിയും
മല്ലപ്പള്ളി,യെരുമേലി,യിലും
കല്ലൂപ്പാറ,പുളിക്കീഴതിലും,
കുറിയന്നൂ,രഥകോട്ടൂർ,പിറവം,
തിരുമൂലയിലും തിരുവല്ല,യിലും
വെണ്ണിക്കുള,മതിലിരവിപുരത്തും
പിന്നെകടമാൻകുളമതിലങ്ങനെ
കുന്നംകുള,മഥകുന്നക്കുരുടി,
മാന്നാർ,നിരണം,തച്ചമ,മോതറ,
നല്ലെടുമ്പ്ര,ക്രാരേലിയിലും
പുല്ലാ,ടാർത്താറ്റാലപ്പുഴയും
പുത്തൻകുരിശ,ഥകൂത്താട്ടുകുളം,
പുന്നയൊടൊത്തൊരുവേലി,യിലങ്ങനെ
കളവങ്ങാട്ടു,മുടുമ്പന്നൂരും,
കോതകലർന്നൊരു മംഗലമതിലും
പൂത്തൃക്ക,യിലും പാണ്ടവനാട്ടും,
ചുങ്കപ്പാറയിൽ കാരയ്ക്കൽ,പ്പി-
ന്നഞ്ചൽപെട്ടിയന്നസ്ഥലത്തും
വെണ്ണിക്കുളത്തും,ചെങ്ങരമൂരും,
പുഷ്ടിപെരുത്തൊരുപാമ്പാടിയിലും

# മദർ ഹൂബ



കായംകുളത്തെ പൊൻവാണിഭം കുടുംബം പുരാതനമായ കുടുബത്തിൽ ശ്രീ. ഇടിച്ചാണ്ടിയുടെയും അന്നമ്മയുടെയും മകളായി ആച്ചിയമ്മ പിറന്നു,1068 ചിങ്ങം 22-ാം തീയതി (1893 സെപ്തംബർ 8). രണ്ടുസഹോദരന്മാരും മൂന്നു സഹോദരിമാരുമാണ് അവർക്കുണ്ടായിരുന്നത്.ആച്ചിയമ്മയാണ് പിന്നീട് മദർഹൂബായായിതീർന്നത്. അവർ മാതാവിന്റെ പിറവിപ്പെരുന്നാളിൽ ജനിച്ചു;മാതൃഭക്തയായി വളർന്നു.

സന്ന്യാസപരിശീലനത്തിനുള്ള താല്പര്യം ആച്ചിയമ്മയിൽ ഉണർന്നു. എം.എ. അച്ചന്റെ നേതൃത്വത്തിൽ കൽക്കട്ടയിലേക്കു പെൺകുട്ടികൾ പോകുന്ന വിവരം അവരെ ഉണർത്തി ബാരിസോളിലേയ്ക്കു പോകുവാൻ അവൾ ശ്രമമാരംഭിച്ചു.ബാരിസോളിലും ഡയോസിഷൻ കോളജിലും പരിശീലനം നടത്തിയിരുന്ന കേരളീയ പെൺകുട്ടികളുടെ കാര്യത്തിൽ ഫാ.പി.റ്റി. ഗീവറുഗീസ് അതീവശ്രദ്ധാലുവായി. കുമ്പസാരം, വി.കുർബ്ബാന,ആദ്ധ്യാത്മികോപദേശം എന്നിവയിലാണ് അദ്ദേഹം ജാഗരൂകനായത്.സുറിയാനി ഭാഷ അഭ്യസിക്കുന്നതിനും സൗകര്യമുണ്ടാക്കി. സന്ന്യാസപരിശീലനം നടത്തിയിരുന്നവർ 1918-ൽ പോസ്ററുലൻസിയിൽ പ്രവേശിച്ചു. ഒളശ്ശയിൽ കെ. എ.യാക്കോബു ശെമ്മാശൻ (പിന്നീട് മാർ തെയോഫിലോസ്) ഇവർക്ക് ക്ലാസ്സ് എടുത്തിരുന്നു. പരിശീലനത്തിനുപോയ അർത്ഥിനികൾ1920 – ഏപ്രിൽ മാസത്തിൽ തിരികെ പോന്നു; മെയ്മാസത്തിൽ തിരുമൂലപുരത്തെത്തി.ബാലികാമഠത്തിനു പടിഞ്ഞാറുഭാഗത്തുള്ള പറമ്പ് മഠത്തിനു വേണ്ടി വാങ്ങി കെട്ടിടംപണിതു.1926-സെപ്തംബർ 21-ന് അർത്ഥിനികളുടെ ആദ്യവ്രതവാഗ്ദാനം നടന്നു. സിസ്ററർ ഹൂബാ,സിസ്ററർ ശൈന,സിസ്ററർ ദനഹാ എന്നീ പേരുകൾ അവർ സ്വീകരിച്ചു. സിസ്ററർ ശൈന മദർ സുപ്പീരിയർ ആയി തിരഞ്ഞെടുക്കപ്പെട്ടു.അങ്ങനെ ബഥനി സന്ന്യാസി സമൂഹം രൂപംകൊണ്ടു. മിശിഹാനുകരണ സന്ന്യാസിനി സമൂഹം എന്ന നാമധേയവും അതിനുലഭ്യമായി പൗരസ്ത്യ പരിശുദ്ധൻ വി.ബസേലിയോസിന്റെ നിയമങ്ങളാണ് അവരെ വഴിനടത്തിയത്.ഇന്നത്തെ ഇരുവെള്ളിപ്ര ഹൈസ്കൂളിനു തൊട്ടടുത്തുള്ള കൊച്ചുകെട്ടിടത്തിൽ താമസിച്ചുകൊണ്ട് മാർ ഇവാനിയോസ് അവർക്ക് നേതൃത്വം കൊടുത്തു.

1920 സെപ്തംബർ 20 ബഥനിയുടെ ചരിത്രത്തിൽ അവിസ്മരണീയമാണ്.അന്നാണ് കാതോലിക്കപുനരൈക്യം നടന്നത്. മാർ ഈവാനിയോസ്, മാർ തെയോഫിലോസ്, ഫാ. ജോൺ,സെറാഫിൻ ശെമ്മാശൻ, മിസ്ററർ ചാക്കോ കിളിലേത്ത് എന്നിവർ കൊല്ലം അരമന ചാപ്പലിൽവെച്ചു പുനരൈക്യപ്പെട്ടു.സമൂഹ സ്ഥാപകനായ മാർ ഈവാനിയോസിന്റെ വഴിയിൽനിന്നും മാറിനിൽക്കുവാൻ ബഥനി സിസ്റേറഴ്സിന് കഴിയുമായിരുന്നില്ല.അന്നുണ്ടായിരുന്ന പത്തു സഹോദരിമാർ ഒന്നടങ്കം മാർ ഈവാനിയോസിന്റെ വഴി തിരഞ്ഞെടുത്തു.പതിനൊന്നു വർഷം തിരുമൂലപുരത്ത് കഴിഞ്ഞപ്പോൾ തിരുവനന്തപുരത്തു നാലാഞ്ചിറയിൽ ഒരു പുതിയ മഠം തുറന്നു.മദർ ഹൂബാ തിരുവല്ലാ മഠത്തിന്റെ മദർ സുപ്പീരിയറായി.ക്രമേണ മഠത്തിൽ അർത്ഥിനികൾ ചേർന്നുകൊണ്ടിരുന്നു.മദർ ഹൂബായുടെ പ്രവർത്തനം രൂപതയുടെ വിവിധ ഭാഗങ്ങളിലേക്കു വ്യാപിച്ചു.പിറവത്ത് ഒരു ബോർഡിംഗും തുടങ്ങി. തുടർന്ന്1942 മെയ് 16-ാം തീയതി അവിടെ മഠം ആരംഭിച്ചു.തിരുവല്ലാരൂപതയിലെ ബഥനിസന്ന്യാസിനീസമൂഹത്തിന്റെ മദർ ജനറലായി മദർ ഹൂബാ നിയമിതയായി.പൊന്തിഫിക്കൽ പദവിയിലേക്ക് ബഥനിസന്ന്യാസിനി സമൂഹം ഉയർത്തപ്പെട്ടു.1960 ഏപ്രിൽ മുതൽ മദർ ഹൂബാ പ്രൊവിൻഷ്യൽ സ്ഥാനം ഒഴിഞ്ഞു.1971 ഒക്ടോബർ മാസത്തിൽ രോഗം വർദ്ധിച്ചു. 24-ാം തീയതി വെളുപ്പിനു മദർ ലോകത്തോടു വിടപറഞ്ഞു.

## BEST COMPLIMENTS FROM




# Little Flower Malankara Catholic Church, Kottoor



Prop. Mr. Thomson. Mob. 9847250004


# QUALITY BUILDERS

**Tiruvalla**



മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തൂക്കാസ
നിയമങ്ങൾ അനുസരിച്ചുള്ള ഗാനശുശ്രൂഷകൾക്ക്...

# ST. JOHNS CATHEDRAL CHOIR



# ST. GEORGE MALANKARA CATHOLIC CHURCH CHEGAROOR



All Type of Designing & Printing

# Greeshma Designs

KERALAPURAM ANGADIMALIKA SREENIVASA IYYER ROAD
KOTTAYAM 686 001, KERALA. INDIA
Tel: 0481-2300798. Mob: 9447304348, 9946660597
E-mail: gdesignktm@gmail.com

85-ാം
പുനരൈക്യ
വാർഷികാഘോഷങ്ങൾക്ക്
പുഷ്പഗിരിയുടെ ആശംസകൾ

PUSHPAGIRI MEDICAL SOCIETY
We care God cures
Tiruvalla-689 101, Kerala, India
Tel. No. 0091 469 2700755, Fax 2701045.
www.pushpagiri.in






ബോധന
തിരുവല്ല സോഷ്യൽ സർവ്വീസ് സൊസൈറ്റി (രജി.നമ്പർ 9/72)
പുഷ്പഗിരി റോഡ്, തുകലശ്ശേരി, തിരുവല്ല – 1. ഫോൺ: 0469 2730561,2606063.
മൊ.: 9446009689 E-mail: bodhanatiruvalla@gmail.com

## BEST COMPLIMENTS FROM











**MAR IVANIOS COLLEGE FOR ADVANCED STUDIES**

**MALLAPPALLY**




തിരുവല്ല തിരുമൂലപുരം കൊച്ചുമാലിൽ കണ്ണാടിത്തറ വീട്ടിൽ പരേതനായ കെ. ജി. കുര്യന്റെയും ജോളി കുര്യന്റെയും മകൻ **ടോണി കുര്യനും** എഴുമറ്റൂർ പാഴൂർ വീട്ടിൽ മാത്യു ജോർജ്ജിന്റെയും ത്രേസ്യാമ്മ മാത്യുവിന്റെയും മകൾ **റെയ്ച്ചൽ (ഷീബ) പി. എമ്മും** തമ്മിലുള്ള വിവാഹം തിരുമൂലപുരം സെന്റ് മേരീസ് മലങ്കര കത്തോലിക്കാ ദേവാലയത്തിൽ വച്ച് തിരുവല്ല അതിരൂപതാദ്ധ്യക്ഷൻ **അഭി. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായുടെ** കാർമ്മികത്വത്തിൽ ആശീർവദിക്കപ്പെട്ടു.


## BEST COMPLIMENTS FROM



# BETHANY SISTERS

## Thirumoolapuram, Tiruvalla



# HOLY SPIRIT SISTERS


## THUKALASSERY, TIRUVALLA



# BASELIAN SISTERS

## PALIEKARA, TIRUVALLA




41–ാം ചരമദിനം
18–09–2015
ഭംഗ്യാ ദൈവസുതാ നിന്നെ
ശുശ്രൂഷിച്ചൊരു വൈദികരെ
നിന്നാഗമന മഹാനാളിൽ
ഓർത്തുമുഖപ്രഭയേകേണമേ
Rt. Rev. Mathews
Chamakalayil Remban
Ordination : 05-01-1972
Remban : 02-07-2014
Death : 07-08-2015


നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൻ വലഭാഗത്ത്
George Erumeda

Date of Publication: 28-08-2015 **AIKYADEEPAM MONTHLY** **REG. NO. G/KL/TLA/40/2015-17**
Price ₹ 10/- Marygiri, Tiruvalla, Kerala. Ph: 0469-2600626. Fax: 0469-2600822 **R.N.I. 35982/80**
**October 2015**




*Printed and Published by Fr. Thomas Kodinattumkunnel, Published from Marygiri, Archbishop's House, Tiruvalla, Kerala and Printed at Dona Press, Kottayam. Kerala, Chief Editor : Fr. Varghese Chamakalayil*